

■ **വി.എസ്. അച്യുതാനന്ദൻ,** *മുഖ്യമന്ത്രി*

# പ്രതീക്ഷകളുടെ പുതുവർഷം

## 2007 ലെ ലോകം അശാന്തിയുടേതായിരുന്നു. 2008 ശാന്തിയുടേതായിരിക്കട്ടെ.

പുതുവത്സരത്തിൽ നമ്മുടെ മനസ്സിലുണ്ടാകേണ്ടത് സമാധാനത്തിനു വേണ്ടിയുള്ള പ്രതിജ്ഞാബദ്ധതയാണ്. എല്ലാത്തരത്തിലുമുള്ള അതിക്രമങ്ങൾക്കും ഹിംസയ്ക്കുമെതിരായി പ്രവർത്തിക്കുന്നതിന് തയ്യാറാകണം. വർഗീയതയും തീവ്രവാദവും ഭീകരപ്രവർത്തനങ്ങളും നാശത്തിലേക്കാണ് മാനവരാശിയെ നയിക്കുന്നതെന്ന് മനസ്സിലാക്കി അതിനെതിരെ സ്വയം സമർപ്പണം ചെയ്യണം.

ലോകമെങ്ങും സമാധാന വിരുദ്ധ ശക്തികളുടെ അഴിഞ്ഞാട്ടം ശക്തിപ്പെടുന്നത് കണ്ടുകൊണ്ടാണ് പുതുവത്സരമെത്തുന്നത്. പാകിസ്ഥാൻ മുൻ പ്രധാനമന്ത്രി ബേനസീർ ഭൂട്ടോയും അടുത്ത സഹപ്രവർത്തകരും നിഷ്ഠുരമായി കൊല്ലപ്പെട്ടതിന്റെ നടുക്കത്തോടെയാണ് 2007 കടന്നുപോകുന്നത്. മതതീവ്രവാദത്തിന്റെയും ഭീകര പ്രവർത്തനത്തിന്റെയും പ്രതീകമായിമാറിക്കഴിഞ്ഞ താലിബാനിസവും അൽഖൈദയും മനുഷ്യത്വ വിരുദ്ധ ശക്തികളാണ്. മാനവ സംസ്കാരത്തിന്റെ ഈ ശത്രുക്കൾ നമ്മുടെ അയൽരാജ്യമായ പാകിസ്ഥാനിലും പിടിമുറുക്കിക്കഴിഞ്ഞിരിക്കുകയാണ്. ലോകസമാധാനത്തിന്റെ ശത്രുവായ അമേരിക്കൻ സാമ്രാജ്യത്വവും അതിന്റെ നായകനായ ബുഷും ആണ് സാർവദേശീയമായി തീവ്രവാദത്തിന് ഇന്ധനം പകരുന്നത്. അഫ്ഗാനിസ്ഥാനെയും തുടർന്ന് ഇറാഖിനെയും ആക്രമിച്ച് തകർത്ത് തരിപ്പണമാക്കിയ അമേരിക്ക ഇറാനെതിരെയും ഭീഷണി മുഴക്കുകയാണ്. അമേരിക്കയുടെ കാടൻ അധിനിവേശത്വരയാണ് ലോകമെങ്ങും ഭീകര പ്രവർത്തനത്തിന് കളമൊരുക്കുന്നത്. ഇറാഖിൽ ബോംബുകൾ വർഷിച്ചുകൊണ്ട് അവർ കൂട്ടക്കൊല തുടരുകതന്നെയാണ്. അതിനെ ചെറുക്കാനെന്ന പേരിൽ ഇസ്ലാമിക തീവ്രവാദവും വ്യാപകമാവുകയാണ്. അൽഖൈദ, ജെയ്ഷെ മുഹമ്മദ് തുടങ്ങി പല പേരുകളിലറിയപ്പെടുന്ന പൈശാചിക സംഘങ്ങൾ ലോകമെങ്ങും ചോരപ്പുഴകൾ സൃഷ്ടിക്കുന്നു. ഇന്ത്യയിലും ഈ സംഘങ്ങൾ അതല്ലെങ്കിൽ അത്തരം സംഘങ്ങൾ സ്ഫോടനങ്ങൾ നടത്തി ആളെ കൊല്ലുന്നു; ഭീതി വിതയ്ക്കുന്നു.



ഇന്ത്യയിൽ ഹിന്ദു വർഗീയ ഫാസിസ്റ്റ് ശക്തികളുടെ അഴിഞ്ഞാട്ടത്തിനും അറുതിയില്ല. ഗുജറാത്തിൽ മുസ്ലിങ്ങളെ ഉന്മൂലനം ചെയ്യുക എന്ന ലക്ഷ്യത്തോടെ സംസ്ഥാന സർക്കാരിന്റെ ഒത്താശയോടെയും പിന്തുണയോടെയുമാണ് കൊടിയ അതിക്രമങ്ങൾ നടന്നത്; കൂട്ടക്കൊലയും കൊള്ളിവയ്പും കൊള്ളയും ബലാത്സംഗങ്ങളും നടന്നത്. ഗുജറാത്തിൽ അഴിഞ്ഞാടിയ ഭൂരിപക്ഷ വർഗീയത ഏറ്റവുമൊടുവിൽ ഒറീസയിൽ പത്തിവിടർത്തി ആടുകയാണെന്നാണ് റിപ്പോർട്ട്. ക്രിസ്ത്യൻപള്ളികൾ ആക്രമിച്ചു

തകർക്കുകയും ക്രൈസ്തവരെ ആക്രമിക്കുകയുമാണ് വർഗീയ ഭ്രാന്തന്മാർ. ഇപ്പോഴും അത് നിയന്ത്രിക്കാൻ കഴിഞ്ഞിട്ടില്ല.

ഇങ്ങനെ സാർവദേശീയമായി നോക്കിയാലും ദേശീയമായി നോക്കിയാലും വർഗീയതയും ഭീകര പ്രവർത്തനങ്ങളും വ്യാപിക്കുന്നതാണ് കാണുന്നത്. വിവിധ വിശ്വാസങ്ങളോടും ആശയങ്ങളോടും സഹിഷ്ണുത കാട്ടുക എന്ന മഹത്തായ സംസ്കാരത്തിന് പോറലേല്ക്കുകയാണ്.

അതുകൊണ്ട് പുതുവത്സരത്തിൽ നമ്മുടെ മനസ്സിലുണ്ടാകേണ്ടത് സമാധാനത്തിനു വേണ്ടിയുള്ള പ്രതിജ്ഞാബദ്ധതയാണ്. എല്ലാതരത്തിലുള്ള അതിക്രമങ്ങൾക്കും ഹിംസയ്ക്കുമെതിരായി പ്രവർത്തിക്കുന്നതിന് തയ്യാറാകണം. വർഗീയതയും തീവ്രവാദവും ഭീകര പ്രവർത്തനങ്ങളും നാശത്തിലേക്കാണ് മാനവരാശിയെ നയിക്കുന്നതെന്ന് മനസ്സിലാക്കി അതിനെതിരെ സ്വയം സമർപ്പണം ചെയ്യണം. സമാധാനവും സാഹോദര്യവും സൗഹാർദവും വളർത്താൻ എല്ലാവിധേനയും പരിശ്രമിക്കേണ്ടതുണ്ട്. 2007 ലെ ലോകം അശാന്തിയുടേതായിരുന്നു. 2008 ശാന്തിയുടേതായിരിക്കട്ടെ.

ലോകത്തിന്റെയും ഇന്ത്യയുടെയും മൊത്തത്തിലുമുള്ള ചിത്രം സമാധാനത്തിന്റേതല്ലെങ്കിലും വ്യത്യസ്തമായ ഒരു ചിത്രമാണ് 2007 ലെ കേരളത്തിന്റേത്. അങ്ങിങ്ങ് ചില അക്രമങ്ങളും കൊലപാതകങ്ങളും നടന്നെങ്കിലും പൊതുവിൽ ക്രമസമാധാനത്തിന്റെ കാര്യത്തിൽ മെച്ചപ്പെട്ട അവസ്ഥയാണ് കേരളത്തിൽ. കേന്ദ്ര ആഭ്യന്തര മന്ത്രി ശിവരാജ് പാട്ടീൽ തന്നെ അക്കാര്യത്തിൽ കേരളത്തെ അഭിനന്ദിക്കുകയുണ്ടായി. കേരളീയർ ശാന്തിയും സമാധാനവും ആഗ്രഹിക്കുന്നു. അതുകൊണ്ടുതന്നെ വർഗീയ വാദികളുടെ ദുഷ്ടലാക്കുകളെ പരാജയപ്പെടുത്താൻ കഴിയുന്നു. അക്രമങ്ങൾ അമർച്ച ചെയ്യാൻ സർക്കാർ ശക്തമായ നടപടി സ്വീകരിക്കുന്നു. അക്രമികളെ ഒറ്റപ്പെടുത്താൻ ബഹുജനങ്ങൾ തയ്യാറാകുന്നു. ശാന്തിയും സമാധാനവുമുള്ള ലോകം, ശാന്തിയും സമാധാനവുമുള്ള ഇന്ത്യ, ശാന്തിയും സമാധാനവുമുള്ള കേരളം - പുതുവത്സരത്തിൽ നമ്മുടെ പ്രതീക്ഷയും ആഗ്രഹവും ഇതാണ്.■

# സദ്ദാം ഹുസൈൻ മുതൽ ബേനസീർ ഭൂട്ടോ വരെ

അമേരിക്ക നിയോഗിച്ച പാവ ഭരണകൂടം സദ്ദാംഹുസൈനെ തൂക്കിലേറ്റുന്നതു കണ്ടുകൊണ്ടാണ് 2007 പിറന്നത്. തീവ്രവാദത്തിന്റെ ഇരയായി ബേനസീർഭൂട്ടോ ചരിത്രത്തിലേക്ക് ഒതുങ്ങുന്നതു കണ്ടുകൊണ്ട് 2007 ഒടുങ്ങുന്നു.

തങ്ങളുടെ അധീശത്വത്തിലുള്ള ലോകം സൃഷ്ടിക്കാനുള്ള അമേരിക്കയുടെയും സാമ്രാജ്യത്വശക്തികളുടെയും കുത്സിത ശ്രമങ്ങൾ തന്നെയാണ് 2007 ലും നിറഞ്ഞുനിന്നത്.അതിനെതിരെയുള്ള ചെറുത്തുനില്പുകളും മാനവികതയ്ക്ക് വേണ്ടിയുള്ള പോരാട്ടങ്ങളും ലോകരാഷ്ട്രീയത്തെ സംഘർഷഭരിതമാക്കി. അമേരിക്കയുടെ ഇറാക്കിലെ സാന്നിധ്യം തുടരുന്നു. പക്ഷേ ഏറ്റവും കൂടുതൽ സൈനികനഷ്ടം അമേരിക്കയ്ക്കുണ്ടായതും 2007 ലാണ്. ഇറാക്കിനു പുറമെ ഇറാനെയും ഉത്തരകൊറിയയെയും വരുതിക്കു നിറുത്താനുള്ള ശ്രമങ്ങൾ 2007 ൽ അമേരിക്ക ശക്തമാക്കുന്നതും കണ്ടു. പാലസ്തീനിയൻ മൂവ്മെന്റിന്റെ രണ്ടു പ്രധാന ശാഖകൾ പിളർന്നു. ഗാസാ സ്ട്രിപ്പിൽ ഹമാസും വെസ്റ്റ് ബാങ്കിൽ ഫതായും ആധിപത്യം പുലർത്തുന്നുണ്ടെങ്കിലും ഇസ്രായേലിന് ഈ പിളർപ്പ് കൂടുതൽ സഹായകമായി. ഇറാക്കിൽ സൈനിക നീക്കത്തിനു പിന്തുണ നൽകിയ രണ്ടു ഭരണകൂടങ്ങളെ 2007 ൽ ജനം താഴെയിറക്കി. ബ്രിട്ടീഷ് പ്രധാനമന്ത്രി ടോണി ബ്ലെയറെ താഴെയിറക്കി ഗോർഡൺ ബ്രൗൺ അധികാരത്തിലേറി: ആസ്ട്രേലിയയിൽ ലേബർ പാർട്ടി അധികാരത്തിലെത്തി.

ഭീകരമായ പ്രകൃതി ദുരന്തങ്ങൾ ഏറെയുണ്ടായ വർഷമാണ് 2007. സൈബീരിയയിലെ കോൾമൈനിലുള്ള മീതൈൻ വാതക ദുരന്തത്തിൽ 110 പേർ മരിച്ചു. ദക്ഷിണേഷ്യയിലെ വെള്ളപ്പൊക്കത്തിൽ 30000 പേർ മരിക്കുകയും 25 ദശലക്ഷം പേർ ഭവനരഹിതരാവുകയും ചെയ്തു. ബംഗ്ലാദേശിലെ കൊടുങ്കാറ്റിൽ 3000 പേർ മരിച്ചു. ലക്ഷക്കണക്കിനാളുകൾ ഭവനരഹിതരായി. റഷ്യയിൽ വ്‌ളാഡിമിർ പുചിൻ പ്രസിഡന്റ് തിരഞ്ഞെടുപ്പിൽ തകർപ്പൻ വിജയം നേടിയതും വെനിസ്വേലയിൽ പ്രസിഡന്റ് ഹ്യൂഗോ ഷാവേസിനു കൂടുതൽ അധികാരം നൽകുന്നതിനുള്ള ഭരണഘടനാ ഭേദഗതിയെ ജനങ്ങൾ വോട്ടിങ്ങിൽ തള്ളിക്കളഞ്ഞതും 2007ലാണ്

# ദേശീയ രംഗം 2007

സംഭവങ്ങളും വിവാദങ്ങളും ലോകശ്രദ്ധ പിടിച്ചുപറ്റിയ ഭരണ നടപടികളും ദേശീയ തലത്തിൽ ഏറെ വാർത്താ പ്രാധാന്യം നേടി.

പ്രഥമവനിതാരാഷ്ട്രപതി പ്രതിഭാ ദേവിസിങ് പാട്ടീൽ ജൂലൈ 25-നും ഉപരാഷ്ട്രപതി മുഹമ്മദ് ഹമീദ് അൻസാരി ഓഗസ്റ്റ് 11-നും അധികാരമേറ്റു. വീരപ്പമൊയ്‌ലി ചെയർമാനായുള്ള രണ്ടാം ഭരണപരിഷ്ക്കരണ കമ്മീഷൻ നാലാമത്തെ റിപ്പോർട്ട് സമർപ്പിച്ചു. ദേശീയ ന്യൂനപക്ഷ കമ്മീഷന് ഭരണഘടനാ പദവി നൽകാൻ കേന്ദ്രമന്ത്രിസഭ തീരുമാനിച്ചു. കേന്ദ്ര-സംസ്ഥാന ബന്ധങ്ങൾ പുനഃപരിശോധിക്കാൻ മുൻ ചീഫ് ജസ്റ്റിസ് എം.എം. പഞ്ചി അദ്ധ്യക്ഷനായി പുതിയ കമ്മീഷനെ കേന്ദ്രസർക്കാർ നിയമിച്ചു. കാവേരി നദിയിലെ വെള്ളത്തിന്റെ അമ്പതു ശതമാനത്തിലധികം തമിഴ്നാടിന് അനുവദിച്ചുകൊണ്ട് കാവേരി നദീജല ട്രൈബ്യൂണൽ വിധി പുറപ്പെടുവിച്ചു. കേരളത്തിന് 30 ടി.എം.സി. ജലമാണ് ലഭിക്കുക. വിധിയിൽ പ്രതിഷേധിച്ച് കേന്ദ്ര വാർത്താവിനിമയ സഹമന്ത്രി അംബരീഷ് രാജിവെച്ചു. കേന്ദ്ര വാർത്താവിനിമയ വിവരസാങ്കേതിക വകുപ്പുമന്ത്രി ദയാനിധി മാരൻ തൽസ്ഥാനം 2007 ൽ രാജിവച്ചു. വ്യോമസേന മേധാവിയായി എയർ മാർഷൽ ഫാലി ഹോമി മേജറും ദേശീയ മനുഷ്യാവകാശ കമ്മീഷൻ അദ്ധ്യക്ഷനായി ജസ്റ്റിസ് രാജേന്ദ്രബാബുവും നിയമിക്കപ്പെട്ടു.

**രാഷ്ട്രീയ രംഗം:** ഗോവ മുഖ്യമന്ത്രിയായി ദിഗംബർ കമ്മത്ത് അധികാരമേറ്റു. കർണാടകയിൽ അധികാരമേറ്റ ബി.എസ്. യെഡിയൂരപ്പ എട്ടു ദിവസങ്ങൾ കഴിഞ്ഞ് രാജി വച്ചു. തുടർന്ന് കർണാടക നിയമസഭ പിരിച്ചുവിടുകയും രാഷ്ട്രപതി ഭരണം ഏർപ്പെടുത്തുകയുമുണ്ടായി. ഗുജറാത്തിൽ നരേന്ദ്രമോഡി വൻ ഭൂരിപക്ഷത്തിൽ വീണ്ടും അധികാരത്തിലെത്തി. ഹിമാചലിൽ കോൺഗ്രസിനെ പുറത്താക്കി ബി.ജെ.പി സർക്കാർ അധികാരത്തിലെത്തി.

**വിവാദങ്ങൾ:** ദേശീയ-അന്തർദേശീയ വിവാദങ്ങൾക്ക് വഴിമരുന്നിട്ട ആണവക്കരാർ ചൂടേറിയ ചർച്ചയ്ക്ക് വിധേയമായി. രാജ്യത്തിന്റെ പരമാധികാരത്തെ ഹനിക്കുന്ന വ്യവസ്ഥകളുള്ള കരാറിലെ മുഖ്യനിർദേശങ്ങളിൽ മേലുള്ള അഭിപ്രായ വ്യത്യാസങ്ങൾ ഇടത്-യു.പി.എ സഖ്യത്തിൽ വിള്ളലുകളുണ്ടാക്കി. ബംഗാളിലെ കിഴക്കൻ മിഡ്നാപ്പൂർ ജില്ലയിലെ നന്ദിഗ്രാമിൽ രാസവ്യവസായ സ്ഥാപനങ്ങൾക്കായി ഭൂമി ഏറ്റെടുക്കാൻ സർക്കാർ നടപടികളാരംഭിച്ചത് പ്രതിഷേധത്തിലും വെടിവയ്പിലും കലാശിച്ചതും വിവാദങ്ങൾക്കിടയാക്കി. ഭൂമി ഏറ്റെടുക്കില്ലെന്ന് സർക്കാർ തീരുമാനിച്ചുവെങ്കിലും സംഘർഷം വളർത്താനുള്ള ചില കേന്ദ്രങ്ങളുടെ ശ്രമം പ്രശ്നങ്ങൾ സൃഷ്ടിച്ചു.

**നേട്ടങ്ങൾ:** ബ്രഹ്മോസ് മിസൈൽ വിജയകരമായി പരീക്ഷിച്ചതും, ഇന്ത്യയുടെ വാർത്താ വിനിമയ ഉപഗ്രഹമായ ഇൻസാറ്റ് 4 ബി ഫ്രഞ്ച് ഗയാനയിലെ കൗറുവിൽ നിന്ന് വിജയകരമായി വിക്ഷേപിച്ചതും ഇന്ത്യയുടെ പി.എസ്.എൽ.വി സി-8 റോക്കറ്റ് ഇറ്റലിയുടെ എജൈൽ ഉപഗ്രഹത്തെ വിജയകരമായി ബഹിരാകാശത്ത് എത്തിച്ചതും ഇന്ത്യയിൽ നിന്നും ആദ്യമായി വാർത്താ വിനിമയ ഉപഗ്രഹം ഇൻസാറ്റ് 4 സി.ആർ- വിക്ഷേപിച്ചതും പൂർണമായും ഇന്ത്യയിൽ വികസിപ്പിച്ചെടുത്ത ആന്റി ബാലിസ്റ്റിക് മിസൈൽ ഒറീസാ തീരത്ത് വിജയകരമായി പരീക്ഷിച്ചതും നേട്ടങ്ങളുടെ പട്ടികയിൽ ശ്രദ്ധേയമായി. ഗാന്ധിജയന്തി ദിനമായ ഒക്ടോബർ 2 രാജ്യാന്തര അഹിംസാദിനമായി ആചരിക്കാൻ യു.എൻ. പൊതുസഭ തീരുമാനിച്ചു. ചെങ്കോട്ട യുനെസ്കോയുടെ ആഗോള പൈതൃക സ്മാരകങ്ങളുടെ പട്ടികയിലും താജ്മഹൽ ലോക സപ്താത്ഭുതങ്ങളുടെ പട്ടികയിലും ഉൾപ്പെട്ടു.

**പി.എസ്.ആർ.**

ബി. മനോജ്

> സ്മാർട്ട് സിറ്റിയിലൂടെ തൊണ്ണൂറായിരം തൊഴിലവസരങ്ങൾ ഉറപ്പാക്കി തൊഴിലില്ലായ്മയ്ക്ക് മറുപടി നൽകിയ കേരളം 30 മൈക്രോണിന് താഴെയുള്ള പ്ലാസ്റ്റിക് നിരോധിച്ചതു വഴി മാലിന്യനിർമാർജന രംഗത്ത് ശ്രദ്ധേയമായ ചുവടുവയ്പാണ് നടത്തിയത്.

ഒരു വർഷം കൂടി ചരിത്രത്തിന്റെ ഭാഗമായി മാറിക്കഴിഞ്ഞു. കേരളത്തിന്റെ വികസന സ്വപ്നങ്ങൾ യാഥാർഥ്യത്തിന്റെ പാതയിലെത്തിയ വർഷമാണ് ***2007.*** സ്ഥിരവും അഭംഗുരവുമായ വികസനത്തിനായി ആവിഷ്കരിച്ചു നടപ്പാക്കി വരുന്ന വിവിധ കർമപദ്ധതികൾ സംസ്ഥാനത്തിന്റെ സമസ്തമേഖലകളിലും ഉണർവ് പകർന്നതാണ് ***2007***ൽ ഏറ്റവും ശ്രദ്ധിക്കപ്പെട്ടകാര്യം.

ഐ.ടി. ഉൾപ്പെടെ വ്യവസായമേഖലയിലെ നിക്ഷേപത്തിന് ഏറ്റവും അനുയോജ്യമായ സംസ്ഥാനം കേരളമാണെന്ന് കഴിഞ്ഞ വർഷം തെളിയിക്കപ്പെട്ടു. സ്മാർട്ട് സിറ്റി പദ്ധതിയുടെ തുടക്കം ഉദാഹരണം. ഇൻഫോപാർക്ക് വിട്ടുകൊടുക്കാതെയും സ്ഥലം വിൽക്കുന്നതിനു പകരം വില്പന വിലയുടെ മൂന്ന് മടങ്ങ് തുക ലഭ്യമാക്കി പാട്ടത്തിനു കൊടുത്തും മുപ്പത്തിമൂവായിരം തൊഴിലവസരം എന്ന മുൻനിർദേശത്തിനു പകരം തൊണ്ണൂറായിരം തൊഴിലവസരം ഉറപ്പാക്കിയും സംസ്ഥാനത്തിന് ഇരുപത്താറു ശതമാനം ഓഹരി നിശ്ചയിച്ചുറപ്പിച്ചും വേറെ ഐ.ടി പാർക്ക് കൊച്ചിയിൽ പാടില്ലെന്ന വ്യവസ്ഥ ഒഴിവാക്കിയുമാണ് ഗവൺമെന്റ് സ്മാർട്ട് സിറ്റി കരാറിൽ ഒപ്പുവച്ചത്. രാജ്യത്തെ ഏറ്റവും മികച്ച ക്രമസമാധാനനിലയുള്ള സംസ്ഥാനം, മികച്ച തൊഴിൽ അന്തരീക്ഷം, കുറഞ്ഞ ചെലവ്, നിക്ഷേപസൗഹൃദാന്തരീക്ഷം എന്നു തുടങ്ങി ഖ്യാതികൾ ഒട്ടനവധി കഴിഞ്ഞ വർഷം കേരളത്തെ തേടിയെത്തി. ടൂറിസം രംഗത്തെ പുതിയ പദ്ധ



പ്രതിഭാ പാട്ടിൽ
പ്രഥമ വനിതാ രാഷ്ട്രപതി

തികൾ ലോകത്തിലെ ഏറ്റവും പ്രധാനപ്പെട്ട ടൂറിസ്റ്റ് ഡെസ്റ്റിനേഷനായി കേരളത്തെ മാറ്റി. അടിസ്ഥാനസൗകര്യവികസന രംഗത്ത് വൻ പുരോഗതി കൈവരിക്കാൻ കഴിഞ്ഞതും ശ്രദ്ധേയമായ കാര്യമാണ്.

വല്ലാർപാടം പദ്ധതി നിർമാണഘട്ടത്തിലെത്തിക്കാനായതും വിഴിഞ്ഞം പദ്ധതിക്ക് ടെണ്ടർ വിളിച്ചതും വ്യവസായ രംഗത്ത് അടിസ്ഥാനസൗകര്യവികസനത്തിന് പുതിയ കമ്പനിയുണ്ടാക്കിയതും അതേ രൂപത്തിൽ ഐ.ടി.മേഖലയിൽ കമ്പനി രൂപീകരിക്കാൻ നടപടിയായതും മുല്ലപ്പെരിയാറിൽ പുതിയ അണക്കെട്ടു നിർമിക്കാൻ ഇച്ഛാശക്തിയോടെ മുന്നോട്ടു പോകുന്നതും ഹയർ എഡ്യൂക്കേഷൻ കൗൺസിൽ രൂപീകരിച്ചതും ദൃഷ്ടാന്തങ്ങളാണ്.

കൊല്ലത്ത് ഇലക്ട്രിക്കൽ മൾട്ടിപ്പിൾ



# സ്മൃതിപഥങ്ങളിൽ 2007

യൂണിറ്റ് ആരംഭിച്ചതും സബർബൻ ട്രെയിൻ സർവീസ് തുടങ്ങുന്നതിനുള്ള സാധ്യതാപഠനം തുടങ്ങിയതും കൊച്ചിയിൽ മെട്രോ റയിൽ തുടങ്ങുന്നതിനുള്ള പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിച്ചതും ഇക്കഴിഞ്ഞ വർഷമാണ്.

കോഴിക്കോട് സ്കൂൾ ഓഫ് മാത്തമാറ്റിക്സ് തുടങ്ങുന്നതിന് ധാരണാപത്രം ഒപ്പിട്ടു. കൊല്ലം-കോട്ടപ്പുറം ദേശീയ ജലപാത (മൂന്ന്) വികസനം യാഥാർഥ്യമായി.

കണ്ണൂരിൽ വിമാനത്താവളത്തിന് അനുമതി നേടിയതും അനധികൃത ഭൂമി കൈയേറ്റങ്ങൾ ഒഴിപ്പിച്ച് പതിനായിരക്കണക്കിന് ഏക്കർ ഭൂമി വീണ്ടെടുത്തതും ലാന്റ്-റിയൽ എസ്റ്റേറ്റ്-മണൽ മാഫിയകൾക്കെതിരെ ശക്തമായ നടപടികൾ സ്വീകരിച്ചതും ഈ അവസരത്തിൽ സ്മരണീയം.

> പത്തു ലക്ഷം തൊഴിലാളികൾക്ക് ക്ഷേമനിധിയും പെൻഷനും ഉറപ്പാക്കുന്ന നിയമം 2007ൽ സർക്കാർ നടപ്പാക്കി.

പരിസ്ഥിതി-പ്രകൃതി സംരക്ഷണങ്ങൾക്കായി മുൻകാല ഗവൺമെന്റുകളൊന്നും ചെയ്യാതിരുന്ന ധീരമായ നടപടികൾക്ക് കേരളം കഴിഞ്ഞ വർഷം സാക്ഷിയായി.

നെൽപ്പാടങ്ങളും തണ്ണീർത്തടങ്ങളും നികത്തുന്നത് തടയാൻ ബിൽ പാസാക്കിയതും, കുറിഞ്ഞി സാങ്ചറിയും, സൈലന്റ് വാലിക്ക് ചുറ്റും 148 ചതുരശ്ര കിലോമീറ്റർ സംരക്ഷിത മേഖലയായി - ബഫർസോൺ -പ്രഖ്യാപിച്ചതും 30 മൈക്രോണിൽ താഴെയുള്ള പ്ലാസ്റ്റിക് ഉത്പന്നങ്ങൾക്ക് നിരോധനമേർപ്പെടുത്തിയതും 2007 ൽ ശ്രദ്ധേയമായി.

ഒട്ടേറെ ക്ഷേമ പദ്ധതികൾക്കും 2007 ൽ തുടക്കമായി. **അസംഘടിത മേഖലയിലെ പത്തു ലക്ഷം തൊഴിലാളികൾക്ക് ക്ഷേമനിധിയും** സേവന വേതന വ്യവസ്ഥകളും പെൻഷനും ഉറപ്പാക്കുന്ന നിയമം സർക്കാർ നടപ്പാക്കി. ക്ഷീര കർഷക പെൻഷൻ നടപ്പാക്കി. കാർഷിക കടാശ്വാസ കമ്മീഷൻ നിലവിൽ വന്നതും ഭൂരഹിത ആദിവാസി കുടുംബങ്ങൾക്ക് ഒരേക്കർ വീതം ഭൂമിയും വീടുവയ്ക്കാൻ ധനസഹായവും നൽകുന്ന പദ്ധതി നടപ്പിലാക്കിയതും മാലിന്യമുക്ത കേരളം പദ്ധതിക്ക് തുടക്കമിട്ടതും സമ്പൂർണ കായികക്ഷമതാ പരിപാടിയും ഹയർസെക്കണ്ടറി മേഖലയിലെ പാവപ്പെട്ട വിദ്യാർഥികളിൽ മികച്ച പഠന നിലവാരം പുലർത്തുന്ന കുട്ടികൾക്ക് 5000 രൂപ സ്കോളർഷിപ്പ് നൽകുന്നതും കേരളത്തനിമയ്ക്ക് കൈത്തറി പദ്ധതിയും ഡിസാസ്റ്റർ മാനേജ്മെന്റ് അതോറിറ്റി രൂപീകരണവും, നിയമപരിഷ്കരണ കമ്മീഷനെ നിയമിച്ചതും അവയിൽ പ്രധാനപ്പെട്ടവയാണ്.



**സ്മാർട്ട്സിറ്റി യാഥാർഥ്യമാകുന്നു**

ദേവസ്വം ബോർഡിലെ അഴിമതി തടയുന്നതിനും ശബരിമല തീർത്ഥാടനത്തിന് കൂടുതൽ വിപുലമായ സജ്ജീകരണങ്ങൾ ഏർപ്പെടുത്തിയതും 2007-ൽ ശ്രദ്ധിക്കപ്പെട്ടു.

## കേരളം പോയ വർഷം

**ജനുവരി 2 –** തിരുവിതാംകൂർ ദേവസ്വം ബോർഡിലെ അഴിമതികളെയും നിയമന ക്രമക്കേടുകളെയും പറ്റി അന്വേഷിക്കാൻ റിട്ട. ജസ്റ്റിസ് കെ.എസ്. പരിപൂർണ്ണൻ അദ്ധ്യക്ഷനായി ഉന്നതാധികാര കമ്മീഷനെ നിയമിക്കാൻ ഹൈക്കോടതി ഉത്തരവ്.

**ജനുവരി 4 –** പ്രൊഫഷണൽ കോളേജ് പ്രവേശനം സംബന്ധിച്ച സ്വാശ്രയ നിയമത്തിൽ ന്യൂനപക്ഷ പദവി നിർണയം, സംവരണം, ഫീസ് നിർണയം, പൊതുപ്രവേശന പരീക്ഷ വഴിയുള്ള പ്രവേശനം എന്നിവ സംബന്ധിച്ച പ്രധാന വകുപ്പുകൾ ഹൈക്കോടതി റദ്ദാക്കി.

മുൻ രാഷ്ട്രപതി കെ. ആർ. നാരായണന്റെ സമാധി സ്ഥലമായ ഡൽഹിയിലെ എകതാസ്ഥലിൽ അദ്ദേഹത്തിന് സ്മാരകം നിർമിക്കുവാൻ കേന്ദ്ര പാർലമെന്ററി മന്ത്രകാര്യാലയം തീരുമാനിച്ചു.

**ജനുവരി 6 –** മുഴുവൻ കേരളീയരും ആഴ്ചയിലൊരു ദിവസം കൈത്തറി, ഖാദി വസ്ത്രങ്ങൾ ധരിക്കാൻ ശീലിക്കണമെന്ന സർക്കാർ നിർദേശത്തോടെ മലയാളികളുടെ വസ്ത്രധാരണശീലങ്ങളിൽ പരമ്പരാഗത വസ്ത്രങ്ങളുടെ സൗന്ദര്യം തിരികെ കൊണ്ടുവരാൻ ലക്ഷ്യമിട്ടുകൊണ്ടുള്ള *കേരളത്തനിമയ്ക്ക് കൈത്തറി* പദ്ധതി മുഖ്യമന്ത്രി ഉദ്ഘാടനം ചെയ്തു.

**ജനുവരി 9 –** ദുബായിൽ നന്ന് കൊച്ചിയിലെത്തിയ കപ്പലിൽ കൊണ്ടു വന്ന കണ്ടെയ്നറിൽ നിന്ന് വിദേശ നിർമിത ആയുധങ്ങളായ 37 പിസ്റ്റളുകളും 47 റൈഫിളുകളും പിടികൂടി.

**ജനുവരി 14 –** ഇന്ത്യയുടെ ചീഫ് ജസ്റ്റിസായി മലയാളിയായ ജസ്റ്റിസ് കെ.ജി. ബാലകൃഷ്ണൻ സത്യപ്രതിജ്ഞ ചെയ്ത് ചുമതലയേറ്റു.

**ജനുവരി 16 –** ബി.ജെ.പി. മുൻ സംസ്ഥാന പ്രസിഡന്റ് കെ. രാമൻപിള്ളയുടെ നേതൃത്വത്തിൽ പുതിയ സാംസ്കാരിക സംഘടന 'ജനപക്ഷം' നിലവിൽ വന്നു.

ഹയർ എഡ്യൂക്കേഷൻ കൗൺസിൽ ഓർഡിനൻസിന് അംഗീകാരം നൽകാൻ മന്ത്രിസഭ തീരുമാനിച്ചു.

**ജനുവരി 18 –** മുൻ ധനമന്ത്രിയും മുതിർന്ന കോൺഗ്രസ്സ് നേതാവുമായ കെ. ശങ്കരനാരായണനെ നാഗലാന്റ് ഗവർണറായി നിയമിച്ചുകൊണ്ട് രാഷ്ട്രപതി ഉത്തരവ് പുറപ്പെടുവിച്ചു.

**ജനുവരി 24 –** പതിനൊന്നാം പഞ്ചവത്സര പദ്ധതിയുടെ അടങ്കലായി 40422 കോടി രൂപയും 2007–2008 ലെ വാർഷിക പദ്ധതി അടങ്കലായി 6950 കോടി രൂപയും മന്ത്രിസഭായോഗം അംഗീകരിച്ചു.

**ജനുവരി 27 –** കേരള പി.എസ്.സി. യിൽ ഓൺ ലൈൻ അപേക്ഷാ സംവിധാനത്തിന് തുടക്കമായി. കമ്മീഷന്റെ സുവർണ ജൂബിലി ആഘോഷങ്ങളുടെ സമാപന സമ്മേളനത്തിൽ ഗവർണർ ഇതിന് തുടക്കം കുറിച്ചു.

സംസ്ഥാന ഉന്നതവിദ്യാഭ്യാസ കൗൺസിൽ ഓർഡിനൻസിൽ ഗവർണർ ആർ.എൽ. ഭാട്യ ഒപ്പു വച്ചു.

**ജനുവരി 28 –** തിരുവനന്തപുരം ജില്ലയെ ബാലഭിക്ഷാടന വിമുക്ത ജില്ലയായി പ്രഖ്യാപിച്ചു.

**ഫെബ്രുവരി 3 –** നാഗാലാന്റിലെ 16–മത്തെ ഗവർണറായി കെ. ശങ്കരനാരായണൻ സത്യപ്രതിജ്ഞ ചെയ്തു.

**ഫെബ്രുവരി 4 –** ദേവസ്വം ബോർഡ് ഓർഡിനൻസിൽ സംസ്ഥാന ഗവർണർ ഒപ്പു വച്ചു

**ഫെബ്രുവരി 6 –** ഭൂപരിഷ്കരണ നിയമം നടപ്പിലാക്കിയ കമ്മ്യൂണിസ്റ്റ് മന്ത്രിസഭ അധികാരത്തിൽ വന്നതിന്റെ സുവർണ ജൂബിലി വാർഷികത്തിന്റെ പശ്ചാത്തലത്തിൽ കേരളത്തിലെ ഭൂരഹിതർക്ക് ഭൂമി നൽകാനുദ്ദേശിച്ചുകൊണ്ടുള്ള സംസ്ഥാനതല പട്ടയമേളയുടെ ഉദ്ഘാടനം മുഖ്യമന്ത്രി വി.എസ്. അച്യുതാനന്ദൻ നിർവഹിച്ചു.

**ഫെബ്രുവരി 8 –** പീഡിത കയർ വ്യവസായ സഹകരണ സംഘങ്ങളുടെ പുനരുദ്ധാരണ പദ്ധതി സംസ്ഥാനതല സാമ്പത്തിക സഹായ വിതരണം ധനമന്ത്രി ടി.എം. തോമസ് ഐസക് നിർവഹിച്ചു.

കോടതിയെക്കുറിച്ചുള്ള പരാമർശം വിവാദമായ പശ്ചാത്തലത്തിൽ മന്ത്രി പാലോളി മുഹമ്മദ് കുട്ടിക്കെതിരെ ഹൈക്കോടതി സ്വമേധയാ കേസെടുത്ത് കോടതിയലക്ഷ്യ കുറ്റത്തിന് നോട്ടീസയച്ചു.



കുട്ടനാടൻ കാർഷിക മേഖലയുടെ പുനരുദ്ധാരണത്തിന് 1840 കോടി രൂപയുടെ പദ്ധതി അംഗീകരിപ്പിച്ചു. ഇടുക്കിയിൽ കാർഷിക പാക്കേജ് നടപ്പാക്കുമെന്ന ഉറപ്പും നേടിയെടുത്തു.

കർഷകർക്ക് ആശ്വാസം പകരുന്ന കിസാൻശ്രീ ഇൻഷ്വറൻസ് പദ്ധതി 2007 ലെ പ്രമുഖ നേട്ടങ്ങളിലൊന്നാണ്. നിരവധി കാർഷിക പാക്കേജുകൾ നടപ്പാക്കിയതും നെല്ലിന്റെ സംഭരണ വില കിലോക്ക് രണ്ടു രൂപ വർദ്ധിപ്പിച്ചതും കാർഷിക മേഖലയിലെ ശ്രദ്ധിക്കപ്പെട്ട ആശ്വാസ നടപടികളാണ്.

ദേശീയ തലത്തിൽ ഉണ്ടായ വിലക്കയറ്റം കേരളത്തിലും 2007 ൽ അനുഭവപ്പെട്ടു. എന്നാൽ പൊതു വിതരണ സമ്പ്രദായം ശക്തിപ്പെടുത്തുകയും വിപണിയിൽ ഫലപ്രദമായി ഇടപെടുകയും ചെയ്തതിന്റെ ഫലമായി സംസ്ഥാനത്ത് വിലക്കയറ്റം അമിതമാകാതെ പിടിച്ചു നിർത്താനായി. സിവിൽ സപ്ലൈസ് കോർപ്പറേഷനും സഹകരണ വകുപ്പും സംയുക്തമായി സംഘടിപ്പിച്ച *സഹകരണ വിപണനം കേരളീയം* വിജയം കണ്ടു. അരിവില നിയന്ത്രിക്കാനായി. അരിച്ചന്തകൾ തുടങ്ങിയതും സപ്ലൈകോ പീപ്പിൾസ് ബസാറുകൾ ആരംഭിച്ചതും ഈ പ്രശ്നത്തിൽ ജനോപകാരപ്രദമായ നടപടികളായിരുന്നു.

സഹകരണ മേഖലയിലെ വിവിധ നടപടികൾ ഗ്രാമീണ ജനതയ്ക്ക് നൽകിയ ആശ്വാസം ഏറെ ശ്രദ്ധിക്കപ്പെട്ടു. കാർഷിക വായ്പയ്ക്കുള്ള പലിശ ഗണ്യമായി കുറച്ചതും ആത്മഹത്യ ചെയ്ത കർഷകരുടെ 2 ലക്ഷം രൂപ വരെയുള്ള കടങ്ങൾ എഴുതിത്തള്ളാൻ തീരുമാനിച്ചതും പീഡിത കയർ സംഘങ്ങളുടെ പുനരുദ്ധാരണത്തിന് നടപടികൾ എടുത്തതും കയർത്തൊഴിലാളി പെൻഷൻ കുടിശ്ശിക തീർക്കാൻ നടപടി തുടങ്ങിയതും 2007 ൽ ജനശ്രദ്ധ പിടിച്ചുപറ്റി.

വൈദ്യുതീകരണ രംഗത്തും വൈദ്യുതി ഉത്പാദന രംഗത്തും കഴിഞ്ഞ വർഷമുണ്ടായ പുരോഗതി ഊർജ മേഖലയിൽ പുതിയ പ്രതീക്ഷകളുണർത്തി. ആറുലക്ഷത്തോളം പുതിയ കണക്ഷനുകൾ ഈ കാലയളവിൽ നൽകുകയുണ്ടായി. വാളയാർ ചെക്ക് പോസ്റ്റിൽ വിവരസാങ്കേതിക വിദ്യ പ്രയോജനപ്പെടുത്തി നടപ്പാക്കിയ നൂതന പദ്ധതി അഴിമതി തടയുന്നതിലും നികുതി ചോർച്ച ഒഴിവാക്കുന്നതിലും സ്വീകരിച്ച നടപടികളിൽ പ്രത്യേക ശ്രദ്ധ പിടിച്ചുപറ്റി.

മത്സ്യത്തൊഴിലാളികളുടെ ക്ഷേമം മുൻനിർത്തിയുള്ള കടാശ്വാസബിൽ, വ്യാപാര സ്ഥാപനങ്ങളിലെ തൊഴിലാളികൾക്കായി ഏർപ്പെടുത്തിയ ക്ഷേമനിധി, സമഗ്ര തീരദേശ വികസന പരിപാടി ഫിഷറീസ് മാസ്റ്റർ പ്ലാൻ തീരവനം പദ്ധതി, ഔഷധ-വ്യാപാര മേഖലയിൽ സർക്കാർ ഏർപ്പെടുത്തിയ ജനോപകാരപ്രദമായ നിയന്ത്രണങ്ങൾ, നൂറിലേറെ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകൾ ഇരുപത്തഞ്ച് ലക്ഷം രൂപ വീതം ചെലവഴിച്ച് നവീകരിച്ചത്, സർക്കാരാശുപത്രികൾ നവീകരിക്കുന്നതിന് നടപടികൾ സ്വീകരിച്ചത്, രണ്ടായിരത്തി എണ്ണൂറിൽപ്പരം പുതിയ അങ്കണവാടികൾ തുടങ്ങിയത്, കെൽടെക് കേന്ദ്ര ഗവൺമെന്റ് സ്ഥാപനമായ ബ്രഹ്മോസ് ഏറ്റെടുക്കാൻ നടപടിയായത്, നഷ്ടത്തിലോടിയിരുന്ന നിരവധി പൊതുമേഖലാ കമ്പനികൾ ലാഭത്തിലായത്, പരമ്പരാഗത വ്യവസായ മേഖലയുടെ പുനരുദ്ധാരണത്തിനായി സ്വീകരിച്ച വിവിധ നടപടികൾ, തകർന്ന റോഡുകൾ നന്നാക്കുന്നതിനായി സമയോചിതവും സത്വരവുമായി എടുത്ത നടപടികൾ, പൊതുമരാമത്തു പണികളിലെ പോയ കരാറുകൾ പലതും പുതുക്കി പണികൾ പുനരാരംഭിച്ചത്, എന്റെ മരം സാമൂഹികവനവത്കരണ പരിപാടി തുടങ്ങി ഒട്ടേറെ കർമപരിപാടികൾക്ക് 2007-ൽ കേരളം സാക്ഷിയായി.

ടൂറിസം രംഗത്തെ പദ്ധതികൾ കേരളത്തെ ഏറ്റവും പ്രധാനപ്പെട്ട ടൂറിസ്റ്റ് ഡെസ്റ്റിനേഷനുകളിൽ ഒന്നാക്കി മാറ്റി. നെൽപ്പാടങ്ങളും തണ്ണീർത്തടങ്ങളും നികത്തുന്നത് തടയാൻ ബിൽ പാസാക്കി. സംസ്ഥാനത്ത് അധികാരത്തിലേറിയ ആദ്യമന്ത്രിസഭയുടെ അൻപതാം വാർഷികം ആഘോഷിക്കാൻ അതേമുന്നണിക്കു തന്നെ യോഗമുണ്ടായത് കഴിഞ്ഞ വർഷം ശ്രദ്ധിക്കപ്പെട്ട കാര്യങ്ങളിൽ ഒന്നാണ്.



കൈയേറ്റഭൂമി തിരിച്ചു പിടിക്കാൻ ശക്തമായ നടപടി

മാധ്യമ ശ്രദ്ധയിലൂടെയും അല്ലാതെയും ഒട്ടേറെ വിഷയങ്ങൾ വിവാദങ്ങൾക്ക് വഴിമരുന്നായി. സ്വാശ്രയ നിയമം, വ്യാജ സി.ഡി.വേട്ട, ഗവൺമെന്റ് ഡോക്ടർമാരുടെ സമരം, എ.ഡി.ബി. വായ്പ വാങ്ങുന്നതുമായി ബന്ധപ്പെട്ട് ഉയർന്ന വാഗ്വാദങ്ങൾ, ശബരിമലയിലെ അരവണക്കരാർ, സിസ്റ്റർ അഭയ കേസ് അന്വേഷണം പുതിയ വഴിത്തിരിവിലെത്തിയത്, എസ്.എ.റ്റിയിലെ അണുബാധ എന്നിവ അവയിൽ ചിലത്.

തകർന്ന റോഡുകളും സേലം റെയിൽവേ ഡിവിഷൻ വഴി കേരളത്തിനുണ്ടായ ക്ഷീണവും ചിക്കുൺഗുനിയ ഉൾപ്പെടെയുള്ള പകർച്ചപ്പനിയും 2007 ലെ കറുത്ത പൊട്ടുകളായി. പി.സി.ജോർജിനെ ഇടതു മുന്നണിയിൽ നിന്നും പുറത്താക്കിയതും മിക്ക രാഷ്ട്രീയപാർട്ടികൾക്കുള്ളിലെയും അസ്വാരസ്യങ്ങളും കേരളാ കോൺഗ്രസ് (സെക്യുലർ), എൻ.സി.പി എന്നീ പാർട്ടികളിലെ പിളർപ്പും കേരളാ കോൺഗ്രസ് പാർട്ടികളുടെ കൂട്ടായ്മയ്ക്ക് വേദിയൊരുക്കിയതും കെ.കരുണാകരന്റെ കോൺഗ്രസിലേക്കുള്ള മടക്കയാത്രയ്ക്ക് വഴിയൊരുക്കിയതും ഇടതു-വലതു മുന്നണി സവിധാനങ്ങളിൽ ഘടകകക്ഷികൾക്കുള്ള അസ്വസ്ഥതകൾ മറനീക്കി പുറത്തുവന്നതും കഴിഞ്ഞ വർഷത്തെ കേരള രാഷ്ട്രീയ സംഭവ വികാസങ്ങളിൽ ശ്രദ്ധിക്കപ്പെട്ടു. സംസ്ഥാനത്ത് അധികാരത്തിലേറിയ ആദ്യമന്ത്രിസഭയുടെ അൻപതാം വാർഷികം ആഘോഷിക്കാൻ അതേമുന്നണിക്കു തന്നെ യോഗമുണ്ടായത് കഴിഞ്ഞ വർഷം ശ്രദ്ധിക്കപ്പെട്ട കാര്യങ്ങളിൽ ഒന്നാണ്. കൂടുതൽ ആർജവത്തോടെ നമ്മുടെ നാട് പുരോഗതിയിലേക്ക് നീങ്ങിക്കൊണ്ടിരിക്കുന്നു. വികസനക്ഷേമകാര്യങ്ങളിൽ ആലസ്യം പൂണ്ടുകിടന്ന ഒരു സംസ്ഥാനത്തിന്റെ ഉയിർത്തെഴുന്നേൽപ്പിന്റെ കാലമായിരുന്നു 2007. അതുകണ്ടില്ലെന്നു നടിക്കുന്നതും അതിൽ പങ്കാളികളാകാതിരിക്കുന്നതും അക്ഷന്തവ്യമായ അപരാധം.■

# കായിക കേരളം 2007

അസാധാരണമായ വിജയങ്ങളുടെ പട്ടിക നിരത്താനില്ലെങ്കിലും മികച്ച പ്രകടനങ്ങൾ കൊണ്ടും ഈ രംഗത്തെ മികച്ച പ്രവർത്തനങ്ങൾകൊണ്ടും കേരളം 2007 ൽ പൊരുതി നിന്നു. ദേശീയ അന്തർദേശീയ തലങ്ങളിൽ നിരവധി മലയാളിതാരങ്ങൾ 2007 ൽ തിളങ്ങി നിന്നു.

- ന്യൂഡൽഹിയിൽ നടന്ന 13-ാമത് നെഹ്റു കപ്പ് ഇന്റർനാഷണൽ ഇൻവിറ്റേഷൻ ഫുട്ബോൾ ടൂർണമെന്റിൽ ഇന്ത്യ ജേതാക്കളായത് മലയാളി താരം എൻ.പി. പ്രദീപ് നേടിയ ഗോളിന്റെ കരുത്തിലായിരുന്നു. അഞ്ചു ടീമുകൾ പങ്കെടുത്ത ടൂർണമെന്റിന്റെ ഫൈനലിൽ ഇന്ത്യ സിറിയയെയാണ് തോൽപ്പിച്ചത് (1-0)
- എറണാകുളം മഹാരാജാസ് കോളേജ് ഗ്രൗണ്ടിലെ സിന്തറ്റിക് ട്രാക്ക് കായിക താരങ്ങൾക്കായി തുറന്നു കൊടുത്തു. 33-ാമത് ദേശീയ ഗെയിംസിൽ അത്‌ലറ്റിക് വിഭാഗത്തിൽ കേരളം ഒന്നാമതെത്തി.
- ജോർദ്ദാൻ തലസ്ഥാനമായ അമ്മാനിൽ നടന്ന 17-ാമത് ഏഷ്യൻ അത്‌ലറ്റിക്സിൽ ചിത്ര.കെ. സോമൻ, സിനിമോൾ പൗലോസ് എന്നീ മലയാളികൾ ഭാരതത്തിന് സ്വർണം നേടിത്തന്നു.
- ഹൈദരാബാദിൽ നടന്ന നാലാമത് സി.ഐ.എസ്.എം ലോക മിലിട്ടറി ഗെയിംസിലെ പായ്‌വഞ്ചി തുഴച്ചിലിൽ മലയാളിയായ ആർ. മഹേഷ്-ഗിരിധരിലാൽ യാദവ് സഖ്യം ഇന്ത്യയ്ക്കു വേണ്ടി സ്വർണം നേടി.



ശ്രീശാന്ത്

- രണ്ടാമതു ഏഷ്യൻ ഇൻഡോർ ഗെയിംസിലും മലയാളികളായ ഹംസ ചാത്തോളി, സിനിമോൾ പൗലോസ് (1500 മീറ്റർ) പി.ജെ. വിനോദ് (ഹെപ്റ്റാത്‌ലൺ) ഇന്ത്യയ്ക്ക് സ്വർണപതക്കം നേടിത്തന്നു.
- 2007 ജൂലൈ 12 ന് വള്ളംകളി കായിക ഇനമായി സംസ്ഥാന സർക്കാർ പ്രഖ്യാപിച്ചു. നിയമസഭയിൽ സ്പോർട്സ് മന്ത്രി എം. വിജയകുമാറാണ് പ്രഖ്യാപനം നടത്തിയത്.
- ദക്ഷിണാഫ്രിക്കയിൽ നടന്ന പ്രഥമ ട്വന്റി 20 ലോകകപ്പ് ഇന്ത്യ നേടി. ടീമിലെ മലയാളി താരം ശ്രീശാന്തിന്റെ സാന്നിദ്ധ്യം ശ്രദ്ധിക്കപ്പെട്ടു.
- 62.5 പോയിന്റോടെ ദേശീയ അന്തർ സർവകലാശാല അത്‌ലറ്റിക് മീറ്റിൽ എം.ജി. സർവ്വകലാശാല ചാമ്പ്യൻമാരായി. തുടർച്ചയായി മൂന്നാമതാണ് എം.ജി. കിരീടമണിയുന്നത്.
- ഭോപ്പാലിൽ നടന്ന ദേശീയ അത്‌ലറ്റിക് ചാമ്പ്യൻഷിപ്പിൽ 11 സ്വർണവും 9 വെള്ളിയും 9 വെങ്കലവുമായി 29 മെഡലുകളോടെ കേരളം ഓവറാൾ ചാമ്പ്യന്മാരായി.
- ജംഷഡ്പൂരിൽ നടന്ന 17-ാമത് ദേശീയ ഓപ്പൺ അത്‌ലറ്റിക് മീറ്റിൽ സർവീസസിന്റെ മലയാളി താരം സമീർമോൻ വേഗതയേറിയ താരം എന്ന ബഹുമതി നേടി.
- വിജയവാഡയിൽ നടന്ന 23-ാമത് ദേശീയ ജൂനിയർ അത്‌ലറ്റിക്സിൽ 37 സ്വർണവും 27 വെള്ളിയും 14 വെങ്കലവുമായി കേരളം ഒന്നാമതെത്തി.
- 51-ാമത് സംസ്ഥാനസ്കൂൾ കായിക മേളയിൽ 375 പോയിന്റുകളോടെ അത്‌ലറ്റിക്സിൽ എറണാകുളം ജില്ല ഓവറോൾ ചാമ്പ്യന്മാരായി. എസ്.ബി.ടി.യാണ് 2007 ലെ കേരള പ്രീമിയർ ലീഗ് ഫുട്ബോൾ കിരീടം നേടിയത്.
- 55-ാമത് നെഹ്റു ട്രോഫി വള്ളംകളിയിൽ പായിപ്പാട് ചുണ്ടൻ ഹാട്രിക് വിജയത്തോടെ കിരീടമണിഞ്ഞു.
- കെ.എം. ബിനുവിന് അർജുന പുരസ്കാരം, ഡി. ചന്ദ്രലാലിന് (ബോക്സിങ്) ദ്രോണാചാര്യ പുരസ്കാരം, ജോൺസൺ വർഗ്ഗീസിന് ജിമ്മിജോർജ് അവാർഡ്, അബ്ദുൾ നൗഷാദ്, വി.വി. ഷീബ എന്നിവർക്ക് യഥാക്രമം ഏറ്റവും മികച്ച പുരുഷ - വനിതാ ഫുട്ബാൾ താരങ്ങൾക്കുള്ള കേരള ഫുട്ബോൾ അസോയിയേഷൻ അവാർഡ് എന്നിവ നേടിയത് 2007 ൽ അംഗീകാരത്തിന്റെ നിറവായി നിന്നു.

## കേരളം പോയ വർഷം

**ഫെബ്രുവരി 13** – കിൻഫ്രയുടെയും സ്പൈസസ് ബോർഡിന്റെയും സംയുക്താഭിമുഖ്യത്തിൽ ഇടുക്കിയിൽ സ്ഥാപിക്കുന്ന സ്പൈസസ് പാർക്കിന്റെ ധാരണാപത്രം ഒപ്പുവെച്ചു.

**ഫെബ്രുവരി 15** – പൈതൃക സമ്പത്തുകൾ സംരക്ഷിക്കുന്നതിന്റെ ഭാഗമായി സംസ്ഥാനത്തെ ഹസ്തലിഖിത സർവേ ആരംഭിച്ചു. ഗവർണർ ആർ എൽ ഭാട്യ ഉദ്ഘാടനം നിർവഹിച്ചു.

**ഫെബ്രുവരി 20** – എറണാകുളം ജില്ലയിലെ തട്ടേക്കാട് പക്ഷിസങ്കേതത്തിനു സമീപം പെരിയാറ്റിൽ ഉല്ലാസബോട്ട് മുങ്ങി എളവൂർ (അങ്കമാലിക്കു സമീപം) ചെട്ടിക്കുന്ന് സെന്റ് ആന്റണീസ് യു പി സ്കൂളിലെ 15 കുട്ടികളും മൂന്ന് അധ്യാപികമാരും മരിച്ചു.

**മാർച്ച് 9** – 2007-08 ലെ ബജറ്റ് ധനമന്ത്രി സഭയിൽ അവതരിപ്പിച്ചു.

**മാർച്ച് 13** – മുഖ്യമന്ത്രി ചെയർമാനും റവന്യൂ മന്ത്രി വൈസ് ചെയർമാനുമായി സംസ്ഥാന സർക്കാർ ഒമ്പത് അംഗങ്ങളുള്ള ഡിസാസ്റ്റർ മാനേജ്മെന്റ് അതോറിട്ടിക്ക് രൂപം നൽകി.

**മാർച്ച് 26** – തൃശ്ശൂർ പൂരം, ആറാട്ടുപുഴ പൂരം, എന്നിവയോടനുബന്ധിച്ചുള്ള വെടിക്കെട്ടിനും വാദ്യഘോഷങ്ങൾക്കും സുപ്രീംകോടതി അനുമതി നൽകി

**മാർച്ച് 27** – ജപ്പാൻ കുടിവെള്ള പദ്ധതിയുടെ നിർമാണ പ്രവർത്തനങ്ങൾക്ക് സമാരംഭം

**മാർച്ച് 29** – പറമ്പിക്കുളം - ആളിയാർ പദ്ധതി കരാറിലെ അപാകതകൾ പരിഹരിച്ച് സംസ്ഥാനത്തിന് അർഹമായ ജലലഭ്യത ഉറപ്പുവരുത്തുന്ന രീതിയിൽ കരാർ പുനരവലോകനം ചെയ്ത പൊളിച്ചെഴുതണമെന്ന് നിയമസഭാ സമിതി ശുപാർശ ചെയ്തു.

**ഏപ്രിൽ 5** – കോഴിക്കോട് നഗരമധ്യത്തിലെ മിഠായിത്തെരുവിലുണ്ടായ വൻ അഗ്നിബാധയിൽ 8 പേർ വെന്തു മരിച്ചു (ആറുപേർ ആദ്യവും 2 പേർ പിന്നീടും)

ആദ്യമന്ത്രിസഭയുടെ അമ്പതാം വാർഷികാഘോഷം ഗവർണർ ഉദ്ഘാടനം ചെയ്തു.

**ഏപ്രിൽ 7** – സംസ്ഥാനത്തു സ്ഥാപിക്കാനുദ്ദേശിക്കുന്ന മെഡിക്കൽ വാഴ്സിറ്റിയെക്കുറിച്ചുള്ള പഠന റിപ്പോർട്ട് സർക്കാരിനു സമർപ്പിച്ചു.

**ഏപ്രിൽ 8** – കേരള കാർഷിക കടാശ്വാസ കമ്മീഷൻ നിലവിൽ വന്നു

**ഏപ്രിൽ 10** – ഡോ എം. എസ് സ്വാമിനാഥനെ രാജ്യസഭയിലേക്ക് നാമനിർദേശം ചെയ്തു.

**ഏപ്രിൽ 11** – സംസ്ഥാന സർക്കാർ രൂപവത്കരിച്ച കേരള ഷോപ്സ് ആന്റ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് വർക്കേഴ്സ് വെൽഫയർ ഫണ്ട് ബോർഡ് നിലവിൽ വന്നു

**ഏപ്രിൽ 22** – പച്ചക്കറിയുത്പാദനത്തിൽ കേരളം സ്വയം പര്യാപ്തത ലക്ഷ്യമിട്ടുകൊണ്ടുള്ള ഹരിതശ്രീ പദ്ധതിക്ക് തുടക്കം.

**ഏപ്രിൽ 25** – കൊച്ചിയിൽ സ്മാർട്ട് സിറ്റി സ്ഥാപിക്കാൻ ദുബായ് ടെക്നോളജി ആൻഡ് മീഡിയ ഫ്രീസോൺ അതോറിട്ടി - ടീകോമിന് സംസ്ഥാന സർക്കാർ അനുമതി നൽകി.

**ഏപ്രിൽ 27** – കേരള നിയമസഭയുടെ അമ്പതാം വാർഷികാഘോഷം ഗവർണർ ഉദ്ഘാടനം ചെയ്തു.

**ഏപ്രിൽ 30** – മലയാളിയായ ജോണി ജോസഫ് മഹാരാഷ്ട്ര ചീഫ് സെക്രട്ടറിയായി സ്ഥാനമേറ്റു


**മേയ് 2** – ശബരിമല മാസ്റ്റർ പ്ലാനിന് മന്ത്രിസഭയുടെ അംഗീകാരം

**മേയ് 7** – സ്വാശ്രയ കോളേജ് പ്രവേശനത്തിന് പൊതുപരീക്ഷ നടത്താൻ സുപ്രീം കോടതി മാനേജ്മെന്റുകൾക്ക് അനുമതി നൽകി


മുല്ലപ്പെരിയാർ ഡാമിന്റെ ഉടമസ്ഥാവകാശം തമിഴ് നാടിനാണെന്ന് കേന്ദ്രം വ്യക്തമാക്കി


മലയാളത്തിന്റെ മൗലിക പ്രതിഭകളിൽ പലരും പുരസ്കാരങ്ങളാൽ ആദരിക്കപ്പെട്ടു. സംസ്ഥാന സർക്കാർ മലയാളസാഹിത്യത്തിലെ സമഗ്രസംഭാവനയ്ക്കു നൽകുന്ന എഴുത്തച്ഛൻ പുരസ്കാരം 2007 ൽ ലഭിച്ചത് പ്രശസ്ത കവി പ്രൊഫ. ഒ.എൻ.വി. കുറുപ്പിനാണ്. ചലച്ചിത്രരംഗത്തെ സമഗ്ര സംഭാവനയ്ക്കുള്ള ജെ.സി.ഡാനിയൽ അവാർഡ് മങ്കട രവിവർമ്മയ്ക്ക് ലഭിച്ചു.

വിഖ്യാത ചിത്രകാരൻ എം.എഫ്. ഹുസൈൻ രാജാരവിവർമ്മപുരസ്കാരത്തിന് അർഹനായി.


എം.എഫ്. ഹുസൈൻ


ഒ.എൻ.വി.


അക്കിത്തം അച്യുതൻ നമ്പൂതിരി


കാവാലം നാരായണപ്പണിക്കർ


അമ്മന്നൂർ മാധവ ചാക്യാർ


കമല സുരയ്യ

2007-ലെ മഹാകവി പന്തളം കേരളവർമ്മ കവിതാ പുരസ്കാരം, ഗുരുവായൂർ ദേവസ്വത്തിന്റെ 2007-ലെ ജ്ഞാനപ്പാന പുരസ്കാരം, മദ്ധ്യപ്രദേശ് സർക്കാരിന്റെ കബീർ സമ്മാനം, ബാലാമണിയമ്മ പുരസ്കാരം തുടങ്ങി നിരവധി അവാർഡുകൾ മഹാകവി അക്കിത്തം അച്യുതൻ നമ്പൂതിരിയെ തേടിയെത്തി.

കോട്ടയം സ്വദേശിയായ പ്രഗത്ഭ ശാസ്ത്രജ്ഞൻ ഇ.സി. സുദർശന് പത്മവിഭൂഷൻ; ജസ്റ്റിസ് കെ.ടി. തോമസ്, കാവാലം നാരായണപ്പണിക്കർ, കഥകളി നടൻ രാമൻകുട്ടിനായർ, ഫാ.ഗബ്രിയേൽ എന്നിവർക്ക് പത്മഭൂഷൺ, സുകുമാർ അഴിക്കോട്, ബാലചന്ദ്രമേനോൻ, ഗീതാ ചന്ദൽ, നെയ്ത്തുതൊഴിലിൽ ആത്മാർപ്പണം നടത്തിയ വി.ഗോപിനാഥൻ എന്നിവർക്ക് പത്മശ്രീ ബഹുമതികൾ ലഭിച്ചു.

സംസ്ഥാന സർക്കാരിന്റെ 2006-ലെ മികച്ച കാർട്ടൂണിസ്റ്റിനുള്ള അവാർഡ് കെ.ആർ. ഗോപീകൃഷ്ണന് ലഭിച്ചു.

കേരള സംഗീത നാടക അക്കാദമിയുടെ ഫെലോഷിപ്പിന് കലാമണ്ഡലം ഗോപി (കഥകളി), കെ.പി.എസി. ഖാൻ (നാടകം) ടി.വി. ഗോപാലകൃഷ്ണൻ (മൃദംഗം) എന്നിവർ അർഹരായി.

2006-ലെ സംസ്ഥാന ചലച്ചിത്ര അവാർഡ്: എം.പി.സുകുമാരൻ നായർ സംവിധാനം ചെയ്ത ദൃഷ്ടാന്തം മികച്ച ചിത്രം, ലെനിൻ രാജേന്ദ്രൻ മികച്ച സംവിധായകൻ, പൃഥ്വിരാജ് മികച്ച നടൻ, ഉർവ്വശി മികച്ച നടി, മാസ്റ്റർ മണിയും ബേബി മാളവികയും മികച്ച ബാലതാരങ്ങൾ. ശ്രീനിവാസ് മികച്ച ഗായകൻ, സുജാത മികച്ച ഗായിക, മനോജ് പിള്ള മികച്ച ഛായാഗ്രാഹകൻ.

പ്രശസ്ത സാഹിത്യ വിമർശകയും പ്രഗത്ഭയായ അദ്ധ്യാപികയുമായ ഡോ.എം. ലീലാവതിക്ക് എസ്. ഗുപ്തൻ നായർ ഫൗണ്ടേഷന്റെ പ്രഥമ പുരസ്കാരവും വയലാർ അവാർഡും ലഭിച്ചു. ഒറിയ കവിയായ രമാകാന്തരഥിന്റെ ശ്രീരാധ എന്ന കവിതാ സമാഹാരം മലയാളത്തിലേക്ക് വിവർത്തനം ചെയ്ത എൻ. ഗോപാലകൃഷ്ണനും പി.എം. നാരായണനും മികച്ച വിവർത്തനത്തിനുള്ള കേന്ദ്ര സാഹിത്യ അക്കാദമി പുരസ്കാരം ലഭിച്ചു.

സംഗീതനാടക അക്കാദമിയുടെ സ്വാതി സംഗീത പുരസ്കാരം ഉമയാൾപുരം ശിവരാമന് ലഭിച്ചു.

പ്രൊഫ. ടി ശോഭീന്ദ്രന് ഇന്ദിരാ പ്രിയദർശിനി വൃക്ഷമിത്രി പുരസ്കാരം ലഭിച്ചു.

പ്രശസ്ത സാഹിത്യകാരൻ സി.രാധാകൃഷ്ണന് പത്മപ്രഭ പുരസ്കാരവും ഓടക്കുഴൽ അവാർഡും സഞ്ജയൻ പുരസ്കാരവും ലഭിച്ചു.

ആകാശവാണിയുടെ പ്രഥമ ചലച്ചിത്ര പുരസ്കാരത്തിന് മികച്ച ചിത്രമായി നോട്ട്ബുക്ക് തിരഞ്ഞെടുത്തു. നടൻ: മോഹൻലാൽ, നടി: പത്മപ്രിയ സംവിധായകൻ: സത്യൻ അന്തിക്കാട്.

മറ്റ് പ്രധാന പുരസ്കാരങ്ങളും ജേതാക്കളും ഇനി പറയുംപ്രകാരമാണ്. സായി സഞ്ജീവനിയുടെ സായി കർമ്മ ശ്രേഷ്ഠ അവാർഡ് സൂര്യകൃഷ്ണ മൂർത്തിക്ക്, കേരളത്തിലെ മാതൃകാ തൊഴിലാളി നേതാവിനുള്ള കെ.സി വാമദേവൻ അവാർഡ് ഇ. ബാലാനന്ദന്, ഖസാക്ക് അവാർഡ് പി. മോഹനനും ലാൽജി ജോർജിനും, മലയാള ഭാഷാ പാഠശാലയുടെ ഒ. ചന്തുമേനോൻ



അവാർഡ് നോവലിസ്റ്റ് പി. വത്സലയ്ക്ക്. കലാമണ്ഡലം ഹൈദരാലി സ്മാരക കഥകളി അവാർഡ് പ്രശസ്ത കഥകളി നടൻ ഓയൂർ കൊച്ചു ഗോവിന്ദപിള്ളയ്ക്ക്, കേരളീയ നൃത്ത നാട്യ പുരസ്കാരം കൂടിയാട്ടം ആചാര്യനായ അമ്മന്നൂർ മാധവ ചാക്യാർക്ക്, കേരള പ്രസ് അക്കാദമിയുടെ വി. കരുണാകരൻ നമ്പ്യാർ അവാർഡ്, പി.കെ. പ്രകാശിന് മൂലൂർ അവാർഡ്, പി.കെ ഗോപിക്ക് ഇന്ത്യൻ ബുക്കർ പുരസ്കാരം എന്നറിയപ്പെടുന്ന ഹച്ച് ക്രോസ് വേഡ് പുരസ്കാരം എം. മുകുന്ദന്, പ്രഥമ മാധവിക്കുട്ടി പുരസ്കാരം യുവ കവയത്രി ഫൗസിയ യുനുസിന്. സി.എൻ. കുഞ്ഞിരാമൻ ഫൗണ്ടേഷന്റെ നാലാമത് അവാർഡ് കമലാസുരയ്യയ്ക്ക്, കുഞ്ചൻ നമ്പ്യാർ അവാർഡ് ഓട്ടൻതുള്ളൽ കലാകാരൻ കലാമണ്ഡലം ജനാർദനന്, കുഞ്ഞുണ്ണി സ്മാരക പുരസ്കാരം അലങ്കോട് ലീലാകൃഷ്ണന്, മുട്ടത്തുവർക്കി സാഹിത്യ അവാർഡ് ടി.പത്മനാഭൻ, കൂടിയാട്ടം കലാകാരൻ വേണുജിക്ക് (വേണുഗോപാൽ) ഏഷ്യ പ്രൈസ്, പത്രപ്രവർത്തകർക്കുള്ള തെരുവത്ത് രാമൻ അവാർഡ് അക്ബർ അലിക്ക്, കെ.വിജയരാഘവൻ പുരസ്കാരം മാധ്യമ പ്രവർത്തകൻ ശശികുമാറിന്, ചെറുകഥയ്ക്കുള്ള പത്മരാജൻ

പാലനാരായണൻ നായർ, പ്രൊഫ. എം.കെ. സാനു എന്നിവർക്ക് കേരള സാഹിത്യ അക്കാദമി വിശിഷ്ടാംഗത്വം നൽകി. സമഗ്ര സംഭാവനയ്ക്കുള്ള പുരസ്കാരം കടമ്മനിട്ട രാമകൃഷ്ണൻ, കെ. പാനൂർ എന്നിവർക്ക് ലഭിച്ചു.

കേരള സംഗീത നാടക അക്കാദമിയുടെ 2006-ലെ പ്രൊഫഷണൽ നാടകങ്ങൾക്കുള്ള അവാർഡുകൾ: ഓച്ചിറ നിളയുടെ ട്രൂത്ത് ഇന്ത്യ ടി.വി. ചാനൽ മികച്ച നാടകം, സമഗ്രസംഭാവനയ്ക്കുള്ള പുരസ്കാരം കോഴിക്കോട് ശാന്താദേവിക്ക്, സന്തോഷ് കണ്ണൂർ മികച്ച നടൻ, വിനോദിനി മികച്ച നടി, മീനമ്പലം സന്തോഷ് മികച്ച സംവിധായകൻ, ഫ്രാൻസിസ് ടി. മാവേലിക്കര മികച്ച നാടകകൃത്ത്. എസ്.എൽ. പുരം സദാനന്ദൻ അവാർഡ് കെ.ടി മുഹമ്മദിന് ലഭിച്ചു.

കെ.എം. ബിനുവിനെ അർജ്ജുന അവാർഡിനും ബോക്സിങ് കോച്ച് സി. ചന്ദ്രലാലിനെ ദ്രോണാചാര്യ അവാർഡിനും ശുപാർശചെയ്തു.

വള്ളത്തോൾ പുരസ്കാരം സുകുമാർ അഴിക്കോടിന് ലഭിച്ചു. സംസ്ഥാന വനംവകുപ്പ് സംഘടിപ്പിച്ച ഫോട്ടോഗ്രാഫി അവാർഡ് ഡി.ആർ ഗിരീഷ്കുമാറിന്


പുരസ്കാരം ചന്ദ്രമതിക്കും സിനിമാ പുരസ്കാരം എം.പി.സുകുമാറിനും, പത്രപ്രവർത്തകർക്കുള്ള സി.പി.മമ്മു അവാർഡ് പി.കെ.പ്രകാശിന്, പൂന്താനം കവിതാ പുരസ്കാരം സി.എ.വാര്യർക്ക്, ദുബായിലെ ഗൾഫ് ആർട്സ് ആന്റ് ലിറ്ററി അക്കാദമി സാഹിത്യപുരസ്കാരം സക്കറിയയ്ക്കും ജോൺ സാമുവലിനും ഉള്ളൂർ സ്മാരക അവാർഡ് പ്രഭാ വർമയ്ക്കും, ദല പുരസ്കാരം സി.വി.രാമന്, എം.എൽ.സത്യാർഥി പുരസ്കാരം മംഗലാട്ട് രാഘവന്, കെ.ബാലകൃഷ്ണൻ പുരസ്കാരം കെ.അജിതയ്ക്ക്, ഗയങ്കേ ഫൗണ്ടേഷൻ അവാർഡ് എം.വി.നികേഷ്കുമാറിന്, സി.അച്യുതമേനോൻ അവാർഡ് എം.വി.ദേവന്, ജന്മാഷ്ടമി പുരസ്കാരം വിഷ്ണുനാരായണൻ നമ്പൂതിരിക്ക്, എം.ടി.ചന്ദ്രസേനൻ സ്മാരക അവാർഡ് ഇ.ബാലാനന്ദന്, പി.പി.ഉമ്മർകോയ പുരസ്കാരം ജസ്റ്റിസ് പി.കെ.ഷംസുദ്ദീന്, പി.വി.സോമി അവാർഡ് ഏഷ്യാനെറ്റ് ചെയർമാൻ രാജീവ് ചന്ദ്രശേഖറിന്, രാമപുരത്തുവാര്യർ കവിത അവാർഡ് കടമ്മനിട്ട രാമകൃഷ്ണന്, ബാലൻ കെ.നായർ അവാർഡ് കവിയൂർ പൊന്നമ്മയ്ക്ക്, അംബേദ്കർ സ്മാരക പുരസ്കാരം ഡോ.കെ.കെ.രാഹുലിന്, ചെമ്പൈ സ്മാരക പുരസ്കാരം ഡോ.ബാലമുരളികൃഷ്ണയ്ക്ക്, തിയോ ഡോവോ കർമാൻ അവാർഡ് ഡോ.കസ്തൂരി രംഗന്, തിക്കുറിശ്ശി പുരസ്കാരം തിലകന്, വിക്ടർജോർജ് സ്മാരക ഫോട്ടോഗ്രാഫി അവാർഡ് സി.ആർ.ഗിരീഷ് കുമാറിന്, രാമുകാര്യാട്ട് നാടക അവാർഡ് നിലമ്പൂർ അയിഷയ്ക്ക്, മിഴാവ് സാഹിത്യ പുരസ്കാരം കെ.പി.അനൂപിന്, അമൃതകീർത്തി പുരസ്കാരം പറവൂർ ശ്രീധരൻ തന്ത്രിക്ക്, ലാൽബഹാദൂർ ശാസ്ത്രി ദേശീയ അവാർഡ് ഡോ.എം.എസ് സ്വാമിനാഥന്, പ്രഥമ സി.എച്ച് സ്മാരക പുരസ്കാരം അബ്ദുൾസമദ് സമദാനിക്ക്, പി.സ്മാരക കവിതാ പുരസ്കാരം സുഗതകുമാരിക്ക്, വെണ്ണിക്കുളം സ്മാരക പുരസ്കാരം എസ്. രമേശൻ നായർക്ക്, വേളാചാര്യപുരസ്കാരം സദനം വാസുദേവന്, സ്വരവർഷപുരസ്കാരം എസ്.ജാനകിക്ക്, മുതിർന്ന പൗരന്മാർക്ക് നൽകുന്ന ഹാർമണി സിൽവർ അവാർഡ് ചോലക്കാരൻ ആയിഷയ്ക്ക്, ആശാൻ സ്മാരക കവിതാ പുരസ്കാരം മാധവൻ അകപ്പത്തിന്, ഐ.വി.സ്മാരക സേവന അവാർഡ് സത്യൻ അന്തിക്കാടിന്, വി.കെ മാധവൻകുട്ടി പുരസ്കാരം കെ.പി.വിജയകുമാറിനും മഞ്ജുഷ് ഗോപാലിനും, ആദ്യ അക്ഷയ സമ്മാൻ പിന്നണി ഗായകൻ മന്നാഡേക്ക്, പ്രേംജി പുരസ്കാരം കെ.പി.എ.സി.ലളിതയ്ക്ക്, കാഞ്ചീപീഠം പുരസ്കാരം മട്ടന്നൂർ ശങ്കരൻകുട്ടിക്കും ആലപ്പുഴ കരുണാമൂർത്തിക്കും, ചെറുകാട് അവാർഡ് പി.കെ.വാര്യർക്ക്, സി.പി. ശ്രീധരൻ സ്മാരക അവാർഡ് പി.പി.ശശീന്ദ്രന്, ബി.എം.ഗഫൂർ സ്മാരക കാർട്ടൂൺ അവാർഡ് കാർട്ടൂണിസ്റ്റ് യേശുദാസിന്, അംബേദ്കർ മാധ്യമ പുരസ്കാരം വി.കെ.പ്രകാശിന്, മാതൃഭൂമി ചലച്ചിത്ര ആചാര്യ പുരസ്കാരം പറവൂർ ഭരതന്, കണ്ണൂർ മലയാള ഭാഷാ പാഠശാലയുടെ സഞ്ജയൻ പുരസ്കാരം പ്രൊഫ.വി.മധുസൂദനൻ നായർക്ക് എന്നിങ്ങനെ ലഭിച്ചു.


മികച്ച പൊതു പ്രവർത്തകനുള്ള കെ.ആർ.നാരായണൻ ഫൗണ്ടേഷൻ പുരസ്കാരത്തിന് നിയമസഭാ സ്പീക്കർ കെ.രാധാകൃഷ്ണൻ അർഹനായി. തിരുവനന്തപുരം എ.ബി.ബറ്റാലിയൻ അഡീഷണൽ ഡി.ജി.പി. ഡോ. അൽഫോൺസ് ലൂയിസ് ഇറയിൽ, വിജിലൻസ് ആന്റ് ആന്റികറപ്ഷൻ ബ്യൂറോ അസിസ്റ്റന്റ് ഡയറക്ടർ ആയിരിക്കെ സിബി മാത്യു എന്നിവർക്ക് രാഷ്ട്രപതിയുടെ വിശിഷ്ട സേവനത്തിനുള്ള പുരസ്കാരവും ഐ.ജി അഡ്മിനിസ്ട്രേഷനിലെ വൈ.അനിൽകുമാറിന് പ്രശസ്ത സേവനത്തിനുള്ള പുരസ്കാരവും ലഭിച്ചു.

ബാലസാഹിത്യ വിഭാഗത്തിൽ ഏറ്റവും മികച്ച ശാസ്ത്ര ഗ്രന്ഥത്തിനുള്ള കേരള ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലിന്റെ അവാർഡ് ജി.എസ്. ഉണ്ണികൃഷ്ണന്റെ നുണയാം ചോക്ലേറ്റ് എന്ന കൃതിക്ക് ലഭിച്ചു. വക്കം ഖാദർ പുരസ്കാരം ഇ.എം.എസിന് മരണാനന്തര ബഹുമതിയായി ലഭിച്ചു.■


**ബി.എം**


ബാലമുരളി കൃഷ്ണ


കടമ്മനിട്ട


ബാലചന്ദ്ര മേനോൻ


കെ.പി.എ.സി. ലളിത


എം. മുകുന്ദൻ


ഗോപീകൃഷ്ണൻ

## കേരളം പോയ വർഷം

**മേയ് 9 –** കലാമണ്ഡലത്തെ കൽപ്പിത സർവ്വകലാശാലയായി അംഗീകരിക്കാൻ മന്ത്രിസഭ തീരുമാനിച്ചു

പ്രകൃതി ക്ഷോഭം ഉൾപ്പെടെയുള്ള അടിയന്തര ഘട്ടങ്ങൾ നേരിടുന്നതിന് സംസ്ഥാനത്ത് ദുരന്ത നിവാരണ അതോറിട്ടി നിലവിൽ വന്നു.

**മേയ് 13 –** കേരളത്തിന്റെ വികസനത്തിൽ ചരിത്ര മുഹൂർത്തമായി സ്മാർട്ട് സിറ്റിക്കരാറിൽ സംസ്ഥാന സർക്കാരും ടീകോം അധികൃതരും ഒപ്പിട്ടു.

മൂന്നാറിലെ അനധികൃത കൈയേറ്റങ്ങൾ ഒഴിപ്പിക്കലിന് തുടക്കം.

**മേയ് 16 –** മന്ത്രി പാലോളി മുഹമ്മദ് കുട്ടിക്കെതിരെ ഹൈക്കോടതി സ്വീകരിച്ച കോടതിയലക്ഷ്യ നടപടികൾ സുപ്രീംകോടതി സ്റ്റേ ചെയ്തു.

**മേയ് 17 –** മൂന്നാറിലെ കൈയേറ്റം ഒഴിപ്പിക്കലിനെതിരെയുള്ള സ്റ്റേ ഹർജി സുപ്രീം കോടതി തള്ളി.

**മേയ് 18 –** കേരളീയനായ കെ എം ചന്ദ്രശേഖറിനെ കേന്ദ്ര ക്യാബിനറ്റ് സെക്രട്ടറിയായി നിയമിച്ചു.

കേരള ഹൈക്കോടതി ചീഫ് ജസ്റ്റിസായി എച്ച് എൽ ദത്തു ഗവർണർ ആർ എൽ ഭാട്യ മുമ്പാകെ സത്യപ്രതിജ്ഞ ചെയ്ത് അധികാരമേറ്റു.

**മേയ് 19 –** മൂന്നാറിലെ വൻ റിസോർട്ടുകൾ പലതും പൊളിച്ചു നീക്കി

**മേയ് 21 –** ജസ്റ്റിസ് നാരായണക്കുറുപ്പിനെ പത്ര പ്രവർത്തകരുടെയും പത്ര ജീവനക്കാരുടെയും വേജ് ബോർഡിന്റെ ചെയർമാനായി നിയമിച്ചു.

**മേയ് 22 –** സിസ്റ്റർ അഭയയുടെ ആന്തരികാവയവങ്ങളുടെ രാസപരിശോധന ഫലങ്ങൾ രേഖപ്പെടുത്തിയ രജിസ്റ്ററിൽ എട്ടിടത്ത് തിരുത്തലുകൾ വരുത്തിയതായി കണ്ടെത്തി. തിരുത്തൽ വരുത്തിയ രണ്ടുപേർക്കെതിരെ കേസെടുക്കാൻ കോടതി ഉത്തരവിട്ടു.

**മേയ് 23 –** ആറ് അംഗങ്ങളെ കൂടി പി എസ് സിയിൽ പുതുതായി ഉൾപ്പെടുത്തി

**മേയ് 25 –** സിവിൽ സപ്ലൈസ് കോർപ്പറേഷനിലെ കഴിഞ്ഞ പത്തു വർഷത്തെ ക്രമക്കേടുകളെക്കുറിച്ച് അന്വേഷിക്കാൻ സി ബി ഐയെ ചുമതലപ്പെടുത്തി

**മേയ് 31 –** ജനയുഗം പത്രം പുനപ്രസിദ്ധീകരണമാരംഭിച്ചു.

**ജൂൺ 5 –** സംസ്ഥാന വിദ്യാഭ്യാസ-വനം വകുപ്പുകൾ സംഘടിപ്പിച്ച “എന്റെ മരം” സാമൂഹിക വനവത്കരണ പരിപാടിക്ക് തുടക്കം

**ജൂൺ 6 –** സൈലന്റ് വാലി ദേശീയോദ്യാനത്തിന് 148 ചതുരശ്ര കി മി ചുറ്റളവിലുള്ള പ്രദേശത്തെ കരുതൽ മേഖലയായി (ബഫർ) പ്രഖ്യാപിക്കാൻ മന്ത്രിസഭായോഗം തീരുമാനിച്ചു.

**ജൂൺ 12 –** കേരളത്തിലെ ആദ്യകല്പിത സർവകലാശാലയായ കലാമണ്ഡലത്തിന്റെ ആദ്യ വൈസ് ചാൻസലറായി സംസ്കൃത പണ്ഡിതൻ ഡോ. കെ ജി പൗലോസിനെ നിയമിച്ചു.

സിസ്റ്റർ അഭയയുടെ മരണം സംബന്ധിച്ച അന്വേഷണം സി ബി ഐയുടെ പ്രത്യേക അന്വേഷണ സംഘത്തെ ഏൽപിച്ചു.

**ജൂലായ് 12 –** വള്ളംകളി കായിക ഇനമായി സംസ്ഥാന സർക്കാർ പ്രഖ്യാപിച്ചു.

**ജൂലായ് 19 –** കോവളത്തെ ചരിത്രപ്രസിദ്ധമായ ഹാൽസിയൻ കൊട്ടാരം പുരാവസ്തു വകുപ്പിനെ ഏൽപ്പിക്കാൻ സർക്കാർ തീരുമാനിച്ചു


**ജൂലായ് 23 –** സംസ്ഥാനത്തെ ആദ്യമന്ത്രി സഭയെക്കുറിച്ചുള്ള വെബ്സൈറ്റ് www.firstministry.kerala. gov.in മുഖ്യമന്ത്രി ഉദ്ഘാടനം ചെയ്തു. വിദ്യാർത്ഥികളെ പങ്കെടുപ്പിച്ചുകൊണ്ട് മോക് അസംബ്ലിയും പഴയ നിയമസഭ ഹാളിൽ സംഘടിപ്പിച്ചു.

**ജൂലായ് 25 –** പ്രതിഭാദേവി സിങ് പാട്ടീൽ ഇന്ത്യ

ബി. മനോജ്

# വേർപാടുകൾ വരുത്തിയ വ്യഥകൾ


വ്യഥകൾ മാത്രം നൽകിക്കൊണ്ട് രംഗബോധമില്ലാത്ത മരണമെന്ന കോമാളി നിരവധി സുമനസുകളെ മലയാളമണ്ണിൽ നിന്നും അപ്രത്യക്ഷരാക്കി. മുൻകാല രാഷ്ട്രീയ സാമൂഹിക പ്രവർത്തകരും സ്വാതന്ത്ര്യസമര സേനാനികളുമാണ് അവരിലധികവും. മലയാളികളുടെ കാവ്യഭാവനയെ ത്രസിപ്പിച്ച കവിയും ചലച്ചിത്രകാരനുമായ പി. ഭാസ്കരൻ, കഥയുടെ രാജാവ് സി.വി. ശ്രീരാമൻ, വിമർശനത്തിന്റെ കരുത്ത് മലയാളിക്ക് കാട്ടിത്തന്ന പ്രൊഫ. എം.എൻ. വിജയൻ, ദേശീയശ്രദ്ധ പിടിച്ചുപറ്റിയ പ്ലാച്ചിമട സമരനായിക മയിലമ്മ, പ്രശസ്ത ചലച്ചിത്ര നിരൂപകൻ കോഴിക്കോടൻ, കവിയും ഗാനരചയിതാവുമായ ഭരണിക്കാവ് ശിവകുമാർ നാടകരചയിതാവും നടനുമായ മടവൂർഭാസി, വിഖ്യാത വാസ്തുശില്പി ലാറി ബേക്കർ, കഥകളി ആചാര്യൻ കലാമണ്ഡലം പത്മനാഭൻ, ചലച്ചിത്ര-സീരിയൽ നടിയും ഡബ്ബിങ് ആർട്ടിസ്റ്റുമായ കോട്ടയം ശാന്ത, ചലച്ചിത്ര നാടക സംഗീത സംവിധായകരായ കോഴിക്കോട് യേശുദാസ്, എൻ. വൈദ്യനാഥൻ ബി.എ. ചിദംബരനാഥ്, കുട്ടികളുടെ നാടക കളരിയായ രംഗപ്രഭാതിന്റെ സ്ഥാപകൻ മടവൂർ കൊച്ചുനാരായണപിള്ള, പ്രശസ്ത തമിഴ് ഇംഗ്ലീഷ് എഴുത്തുകാരൻ നകുലൻ എന്ന പ്രൊ. ടി.കെ. ദൊരൈസാമി, പ്രശസ്ത നോവലിസ്റ്റ് പമ്മൻ എന്ന ആർ പരമേശ്വര മേനോൻ, ചലച്ചിത്ര സീരിയൽ നടൻമാരായ ജെയിംസ്, കെ. വിജയൻ, സംഗീതജ്ഞയും പിന്നണി ഗായികയുമായ കവിയൂർ സി.കെ. രേവമ്മ, ഹൈക്കോടതി ജഡ്ജിയായിരുന്ന ജസ്റ്റിസ് എസ്. കെ. ഖാദർ, കഥകളി ആചാര്യൻ കീഴ്പടം കുമാരൻ നായർ, പ്രശസ്ത കഥകളി സംഗീതജ്ഞൻ തകഴി കുട്ടൻപിള്ള, യജുർ വേദ പണ്ഡിതൻ ചിറ്റൂർ വലിയ നാരായണൻ നമ്പൂതിരിപ്പാട്, മദ്ദള വിദ്വാൻ തിച്ചൂർ വാസുവാരിയർ, മത പണ്ഡിതനും ഗ്രന്ഥകാരനുമായ മുഹമ്മദലി മുസലിയാർ, പ്രശസ്ത നാടകനടൻ പി.കെ. രാഘവൻ, പ്രശസ്ത സംഗീതജ്ഞൻ വയ്യാങ്കര മധുസൂദനൻ, കേരളത്തിലെ ആദ്യത്തെ സ്വകാര്യ ബസ് സർവീസ് ഉടമയായ മയിൽ വാഹനം സി.എ. ജോർജ്, മുതിർന്ന പത്ര പ്രവർത്തകനും സാമൂഹിക പ്രവർത്തകനുമായ മലപ്പുറം പി.മൂസ, നാടക കൃത്തും വ്യവസായിയുമായ പി.വി. കുര്യാക്കോസ്, കോൽക്കളി ആശാൻ കുഞ്ഞൻഗുരുക്കൾ, ഗദ്ദിക കുലപതിയും കേരള നാടൻ കലാ അക്കാദമി ചെയർമാനുമായ പി.കെ. കാളൻ, പ്രശസ്ത കഥകളി സംഗീതജ്ഞൻ കലാമണ്ഡലം ശങ്കരൻ എമ്പ്രാന്തിരി, വ്യവസായിയും എഴുത്തുകാരനുമായ ടി.എസ്. നമ്പൂതിരി, ചലച്ചിത്ര നടൻ രവി മേനോൻ, എഴുപതുകളിൽ മലയാള സിനിമയിൽ നിറഞ്ഞുനിന്ന മദ്രാസ് രവി എന്ന രവീന്ദ്രൻ എന്നിവർ 2007ൽ കാലയവനികയ്ക്കുള്ളിൽ മറഞ്ഞു.


പമ്മൻ


മയിലമ്മ



എം.എൻ. വിജയൻ


കവിയൂർസി.കെ. രേവമ്മ


രവിമേനോൻ

സ്വാതന്ത്ര്യസമരത്തിൽ സജീവ സാന്നിദ്ധ്യമായിരുന്ന വന്ദ്യവയോധികരായ കോട്ടയം കടുത്തുരുത്തി തിരുത്തുമ്മേൽ മനയ്ക്കൽ ശോഭൻ നമ്പൂതിരിപ്പാട്, പറളി സ്നേഹ നിലയത്തിൽ കെ. ആർ. സുബ്ബുരാമൻ (ബോംബെ സാമി), മുൻ എം.പി അഡ്വ എ. സുന്നാസാഹിബ്, കുഞ്ഞി അനന്തൻ നായർ, ഗോവിന്ദൻ നമ്പീശൻ എന്ന പീരങ്കി നമ്പീശൻ, മുതിർന്ന കമ്മ്യൂണിസ്റ്റ് നേതാവ് കെ.പി.ആർ. രയരപ്പൻ, പ്രമുഖ ഗാന്ധിയൻ കെ. രാധാകൃഷ്ണമേനോൻ എന്നിവർ 2007 ൽ നമ്മെ വിട്ടു പിരിഞ്ഞു.



പി. ഭാസ്കരൻ


ലാറി ബേക്കർ


പി.കെ കാളൻ

പന്തളം കൊട്ടാരം വലിയ തമ്പുരാട്ടി കൈപ്പുഴ നാലുകെട്ട് കൊട്ടാരത്തിൽ

ആയില്യം തിരുനാൾ അംബ തമ്പുരാട്ടി, മലങ്കര കത്തോലിക്കാ സഭയുടെ മേജർ ആർച്ച് ബിഷപ്പും കത്തോലിക്കാ ബാവയുമായ സിറിൾ മാർബസേലിയോസ്, പ്രമുഖ വ്യവസായി കെ. എസ്. അബ്ദുള്ള, പ്രമുഖ ആയുർവേദ ചികിത്സകനായ ഡോ. വൈദ്യമഠം ബ്രഹ്മദത്തൻ നമ്പൂതിരി, സി.വി.എൻ. കളരി ആശാൻ കെ. നാരായണൻ നായർ ഗുരുക്കൾ, ആദ്യകാല ഫുട്ബോൾ താരം വലിയങ്ങാടി പന്തക്കാലകത്ത് മൊയ്തീൻകുട്ടി, പോപ്പുലർ പോൾ എന്ന കുറ്റുക്കാരൻ പൊറിഞ്ചു പോൾ, വ്യവസായിയും ശ്രീനാരായണ പ്രസ്ഥാനങ്ങളുടെ സാരഥിയും ആയിരുന്ന എൻ. സുന്ദരേശ്വരൻ, ആറന്മുള കണ്ണാടി നിർമിക്കുന്നതിൽ വിദഗ്ധനായ ജനാർദ്ദനൻ ആചാരി, പത്മഭൂഷൺ ഡോ. ജേക്കബ് ചെറിയാൻ, പാത്തുമ്മയുടെ ആട് എന്ന മലയാള നോവലിലെ കഥാപാത്രവും വൈക്കം മുഹമ്മദ് ബഷീറിന്റെ സഹോദരിയുമായ പാത്തുമ്മ, സംസ്ഥാനത്തിന്റെ മുൻ അഡ്വക്കറ്റ് ജനറൽ കെ. സുധാകരൻ എന്നിവരും 2007ൽ മരണമടഞ്ഞവരിൽ പ്രമുഖരാണ്. രാഷ്ട്രീയ രംഗത്തും വേർപാടുവരുത്തിയ വ്യഥ നിരവധിയായിരുന്നു 2007ൽ. സി.പി. എമ്മിന്റെ സമുന്നതനേതാവും മുൻ എം.എൽ.എയുമായ കെ.പി. അരവിന്ദാക്ഷൻ, മുൻ മന്ത്രിയും മുൻ ഡപ്യൂട്ടി സ്പീക്കറുമായ എൻ. സുന്ദരൻ നാടാർ, മുതിർന്ന കമ്മ്യൂണിസ്റ്റ് നേതാവും മുൻ എം.എൽ. എയുമായ എ. വി.കുര്യൻ, കൊച്ചി പ്രഥമ മേയറും മുൻ എം.എൽ. എയുമായ എ.എ. കൊച്ചുണ്ണി മാസ്റ്റർ, കെ.പി.സി.സി മുൻ പ്രസിഡന്റും കോൺഗ്രസ് നേതാവുമായ സി.ഒ. ബാവ, മുസ്ലിം ലീഗ് സംസ്ഥാന വൈസ് പ്രസിഡന്റ് അബ്ദുള്ള ഹാജി അഹമ്മദ് സേട്ട് മുൻ എം.പിയും കേരള കോൺഗ്രസ് സ്ഥാപക നേതാക്കളിൽ ഒരാളുമായ വർക്കി ജോർജ്, മുൻ ആരോഗ്യ മന്ത്രി കെ.പി.രാമചന്ദ്രൻ നായർ, കേരളത്തിലെ ആദ്യ വനിതാ മേയറായിരുന്ന ഹൈമവതി തായാട്ട് തുടങ്ങിയവരുടെ ദേഹവിയോഗവും കേരളത്തിന് തീരാനഷ്ടമായി.■



സി.വി. ശ്രീരാമൻ

## കേരളം പോയ വർഷം

യുടെ ആദ്യത്തെ വനിതാ രാഷ്ട്രപതിയായി സത്യപ്രതിജ്ഞ ചെയ്ത് അധികാരമേറ്റു.

ഗുരുവായൂർ ക്ഷേത്രത്തിൽ ചുരിദാർ ധരിച്ച് സ്ത്രീകൾക്ക് പ്രവേശിക്കാമെന്ന് ദേവസ്വം അധികൃതർ തീരുമാനിച്ചു.

**ജൂലായ് 30** – സംസ്ഥാനത്ത് കുറ്റകൃത്യങ്ങൾ തടയാൻ ലക്ഷ്യമിട്ടുകൊണ്ടുള്ള വെബ് പോർട്ടൽ www.cyberkeralam.org നിലവിൽ വന്നു.

ഉപാധികളോടെ അതിരപ്പള്ളി ജലവൈദ്യുത പദ്ധതിക്ക് കേന്ദ്രം അനുമതി നൽകി

**ആഗസ്റ്റ് 1** – കോയമ്പത്തൂർ സ്ഫോടന പരമ്പര കേസിൽ ഒമ്പതര വർഷം കോയമ്പത്തൂർ ജയിലിൽ വിചാരണത്തടവുകാരനായി കഴിഞ്ഞ പി.ഡി.പി. ചെയർമാൻ അബ്ദുൾ നാസർ മദനി കുറ്റവിമുക്തനാക്കപ്പെട്ടു.

**ആഗസ്റ്റ് 6** – മലബാറിലെ ടൂറിസം വികസനം ലക്ഷ്യമിട്ടുകൊണ്ടുള്ള ഉണരൂ മലബാറിലേക്ക് എന്ന പുതിയ പരിപാടിക്ക് തുടക്കമായി

**ആഗസ്റ്റ് 7** – വാളയാർ ചെക്ക് പോസ്റ്റ് അഴിമതി വിമുക്തമാക്കാനായി ഓൺലൈൻ നിരീക്ഷണ സംവിധാനങ്ങളും സമഗ്ര കംപ്യൂട്ടർവത്കരണവും ഒരുക്കിക്കൊണ്ടുള്ള അഴിമതിരഹിത വാളയാർ പദ്ധതി മുഖ്യമന്ത്രി ഉദ്ഘാടനം ചെയ്തു.

**ആഗസ്റ്റ് 14** – മുല്ലപ്പെരിയാറിൽ പുതിയ അണക്കെട്ടു നിർമിക്കുന്നതു സംബന്ധിച്ച സാധ്യതാ പഠനം നടത്താനും വിശദമായ പദ്ധതി രേഖ തയ്യാറാക്കാനും മന്ത്രിസഭായോഗം തീരുമാനിച്ചു

**ആഗസ്റ്റ് 20** – കൊച്ചിയിൽ ഹൈടെക് സിറ്റി പണിയാനുള്ള ധാരണാപത്രത്തിൽ ശോഭാ ഡവലപ്പേഴ്സും സർക്കാറും ഒപ്പിട്ടു.

**സെപ്റ്റംബർ 1** – 30 മൈക്രോണിൽ താഴെയുള്ള പ്ലാസ്റ്റിക് ഉത്പന്നങ്ങൾക്ക് കേരളത്തിൽ നിരോധനം ഏർപ്പെടുത്തി.

മന്ത്രി ടി.യു. കുരുവിള പാർട്ടിക്ക് രാജിക്കത്ത് നൽകി.

**സെപ്റ്റംബർ 3** – സംസ്ഥാന പൊതുമരാമത്തു വകുപ്പ് മന്ത്രി ടി.യു. കുരുവിളയുടെ രാജിക്കത്ത് മുഖ്യമന്ത്രിക്ക് നൽകി.

**സെപ്റ്റംബർ 8** – കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ നേതൃത്വത്തിലുള്ള 'സുജല' ജലസുരക്ഷാ പദ്ധതിക്ക് തുടക്കമായി.

**സെപ്റ്റംബർ 10** – കോഴിക്കോട് കിനാലൂരിൽ വ്യവസായ ഉപനഗരം സ്ഥാപിക്കാനുള്ള ധാരണാ പത്രം ഒപ്പു വച്ചു.

**സെപ്റ്റംബർ 11** – റയിൽവേയുടെ സേലം ഡിവിഷൻ : കേരളത്തിന് 79 കിലോമീറ്റർ വിട്ടു തരാൻ തീരുമാനമായി.

**സെപ്റ്റംബർ 17** – പന്നിയാർ (ഇടുക്കി ജില്ല) പവർ ഹൗസിന്റെ പൈപ്പ് പൊട്ടി ഏഴ് പേർ മരിച്ചു. ഒരാളെ കാണാതായി.

**സെപ്റ്റംബർ 18** – സംസ്ഥാന ചീഫ് സെക്രട്ടറിയായി പി.ജെ. തോമസ് നിയമിതനായി.

**സെപ്റ്റംബർ 23** – സൈലന്റ്‌വാലി ദേശീയോദ്യാനത്തിന് 148 ചതുരശ്ര കി മി ചുറ്റളവിലുള്ള പ്രദേശത്തെ കരുതൽ മേഖലയായി (ബഫർ) പ്രഖ്യാപിച്ചു.

**സെപ്റ്റംബർ 26** – കേരള കോൺഗ്രസ്സ് (സെക്യുലർ) പിളർന്നു.

**ഒക്ടോബർ 2** – കൊച്ചിയിൽ നടന്ന ഇന്ത്യ-ആസ്ട്രേലിയ ഏകദിനത്തിൽ ഇന്ത്യ തോറ്റു.

**ഒക്ടോബർ 12** – മന്ത്രി ടി.യു. കുരുവിളയുടെ രാജിയെത്തുടർന്ന് കേരള കോൺഗ്രസ് (ജെ) യുടെ പുതിയ മന്ത്രിയായി മോൻസ് ജോസഫിനെ തിരഞ്ഞെടുത്തു.

**ഒക്ടോബർ 13** – സർക്കാർ മധ്യസ്ഥതയിൽ മുരിയാട് കർഷക സമരം ഒത്തു തീർപ്പാക്കി.

**ഒക്ടോബർ 18** – സംസ്ഥാന പൊതുമരാമത്ത് വകുപ്പ് മന്ത്രിയായി കടുത്തുരുത്തി എം.എൽ.എ. മോൻസ് ജോസഫ് സത്യപ്രതിജ്ഞ ചെയ്തു.

**ഒക്ടോബർ 23** – അഴിമതിരഹിത വാളയാർ പദ്ധതിയുമായി ബന്ധപ്പെട്ട സോഷ്യൽ ഓഡിറ്റ് നടന്നു

ശ്രീ ജസ്റ്റിസ് ഉദയഭാനു ഉപഭോക്തൃ കമ്മീഷൻ അദ്ധ്യക്ഷനായി നിയമിതനായി.

**നവംബർ 1** – രാഷ്ട്രപതി പ്രതിഭാ പാട്ടീൽ കേരളത്തിലെത്തി. വിവിധ വികസന പദ്ധതികൾ ഉദ്ഘാടനം ചെയ്തു.

**നവംബർ 6** – കൊച്ചി തുറമുഖം വഴി പാമോയിൽ ഇറക്കുമതി ചെയ്യാനുള്ള കേന്ദ്ര സർക്കാരിന്റെ ഉത്തരവ് ഹൈക്കോടതി തടഞ്ഞു.

**നവംബർ 14** – ജസ്റ്റിസ് വി.ആർ. കൃഷ്ണയ്യർ അദ്ധ്യക്ഷനായി നിയമപരിഷ്ക്കരണ കമ്മീഷനെ നിയമിക്കാൻ ഗവൺമെന്റ് തീരുമാനിച്ചു.

**നവംബർ 15** – കൊച്ചി സ്മാർട്ട് സിറ്റിക്കായി സ്ഥലം 99 വർഷം പാട്ടത്തിന് നൽകുന്ന കരാറിൽ സംസ്ഥാന സർക്കാർ ഒപ്പിട്ടു.

**നവംബർ 16** – സംസ്ഥാനത്ത് വിവര സാങ്കേതിക വിപ്ലവത്തിന് തുടക്കമിട്ടുകൊണ്ട് സ്മാർട്ട് സിറ്റി പദ്ധതിക്ക് കൊച്ചിയിൽ മുഖ്യമന്ത്രി വി.എസ്. അച്യുതാനന്ദനും സ്മാർട്ട് സിറ്റി എക്സിക്യൂട്ടീവ് ഡയറക്ടർ ഫരീദ് അബ്ദുൾ റഹ്മാനും ചേർന്ന് തറക്കല്ലിട്ടു.

സൂര്യനെല്ലിക്കേസിൽ ആരോപണ വിധേയനായ കോൺഗ്രസ് നേതാവ് പി.ജെ. കുര്യനെ സുപ്രീം കോടതി കുറ്റവിമുക്തനാക്കി.

ഐസ്ക്രീം പാർലർ പെൺവാണിഭ കേസിൽ പുനർവിചാരണ വേണ്ടെന്ന് ഹൈക്കോടതി വിധി.

**ഡിസംബർ 3** – സംസ്ഥാനത്ത് ആറാഴ്ച നീണ്ടുനിൽക്കുന്ന ഗ്രാന്റ് കേരള ഷോപ്പിങ് ഫെസ്റ്റിവലിന് തുടക്കം

**ഡിസംബർ 5** – കേരള ഹൈടെക് ഇൻഡസ്ട്രീസ് (കെൽടെക്) മിസൈൽ നിർമാണ കമ്പനിയായ ബ്രഹ്മോസ് എയ്റോ സ്പേസിന് കൈമാറി

**ഡിസംബർ 7** – 12-ാമത് രാജ്യാന്തര ചലച്ചിത്രമേളക്ക് തിരുവനന്തപുരത്ത് തുടക്കം

പതിനൊന്നാം പദ്ധതിയിൽ ദേശീയ തലത്തിൽ ആരംഭിക്കുന്ന പുതിയ ഏഴ് ഐ. ഐ. ടി.കളിൽ ഒന്ന് കേരളത്തിലായിരിക്കുമെന്ന് കേന്ദ്രമാനവശേഷി മന്ത്രി അർജുൻ സിങ് കേരളത്തിൽ നിന്നുള്ള എം. പി. മാർക്ക് ഉറപ്പു നൽകി.

**ഡിസംബർ 10** – സംസ്ഥാനത്ത് വിവര സാങ്കേതിക വിദ്യാരംഗത്ത് അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കാൻ ഐ.ടി. ഇൻഫ്രാസ്ട്രക്ച്ചറൽ കേരള (ഐ.ടി.ഐ.കെ) എന്ന പേരിൽ ഒരു കമ്പനി രൂപീകരിക്കാൻ മന്ത്രിസഭായോഗം തീരുമാനിച്ചു.

ശബരിമല അരവണക്കരാറിൽ കോടികളുടെ അഴിമതി അരങ്ങേറിയെന്ന് ആരോപണത്തെക്കുറിച്ച് കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്താൻ വിജിലൻസ് കോടതി ഉത്തരവിട്ടു.

**ഡിസംബർ 18** – കർഷകർക്കുള്ള കിസാൻ ശ്രീ ഇൻഷുറൻസ് പദ്ധതിക്ക് മന്ത്രിസഭയുടെ അംഗീകാരം

സംസ്ഥാന വൈദ്യുതിബോർഡ് ചെയർമാനായി ഊർജ്ജ സെക്രട്ടറി രാജീവ് സദാനന്ദനെ നിയമിക്കാൻ മന്ത്രിസഭായോഗം തീരുമാനിച്ചു

**ഡിസംബർ 19** – തിരുവിതാംകൂർ ദേവസ്വംബോർഡ് പ്രവർത്തനങ്ങളെക്കുറിച്ചുള്ള ജസ്റ്റിസ് പരിപൂർണ്ണൻ കമ്മീഷൻ റിപ്പോർട്ട് ഗവർണർക്ക് സമർപ്പിച്ചു

**ഡിസംബർ 24** – ഐ എസ് ആർ ഒ.യ്ക്ക് ബഹിരാകാശ ഇൻസ്റ്റിറ്റ്യൂട്ടിനായി വലിയമല എൽ പി എസ് സി ക്കു സമീപം 70 ഏക്കർ നൽകാൻ മുഖ്യമന്ത്രിയുടെയും പ്രധാനമന്ത്രിയുടെയും പ്രിൻസിപ്പൽ സെക്രട്ടറി ടി കെ എ നായരുടെയും സാിദ്ധ്യത്തിൽ നട ചർച്ചയിൽ തീരുമാനമായി.

ശബരിമല സ്പെഷ്യൽ ഓഫീസറായി കെ ജയകുമാർ ഐ എ എസിനെ നിയമിച്ചു

■ വി.വി. ഗിരി



# വിവരാവകാശ നിയമം

## രണ്ടു വർഷം പിന്നിടുമ്പോൾ

**സ്വതന്ത്ര ഭാരതത്തിന്റെ നിയമ നിർമാണ ചരിത്രത്തിലെ സുപ്രധാന നാഴികക്കല്ലാണ് വിവരാവകാശ നിയമം. രണ്ടു വർഷം പിന്നിടുന്ന വിവരാവകാശ നിയമം എങ്ങനെ നടപ്പിലാക്കപ്പെടുന്നു എന്നു വിലയിരുത്തുകയാണ് സംസ്ഥാന വിവരാവകാശ കമ്മിഷണർ കൂടിയായ ലേഖകൻ**

വിവരാവകാശ നിയമം പ്രാബല്യത്തിൽ വന്നിട്ട് 2 വർഷം കഴിഞ്ഞിരിക്കുന്നു. പൊതു സ്ഥാപനങ്ങളിലെ ഭരണ നിർവഹണം സുതാര്യമാക്കുന്ന ഈ നിയമം, സ്വതന്ത്ര ഭാരതത്തിന്റെ നിയമ നിർമാണ ചരിത്രത്തിലെ സുപ്രധാന നാഴികക്കല്ലായാണ് വിശേഷിപ്പിക്കപ്പെടുന്നത്. സർക്കാർ ഓഫീസുകൾക്കും പൊതുമേഖലാ സ്ഥാപനങ്ങൾക്കും പുറമെ, സർക്കാരിൽ നിന്നും സാമ്പത്തിക സഹായം കൈപ്പറ്റുന്ന സ്വകാര്യ സ്ഥാപനങ്ങൾക്കും നിയമം ബാധകമാണ്. ഒരു പൊതു സ്ഥാപനത്തിന്റെ കൈവശമോ നിയന്ത്രണത്തിലോ ഉള്ള വിവരങ്ങൾ സമയബന്ധിതമായി ലഭിക്കുന്നതിനുള്ള അവകാശമാണ് വിവരാവകാശ നിയമത്തിലൂടെ ജനങ്ങൾക്ക് ലഭിച്ചിരിക്കുന്നത്. ഈ രണ്ടുവർഷക്കാലയളവിൽ വിവരാവകാശ നിയമം എത്രമാത്രം ഫലപ്രദമായി നടപ്പിലാക്കി, നിയമത്തിന്റെ നടത്തിപ്പിൽ എന്തൊക്കെ പ്രതിബന്ധങ്ങൾ ഉണ്ടായി തുടങ്ങിയ കാര്യങ്ങളെ കുറിച്ചുള്ള ഒരു വിലയിരുത്തൽ ഈ അവസരത്തിൽ വളരെ പ്രസക്തമാണ്.

ലോകത്തിലെ മിക്കവാറും എല്ലാ വികസിത ജനാധിപത്യ രാജ്യങ്ങളിലും വിവരാവകാശ നിയമങ്ങൾ നിലവിലുണ്ട്. മറ്റു രാജ്യങ്ങളിലെ അറിയുവാനുള്ള അവകാശ നിയമങ്ങളുമായി തട്ടിച്ചു നോക്കുമ്പോൾ നമ്മുടേത് കൂടുതൽ ശക്തവും ബൃഹത്തുമായ നിയമമാണെന്ന് കാണാം. രാജ്യത്തെ വിവരാവകാശ പ്രവർത്തകരും ബഹുജന സംഘടനകളും ഈ നിയമത്തെ വളരെ പ്രതീക്ഷയോടെയാണ് വീക്ഷിച്ചത്. കേരളത്തിൽ മാത്രം ഇതു വരെ 30000-ൽ പരം അപേക്ഷകളാണ് വിവരാവകാശ നിയമ പ്രകാരം വിവരങ്ങൾ തേടിക്കൊണ്ട് സമർപ്പിക്കപ്പെട്ടത്. അപേക്ഷകൾ കൂടുതലും സ്വകാര്യ താത്പര്യങ്ങൾ മുൻനിർത്തിയുള്ളതായിരുന്നുവെങ്കിലും പൊതു താത്പര്യമുള്ള പല സുപ്രധാന വിവരങ്ങളും ഇതിനകം വെളിവാക്കപ്പെട്ടിട്ടുണ്ട്. *മാറാട് അന്വേഷണ കമ്മിഷൻ റിപ്പോർട്ട്, ഐ ജി. ബി. സന്ധ്യയുടെ അന്വേഷണ റിപ്പോർട്ട്, പ്ളാന്റേഷൻ കോർപ്പറേഷന്റെ എസ്റ്റേറ്റുകളിൽ കീടനാശിനി തളിച്ചതിന്റെയും മണ്ണിലും വെള്ളത്തിലും കലർന്ന വിഷാംശത്തിന്റെയും അളവുകൾ, ജനപ്രതിനിധികളുടെ നികുതി കുടിശ്ശിക, സർക്കാർ ഉദ്യോഗസ്ഥരുടെ സ്വത്ത് വിവരം, ചില പാലങ്ങളുടെ നിർമാണച്ചെലവും ടോൾ പിരിച്ച വരവും, സംസ്ഥാന ചലച്ചിത്ര അവാർഡു കമ്മിറ്റിയുടെ വിചിത്രമായ തീരുമാനങ്ങൾ, മന്ത്രിമന്ദിരങ്ങൾ മോടി പിടിപ്പിച്ചതിന്റെ ചെലവ് എന്നിവ വിവരാവകാശ നിയമം വഴി പുറത്തു വന്ന ശ്രദ്ധേയമായ വിവരങ്ങളാണ്.* 2005-ൽ വിവരാവകാശ നിയമം കൊണ്ടുവന്നപ്പോൾ സർക്കാർ കാണിച്ച ഇഛാശക്തിയും നിശ്ചയദാർഢ്യവും തുടർനടപടികളിൽ പ്രതിഫലിച്ചു കണ്ടില്ല എന്ന ആക്ഷേപം ചിലപ്പോഴൊക്കെ ഉണ്ടായിട്ടുണ്ട്. ഒരു പുതിയ കേന്ദ്ര നിയമം നടപ്പിൽ വരുമ്പോൾ സംസ്ഥാനങ്ങൾക്കുണ്ടാകുന്ന അധിക സാമ്പത്തിക ബാധ്യത കേന്ദ്ര സർക്കാർ നികത്തി കൊടുക്കണമെന്നാണ് ഭരണഘടനയിൽ വ്യവസ്ഥ ചെയ്തിരിക്കുന്നത്. ഇതനുസരിച്ച്, വിവരാവകാശ നിയമം നടപ്പിലാക്കുന്നതിന്റെ ചെലവിലേക്കായി 50 കോടി രൂപയുടെ സഹായം സംസ്ഥാന സർക്കാർ കേന്ദ്രത്തോട് ആവശ്യപ്പെട്ടിരുന്നു. മറ്റു സംസ്ഥാന സർക്കാരുകളും ഇപ്രകാരം സാമ്പത്തിക സഹായത്തിന് അപേക്ഷിച്ചിരുന്നു. എന്നാൽ, വിവരാവകാശ നിയമം നടപ്പിലാക്കുന്നതിന് ഒരു സംസ്ഥാനത്തിനും സാമ്പത്തിക സഹായം നൽകേണ്ടതില്ല എന്ന നിലപാടാണ് കേന്ദ്രം സ്വീകരിച്ചത്. ഫയൽ നോട്ടുകൾ വെളിപ്പെടുത്തേണ്ടതില്ലെന്ന കേന്ദ്ര സർക്കാരിന്റെ തീരുമാനവും വലിയ തോതിൽ പ്രതിഷേധം ക്ഷണിച്ചു വരുത്തുകയുണ്ടായി. സർക്കാർ ഫയലുകളുടെ ആത്മാവായ ഫയൽനോട്ടുകൾ വെളിപ്പെടുത്താതിരിക്കുന്നത് വിവരാവകാശത്തിന്റെ നട്ടെല്ലൊടിക്കുന്ന നടപടിയാണ്. രാഷ്ട്രീയ പാർട്ടികളുടെയും ജനകീയ സംഘടനകളുടെയും ശക്തമായ പ്രതിഷേധത്തെ തുടർന്നാണ് സർക്കാർ ഈ തീരുമാനത്തിൽ

നിന്നും പിന്നോട്ട് പോയത്. മാറാട് അന്വേഷണ കമ്മിഷൻ റിപ്പോർട്ട്, ഐ ജി. ബി. സന്ധ്യയുടെ അന്വേഷണ റിപ്പോർട്ട് എന്നിവ വെളിപ്പെടുത്തുന്നതിനോട് സംസ്ഥാന സർക്കാർ ആദ്യം വിയോജിക്കുകയാണ് ചെയ്തത്. വിവരാവകാശ കമ്മിഷനിലും ഹൈക്കോടതിയിലും എത്തിയ ശേഷമാണ് ഈ റിപ്പോർട്ടുകൾ പുറത്തു നൽകിയത്. വിവരാവകാശ നിയമം കോടതികളിൽ നടപ്പിലാക്കിയതിനെക്കുറിച്ചും ചില ആക്ഷേപങ്ങൾ ഉയരുകയുണ്ടായി. നിയമം നടപ്പിലാക്കുന്നതിന് ഹൈക്കോടതി രൂപീകരിച്ച ചട്ടങ്ങളിലെ ചില വ്യവസ്ഥകൾ വിവരം നിഷേധിക്കുന്ന തരത്തിലായിപ്പോയി എന്ന പരാതി ഉയർന്നിട്ടുണ്ട്. ഇന്ത്യയിലെ കോടതി നടപടികൾ വളരെ സുതാര്യമാണെന്നത് പരക്കെ അംഗീകരിക്കപ്പെട്ടിട്ടു പോലും, ഹൈക്കോടതിയിൽ 2006-07 വർഷത്തിൽ സമർപ്പിച്ച 103 അപേക്ഷകളിൽ 41 എണ്ണം നിരസിക്കപ്പെടുകയാണുണ്ടായത്. സംസ്ഥാന പബ്ളിക് സർവീസ് കമ്മിഷനിലും നിരസിക്കപ്പെടുന്ന അപേക്ഷകളുടെ എണ്ണം വളരെ കൂടുതലാണ്. 2006-07 വർഷത്തിൽ സമർപ്പിക്കപ്പെട്ട 1000-ൽ പരം അപേക്ഷകളിൽ 20 ശതമാനത്തോളം അപേക്ഷകൾ നിരസിക്കപ്പെടുകയുണ്ടായി. അപേക്ഷ സ്വീകരിച്ചില്ല, അപേക്ഷ സ്വീകരിച്ചുവെങ്കിലും വിവരം ലഭിച്ചില്ല, ലഭിച്ച വിവരം പൂർണമല്ല, അല്ലെങ്കിൽ തൃപ്തികരമല്ല, എന്നിങ്ങനെയുള്ള രണ്ടായിരത്തോളം പരാതികളാണ് ഇതുവരെ സംസ്ഥാന വിവരാവകാശ കമ്മിഷന് ലഭിച്ചത്. ഇതൊക്കെയാണെങ്കിലും, സംസ്ഥാനത്ത് ആകെ സമർപ്പിച്ച 30,000ൽ പരം അപേക്ഷകളിൽ മൂന്ന് ശതമാനത്തിൽ താഴെ മാത്രമേ വിവരം നിരസിക്കപ്പെട്ടിട്ടുള്ളു എന്നത് നിയമത്തിൽ ജനങ്ങൾക്കുള്ള വിശ്വാസം വർദ്ധിപ്പിക്കുവാൻ സഹായകമാകുന്ന കാര്യമാണ്.

**വിവരാവകാശ നിയമവുമായി ബന്ധപ്പെട്ട തർക്കങ്ങളിൽ അന്തിമ തീരുമാനം കൈക്കൊള്ളേണ്ടത് വിവരാവകാശ കമ്മിഷനാണ്. പ്രതിമാസം ശരാശരി 150 ഓളം പരാതികളും അപ്പീലുകളുമാണ് കമ്മിഷന് ലഭിക്കുന്നത്.**

വിവരാവകാശ നിയമവുമായി ബന്ധപ്പെട്ട തർക്കങ്ങളിൽ അന്തിമ തീരുമാനം കൈക്കൊള്ളേണ്ടത് വിവരാവകാശ കമ്മിഷനാണ്. പ്രതിമാസം ശരാശരി 150 ഓളം പരാതികളും അപ്പീലുകളുമാണ് കമ്മിഷന് ലഭിക്കുന്നത്. കക്ഷികൾക്ക് നോട്ടീസ് നൽകുക, തെളിവെടുക്കുക, കൃത്യവിലോപം കാണിക്കുന്ന ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കുക, ഹർജികൾ തീർപ്പാക്കി ഉത്തരവു പുറപ്പെടുവിക്കുക എന്നിങ്ങനെ തുടർനടപടികൾ കൂടിയാകുമ്പോൾ പ്രതിമാസം 1000-ത്തോളം കത്തിടപാടുകളാണ് കമ്മിഷനിൽ നടക്കുന്നത്. ഹർജികൾക്ക് പുറമെ ദൈനംദിന ഓഫീസ് ഭരണവും കൂടി കൈകാര്യം ചെയ്യുന്നതിന് മൂന്ന് അസിസ്റ്റന്റുമാർ മാത്രമാണ് കമ്മിഷനിലുള്ളത്. ഓഫീസ് ജീവനക്കാരുടെ ദൗർലഭ്യം മൂലം പരാതികളും അപ്പീലുകളും സമയബന്ധിതമായി തീർപ്പാക്കുവാൻ കഴിയാത്ത അവസ്ഥയാണ് ഇപ്പോഴുള്ളത്. കൂടുതൽ ഓഫീസ് ജീവനക്കാരെ അനുവദിക്കണമെന്ന കമ്മിഷന്റെ ആവശ്യം സർക്കാർ നിരസിക്കുകയാണുണ്ടായത്.



സംസ്ഥാനത്തെ പൊതു സ്ഥാപനങ്ങളിൽ (കേന്ദ്ര സ്ഥാപനങ്ങൾ ഒഴികെ) വിവരങ്ങൾ ആവശ്യപ്പെട്ടുകൊണ്ട് സമർപ്പിക്കുന്ന അപേക്ഷകളിൽ പകുതിയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും റവന്യൂ വകുപ്പിലുമായാണ് സമർപ്പിക്കപ്പെട്ടത്. പൊതു താത്പര്യമുള്ള വിവരങ്ങൾ പുറത്തു വരികയും ചർച്ച ചെയ്യപ്പെടുകയും ചെയ്യുന്നത് അഴിമതി കുറച്ചു കൊണ്ടു വരാനും കാര്യക്ഷമത വർദ്ധിപ്പിക്കാനും സഹായമാകുമെന്നതിനാൽ അത്തരത്തിലുള്ള വിവരങ്ങൾ തേടിയുള്ള അപേക്ഷകളാണ് പ്രോത്സാഹിപ്പിക്കപ്പെടേണ്ടത്. മാറാട് അന്വേഷണ കമ്മിഷൻ റിപ്പോർട്ടും, ഐ.ജി. ബി.സന്ധ്യയുടെ അന്വേഷണ റിപ്പോർട്ടും പുറത്തു വന്നതോടെ അന്വേഷണ കമ്മിഷൻ റിപ്പോർട്ടുകൾ ഒരിക്കലും വെളിച്ചം കാണാതിരുന്ന അവസ്ഥ മാറിയിരിക്കുന്നു.

പഴയ ഫയലുകളോ രേഖകളോ ആവശ്യപ്പെടുന്ന അപേക്ഷകർക്ക് 'കാലപ്പഴക്കമുള്ള രേഖയായതിനാൽ കണ്ടുപിടിക്കാനാകുന്നില്ല' എന്ന മറുപടിയാണ് പലപ്പോഴും ലഭിക്കുന്നത്. വിവരം നിഷേധിക്കുന്നതിനുള്ള കുറുക്കു വഴിയായും ചില ഉദ്യോഗസ്ഥർ ഇത് പ്രയോഗിക്കാറുണ്ട്. റെക്കാർഡുകൾ സൂക്ഷിക്കുന്നതിനും ആവശ്യം വരുമ്പോൾ എളുപ്പത്തിൽ കണ്ടുപിടിക്കുന്നതിനുമുള്ള ശാസ്ത്രീയമായ സംവിധാനം ഒട്ടുമുക്കാൽ സ്ഥാപനങ്ങളിലും നിലവിലില്ല എന്നതാണ് വസ്തുത. ഓരോ വർഷവും ലക്ഷക്കണക്കിന് അപേക്ഷകൾ കൈകാര്യം ചെയ്യുന്ന പബ്ളിക് സർവീസ് കമ്മിഷൻ, സർവകലാശാലകൾ തുടങ്ങിയ സ്ഥാപനങ്ങളിൽ വിവരങ്ങൾ തേടിക്കൊണ്ട് വർദ്ധിച്ച തോതിൽ അപേക്ഷകളുണ്ടായാൽ പ്രയോഗിക ബുദ്ധിമുട്ട് ഉണ്ടാകുമെന്നത് ശരിയാണ്. രേഖകൾ സൂക്ഷിക്കുന്നതിനും ആവശ്യാനുസരണം തിരികെ എടുക്കുന്നതിനുമുള്ള ശാസ്ത്രീയമായ സംവിധാനം ഉണ്ടാക്കുക, ഇലക്ട്രോണിക് രൂപത്തിൽ ആക്കാവുന്ന വിവരങ്ങൾ അങ്ങനെ സൂക്ഷിക്കുക തുടങ്ങിയ കാര്യങ്ങൾ പ്രാവർത്തികമാക്കിയാൽ മുകളിൽ പറഞ്ഞ ബുദ്ധിമുട്ടുകൾ ഒഴിവാക്കാവുന്നതേയുള്ളു. മൂല്യനിർണയം ഉൾപ്പെടെ പരീക്ഷാ നടത്തിപ്പുമായി ബന്ധപ്പെട്ട മുഴുവൻ കാര്യങ്ങളും കംപ്യൂട്ടറൈസ് ചെയ്തിട്ടുള്ള പ്രവേശന പ്പരീക്ഷാക്കമ്മിഷണറുടെ ഓഫീസിൽ, പരീക്ഷാർത്ഥികൾ ആവശ്യപ്പെടുന്ന ഏത് വിവരവും വളരെ പെട്ടെന്ന് നൽകാൻ സാധിക്കുന്നുണ്ട്.

വിവരാവകാശ നിയമത്തിന്റെ പരിധിയിൽ ആരൊക്കെ വരും, ഏതൊക്കെ വിവരങ്ങളാണ് വെളിപ്പെടുത്തുന്നതിൽ നിന്നും ഒഴിവാക്കിയിട്ടുള്ളത് എന്നത് സംബന്ധിച്ച ചില തർക്കങ്ങൾ ഹൈക്കോടതിയുടെ മുന്നിലെത്തിയിട്ടുണ്ട്. സ്വകാര്യ എയ്ഡഡ് കോളേജുകൾ നിയമത്തിന്റെ പരിധിയിൽ വരുന്നില്ല എന്ന വാദവുമായി ചില സ്വകാര്യ കോളേജു മാനേജ്മെന്റുകൾ ഹൈക്കോടതിയെ സമീപിച്ചിരുന്നു. സർക്കാരിൽ നിന്നും സാമ്പത്തിക സഹായം കൈപ്പറ്റുന്ന സ്വകാര്യ എയ്ഡഡ് കോളേജുകൾ നിയമത്തിന്റെ പരിധിയിൽ വരുന്ന 'പൊതുസ്ഥാപനങ്ങളാണ്' എന്ന് ഹൈക്കോടതിവിധിയായിട്ടുണ്ട്.

തർക്കപരിഹാരത്തിനായി സ്വതന്ത്രാധികാരമുള്ള വിവരാവകാശ കമ്മിഷനുകളും കൃത്യനിർവഹണത്തിൽ വീഴ്ച വരുത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ പിഴ ശിക്ഷയ്ക്കുള്ള വ്യവസ്ഥകളുമാണ് വിവരാവകാശ നിയമത്തിന് ശക്തി പകരുന്നത്. സംസ്ഥാന വിവരാവകാശ കമ്മിഷൻ രൂപീകരിച്ചത് 2005 ഡിസംബർ 21-നാണ്. പരാതികളായും അപ്പീലുകളായും ഇതു

വരെ 1800ൽ പരം ഹർജികൾ ലഭിച്ചതിൽ 1100ഓളം എണ്ണം കമ്മിഷൻ ഇതിനകം തീർപ്പാക്കിയിട്ടുണ്ട്. വിവരാവകാശ നിയമ പ്രകാരം ലഭിച്ച അപേക്ഷകൾ സമയബന്ധി തമായി തീർപ്പാക്കാതിരുന്ന 48 ഉദ്യോഗസ്ഥ രുടെ മേൽ കൃത്യവിലോപത്തിന് കമ്മിഷൻ പിഴ ചുമത്തിയിട്ടുണ്ട്.

ഒരു നിയമം ഫലപ്രദമായി നടപ്പാക്കുന്നതിന് ഏറ്റവും അവശ്യമായി വേണ്ടത്, നിയമം നൽകുന്ന അവകാശങ്ങളെക്കുറിച്ചും ഏൽപ്പിക്കുന്ന ഉത്തരവാദിത്വങ്ങളെ കുറിച്ചും ജനങ്ങൾക്കുള്ള ശരിയായ അവബോധമാണ്. വിവരാവകാശ നിയമത്തെക്കുറിച്ച് സാധാരണ ജനങ്ങളെ ബോധവാന്മാരാക്കുന്നതിനുള്ള ഒരു കർമ പരിപാടിക്ക് സംസ്ഥാന വിവരാവകാശ

> അഴിമതിയില്ലാത്തതും കാര്യക്ഷമവുമായ പൊതു സ്ഥാപനങ്ങൾ എന്നതായിരിക്കണം വിവരാവകാശത്തിന്റെ അന്തിമ ലക്ഷ്യം.

കമ്മിഷൻ രൂപം നൽകിയിട്ടുണ്ട്. സംസ്ഥാന സാക്ഷരതാമിഷനുമായി സഹകരിച്ചുകൊണ്ട്, സാക്ഷരതാ മിഷന്റെ കീഴിലുള്ള 4000 വിദ്യാകേന്ദ്രങ്ങൾ വഴി സാധാരണ ജനങ്ങളെ പങ്കെടുപ്പിച്ചു കൊണ്ടുള്ള ചർച്ചാ ക്ലാസുകൾ സംഘടിപ്പിക്കുകയാണ് ചെയ്യുന്നത്. 2007 ജനുവരി 1-ന് ആരംഭിച്ച ഈ പരിപാടി വഴി ഇതുവരെ 10 ജില്ലകളിലായി 2500-ൽ പരം ചർച്ചാ ക്ലാസുകൾ നടത്തിയിട്ടുണ്ട്. ഒരു ലക്ഷത്തിലധികം ജനങ്ങൾ ഈ ചർച്ചാ ക്ലാസുകളിൽ പങ്കെടുത്തിട്ടുണ്ട്. അടുത്ത മാസങ്ങളിൽ എല്ലാ ജില്ലകളിലേക്കും വ്യാപിപ്പിക്കുവാനും ഒരു തുടർപരിപടിയായി നിലനിർത്തുവാനുമാണ് ഉദ്ദേശിക്കുന്നത്. നെഹ്റു യുവക് കേന്ദ്രയുമായി സഹകരിച്ചുകൊണ്ട് സംസ്ഥാനത്ത് യുവജനങ്ങളെ വിവരാവകാശ നിയമത്തെ കുറിച്ച് സാക്ഷരരാക്കുവാനുള്ള ഒരു പരിപാടിയും കമ്മിഷൻ ആസൂത്രണം ചെയ്തിട്ടുണ്ട്.

ഒരു ജനാധിപത്യ ഭരണത്തിൽ ജനങ്ങളാണ് രാഷ്ട്രത്തിന്റെ പരമാധികാരികൾ. അഞ്ചുവർഷം കൂടുമ്പോഴുള്ള സമ്മതിദാനാവകാശം എന്നതിനുപരി ഭരണത്തിൽ ജനങ്ങൾക്ക് സ്ഥിരമായ പങ്കാളിത്തം കൂടി ഉണ്ടായാൽ മാത്രമേ ജനാധിപത്യം അന്വർത്ഥമാകുകയുള്ളൂ. അഴിമതിയില്ലാത്തതും കാര്യക്ഷമവുമായ പൊതു സ്ഥാപനങ്ങൾ എന്നതായിരിക്കണം വിവരാവകാശത്തിന്റെ അന്തിമ ലക്ഷ്യം. ■

■ ആർ. വേണുഗോപാൽ

# ജനങ്ങളെ യജമാനനാക്കുന്നു, ഈ നിയമം

## പാലാട്ട് മോഹൻദാസ്

അടുത്തകാലംവരെ നമ്മുടെ ജനാധിപത്യ സംവിധാനത്തിൽ ഒരു വലിയ വൈരുധ്യം നിലനിന്നിരുന്നു- യജമാനന്മാർ ജനങ്ങളായിരിക്കെത്തന്നെ അത് ഔദ്യോഗിക കാര്യങ്ങൾ ജനങ്ങളിൽ നിന്ന് രഹസ്യമാക്കി വച്ചിരുന്നു. വാസ്തവത്തിൽ ജനാധിപത്യം അർഥപൂർണമാവണമെങ്കിൽ ഭരണരഹസ്യം പാടില്ലാത്തതാണ്. എന്നാൽ ഭരണകാര്യങ്ങൾ ജനങ്ങളിൽ നിന്ന് ഒളിച്ചു വയ്ക്കാനായി ബ്രിട്ടീഷുകാർ നടപ്പാക്കിയ 1923-ലെ ഔദ്യോഗിക രഹസ്യ നിയമം ചുവപ്പുനാടയുടെയും ബ്യൂറോക്രസിയുടെയുമൊക്കെ രൂപത്തിൽ ഭരണകൂടത്തിനും ജനങ്ങൾക്കുമിടയിൽ കോട്ടമറയായി നിലകൊണ്ടു.

ഭരണകാര്യങ്ങളോ നടപടികളോ ഔദ്യോഗികമായ വിവരങ്ങളോ യജമാനൻ എന്നു പറയുന്ന പൊതുജനത്തിന് ആവശ്യപ്പെടാൻ കഴിയുമായിരുന്നില്ല. ആവശ്യപ്പെട്ടാൽത്തന്നെ കിട്ടുമായിരുന്നില്ല. ഫലത്തിൽ യജമാനന്റെ സ്ഥാനം ഭരണകൂടത്തിനും ഔദ്യോഗിക ചിട്ടവട്ടങ്ങൾക്കും പുറത്തായിരുന്നു.

2005 ജൂൺ 15ന് വിവരാവകാശ നിയമം പാർലമെന്റ് അംഗീകരിക്കുന്നതുവരെ ഈ വൈരുധ്യം നിലനിന്നു.

വിവരാവകാശ നിയമം നടപ്പിലായതോടെ കഥമാറി. വെളിപ്പെടുത്തുന്നതിൽ നിന്ന് ഒഴിവാക്കിയിട്ടുള്ളവ ഒഴികെ ഏതു വിവരവും ആവശ്യക്കാർക്ക് ലഭ്യമാകുമെന്ന സ്ഥിതി വന്നു. അതോടെ സ്വന്തം നിലയിൽ പ്രവർത്തിക്കുക എന്ന നിലയിൽ നിന്ന് ബ്യൂറോക്രസി ശരിയായ രീതിയിൽ നിയമങ്ങൾ നടപ്പാക്കുന്നതിനുള്ള വാഹനങ്ങൾ എന്ന നിലയിലേക്ക് മാറിയിരിക്കുന്നു. ഈ അർഥത്തിൽ ജനാധിപത്യത്തിന് ഗതികോർജം നൽകുന്ന ഇന്ധനമായിരിക്കുകയാണ് വിവരാവകാശനിയമം.

ജനങ്ങൾക്കു വേണ്ടി ഭരിക്കുക എന്ന റൂസ്സോയുടെ സോഷ്യൽ കോൺട്രാക്ട് സിദ്ധാന്തം പ്രാവർത്തികമാക്കുക കൂടിയാണിവിടെ. അതായത് ഭരണം, അധികാരം എന്നൊക്കെ പറയുന്നത് ശരിയായ രീതിയിൽ ഭരിക്കുന്നതിന് ജനങ്ങൾ ചുമതലപ്പെടുത്തുന്നതാണ്. ജനങ്ങൾ അറിഞ്ഞു നൽകുന്ന ഭരണച്ചുമതലകളാണ് അധികാരം. ശരിയായ രീതിയിൽ ഭരണം നിർവഹിക്കുന്നതിന് ജനങ്ങൾ നൽകിയിരിക്കുന്ന അവകാശം ആണ് സാമാജികർക്കുള്ള പ്രത്യേക അവകാശങ്ങൾപോലും. അതിനാൽ, ശരിയായ രീതിയിലാണോ ഭരണം നിർവഹിക്കുന്നത് എന്നറിയാനുള്ള ആത്യന്തികമായ അവകാശം ജനങ്ങൾക്കുണ്ടെന്നാണ് റൂസ്സോ പറയുന്നത്. വിവരാവകാശ നിയമം ഈ അർഥത്തിൽ ജനാധിപത്യത്തിന് കരുത്ത് പകരുന്നു.

ഭരണഘടനയുടെ ഏറ്റവും കാതലായ

ഭാവമാണ്, അഭിപ്രായം പറയാനും പ്രകടിപ്പിക്കാനുമുള്ള സ്വാതന്ത്ര്യം ഉറപ്പുനൽകുന്ന 19-ാം അനുഛേദം. എന്നാൽ, അഭിപ്രായം പ്രകടിപ്പിക്കണമെങ്കിൽ ശരിയായ വിവരം ലഭിക്കേണ്ടതുണ്ട്. വിവരാവകാശനിയമം ഈ അർത്ഥത്തിലും നമ്മുടെ ഭരണഘടനയെ അർത്ഥപൂർണമാക്കുകയാണ്.

വിവരങ്ങൾ അറിയാനുള്ള അവകാശം ഉറപ്പുവരുത്തുക മാത്രമല്ല, സ്ഥാപനങ്ങൾ സ്വയം വിവരങ്ങൾ വെളിപ്പെടുത്തണം എന്നും നിയമം വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഓരോ സ്ഥാപനത്തെയും സംബന്ധിച്ച വിവരങ്ങളും രേഖകളും അടുക്കി നമ്പറിട്ടു സൂക്ഷിക്കുന്നതോടൊപ്പം, അവ കഴിയുന്നതും ഇന്റർനെറ്റുവഴി പരസ്യപ്പെടുത്തുകയും വേണം. ഭരണം സുതാര്യമാക്കുന്ന വിപ്ലവകരമായ ചുവടുവയ്പായിരിക്കും ഇത്. നിയമം നിലവിൽ വന്ന് 120 ദിവസത്തിനകം ഇവ ചെയ്ത് വർഷം തോറും പുതുക്കണമായിരുന്നെങ്കിലും കേരളത്തിൽ പൂർണമായെന്നു പറയാൻ വയ്യ.

2005 ഡിസംബർ 21ന് കേരളത്തിൽ വിവരാവകാശ കമ്മീഷൻ രൂപീകരിച്ചപ്പോൾ ചീഫ് ഇൻഫർമേഷൻ കമ്മീഷണറായി മുൻ ചീഫ് സെക്രട്ടറി പാലാട്ട് മോഹൻദാസിനെയും കമ്മീഷണറായി വി. വി. ഗിരിയെയും നിയമിച്ചു. പിന്നീട് പി. ഫസിലുദീനെയും പി.എൻ വിജയകുമാറിനെയും കൂടി കമ്മീഷണർമാരാക്കി. രണ്ടു വർഷം പൂർത്തിയാക്കിയ സാഹചര്യത്തിൽ ചീഫ് ഇൻഫർമേഷൻ കമ്മീഷണർ പാലാട്ട് മോഹൻദാസ് 'ജനപഥ'വുമായി സംസാരിക്കുന്നു.

**വിവരാവകാശനിയമം എത്രമാത്രം ഫലപ്രദമാണ്?**

നിയമം നൂറുശതമാനവും ഫലപ്രദമാണ്. എന്നാൽ, ജനങ്ങൾ അത് എങ്ങനെ ഉപയോഗിക്കുന്നു എന്നതിനെ ആശ്രയിച്ചാണ് നിയമത്തിന്റെ ഫലപ്രാപ്തി. നിങ്ങൾക്ക് ഈ നിയമത്തെ വ്യക്തിപരമായ വിവരങ്ങൾക്കായി ഉപയോഗിക്കാം. അതുപോലെ വിശാലമായ പൊതുതാത്പര്യങ്ങൾക്കും ഉപയോഗിക്കാം. ഉദ്യോഗസ്ഥരെ കർമോന്മുഖരാക്കുന്നതിനും ഉപയോഗിക്കാം. എന്റെ അനുഭവത്തിൽ 99 ശതമാനവും വ്യക്തിഗത കാര്യങ്ങൾക്കാണ് നിയമം ഉപയോഗിക്കുന്നത്. ആ സ്ഥിതി മാറണം.

**ചില വിവരങ്ങൾ വെളിപ്പെടുത്തുന്നത് ഒഴിവാക്കിയിട്ടുളളത് നിയമത്തെ മൊത്തത്തിൽ ദുർബലമാക്കുന്നില്ലേ?**

ഇല്ല. രാജ്യസുരക്ഷ പോലെ തന്ത്രപരമായതും പ്രസിദ്ധപ്പെടുത്തുന്നത് കോടതി നിരോധിച്ചതും ജനപ്രതിനിധിസഭയുടെ അവകാശലംഘനമാകാവുന്നതും വിദേശ സർക്കാരിൽ നിന്നു ലഭിച്ച രഹസ്യ വിവരവും പോലെ എട്ടാം വകുപ്പിൽ പ്രത്യേകമായി പരാമർശിച്ചിട്ടുള്ളതും, രഹസ്യാന്വേഷണ-സുരക്ഷാസംഘടനകളെ സംബന്ധിച്ച് 24-ാം വകുപ്പ് പ്രകാരം രണ്ടാം പട്ടികയിൽ നിർദേശിച്ചിട്ടുള്ളതുമായ വിവരങ്ങൾ നൽകേണ്ടതില്ല. എന്നാൽ, മനുഷ്യാവകാശ ലംഘനങ്ങളും അഴിമതിയും സംബന്ധിച്ച വിവരങ്ങൾ ഒഴിവാക്കിയിട്ടില്ലെന്നത് പ്രത്യേകം ശ്രദ്ധിക്കണം.

**എല്ലാ ഓഫീസുകളിലും പരാതി സ്വീകരിക്കാനുള്ള സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ?**

ഉണ്ട്. ഓരോ വകുപ്പിന്റെയും ഓഫീസുകളിൽ പബ്ലിക് ഇൻഫർമേഷൻ ഓഫീസറുടെയും അസിസ്റ്റന്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസറുടെയും പേരുവിവരം പ്രസിദ്ധപ്പെടുത്തണമെന്ന് വ്യവസ്ഥയുണ്ട്. വിവരങ്ങൾ ചോദിച്ച് ആർക്കും അപേക്ഷിക്കാം. അതിന് പ്രത്യേക അപേക്ഷാഫോറം ഇല്ല. വെള്ളക്കടലാസിൽ ആവശ്യമുള്ള വിവരങ്ങളും പേരും വിലാസവും സ്പഷ്ടമായി എഴുതി പത്തുരൂപയുടെ കോർട്ട്ഫീ സ്റ്റാമ്പ് ഒട്ടിച്ച് അപേക്ഷിച്ചാൽ മതി. വാക്കാൽ മാത്രം അപേക്ഷിക്കാൻ കഴിയുന്നയാളിന് അപേക്ഷ എഴുതിത്തയ്യാറാക്കുന്നതിന് സഹായം ചെയ്തു കൊടുക്കണം എന്നുവരെ നിയമം വ്യവസ്ഥ ചെയ്തിട്ടുണ്ട്.

**പക്ഷെ, പല ഓഫീസുകളിലും അപേക്ഷ വാങ്ങുന്നില്ലെന്നും വാങ്ങിയാൽത്തന്നെ രസീത് നൽകുന്നില്ലെന്നും പരാതി ഉണ്ട്.**

അത്തരം ഏതൊരു സാഹചര്യത്തിലും പരാതിക്കാരന് സംസ്ഥാന ഇൻഫർമേഷൻ കമ്മീഷനെ സമീപിക്കാവുന്നതാണ്. വിവരം ലഭിക്കാതിരിക്കുമ്പോഴും ലഭിച്ച വിവരം തെറ്റാണെന്ന് ബോധ്യമുള്ളപ്പോഴും സംസ്ഥാന കമ്മിഷനിൽ നേരിട്ടു പരാതിപ്പെടാം. നിയമത്തിലെ 18-ാം വകുപ്പിൽ ഇക്കാര്യം വിശദമാക്കിയിട്ടുണ്ട്.

**എന്ത് ആവശ്യത്തിനാണ് വിവരം ആരായുന്നതെന്ന് ചോദിച്ച് ചില എപിഐഒമാർ അപേക്ഷ സ്വീകരിക്കുന്നില്ലെന്ന് ആക്ഷേപമുണ്ട്.**

അതു ശരിയല്ല. എന്തിനാണ് വിവരം ആരായുന്നതെന്ന് അപേക്ഷകർ പറയേണ്ടതില്ല.

**പലപ്പോഴും ഉദ്യോഗസ്ഥർക്കെതിരായാണ് നിയമം പ്രയോഗിക്കുന്നത് എന്നൊരു ആക്ഷേപം ഉയർന്നു കേൾക്കുന്നുണ്ട്.**

വ്യക്തിവൈരാഗ്യം തീർക്കുന്നതിന് ഈ നിയമം ഉപയോഗിക്കുന്ന ചില സന്ദർഭങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എന്നാൽ ഉദ്യോഗസ്ഥരെ ദ്രോഹിക്കുന്നതിനുള്ളതല്ല ഈ നിയമം. മന്ത്രിമാർ മുതൽ ഉദ്യോഗസ്ഥർ വരെയുള്ളവർ പൊതുജനങ്ങൾക്ക് അവർ ആവശ്യപ്പെടുന്ന വിവരം നൽകണം എന്നേ ഇതുകൊണ്ട് ഉദ്ദേശിക്കുന്നുള്ളു. എല്ലാ വിവരങ്ങളുടെയും വ്യവസ്ഥിതികളുടെയും ഉടമ പൊതുജനമാണെന്ന വിശാലമായ തത്ത്വം അംഗീകരിച്ചാണ് ഈ നിയമം നടപ്പാക്കിയത്. ഉടമ ഒരു വിവരം ചോദിക്കുമ്പോൾ നിഷേധിക്കുന്നതെന്തിനാണ്?

**അപ്പോൾ വിവരങ്ങൾ നിഷേധിക്കപ്പെടുന്നുണ്ട്. അല്ലേ?**

ഒരു ചെറിയ വിഭാഗം ഉദ്യോഗസ്ഥർ അങ്ങനെ ചെയ്യുന്നുണ്ടെന്നു വേണം കരുതാൻ. എവിടെയും നിക്ഷിപ്ത താത്പര്യക്കാർ ഉണ്ടല്ലോ. ഇവരുടെ മനോഭാവം മാറേണ്ടതാണ്.



പാലാട്ട്
മോഹൻദാസ്

നമ്മുടെ ഭരണസ്ഥാപനങ്ങളുടെ ഒരു ഭാഗം മാത്രമാണ് ഉദ്യോഗസ്ഥർ എന്ന തോന്നൽ ജനങ്ങൾക്കും ഉണ്ടെന്നു പറയാൻ വയ്യ. അങ്ങനെ ഉണ്ടെങ്കിൽ ഞാൻ കാണിച്ചു തരാം... എന്നൊന്നും പറയേണ്ടി വരുന്നില്ല.

**നിയമത്തോടു സഹകരിക്കാത്ത എല്ലാ ഉദ്യോഗസ്ഥർക്കുമെതിരെ നടപടി എടുത്തിട്ടുണ്ടോ?**

തീർച്ചയായും. പരാതി ശരിയെന്നു ബോധ്യപ്പെട്ടാൽ നടപടി ഉറപ്പാണ്. എന്നാൽ ഇതിനൊരു മറുവശമുണ്ട്. ശിക്ഷിക്കപ്പെടുന്ന ഉദ്യോഗസ്ഥർ മാനസികമായി തളരും.

> മന്ത്രിമാർ മുതൽ ഉദ്യോഗസ്ഥർ വരെയുള്ളവർ പൊതുജനങ്ങൾക്ക് അവർ ആവശ്യപ്പെടുന്ന വിവരം നൽകണം. എല്ലാ വിവരങ്ങളുടെയും വ്യവസ്ഥിതികളുടെയും ഉടമ പൊതുജനമാണെന്ന വിശാലമായ തത്ത്വം അംഗീകരിച്ചാണ് ഈ നിയമം നടപ്പാക്കിയത്.

**നമ്മുടെ ഭരണസംവിധാനത്തിന് ഉണ്ടെന്നു പറയുന്ന ന്യൂനതകൾ ഉദ്യോഗസ്ഥരുടെ കാര്യക്ഷമതയെ കുറയ്ക്കുകയില്ലേ?**

വിവരാവകാശനിയമത്തെ സംബന്ധിച്ച്, ഒരാളുടെ പക്കലുള്ള വിവരം മാത്രം നൽകിയാൽ മതി. വ്യക്തവും ലഭ്യവുമായ വിവരത്തെയാണ് വിവരം എന്നു നിർവചിച്ചിരിക്കുന്നത്. അതിൽ വ്യാഖ്യാനങ്ങളോ ടിപ്പണികളോ ഊഹാപോഹങ്ങളോ പ്രതീക്ഷകളോ ഉൾപ്പെടുന്നില്ല. ഉള്ള വിവരം കൊടുത്താൽ മതി.

**വിവരാവകാശ നിയമം ഫലപ്രദമാക്കുന്നതിന് തടസം ബ്യൂറോക്രസിയാണോ?**

ഒരിക്കലുമല്ല. എന്നാൽ ബ്രിട്ടീഷുകാർ കൊണ്ടുവന്ന 1923-ലെ ഔദ്യോഗിക രഹസ്യനിയമം, 1872-ലെ എവിഡൻസ് ആക്ട്, 1964-ലെ സിവിൽ സർവീസ് കോണ്ടക്ട് റൂൾസ് എന്നിങ്ങനെ ഭരണഘടനയുടെ ഉദാത്ത ആദർശങ്ങളെ പുകമറയിലാക്കുന്ന നിയമങ്ങൾ ജനാധിപത്യ സങ്കല്പത്തിന്റെ ശത്രുക്കളാണ്. യഥാർഥത്തിൽ നമ്മുടെ സാമാജികർ പ്രതിജ്ഞയെടുക്കേണ്ടത് ഔദ്യോഗിക രഹസ്യം സൂക്ഷിക്കാമെന്നല്ല, സുതാര്യമാക്കിക്കൊള്ളാം എന്നാണ്.

**നിയമം നടപ്പിലാക്കുന്നതിന്റെ പ്രധാന പോരായ്മകൾ എന്തൊക്കെയാണ്?**

ഉദ്യോഗസ്ഥർക്ക് ഇതു സംബന്ധിച്ച പരിശീലനം മതിയാവുന്നില്ല. മറ്റൊന്ന് ജനങ്ങൾക്ക് ഈ നിയമത്തെക്കുറിച്ച് അവബോധം കുറവാണ്.

**ഇത് പരിഹരിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചത്?**

ഉദ്യോഗസ്ഥർക്ക് ഐ എം ജി വഴി പരിശീലനം നൽകി വരികയാണ്. ജനങ്ങളിൽ അവബോധം വളർത്താൻ സാക്ഷരതാ മിഷന്റെയും നെഹ്റു യുവകേന്ദ്രയുടെയും സഹകരണത്തോടെ എല്ലാ ജില്ലകളിലും കമ്മീഷൻ ശ്രമിച്ചു വരുന്നു.

**കമ്മീഷൻ വേണ്ടത്ര ശിക്ഷ നൽകുന്നില്ല എന്ന ഒരു ആരോപണം ഉണ്ട്.**

ആദ്യത്തെ ഒരു വർഷത്തെ കാര്യമാണെങ്കിൽ ആരോപണം തെറ്റാണെന്ന് പറയുന്നില്ല. ഉദ്യോഗസ്ഥർക്ക് ശരിയായ പരിശീലനം നൽകാതെ ശിക്ഷയുമായി പ്രത്യക്ഷപ്പെടുന്നത് ശരിയല്ലെന്ന് ബോധ്യമുള്ളതിനാലാണ് അങ്ങനെ ചെയ്യാതിരുന്നത്. ഇപ്പോൾ അതല്ല സ്ഥിതി. വീഴ്ച വരുത്തുന്ന ഉദ്യോഗസ്ഥർക്ക് തക്കതായ പിഴ ശിക്ഷ വിധിക്കുന്നുണ്ട്. അതോടെ നിയമം നടപ്പാക്കൽ ഉഷാറായിട്ടുമുണ്ട്.

**വീഴ്ചവരുത്തുന്ന എല്ലാവർക്കും പിഴ ശിക്ഷ ചുമത്തിയിട്ടുണ്ടോ?**

പിഴ ഈടാക്കിയേ പറ്റൂ എന്ന നയം കമ്മീഷനില്ല. ഉദ്യോഗസ്ഥരുടെ ഭാഗം കേൾക്കുന്നുണ്ട്. യഥാസമയം വിവരം നൽകാൻ കഴിയാതിരുന്നതിന് തക്കതായ കാരണമുണ്ടെന്നു കണ്ടാൽ ശിക്ഷാനടപടി സ്വീകരിക്കില്ല. ഉദാഹരണത്തിന്, എംജിപി പരിഷ്കാരങ്ങളുടെ ഭാഗമായി എറണാകുളം കളക്ടറേറ്റിലെ ഫയലുകൾ വാരിക്കെട്ടി ഒരു മുറിയിൽ തള്ളിയിരിക്കുകയായിരുന്നു. ആ സമയത്ത് ചോദിച്ച വിവരം ഉദ്യോഗസ്ഥൻ നൽകുന്നതെങ്ങനെ? സുനാമിയും പ്രകൃതി ക്ഷോഭങ്ങളും ഉണ്ടാകുമ്പോൾ വിവരം നൽകുന്നതിനോ, ദുരിതാശ്വാസപ്രവർത്തനങ്ങൾക്കോ ഏതിനാണു മുൻഗണന നൽകേണ്ടത്? ഇതൊക്കെ വിവേചനബുദ്ധിയോടെയാണ് കമ്മീഷൻ പരിഗണിക്കുന്നത്.


**മാധ്യമങ്ങൾ ഈ നിയമത്തെ എങ്ങനെയാണ് ഉപയോഗിക്കുന്നത്?**

മാധ്യമങ്ങൾക്ക് ഏറ്റവും പ്രയോജനപ്രദമായ നിയമമാണ് ഇത്. കരുതുന്നു, അറിയുന്നു, കേൾക്കുന്നു എന്തൊക്കെ ഊഹാപോഹങ്ങൾക്കുപകരം കൃത്യമായ വിവരം ഈ നിയമം വഴി മാധ്യമങ്ങൾക്കു ലഭിക്കുകയല്ലേ? നിർഭാഗ്യവശാൽ, പലപ്പോഴും അവർ വസ്തുതകൾ അറിയുന്നതുവരെ കാത്തുനില്ക്കാതെ സെൻസേഷനലൈസ് ചെയ്യുന്നതു കാണുമ്പോൾ പ്രയാസം തോന്നാറുണ്ട്.■

## പരാതികളും പരിഹാരവും

**വി**വരാവകാശ കമ്മീഷനു ലഭിക്കുന്ന പരാതികളിൽ വാദം കേട്ട് കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന ഉത്തരവുകൾ നിയമം ഫലപ്രദമായി നടപ്പാക്കുന്നതിന് ഏറെ സഹായിക്കുന്നുണ്ട്. ചില ഉദാഹരണങ്ങൾ:

ബി. ആർ. ഷിബുകുമാർ എന്ന വ്യക്തി തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രിയിൽ ചികിത്സയിലിരുന്ന കാലത്തെ ചികിത്സാരേഖകളും പകർപ്പ് വിവരാവകാശ നിയമം വകുപ്പ് 6(1) പ്രകാരം ആവശ്യപ്പെട്ടു. കൊറിയർ വഴി അപേക്ഷ മെഡിക്കൽ കോളേജ് ഓഫീസിൽ സ്വീകരിക്കാതെ മടക്കി അയച്ചതിൻമേൽ കമ്മീഷന് പരാതി അയച്ചു. തുടർന്ന് കോളേജ് സുപ്രണ്ട് സമർപ്പിച്ച റിപ്പോർട്ട് പരിശോധിക്കുകയും മെഡിക്കൽ കോളേജ് പ്രിൻസിപ്പൽ, സൂപ്രണ്ട് എന്നിവരെ നേരിട്ടു വരുത്തി തെളിവെടുപ്പും നടത്തുകയും ചെയ്ത കമ്മീഷൻ അപേക്ഷ സ്വീകരിക്കാതെ മടക്കിയത് ഗുരുതരമായ വീഴ്ചയായി വിലയിരുത്തി. വ്യവസ്ഥകൾ പ്രകാരമല്ല മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിലിൽ പി.ഐ.ഒ മാരെ സ്ഥാന നിർദേശം ചെയ്തിരുന്നതെന്നും കമ്മീഷൻ കണ്ടെത്തി. നിയമത്തിലെ 5-ാം വകുപ്പ് പ്രകാരമുള്ള പബ്ലിക്



# പരാതികളും പരിഹാരവും

**വി**വരാവകാശ കമ്മീഷനു ലഭിക്കുന്ന പരാതികളിൽ വാദം കേട്ട് കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന ഉത്തരവുകൾ നിയമം ഫലപ്രദമായി നടപ്പാക്കുന്നതിന് ഏറെ സഹായിക്കുന്നുണ്ട്. ചില ഉദാഹരണങ്ങൾ:

ബി. ആർ. ഷിബുകുമാർ എന്ന വ്യക്തി തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രിയിൽ ചികിത്സയിലിരുന്ന കാലത്തെ ചികിത്സാ രേഖകളും പകർപ്പ് വിവരാവകാശ നിയമം വകുപ്പ് 6(1) പ്രകാരം ആവശ്യപ്പെട്ടു. കൊറിയർ വഴി അപേക്ഷ മെഡിക്കൽ കോളേജ് ഓഫീസിൽ സ്വീകരിക്കാതെ മടക്കി അയച്ചതിൻമേൽ കമ്മീഷന് പരാതി അയച്ചു. തുടർന്ന് കോളേജ് സുപ്രണ്ട് സമർപ്പിച്ച റിപ്പോർട്ട് പരിശോധിക്കുകയും മെഡിക്കൽ കോളേജ് പ്രിൻസിപ്പൽ, സൂപ്രണ്ട് എന്നിവരെ നേരിട്ടു വരുത്തി തെളിവെടുപ്പും നടത്തുകയും ചെയ്ത കമ്മീഷൻ അപേക്ഷ സ്വീകരിക്കാതെ മടക്കിയത് ഗുരുതരമായ വീഴ്ചയായി വിലയിരുത്തി. വ്യവസ്ഥകൾ പ്രകാരമല്ല മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിലിൽ പി.ഐ.ഒ മാരെ സ്ഥാന നിർദേശം ചെയ്തിരുന്നതെന്നും കമ്മീഷൻ കണ്ടെത്തി. നിയമത്തിലെ 5-ാം വകുപ്പ് പ്രകാരമുള്ള പബ്ലിക്





# വിവരാവകാശ നിയമം

പൊതു അധികാര സ്ഥാപനങ്ങളുടെ കൈവശ മുള്ള വിവരങ്ങൾ എല്ലാ പൗരൻമാർക്കും ലഭ്യമാക്കുന്ന തിനും പൊതു അധികാര കേന്ദ്രങ്ങളുടെ പ്രവർത്തനത്തിൽ സുതാര്യതയും വിശ്വാസ്യതയും വർധിപ്പിക്കുന്ന തിനും ജനങ്ങളോടുള്ള ഉത്തരവാദിത്വം നിലനിർത്തു ന്നതിനും അഴിമതി നിർമാർജനം ചെയ്യുന്ന തിനും ലക്ഷ്യമിട്ടാണ് വിവരാവകാശ നിയമത്തിനു രൂപം നലകിയിട്ടുള്ളത്. നിയമത്തിന്റെ വിശദാംശങ്ങൾ ഇനി വായിക്കുക

പൊതു അധികാര സ്ഥാപനങ്ങളുടെ കൈവശമുള്ള വിവരങ്ങൾ എല്ലാ പൗരൻമാർക്കും ലഭ്യമാക്കുന്നതിനും പൊതു അധികാരകേന്ദ്രങ്ങളുടെ പ്രവർത്തനത്തിൽ സുതാര്യതയും വിശ്വാസ്യതയും വർധിപ്പിക്കുന്നതിനും ജനങ്ങളോടുള്ള ഉത്തരവാദിത്വം നിലനിർത്തുന്നതിനും അഴിമതി നിർമാർജനം ചെയ്യുന്നതിനുമാണ് വിവരാവകാശ നിയമമെന്ന് അതിന്റെ പീഠികയിൽ പറയുന്നു. രാജ്യസുരക്ഷയുമായി ബന്ധപ്പെട്ടതും ചില താത്പര്യങ്ങളുടെ പ്രത്യേക സംരക്ഷണത്തിനുള്ളതും ഒഴിച്ച് എല്ലാ വിവരങ്ങളും ജനങ്ങൾക്ക് നൽകേണ്ടതാണെന്ന് നിയമം അനുശാസിക്കുന്നു. ഏതെല്ലാം വിവരങ്ങളാണ് പൗരന് നൽകുന്നതിൽ നിന്നും ഒഴിവാക്കിയിട്ടുള്ളത് എന്ന കാര്യങ്ങൾ നിയമത്തിന്റെ എട്ടാം വകുപ്പിൽ പറഞ്ഞിരിക്കുന്നു. നിയമപ്രകാരം പൊതു അധികാരികൾ സ്വമേധയാലോ പൗരൻ ആവശ്യപ്പെടുന്നതനുസരിച്ചോ വിവരങ്ങൾ നൽകണം.

### ആരാണ് പൊതു അധികാരി?

ഭരണഘടന പ്രകാരമോ ലോകസഭയുടെയോ നിയമസഭകളുടെയോ നിയമം വഴിയോ സർക്കാർ വിജ്ഞാപനം വഴിയോ നിലവിൽ വന്നതോ രൂപീകരിക്കപ്പെട്ടതോ ആയ അധികാരിയോ സ്ഥാപനമോ ആണ് പൊതു അധികാരി. സർക്കാരിൽ നിന്ന് ധനസഹായം ലഭിക്കുന്ന സർക്കാരിതര സംഘടനകളും പൊതു അധികാരി എന്നതിന്റെ നിർവചനത്തിൽപ്പെടും.

### എന്താണ് വിവരം?

'വിവര'മെന്ന് നിയമത്തിൽ നിർവചിച്ചിട്ടുള്ളത് ഒരു പൊതു അധികാരിക്ക് ഏതു രൂപത്തിലും ലഭിക്കാവുന്ന രേഖകൾ, ആധാരങ്ങൾ, മെമ്മോകൾ, ഇ-മെയിലുകൾ, അഭിപ്രായക്കുറിപ്പുകൾ, പ്രസ് റിലീസുകൾ, സർക്കുലറുകൾ, ഉത്തരവുകൾ, ലോഗ്ബുക്കുകൾ, കരാറുകൾ, റിപ്പോർട്ടുകൾ, കടലാസുകൾ, സാമ്പിളുകൾ, മാതൃകകൾ, ഇലക്ട്രോണിക്സ് രൂപത്തിൽ സൂക്ഷിച്ചുവച്ചിരിക്കുന്ന വിവരങ്ങൾ എന്നിവയാണ്.

### അറിയാനുള്ള അവകാശം എന്തൊക്കെയാണ്?

പൊതു അധികാരിയുടെ കൈവശമോ

ഇൻഫർമേഷൻ ഓഫീസർമാരെയും 19(1) വകുപ്പനുസരിച്ചുള്ള അപ്പലേറ്റ് അതോറിറ്റിയെയും ഒരാഴ്ചയ്ക്കകം സ്ഥാനനിർദേശം ചെയ്യുവാനും പരാതിക്കാരന്റെ അപേക്ഷ ഒരാഴ്ചയ്ക്കുള്ളിൽ തീർപ്പാക്കാനും കമ്മീഷൻ വിധിച്ചു.

ആവശ്യപ്പെട്ട വിവരങ്ങളും രേഖകളും രണ്ടുമാസം കഴിഞ്ഞിട്ടും നൽകാത്തതിനെ തുടർന്നു പെരുമ്പാവൂർ നഗരസഭാ സെക്രട്ടറിക്കെതിരെ പി.ആർ.ഷാജി സമർപ്പിച്ച പരാതിയിൻമേൽ നഗരസഭ സെക്രട്ടറിയുടെ റിപ്പോർട്ട് വരുത്തുകയും നേരിട്ടുള്ള തെളിവെടുപ്പും നടത്തുകയും ചെയ്തു. അപേക്ഷ കൈകാര്യം ചെയ്തതിൽ കാലതാമസവും അക്ഷന്തവ്യമായ കൃത്യവിലോപവും ഉണ്ടായതായി കമ്മീഷൻ വിലയിരുത്തി. ഇതു സംബന്ധിച്ച് 15 ദിവസത്തിനുള്ളിൽ വിശദമായ അന്വേഷണം നടത്തി സെക്രട്ടറി കുറ്റക്കാരെ കണ്ടെത്തണമെന്ന് കമ്മീഷൻ വിധിച്ചു. പരാതിക്കാരൻ ആവശ്യപ്പെട്ട രേഖകളും വിവരങ്ങളും നൽകാനും അടിയന്തരമായി നടപടികൾ സ്വീകരിക്കാനും കമ്മീഷൻ വിധിച്ചു.


നിയന്ത്രണത്തിലോ ഉള്ള വിവരങ്ങൾ അറിയുന്നതിന് പൗരനുള്ള അവകാശമാണ് അറിയാനുള്ള അവകാശം. സർക്കാർ സ്ഥാപനങ്ങൾ, സർക്കാർ സഹായധനം നൽകുന്ന സ്ഥാപനങ്ങൾ എന്നിവയുടെ അധീനതയിലുള്ള ഒരു ജോലിയോ, പ്രമാണമോ, രേഖയോ പരിശോധിക്കുന്നതിനുള്ള അവകാശം, രേഖയുടെയോ പ്രമാണത്തിന്റെയോ കുറിപ്പുകളോ സംക്ഷിപ്തമോ എടുക്കൽ, സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ എടുക്കൽ, ഏതു പദാർഥത്തിന്റെയും സാക്ഷ്യപ്പെടുത്തിയ സാമ്പിളുകൾ എടുക്കൽ, കംപ്യൂട്ടറിലോ മറ്റ് ഇലക്ട്രോണിക്സ് സംവിധാനങ്ങളിലോ ശേഖരിച്ചു വച്ചിട്ടുള്ള വിവരങ്ങൾ, പ്രിന്റ് ഔട്ടുകൾ, ഫ്ളോപ്പികൾ, ഡിസ്ക്കുകൾ, ടേപ്പുകൾ, വീഡിയോ കാസററുകൾ മുതലായ രൂപത്തിൽ പകർത്തിയെടുക്കാനുള്ള അവകാശം തുടങ്ങിയവ ഇതിൽ ഉൾപ്പെടുന്നു.

### നിഷേധിക്കാവുന്ന വിവരങ്ങൾ

നിയമത്തിന്റെ എട്ടാം വകുപ്പിൽ പറയുന്ന വിവരങ്ങൾ നൽകേണ്ടതില്ല എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്.

വെളിപ്പെടുത്തിയാൽ രാജ്യത്തിന്റെ അഖണ്ഡത, സുരക്ഷിതത്വം, പരമാധികാരം, ശാസ്ത്ര-സാമ്പത്തിക താത്പര്യം എന്നിവയെ പ്രതികൂലമായി ബാധിച്ചേക്കാവുന്ന വിവരങ്ങൾ, കോടതിവിലക്കുള്ള കാര്യങ്ങൾ, നിയമ നിർമാണ സഭകളുടെ പ്രത്യേക അവകാശങ്ങളുടെ ലംഘനമായി കണക്കാക്കാവുന്ന വിവരങ്ങൾ, വ്യാപാര രഹസ്യങ്ങൾ, മൂന്നാം കക്ഷിയുടെ മത്സരാധിഷ്ഠിതസ്ഥാപനത്തിന് ഹാനികരമായേക്കാവുന്ന വ്യാപാര രഹസ്യങ്ങൾ, ബൗദ്ധിക സ്വത്തുക്കൾ, ഒരാൾക്ക് അയാളുടെ പരസ്പര വിശ്വാസാധിഷ്ഠിതമായ ബന്ധത്തിലൂടെ ലഭിച്ച വിവരങ്ങൾ (വിദേശരാജ്യത്ത് നിന്ന് സ്വീകരിച്ചവയും), ഏതെങ്കിലും വ്യക്തിയുടെ ജീവനോ ശാരീരിക സുരക്ഷയോ അപകടപ്പെടുത്തുന്ന വിവരങ്ങൾ, കുറ്റവാളികളുടെ വിചാരണയെയോ, അറസ്റ്റിനെയോ, അന്വേഷണ പ്രക്രിയയെയോ തടസ്സപ്പെടുത്തുന്ന വിവരങ്ങൾ, മന്ത്രിസഭ-സെക്രട്ടറിമാർ, മറ്റ് ഉദ്യോഗസ്ഥർ തുടങ്ങിയവരുടെ നിരൂപണങ്ങൾ ഉൾപ്പെടുന്ന മന്ത്രിസഭാരേഖകൾ, സ്വകാര്യതയിൽ കടന്നു കയറുന്ന വ്യക്തിപരമായ കാര്യങ്ങൾ എന്നിവയാണ് നൽകേണ്ടതില്ലാത്തത്. എന്നാൽ മന്ത്രിസഭാതീരുമാനങ്ങൾ എടുക്കാൻ ആധാരമായ വസ്തുതകളും കാരണങ്ങളും തീരുമാനങ്ങൾ എടുത്തശേഷം പരസ്യമാക്കേണ്ടതാണ്.

ഒരു വ്യക്തിയുടെ പകർപ്പവകാശ ലംഘനമാകാവുന്ന വിവരങ്ങൾ നിഷേധിക്കാവുന്നതാണ്. സർക്കാർ നിശ്ചയിക്കുന്ന രഹസ്യ കുറ്റാന്വേഷണ - സുരക്ഷാ ഏജൻസികളുടെ കൈവശമുള്ള വിവരങ്ങളും വെളിപ്പെടുത്തേണ്ടതില്ല. എന്നാൽ, ഈ ഏജൻസികളെ സംബന്ധിച്ച അഴിമതി ആരോപണങ്ങളുടെയും മനുഷ്യാവകാശ ലംഘനങ്ങളുടെയും വിവരങ്ങൾ ഇൻഫർമേഷൻ കമ്മീഷന്റെ അനുമതിയോടെ 45 ദിവസത്തിനകം നൽകേണ്ടതാണ്.



### വിവരങ്ങൾ സ്വമേധയാ വെളിപ്പെടുത്തണം

നിയമം നിലവിൽ വന്ന് 120 ദിവസങ്ങൾക്കകം ഓരോ പൊതു അധികാരിയും തന്റെ ഓഫീസിന്റെ ഘടന, ചുമതല, കർത്തവ്യങ്ങൾ, ഉദ്യോഗസ്ഥരുടെ അധികാരങ്ങൾ, കടമകൾ, ചുമതലകൾ നിർവഹിക്കുന്നതിനുള്ള വ്യവസ്ഥകൾ, ചട്ടങ്ങൾ, റഗുലേഷനുകൾ, സൂക്ഷിക്കുന്ന ആധാരങ്ങളുടെയും മറ്റും വിവരങ്ങൾ, ബോർഡുകളുടെയും കമ്മിറ്റികളുടെയും വിവരങ്ങൾ, ജീവനക്കാരുടെ പ്രതിമാസ ശമ്പളം, ഓഫീസിനും അതിന്റെ കീഴിലുള്ള ഓരോ ഏജൻസിക്കും ലഭിച്ച ബജറ്റ് വിഹിതം, സബ്സിഡി, പദ്ധതികളുടെ പൂർണവിവരങ്ങൾ, ആനുകൂല്യങ്ങൾ ലഭിച്ചവരുടെ വിശദാംശങ്ങൾ, ലഭിച്ച തുക, പൗരൻമാർക്ക് വിവരങ്ങൾ അറിയുന്നതിന് ഏർപ്പെടുത്തിയിട്ടുള്ള സൗകര്യങ്ങൾ, പൊതു ഇൻഫർമേഷൻ ഓഫീസർമാരുടെ പേര്, ഔദ്യോഗിക പദവി തുടങ്ങിയവ പരസ്യപ്പെടുത്തേണ്ടതും വർഷാവർഷം അവ പുതുക്കേണ്ടതുമാണ്. ഇവയൊക്കെ ജനങ്ങൾക്ക് എളുപ്പത്തിൽ ഗ്രഹിക്കാവുന്ന തരത്തിലാണ് പരസ്യപ്പെടുത്തേണ്ടത്.

നിയമമനുസരിച്ച് പൊതു അധികാര സ്ഥാപനങ്ങൾ അവയുടെ എല്ലാ റെക്കാർഡുകളും രേഖകളും ക്രമമായി അടുക്കി നമ്പറിട്ട് സൂക്ഷിക്കണം. ഇലക്ട്രോണിക് രൂപത്തിലാക്കാവുന്ന വിവരങ്ങൾ അങ്ങനെ ആക്കുകയും ഇന്റർനെറ്റ് വഴി രാജ്യത്ത് എല്ലായിടത്തും കിട്ടത്തക്കവിധം സജ്ജമാക്കുകയും വേണം. ഇതിനുപുറമെ പൊതുജനങ്ങളെ ബാധിക്കുന്ന നയങ്ങൾ രൂപികരിക്കുമ്പോഴും തീരുമാനങ്ങൾ അറിയിക്കുമ്പോഴും അവയെ സംബന്ധിക്കുന്ന പ്രസക്തമായ എല്ലാ വസ്തുതകളും പരസ്യമാക്കണം. ഭരണപരമായവയോ അർദ്ധനീതിന്യായ സ്വഭാവമുള്ളവയോ ആയ തീരുമാനങ്ങൾ എടുക്കുമ്പോൾ, അത് ബാധിക്കുന്ന വ്യക്തികളോട് അതിന്റെ കാര്യകാരണങ്ങൾ വ്യക്തമാക്കണം.

### വിവരം ലഭിക്കാൻ ആർക്ക് അപേക്ഷ നൽകണം?

എല്ലാ സർക്കാർ ഓഫീസുകളിലും ഇതിനകം പബ്ളിക് ഇൻഫർമേഷൻ ഓഫീസർമാരെയും അസിസ്ററന്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർമാരെയും നിയോഗിച്ചിട്ടുണ്ട്. ഏതെങ്കിലും വിവരം ലഭിക്കേണ്ടവർ 10 രൂപ അപേക്ഷാ ഫീസ് സഹിതം ബന്ധപ്പെട്ട പബ്ളിക് ഇൻഫർമേഷൻ ഓഫീസർക്ക് അപേക്ഷ നൽകണം. രേഖാമൂലമോ ഇലക്ട്രോണിക് മാധ്യമം വഴിയോ അപേക്ഷ നൽകാം. അപേക്ഷ എഴുതി നൽകാൻ കഴിയാത്ത വ്യക്തി പറയുന്ന കാര്യങ്ങൾ രേഖപ്പെടുത്തി അപേക്ഷ തയ്യാറാക്കുന്നതിന് പബ്ളിക് ഇൻഫർമേ

ഷൻ ഓഫീസർ സഹായിക്കണം. അപേക്ഷ വാങ്ങി പബ്ലിക് ഇൻഫർമേഷൻ ഓഫീസർക്ക് കൈമാറുന്ന ജോലിയാണ് അസിസ്റ്റന്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർക്കുള്ളത്. അപേക്ഷകൻ വിവരം തേടുന്നത് എന്തിനാണെന്ന് വെളിപ്പെടുത്തേണ്ടതില്ല. ബന്ധപ്പെടുന്നതിനുള്ള വിലാസം മാത്രമേ അപേക്ഷയിൽ കാണിക്കേണ്ടതുള്ളു. കോർട്ട് ഫീസ് സ്റ്റാമ്പായോ ഡി.ഡി. യായോ ചെലാനായോ നേരിട്ടു പണമായോ അപേക്ഷാ ഫീസ് ഒടുക്കാവുന്നതാണ്. കേന്ദ്രസ്ഥാപനങ്ങളാണെങ്കിൽ ഡി.ഡി.യായോ നേരിട്ടു പണമായോ മാത്രമേ അപേക്ഷാ ഫീസ് സ്വീകരിക്കുകയുള്ളു.

അപേക്ഷകന് വിവരങ്ങൾ എ4 വലിപ്പത്തിലുള്ള പേപ്പറിലാണ് ലഭിക്കേണ്ടതെങ്കിൽ ഓരോ പേജിനും രണ്ടു രൂപ വീതം നൽകണം. സാമ്പിളുകളും മോഡലുകളും ലഭിക്കുന്നതിനുള്ള യഥാർത്ഥ ചെലവ് നൽകേണ്ടതാണ്. രേഖകളുടെ പരിശോധനയ്ക്ക് ആദ്യത്തെ ഒരു മണിക്കൂറിന് ഫീസില്ല. അതിനുശേഷമുള്ള ഓരോ 30 മിനിറ്റിനും അതിന്റെ അംശത്തിനും 10 രൂപ വീതമാണ് നൽകേണ്ടത്. സി.ഡി, ഫ്ളോപ്പി തുടങ്ങിയ ഇലക്ട്രോണിക് രൂപത്തിലുള്ള വിവരങ്ങൾ ലഭിക്കുന്നതിന് 50 രൂപ. ദാരിദ്ര രേഖയ്ക്ക് താഴെയുള്ളവരെ അതു തെളിയിക്കുന്നതിനുള്ള രേഖകൾ ഹാജരാക്കുന്ന പക്ഷം ഫീസ് ഒടുക്കുന്നതിൽ നിന്ന് ഒഴിവാക്കുന്നതാണ്. എട്ടാം വകുപ്പ് ഒഴിവാക്കിയിട്ടുള്ള ഏതാനും വിവരങ്ങൾ അപേക്ഷ സമർപ്പിച്ച തീയതിക്ക് 20 വർഷം മുമ്പ് നടന്നതോ സംഭവിച്ചതോ ആയ കാര്യങ്ങളെക്കുറിച്ചുള്ളതാണെങ്കിൽ നൽകേണ്ടതാണ്.

### വിവരം 30 ദിവസത്തിനകം നൽകണം

അപേക്ഷ ലഭിച്ച് പരമാവധി 30 ദിവസത്തിനകം പബ്ലിക് ഇൻഫർമേഷൻ ഓഫീസർ അപേക്ഷകന് വിവരം നൽകണം. അസിസ്റ്റന്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ വഴി ലഭിച്ച അപേക്ഷയാണെങ്കിൽ 35 ദിവസത്തിനകം വിവരം നൽകണം. എന്നാൽ വ്യക്തിയുടെ ജീവനെയോ സ്വാതന്ത്ര്യത്തെയോ ബാധിക്കുന്ന വിവരമാണ് ആവശ്യപ്പെടുന്നതെങ്കിൽ അത് 48 മണിക്കൂറിനകം നൽകിയിരിക്കണം. വിവരങ്ങൾ നൽകുന്നതിന് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ കൂടുതൽ ഫീസ് തുക അതിന്റെ ചെലവിനത്തിൽ വാങ്ങിക്കാൻ തീരുമാനം എടുക്കുന്ന പക്ഷം ആ വിവരം അപേക്ഷകനെ അറിയിക്കണം. അപ്രകാരം അറിയിപ്പ് നൽകിയത് മുതൽ ഫീസ് ഒടുക്കുന്നതുവരെയുള്ള സമയം 30 ദിവസത്തെ കാലയളവ് കണക്കാക്കുമ്പോൾ ഒഴിവാക്കുന്നതാണ്. വിവരം നിഷേധിക്കുകയാണെങ്കിൽ അതിനുള്ള കാരണവും അപ്പീൽ ബോധിപ്പിക്കുന്നതിനുള്ള കാലയളവും അപ്പീൽ അധികാരിയുടെ വിവരങ്ങളും പബ്ലിക് ഇൻഫർമേഷൻ ഓഫീസർ അപേക്ഷകനെ അറിയിക്കണം. നിശ്ചിത സമയ പരിധിക്കുള്ളിൽ വിവരം നൽകുവാൻ കഴിയാതെ പോയാൽ യാതൊരു ഫീസും ഈടാക്കാതെ വിവരം നൽകേണ്ടതാണ്.

അപേക്ഷകൻ ആവശ്യപ്പെട്ടിട്ടുള്ള വിവരം മറ്റൊരു പൊതു അധികാരിയുടെ കൈവശമാണ് ഉള്ളതെങ്കിൽ അപേക്ഷയോ അപേക്ഷയുടെ പ്രസക്ത ഭാഗമോ പബ്ലിക് ഇൻഫർമേഷൻ ഓഫീസർ അഞ്ചു ദിവസത്തിനകം ആ പൊതു അധികാരിക്ക് അയച്ചു കൊടുക്കണം. വിവരം അപേക്ഷകനെ അറിയിക്കുകയും വേണം. അപേക്ഷകൻ ആവശ്യപ്പെട്ടിരിക്കുന്ന വിവരം ഏതെങ്കിലും മൂന്നാം കക്ഷിയുമായി ബന്ധപ്പെട്ടതും അദ്ദേഹം അത് രഹസ്യമാക്കി സൂക്ഷിക്കാൻ ഉദ്ദേശിച്ചിട്ടുള്ളതുമാണെങ്കിൽ വിവരം നൽകുന്നതിനായി അപേക്ഷ ലഭിച്ച് അഞ്ചു ദിവസത്തിനകം പബ്ലിക് ഇൻഫർമേഷൻ ഓഫീസർ മൂന്നാം കക്ഷിക്ക് നോട്ടീസ് നൽകേണ്ടതാണ്. വിവരങ്ങൾ വെളിപ്പെടുത്തുന്നതു സംബന്ധിച്ച് എന്തെങ്കിലും ആക്ഷേപം ഉണ്ടെങ്കിൽ മൂന്നാം കക്ഷി അത് 10 ദിവസത്തിനകം അറിയിക്കേണ്ടതാണ്. എന്നാൽ, നിയമപ്രകാരം സംരക്ഷണമുള്ള വ്യാപാര-വ്യവസായ രഹസ്യങ്ങളൊഴിച്ചുള്ള സംഗതികളിൽ മൂന്നാം കക്ഷിക്ക് സംഭവിക്കാവുന്ന ദോഷങ്ങളെക്കാളും ഉപദ്രവങ്ങളെക്കാളും കൂടുതൽ പ്രാധാന്യം പൊതു താത്പര്യത്തിനാണെങ്കിൽ അത്തരം വിവരങ്ങൾ നൽകാവുന്നതാണ്. പബ്ലിക് ഇൻഫർമേഷൻ ഓഫീസർക്ക് തന്റെ കർത്തവ്യം ശരിയായ വിധം നിർവഹിക്കുന്നതിന് ആവശ്യമെന്നു തോന്നുന്ന പക്ഷം മറ്റ് ഉദ്യോഗസ്ഥരോട് സഹായം തേടാവുന്നതാണ്. ഇപ്രകാരം സഹായം തേടിയാൽ പ്രസ്തുത ഉദ്യോഗസ്ഥൻ ആവശ്യമായ എല്ലാ സഹായങ്ങളും നൽകേണ്ടതാണ്. ഇതിന് വിപരീതമായി പ്രവർത്തിച്ചാൽ ആ ഉദ്യോഗസ്ഥനെ ചട്ടലംഘനം നടത്തിയ പബ്ലിക് ഇൻഫർമേഷൻ ഓഫീസറായി കണക്കാക്കാവുന്നതാണ്.

### പിഴ ശിക്ഷ

ന്യായമായ കാരണങ്ങൾ കൂടാതെ നിശ്ചിതസമയത്തിനുള്ളിൽ വിവരം നൽകാതിരിക്കുകയോ അപേക്ഷ നിരസിക്കുകയോ ബോധപൂർവം തെറ്റായതോ അപൂർണമോ തെറ്റിദ്ധരിപ്പിക്കുന്നതോ ആയ വിവരങ്ങൾ നൽകുകയോ ചെയ്താൽ 250 രൂപ മുതൽ 25,000 രൂപ വരെ പബ്ലിക് ഇൻഫർമേഷൻ ഓഫീസർ പിഴ ഒടുക്കേണ്ടിവരും. ഇതിനുപുറമെ വകുപ്പുതല അന്വേഷണവും അച്ചടക്ക നടപടിയും ഏറ്റുവാങ്ങേണ്ടിവരികയും ചെയ്യും.

### അപ്പീൽ നൽകുന്നതിനുള്ള അവകാശം

ആവശ്യപ്പെടുന്ന വിവരം ലഭിക്കുന്നില്ലെങ്കിലോ അപൂർണവും അവാസ്തവവുമായ വിവരമാണ് കിട്ടിയതെങ്കിലോ പൗരനു രണ്ടു തലത്തിൽ അപ്പീൽ പോകാം. ആദ്യത്തെ അപ്പീൽ, പബ്ലിക് ഇൻഫർമേഷൻ ഓഫീസറുടെ ഉയർന്ന റാങ്കിലുള്ള അപ്പീൽ സ്വീകരിക്കുന്നതിന് നിയുക്തനായ ഉദ്യോഗസ്ഥനാണ് നൽകേണ്ടത്. പബ്ലിക് ഇൻഫർമേഷൻ ഓഫീസറുടെ തീരുമാനം ലഭിച്ച് 30 ദിവസത്തിനകം ഒന്നാം അപ്പീൽ നൽകണം. അപ്പീൽ ഹർജിക്കാരന് യഥാസമയം അപ്പീൽ നൽകാൻ കഴിയാത്തത് മതിയായ കാരണങ്ങൾ മൂലമാണെന്ന് ബോധ്യമാകുന്ന പക്ഷം പ്രസ്തുത ഉദ്യോഗസ്ഥന് (അപ്പലേറ്റ് അതോറിറ്റിക്ക്) കാലപരിധിക്ക് ശേഷം ലഭിക്കുന്ന അപ്പീലും സ്വീകരിക്കാവുന്നതാണ്. ഒന്നാം അപ്പീൽ 30 ദിവസങ്ങൾക്കകവും ഒഴിവാക്കാനാവാത്ത സാഹചര്യങ്ങളിൽ 45 ദിവസങ്ങൾക്കകവും തീർപ്പാക്കണം. ആദ്യ അപ്പീൽ തീരുമാനത്തിനെതിരെ 90 ദിവസത്തിനുള്ളിൽ രണ്ടാമത്തെ അപ്പീൽ ഇൻഫർമേഷൻ കമ്മീഷന് സമർപ്പിക്കണം. അപ്പീലുകൾക്ക് ഫീസ് ഒടുക്കേണ്ടതില്ല.

പബ്ലിക് ഇൻഫർമേഷൻ ഓഫീസറും അസിസ്റ്റന്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസറും സ്ഥാനനിർദേശം ചെയ്യപ്പെടാത്ത സാഹചര്യമുണ്ടെങ്കിൽ ഇൻഫർമേഷൻ കമ്മീഷന് നേരിട്ട് പരാതി നൽകാം.

ഈ നിയമപ്രകാരമുണ്ടായ ഉത്തരവ് സംബന്ധിച്ച കേസോ അപേക്ഷയോ നടപടിയോ ഒരു കോടതിയും സ്വീകരിക്കാൻ പാടില്ല എന്ന് നിയമത്തിൽ അനുശാസിച്ചിട്ടുണ്ട്. നിയമപ്രകാരമുള്ള അപ്പീലുകളിൽ മാത്രമേ അവ ചോദ്യം ചെയ്യാനാവൂ. നിലവിലുള്ള മറ്റു നിയമങ്ങളിൽ ഈ നിയമത്തിനു വിരുദ്ധമായി എന്തൊക്കെയുണ്ടായിരുന്നാലും ഇതിലെ വകുപ്പുകൾക്ക് മുൻഗണനയുണ്ടായിരിക്കും. ■

അപേക്ഷ ലഭിച്ച് പരമാവധി 30 ദിവസത്തിനകം പബ്ലിക് ഇൻഫർമേഷൻ ഓഫീസർ അപേക്ഷകന് വിവരം നൽകണം. അസിസ്റ്റന്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ വഴി ലഭിച്ച അപേക്ഷയാണെങ്കിൽ 35 ദിവസത്തിനകം വിവരം നൽകണം. എന്നാൽ വ്യക്തിയുടെ ജീവനെയോ സ്വാതന്ത്ര്യത്തെയോ ബാധിക്കുന്ന വിവരമാണ് ആവശ്യപ്പെടുന്നതെങ്കിൽ അത് 48 മണിക്കൂറിനകം നൽകിയിരിക്കണം.




ഡോ: ആർ.വി.ജി.മേനോൻ

# കേരളത്തിനൊരു ഗവേഷണ അജണ്ട

ഇന്ത്യയെപ്പോലെ വൈവിദ്ധ്യങ്ങളും സങ്കീർണതകളും നിറഞ്ഞ, അതിബൃഹത്തായ ഒരു സമൂഹത്തിന്റെ വികസന പ്രശ്നങ്ങൾ പരിഹരിക്കുന്നതിൽ ശാസ്ത്ര സാങ്കേതിക വിദ്യകൾക്ക് അതിപ്രധാനമായ പങ്കുണ്ടെന്നതിൽ തർക്കമുണ്ടാകാനിടയില്ല. അത് നിലവിലുള്ള അറിവിന്റെ പ്രയോഗത്തോടൊപ്പം പ്രസക്തമായ പുതിയ അറിവിന്റെ നിർമിതിയും ആവശ്യപ്പെടുന്നു. ലഭ്യമായ അറിവിന്റെ പ്രയോഗം പോലും വെറും യാന്ത്രികമായാൽ പലപ്പോഴും അതു പാളിപ്പോകാനിടയുണ്ട്. കാലദേശഭേദങ്ങൾക്കനുസരിച്ച് ആ അറിവിനെ പാകപ്പെടുത്തുകയോ പരുവപ്പെടുത്തുകയോ പരിണമിപ്പിക്കുകയോ വേണ്ടിവരും. പുതിയ അറിവിന്റെ നിർമിതി പോലെത്തന്നെ ഇതും ക്രിയാത്മകമായ, അന്വേഷണാത്മകമായ ഒരു ഇടപെടലാണ്. ഗവേഷണം എന്നു പറയുമ്പോൾ ഇതും തീർച്ചയായും ഉൾപ്പെടുന്നുണ്ട്.

ഗവേഷണം പല വിധത്തിലുമാകാം. ഗവേഷണത്തിലേക്കു നയിക്കുന്ന ഘടകങ്ങളും പലതാകാം. ആധുനിക സമൂഹത്തിൽ ഗവേഷണം ഒരു കരിയറാണ്. അധ്യാപകരും പ്രൊഫഷണൽ ശാസ്ത്രജ്ഞരുമാണ് ഗവേഷണത്തിൽ ഏർപ്പെടാറുള്ളത്. സർവകലാശാലകളിൽ, സംസ്ഥാന, ദേശീയ ലബോറട്ടറികളിൽ, വൻകിട കമ്പനികളുടെ ഗവേഷണശാലകളിൽ, ശാസ്ത്ര - സാങ്കേതിക വകുപ്പുകളുടെ വിജ്ഞാന വ്യാപന വിഭാഗങ്ങളിൽ, ആണവോർജം, ബഹിരാകാശം, പ്രതിരോധം തുടങ്ങിയ വകുപ്പുകളുടെ ഗവേഷണ വികസന സ്ഥാപനങ്ങളിൽ ഒക്കെയാണ് ഗവേഷണം നടക്കുന്നത്. കമ്പനികളുടെ ഗവേഷണശാലകളിൽ തീർച്ചയായും കച്ചവടപ്രാധാന്യമുള്ള, ഉടനടി വിപണിയിലെത്തിക്കാൻ പാകത്തിലുള്ള ഉത്പന്നങ്ങൾ വികസിപ്പിച്ചെടുക്കുന്നതിലും അവയുടെ പ്രയോഗവും പ്രചാരവും സംബന്ധിച്ചുള്ളതുമായിരിക്കും മിക്കവാറും ഗവേഷണ പ്രവർത്തനങ്ങൾ. ശാസ്ത്രാധിഷ്ഠിത വകുപ്പുകളുടെ ഗവേഷണ വികസന സ്ഥാപനങ്ങളിലും ഏറെക്കുറെ അവയുടെ പ്രായോഗിക പ്രവർത്തനവുമായി ബന്ധപ്പെട്ട പഠനങ്ങളും വികസന പ്രവർത്തനങ്ങളും കുറവു തീർക്കലും പുതിയ തലമുറ ഉത്പന്ന രൂപവത്കരണവുമായിരിക്കും നടക്കുക. വിജ്ഞാന വ്യാപന വകുപ്പുകളിൽ (ഉദാ:- അഗ്രിക്കൾച്ചറൽ എക്സ്റ്റൻഷൻ) നിലവിലുള്ള അറിവിന്റെ പ്രയോഗത്തോടൊപ്പം തന്നെ അതിനെ ക്രിയാത്മകമായി പരിവർത്തിപ്പിക്കാനുള്ള പ്രവർത്തനവും നടക്കേണ്ടതാണെങ്കിലും അത് എത്ര മാത്രം നടക്കുന്നുണ്ട് എന്ന് വിലയിരുത്തപ്പെടേണ്ടതുണ്ട്.

എന്നാൽ ഇതിൽ നിന്നെല്ലാം വ്യത്യസ്തമാണ് സർവകലാശാലകളിലും സംസ്ഥാന - ദേശീയ ഗവേഷണ സ്ഥാപ



നങ്ങളിലും ലബോറട്ടറികളിലും നടക്കുന്ന ഗവേഷണങ്ങളുടെ കാര്യം. ഇവയിൽ ഒരു ഭാഗം സ്പോൺസേർഡ് ഗവേഷണങ്ങളായിരിക്കും. അത് സ്വകാര്യ ഏജൻസികൾ (കമ്പനികൾ, ചെറുകിട വ്യവസായികൾ, വ്യവസായ സംരംഭകർ മുതലായവ) സ്വതാത്പര്യാർത്ഥം പണം കൊടുത്തു ചെയ്യിക്കുന്ന ഗുണ നിലവാര പരിശോധനകളോ ഉപകരണ നിർമിതിയോ, സാങ്കേതിക വിദ്യാവികസനമോ ആകാം. സ്വന്തം പണം കൊടുത്തു ചെയ്യിക്കുന്ന പണിയാകയാൽ, അതിന്റെ പ്രസക്തിയെക്കുറിച്ചോ അവയുടെ ഫലങ്ങൾ വേണ്ട വിധത്തിൽ പ്രയോജനപ്പെടുത്തുന്നതിനെക്കുറിച്ചോ ഒട്ടുമെ ഉത്കണ്ഠപ്പെടേണ്ടതില്ല. അതേ സമയം സ്പോൺസർ ചെയ്യുന്ന ഏജൻസി (ഫണ്ടിങ് എജൻസി) സർക്കാരിന്റെ ശാസ്ത്ര സാങ്കേതിക വകുപ്പോ അതു പോലുള്ള മറ്റ് പൊതു ഏജൻസികളോ ആണെങ്കിൽ ഇതത്ര ശുഭകരമാകണമെന്നില്ല. തീർച്ചയായും ഇത്തരം ഏജൻസികൾക്ക് തങ്ങൾ സാമ്പത്തിക സഹായം ചെയ്യേണ്ട പ്രോജക്ടുകൾ തിരഞ്ഞെടുക്കുന്നതിനായി വ്യവസ്ഥാപിത സംവിധാനങ്ങൾ ഉണ്ടായിരിക്കും. അവയ്ക്കുള്ള മാർഗ നിർദേശങ്ങളും മുൻഗണനാ പരിഗണനകളും അത്യുന്നത തലത്തിൽ തന്നെ തീരുമാനിക്കപ്പെട്ടവയുമായിരിക്കും. എന്നിരുന്നാലും ഇങ്ങനെ ഫണ്ടു ചെയ്യപ്പെടുന്ന ഗവേഷണ പ്രോജക്ടുകളിൽ എത്ര എണ്ണം തൃപ്തികരമായ ഫലപ്രാപ്തിയിൽ എത്തുന്നുണ്ട്, എത്ര എണ്ണത്തിൽ ഫലങ്ങൾ വേണ്ട വിധത്തിൽ പ്രയോജനപ്പെടുത്തുന്നുണ്ട് തുടങ്ങിയ കണക്കെടുപ്പുകൾ ആവശ്യമാണ്.

കോളേജുകൾ, സർവകലാശാലകൾ തുടങ്ങിയ അക്കാദമിക് സ്ഥാപനങ്ങളിൽ നടക്കുന്ന ഗവേഷണങ്ങൾ ഇവയിൽ നിന്നെല്ലാം വളരെ വ്യത്യസ്തമാണ്. ഇവയിൽ മിക്കവയും ഡിഗ്രിക്കു വേണ്ടിയുള്ള (M.Phil, Ph.D)ഗവേഷണമോ, ബിരുദാനന്തര(Post doctoral) ഗവേഷണമോ ആയിരിക്കും. പലതും ശുദ്ധശാസ്ത്ര മേഖലയിലും ആയിരിക്കും. ഫണ്ടിങ് ദേശീയ സംസ്ഥാനതല ഏജൻസികളുടെയോ ഫൗണ്ടേഷനുകളുടെയോ വിദേശ ഏജൻസികളുടെ തന്നെയോ ആകാം. അപൂർവമായി വാണിജ്യ - വ്യവസായി സ്ഥാപനങ്ങളുടെ ഫണ്ടിങ്ങും ഉണ്ടാകാം. ഫണ്ടിങ്ങ് ഒന്നുമില്ലാതെ തട്ടിയും മുട്ടിയും നടത്തുന്ന പഠനങ്ങളും ഉണ്ടാകാം. എങ്ങനെയാണ് ഇത്തരം പഠനങ്ങളുടെ വിഷയം തിരഞ്ഞെടുക്കപ്പെടുക?

ഫണ്ടിങ്ങിനായി സമർപ്പിക്കപ്പെടുന്ന ഗവേഷണ പദ്ധതികൾ മിക്കവാറും ഫണ്ടിങ് ഏജൻസികളുടെ മനോഗതവും മുൻഗണനകളും മനസ്സിലാക്കി അതനുസരിച്ച് രൂപപ്പെടുത്തപ്പെട്ടവയായിരിക്കും. സാമൂഹിക പ്രതിബന്ധതയുള്ള ഫണ്ടിങ് ഏജൻസികൾ സ്വാഭാവികമായും സാമൂഹിക പ്രസക്തിയും പ്രാധാന്യവുമുള്ള മേഖലകളായിരിക്കും ഫണ്ടിങ്ങിന് തിരഞ്ഞെടുക്കുക. അങ്ങനെയല്ലാത്ത, സ്വകാര്യ അജണ്ടകളുള്ള, ഫണ്ടിങ് ഏജൻസികളും, എന്തിനാണോ ഫണ്ടിങ് കിട്ടുക, അതനുസരിച്ചുള്ള പ്രോജക്ട് സമർപ്പിക്കുക എന്ന രീതി പിന്തുടരുന്ന ഗവേഷകരും ഉണ്ടാകാം. സ്വന്തമായി രൂപം കൊടുത്ത ഗവേഷണ പദ്ധതികളുടെ തലക്കെട്ടും രൂപവും ഭാവവും അല്പ സ്വല്പം മാറ്റി, ഫണ്ടിങ് ഏജൻസികളുടെ മുൻഗണനയ്ക്കനുസരിച്ച് ചില പൊടിക്കൈകൾ പ്രയോഗിച്ച് ഫണ്ട് നേടിയെടുക്കാൻ ശ്രമിക്കുന്ന വിരുതന്മാരും കുറവല്ല.

ശുദ്ധശാസ്ത്ര മേഖലയിൽ(ഭൗതിക ശാസ്ത്രങ്ങളായാലും സാമൂഹിക ശാസ്ത്രങ്ങളായാലും) ഗവേഷണം നടത്തുന്നവർ പൊതുവെ തങ്ങളുടെ ഗവേഷണത്തിന്റെ പ്രായോഗിക പ്രസക്തിയെപ്പറ്റി ഉത്കണ്ഠാകുലരല്ല. എന്നിരുന്നാലും കാലികമായി ഗവേഷണ പ്രാധാന്യമുള്ള, പേപ്പറുകൾ പ്രസിദ്ധീകരിക്കാൻ സൗകര്യമുള്ള, കറന്റ് ആയിട്ടുള്ള മേഖലകളും വിഷയങ്ങളും തിരഞ്ഞെടുക്കാൻ അവരും ശ്രദ്ധിക്കാറുണ്ട്. അതിന്റെ ആവശ്യമില്ലാത്ത ഗവേഷകർ കുറവാണ്. നോബൽ ജേതാവായ പ്രൊഫ. ചന്ദ്രശേഖർ ഒരിക്കൽ ഞങ്ങളുടെ സർവകലാശാലയിൽ ഒരു പ്രഭാഷണത്തിനു വന്നു. പ്രഭാഷണത്തെത്തുടർന്നുള്ള ചോദ്യോത്തര വേളയിൽ ഒരു വിദ്യാർത്ഥി ചോദിച്ചു "സർ, അങ്ങ്, ഈ ചെയ്യുന്ന ഗവേഷണത്തിന്റെ പ്രായോഗിക ഗുണം എന്താണ്?" പ്രൊഫ. ചന്ദ്രശേഖർ അദ്ദേഹത്തിന്റെ വശ്യവും ബാലസദൃശവുമായ മന്ദഹാസം തൂകിക്കൊണ്ട് മറുപടി പറഞ്ഞു "എന്റെ കുട്ടീ, ഇന്നു ഞാനെത്തിയിരിക്കുന്ന സ്ഥാനത്തെത്തിക്കഴിഞ്ഞാലുള്ള ഒരു ഗുണമതാണ്. നിങ്ങൾക്കിഷ്ടമുള്ള വിഷയത്തെക്കുറിച്ചു ഗവേഷണം നടത്താം. അതിന്റെ പ്രായോഗിക ഗുണത്തെപറ്റി വ്യാകുലപ്പെടേണ്ടതില്ല. അതിനു വേണ്ട പണം തരാൻ ഇഷ്ടം പോലെ ആളുണ്ടാവും" "പ്രൊഫ. ചന്ദ്രശേഖറിന്റെ ഗവേഷണത്തിനു പണം നൽകുന്നതു ഞങ്ങളാണ്" എന്ന ഖ്യാതിക്കു വേണ്ടിത്തന്നെ ഫണ്ടിങ് ഏജൻസികൾ മത്സരിക്കും. പക്ഷേ, ആ സൗഭാഗ്യം സാധാരണ ഒരു പ്രൊഫസർക്കോ, ശാസ്ത്രജ്ഞനോ സ്വപ്നം കാണാനേ കഴിയൂ. അവർക്ക് ഫണ്ടിങ് ഏജൻസികളുടെ ഇഷ്ടാനിഷ്ടങ്ങളും കാലിക പ്രസക്തിയും ഒക്കെ നോക്കിയേ പറ്റൂ.

വിജ്ഞാന വ്യാപന വകുപ്പുകളിൽ നിലവിലുള്ള അറിവിന്റെ പ്രയോഗത്തോടൊപ്പം തന്നെ അതിനെ ക്രിയാത്മകമായി പരിവർത്തിപ്പിക്കാനുള്ള പ്രവർത്തനവും നടക്കേണ്ടതാണെങ്കിലും അത് എത്രമാത്രം നടക്കുന്നുണ്ട് എന്ന് വിലയിരുത്തപ്പെടേണ്ടതുണ്ട്.

ഇതൊക്കെയാണെങ്കിലും സർവകലാശാലാ വകുപ്പുകളിലും സർക്കാർ ഗവേഷണ സ്ഥാപനങ്ങളിലും നടക്കുന്ന ഗവേഷണ പരിപാടികൾക്ക് പാരമ്പര്യ സ്വഭാവം കാണപ്പെടുന്നുണ്ടെന്ന് പറഞ്ഞേ

തീരു. “ഗുരു”വിന്റെ ഗവേഷണ പന്ഥാവ് പിന്തുടരുന്ന ശിഷ്യർ, ഒരേ പ്രശ്നത്തിന്റെ വളരെ ചെറിയ രൂപാന്തരങ്ങളോടെയുള്ള ഗവേഷണ പരമ്പര, “ഇനിയും തുടർ പഠനങ്ങൾക്ക് ആവശ്യമുണ്ട്” എന്ന നിഗമനങ്ങളിലവസാനിക്കുന്ന, എങ്ങുമെത്താത്ത ഗവേഷണ പദ്ധതികൾ, ഇതൊക്കെ അവിടങ്ങളിൽ പതിവാണ്. ഇതിന്റെ ഫലമറിഞ്ഞിട്ട് ആർക്കുമൊന്നും ചെയ്യാനില്ല എന്ന ബോധമാണ് ഇത്തരം പഠനങ്ങളുടെ പിന്നിൽ. സർവകലാശാലാ ഗവേഷണം മുഖ്യമായും പി.എച്ച്.ഡി പഠനമാണെന്നും അത് മൗലികമായും ഗവേഷണത്തിന്റെ രീതി ശാസ്ത്രം പഠിപ്പിക്കാനുള്ള ഒരുപാധിയാണെന്നും പറഞ്ഞ് അതിനെ ഒഴിവാക്കിയാൽ തന്നെയും ഫണ്ടഡ് റിസർച്ചിന് അങ്ങനെയൊരു ആനുകൂല്യം നൽകാനാവില്ല. കൃത്യമായ ഉദ്ദേശ്യ ലക്ഷ്യങ്ങളോടെ സ്ഥാപിതമായ സർക്കാരാഭിമുഖ്യത്തിലുള്ള ഗവേഷണ സ്ഥാപനങ്ങൾക്ക് അതൊട്ടുമേ ബാധകവുമല്ല. കേരളത്തിലാണെങ്കിൽ, മറ്റ് സംസ്ഥാനങ്ങളിൽ നിന്നു വ്യത്യസ്തമായി, പ്രകൃതി വിഭവ വിനിയോഗത്തിന്റെ എതാണ്ടെല്ലാ മേഖലകളിലും സംസ്ഥാന സർക്കാരിന്റെ ആഭിമുഖ്യത്തിലും സി.എസ്.ഐ.ആർ, ഐ.സി.എ.ആർ തുടങ്ങിയ കേന്ദ്ര സർക്കാർ ഏജൻസികളുടെ ആഭിമുഖ്യത്തിലും സ്ഥാപിതമായ ഗവേഷണ കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ട്. അതുകൊണ്ടാണ് കേരളത്തിനൊരു ഗവേഷണ അജണ്ട എന്നത് ചർച്ച ചെയ്യപ്പെടേണ്ട വിഷയമായിത്തീരുന്നത്.

## ഗവേഷണത്തിലെ ഡിമാണ്ട് സൈഡ് മാനേജ്മെന്റ്

ഫണ്ടിങ് ഏജൻസിയോ ഗവേഷകനോ പഠന വിഷയം തീരുമാനിക്കുക എന്നതിൽ നിന്നു വ്യത്യസ്തമായി, ആവശ്യക്കാരൻ നിർദേശിക്കുന്ന പ്രശ്നങ്ങളുടെ പരിഹാരത്തിനായുള്ള പഠനം നടത്തുക എന്നതിലേക്കുള്ള മാറ്റമാണ് ഇവിടെ വിവക്ഷിക്കുന്നത്. ആദ്യത്തേത് പൂർണമായി ഒഴിവാക്കാനാവില്ല എന്നും ഒഴിവാക്കേണ്ടതില്ല എന്നും അംഗീകരിച്ചു കൊണ്ടുതന്നെയാണ് ഈ നിർദേശം മുന്നോട്ടുവയ്ക്കുന്നത്. ശുദ്ധ ശാസ്ത്ര മേഖലകളിലുള്ള മുന്നേറ്റത്തിനും അറിയാനുള്ള ആഗ്രഹം നിറവേറ്റാനുള്ള പഠനങ്ങൾക്കും തീർച്ചയായും സ്ഥാനമുണ്ട്. പക്ഷെ പരിമിതവിഭവയായ ഒരു സമൂഹത്തിൽ അതിനു പരിധി കല്പിച്ചേ തീരൂ. മാത്രവുമല്ല, അത്തരത്തിലുള്ള ഗവേഷണങ്ങളെ കാലദേശ നിരപേക്ഷമായ അന്താരാഷ്ട്ര അളവുകോലുകൾ ഉപയോഗിച്ച് തന്നെ വിലയിരുത്തുകയും വേണം. അത് അതിന്റെ രീതിയിൽത്തന്നെ നടന്നുകൊള്ളട്ടെ. ഭട്ട്നഗർ പുരസ്കാരവും അന്താരാഷ്ട്ര അംഗീകാരവും കിട്ടുന്ന ഗവേഷണങ്ങൾ നമ്മുടെ സ്ഥാപനങ്ങളിലും നടക്കുന്നതു നമുക്കു അഭിമാനം തന്നെ.

പക്ഷേ ബഹുഭൂരിപക്ഷം ഗവേഷണ പരിപാടികളും ഈ നാടിന്റെ പ്രശ്നങ്ങൾ പരിഹരിക്കാനുള്ള ശ്രമങ്ങളുടെ ഭാഗമായേ തീരു. സ്വകാര്യ ഏജൻസികൾ സ്പോൺസർ ചെയ്യുന്ന റിസർച്ച് തീർച്ചയായും അത്തരത്തിലുള്ളതു തന്നെയായിരിക്കും. പക്ഷേ ഗവേഷണ പ്രോജക്ടുകൾ സ്പോൺസർ ചെയ്യാനുള്ള ശേഷി വളരെക്കുറച്ച് വമ്പൻ സ്ഥാപനങ്ങൾക്കേ ഉണ്ടാവൂ. ബഹുഭൂരിപക്ഷം വരുന്ന ചെറുകിട - ഇടത്തരം സ്ഥാപനങ്ങളുടെയും പ്രശ്നങ്ങൾ കേൾക്കാനാളില്ലാതെ കിടക്കുകയാണു പതിവ്.

കൃഷിമേഖലയാണ് ഇതിനൊരപവാദം. ചെറുകിട കർഷകർ നേരിടുന്ന പ്രായോഗിക പ്രശ്നങ്ങൾ മനസ്സിലാക്കി അവ പരിഹരിക്കുന്നതിനുള്ള ശാസ്ത്രീയ നിർദ്ദേശങ്ങൾ കൊടുക്കുന്നതിനും അവിടെ ഉണ്ടാകുന്ന അറിവിന്റെ വിടവുകൾ നികത്തുന്നതിനാവശ്യമായ ഗവേഷണ വിഷയങ്ങൾ കണ്ടെത്തുന്നതിനുമായി ഒരു സംവിധാനം

> ബഹുഭൂരിപക്ഷം ഗവേഷണ പരിപാടികളും ഈ നാടിന്റെ പ്രശ്നങ്ങൾ പരിഹരിക്കാനുള്ള ശ്രമങ്ങളുടെ ഭാഗമായേ തീരൂ.

ഇപ്പോൾത്തന്നെ പ്രവർത്തിക്കുന്നുണ്ട്.. കാർഷിക സർവകലാശാലയും, കൃഷിവകുപ്പും തമ്മിലുള്ള ഏകോപനവും. തത്ത്വത്തിലെങ്കിലും, സുസ്ഥാപിതമാണ്. അതിന്റെ പ്രായോഗത്തിലെന്തെങ്കിലും തകരാറുകളുണ്ടെങ്കിൽ, അവ പരിഹരിക്കാവുന്നതേയുള്ളു. സിദ്ധാന്തം ഭദ്രമാണ്. പക്ഷേ മറ്റു ഭൂവിഭവങ്ങളുടെ വികസനം, വ്യവസായം, ഗതാഗതം, ജലസേചനം, നിർമാണം, ആരോഗ്യം, വിദ്യാഭ്യാസം തുടങ്ങിയ മേഖലകളിലൊന്നും ഇത്തരമൊരു ജൈവബന്ധം നിലവിലില്ല. ഇവിടെയാണ് പുതിയൊരു സമീപനം ആവശ്യമായിട്ടുള്ളത്. ഈ മേഖലകളിലെല്ലാം നമുക്ക് നിർവഹണ ഏജൻസികളുണ്ട്. തീർച്ചയായും അവരുടെ പ്രവർത്തനങ്ങളിൽ പലപ്പോഴും വേണ്ടത്ര വിജ്ഞാനത്തിന്റെ അലഭ്യത പ്രശ്നങ്ങൾ സൃഷ്ടിക്കുന്നുണ്ട്. ചിലപ്പോൾ ഈ അറിവിനു വേണ്ടി അവർ കൺസൽട്ടന്റുമാരെ ആശ്രയിക്കും. പലപ്പോഴും ഉള്ള അറിവ് വച്ച് അവർ എന്തെങ്കിലും കാട്ടിക്കൂട്ടും. മഴക്കാലം വരുമ്പോൾ താറുമാറാകുന്ന റോഡുകളുടെ കാര്യത്തിലായാലും ഒരിക്കലും തൃപ്തികരമല്ലാത്ത ഖരമാലിന്യ സംസ്കരണത്തന്റെ കാര്യത്തിലായാലും കളിമൺ ഖനനം , പുഴമണൽ വാരൽ, കുന്നിടിക്കൽ, പാറപൊട്ടിക്കൽ മുതലായ വിഭവ വിനിയോഗ കാര്യങ്ങളിലായാലും പൊതുജനാരോഗ്യ പ്രശ്നങ്ങളുടെ കാര്യത്തിലായാലും എല്ലാം ഈ വിടവ് ദൃശ്യമാണ്. ഒരുപക്ഷേ ഇത് ഏറ്റവും രൂക്ഷമായിട്ടുള്ളത് നമ്മുടെ പരമ്പരാഗത വ്യവസായങ്ങളുടെ ആധുനിക വത്കരണത്തിന്റെ കാര്യത്തിലായിരിക്കാം. അവയിലൊന്നും സാങ്കേതിക വിദ്യാമുന്നേറ്റം കാര്യമായ സഹായമൊന്നും ചെയ്തിട്ടില്ല. എന്തെങ്കിലും സംഭവിച്ചിട്ടുണ്ടെങ്കിൽ തന്നെ അത് നമ്മുടെ വ്യവസ്ഥാപിത ഗവേഷണ സ്ഥാപനങ്ങളുടെ സേവനം കൊണ്ടതല്ലതാനും. എന്നിരുന്നാലും അവയും ഈ രംഗങ്ങളിൽ കുറെയെറെ ഗവേഷണങ്ങൾ നടത്തുന്നുണ്ട് എന്നതും സത്യമാണ്. പക്ഷേ, മേൽ സൂചിപ്പിച്ച രംഗങ്ങളിലെ യഥാർത്ഥ ആവശ്യക്കാരും, അറിവിന്റെ ഔദ്യോഗിക ഉത്പാദകരും തമ്മിൽ നേരിട്ടുള്ള ബന്ധമോ പരസ്പര ഉത്തരവാദിത്വമോ നിലനിൽക്കുന്നില്ല എന്നതാണ് പ്രശ്നം. ഗവേഷണ സ്ഥാപനങ്ങളുടെ അജണ്ട തീരുമാനിക്കുന്നതിൽ ആവശ്യക്കാർക്ക് (Stake Holders എന്നതാണ് സമകാലിക പ്രയോഗം) മുഖ്യമായൊരു പങ്ക് നൽകുക എന്നത് തന്നെയാണ് ഇതിന്റെ പരിഹാരം.

സംസ്ഥാന സർക്കാരിന്റെ സാമ്പത്തിക സഹായത്തോടെ പ്രവർത്തിക്കുന്ന ഗവേഷണ സ്ഥാപനങ്ങൾ തന്നെ വേണ്ടത്രയുണ്ട് കേരളത്തിൽ. ഭൂവിഭവങ്ങളുടെ പഠനത്തിന് CESS (Centre for Earth Sceience Studies) വന വിഭവങ്ങളെ പറ്റിയുള്ള പഠനത്തിന് KFRI (Kerala Forest Research Institute), ഗതാഗത പഠനങ്ങൾക്ക്NATPAC (National Transportations Planning and Research Centre)ബയോടെക്നോളജി സംബന്ധിച്ച പഠനങ്ങൾക്ക് RGCBT ( Rajiv Gandhi Centre for Bio Technology) റോഡു വികസനം സംബന്ധിച്ച പഠനങ്ങൾക്ക് KHRI (Kerala Highway Research Institute), PWD യുമായി ബന്ധപ്പെട്ട പഠനങ്ങൾക്ക് KERI ( Kerala Engineering Research Institute, Peechi) ജലവിഭവ വികസന പഠനങ്ങൾക്ക് CWRDM (Centre for Water Resources Development and Management) ഔഷധ സസ്യങ്ങൾ ഉൾപ്പെടെയുള്ള പഠനങ്ങൾക്ക് TBGRI ( Tropical Botanical Garden and Research Institute) പാരമ്പര്യേതര ഊർജസ്രോതസുകളെയും ഗ്രാമീണ സാങ്കേതിക വിദ്യകളെയും സംബന്ധിച്ച പഠനങ്ങൾക്ക് ANERT ( Agency for Non conventional Energy and Rural Technology) ഊർജ സംരക്ഷണത്തെക്കുറിച്ചുള്ള പഠനങ്ങൾക്ക് EMC (Energy Management Centre) ഇലക്ട്രോണിക് ഇമേജറി സംബന്ധിച്ച പഠനങ്ങൾക്ക് C-DIT ( Centre for Development of Imaging Technology) ഇങ്ങനെ

പോകുന്നു ആ നീണ്ട നിര.

ഈ സംസ്ഥാന സ്ഥാപനങ്ങൾക്കെല്ലാം അവയുടെതായ ഭരണ സംവിധാനങ്ങളും അതിന്റെ ഭാഗമായി ഗവേഷണ ഉപദേശക സമിതികളും ഉണ്ട്. ചില ഉപദേശക സമിതികളിലെങ്കിലും ആവശ്യക്കാരുടെ പ്രാതിനിധ്യവും ഉറപ്പാക്കിയിട്ടുണ്ട്. പക്ഷേ അതുകൊണ്ട് മാത്രം കാര്യം നടക്കുന്നില്ല. ഉദാ:- KFRIയുടെ RAC (Reserach Advisory Committee)യുടെ അദ്ധ്യക്ഷൻ ഒരു മുതിർന്ന ഫോറസ്റ്റ് സർവീസ് ഉദ്യോഗസ്ഥൻ ആയിരിക്കും. അല്ലെങ്കിൽ CWRDMന്റെ ഗവേഷണ ഉപദേശക സമിതിയിൽ ഇറിഗേഷൻ ചീഫ് എൻജിനീയർ അംഗമായിരിക്കും. പക്ഷേ യോഗത്തിൽ പങ്കെടുത്ത് ചില അഭിപ്രായങ്ങൾ പറഞ്ഞു പിരിഞ്ഞാൽ അടുത്ത (വാർഷിക?) യോഗത്തിൽ വരുന്നതുവരെ അവർക്ക് മറ്റു യാതൊരു പ്രതിവർത്തനവും ഈ സ്ഥാപനവുമായി ഉണ്ടാകണമെന്നില്ല. ഉണ്ടെങ്കിൽ അത് വ്യക്തിപരം മാത്രമാകും. ഈ ബന്ധം കൂടുതൽ ദൃഢതരവും ക്രിയാത്മകവും ഉത്പാദനപരവും ആക്കാൻ എന്താണ് വഴി?.

## ഒരു നിർദേശം

ഏറ്റവും ഫലപ്രദമായ സ്വാധീനം സാമ്പത്തികം തന്നെയാണ്. സ്പോൺസേർഡ് ഗവേഷണമാണ് ഏറ്റവും ഫലപ്രദം. അതിന് കൃത്യമായ ലക്ഷ്യബോധമുണ്ടാകും. കാശുകൊടുത്തു നടത്തിയ പഠനത്തിന്റെ ഫലങ്ങൾ വേണ്ടുംവണ്ണം പ്രയോജനപ്പെടുത്തണമെന്ന് കാശുമുടക്കിയവർക്ക് നിർബന്ധവും ഉണ്ടാകും. എല്ലാ ഗവേഷണ സ്ഥാപനങ്ങൾക്കും Stake Holders ഉണ്ടാവുമല്ലോ. സർക്കാരിന്റെ തന്നെ നിർവഹണ ഡിപ്പാർട്ടുമെന്റുകളും ഏജൻസികളും അതിൽപെടും. അവരെല്ലാം തങ്ങളുടെ വാർഷിക ബജറ്റിന്റെ ഒരു നിശ്ചിത ശതമാനം(0.5% ഓ, 1% ഓ ആകാം). പഠന-ഗവേഷണ പ്രവർത്തനങ്ങൾക്കായി മാറ്റിവയ്ക്കണം എന്നു നിർബന്ധിക്കാം. തങ്ങളുടെ നിർവഹണ പ്രവർത്തനങ്ങളുടെ ഭാഗമായി നേരിടുന്ന പ്രശ്നങ്ങളെ തരണം ചെയ്യുന്നതിന് ലഭ്യമായ അറിവിന്റെ രൂപാന്തരണമോ പുതിയ അറിവിന്റെ നിർമാണമോ ആവശ്യമാണെന്നു ബോധ്യമാകുമ്പോൾ അത്തരം പഠന വികസന പ്രവർത്തനങ്ങൾക്കായി വേണം അവർ ഈ തുക മാറ്റിവയ്ക്കേണ്ടത്. അങ്ങനെ ഇറിഗേഷൻ വകുപ്പോ വനം വകുപ്പോ ആരോഗ്യ വകുപ്പോ ഒക്കെ മാറ്റിവയ്ക്കുന്ന തുകകളിൽ നിന്നായിരിക്കണം ശാസ്ത്ര സാങ്കേതിക ഗവേഷണ സ്ഥാപനങ്ങളുടെ സ്പോൺസേർഡ് പ്രോജക്ടുകൾ ഉണ്ടാകേണ്ടത്. ഫീൽഡ് തലത്തിലെ പ്രായോഗിക പ്രശ്നങ്ങളെ ഗവേഷണ പ്രോജക്ടുകളാക്കി മാറ്റുന്നതിൽ ഇരുകൂട്ടരും തമ്മിൽ കൂടിയാലോചിക്കുകയും പരസ്പര ധാരണയോടെ പ്രവർത്തിക്കുകയും ചെയ്യേണ്ടതുണ്ട്. പത്തുലക്ഷം രൂപ മാറ്റിവച്ചിട്ട് മണ്ഡരിക്ക് മരുന്ന് കണ്ടുപിടിക്കാനോ പെട്രോളിന് സബ്സ്റ്റിറ്റ്യൂട്ട് കണ്ടുപിടിക്കാനോ പറയുന്നതിൽ അർത്ഥമില്ലല്ലോ. പക്ഷേ ഫീൽഡിലെ പ്രായോഗിക പ്രശ്നങ്ങൾ എന്തെന്ന് ഗവേഷകരെ ബോധ്യപ്പെടുത്താനും അവ പരിഹരിക്കുന്നതിനായുമുള്ള ദീർഘകാല - ഹ്രസ്വകാല പദ്ധതികൾ ആവിഷ്കരിക്കാനും അതിന്റെ അടിസ്ഥാനത്തിൽ കൃത്യമായ ഗവേഷണ പദ്ധതികൾക്കു രൂപം കൊടുക്കാനും ഇത് സഹായിക്കും. മാത്രവുമല്ല ഈ ഗവേഷണ പ്രോജക്ടുകൾ ആവശ്യക്കാർ തന്നെ മോണിറ്റർ ചെയ്യുകയും ഭേദഗതികൾ നിർദേശിക്കുകയും ചെയ്യുന്ന അവസ്ഥയും ഉണ്ടാകും. അലമാരകളിൽ ഉറങ്ങാനുള്ള കട്ടിയുള്ള റിപ്പോർട്ടുകൾക്കു പകരം വ്യക്തമായ നിർദേശങ്ങളും കർമ പരിപാടികളുമായിരിക്കും ഈ പഠനങ്ങളുടെ ഫലമായി ഉണ്ടാകുക. അവ പ്രായോഗികമല്ലെങ്കിൽ അതിനെ സംബന്ധിച്ച ഫീഡ് ബാക്കും ഉപഭോക്തൃ ഏജൻസികളിൽ നിന്ന് ഗവേഷകർക്ക് കിട്ടും. അതിന്മേൽ തുടർനടപടികൾ എടുക്കേണ്ടിയും വരും.

> ഞങ്ങളും നാനോ ടെക്നോളജിയിൽ അല്ലെങ്കിൽ ബയോടെക്നോളജിയിൽ വർക്ക് ചെയ്യുന്നുണ്ട് എന്ന് മേനി നടിക്കാനായി ഗവേഷണം നടത്തുന്നതിൽ അർത്ഥമില്ല

സർക്കാർ ഡിപ്പാർട്ടുമെന്റുകളെപോലെ തന്നെ നിർവഹണ രംഗത്ത് പ്രവർത്തിക്കുകയും അറിവിന്റെ പരിമിതി അനുഭവപ്പെടുകയും ചെയ്യുന്ന മറ്റൊരു വിഭാഗമാണ് തദ്ദേശ സ്വയഭരണ സ്ഥാപനങ്ങൾ. അവയ്ക്ക്, പക്ഷേ തങ്ങളുടെ പ്രായോഗിക പ്രശ്നങ്ങളെ ശാസ്ത്ര സാങ്കേതിക ഭാഷയിൽ അവതരിപ്പിക്കുന്നതിനു തന്നെ വിദഗ്ധ സഹായം വേണ്ടിവരും. ഇത് നിർവഹിക്കുന്നതിനായി തന്നെ ജില്ലാതലത്തിൽ എങ്കിലും ഒരു സംവിധാനം ഉണ്ടാകേണ്ടിവരും. ഇത്തരം പ്രശ്നങ്ങളെ യുക്തമായ ഗവേഷണ സ്ഥാപനവുമായി ബന്ധപ്പെടുത്തുക, ഗവേഷണ ഫലങ്ങളെ പ്രാദേശിക സ്വയം ഭരണ സ്ഥാപനങ്ങളിൽ എത്തിക്കുക, അവയെ പ്രശ്ന പരിഹാരത്തിനായി പ്രയോഗിക്കുക എന്നതിനൊക്കെ അവർക്ക് സഹായം ആവശ്യമായേക്കാം.

തദ്ദേശഭരണ സ്ഥാപനങ്ങളും തങ്ങളുടെ വാർഷിക പദ്ധതിയിൽ നിന്ന് ഒരു നിശ്ചിത പങ്ക് ഇത്തരം സ്പോൺസേർഡ് ഗവേഷണ പഠന പ്രവർത്തനങ്ങൾക്കായി നീക്കിവയ്ക്കുന്നത് നല്ലൊരു കാര്യം ആയിരിക്കും.

തീർച്ചയായും സംസ്ഥാനതല ശാസ്ത്ര സാങ്കേതിക സ്ഥാപനങ്ങളുടെ എസ്റ്റാബ്ലിഷ്മെന്റ് ചെലവ് സംസ്ഥാന ബജറ്റിൽ നിന്നുതന്നെയാണ് വഹിക്കേണ്ടത്. പക്ഷേ അവരുടെ റിസർച്ച് ബജറ്റിന്റെ സിംഹഭാഗവും ഇത്തരം സ്പോൺസേർഡ് ഫണ്ടിങ്ങിലൂടെ തന്നെ വന്നെങ്കിൽ മാത്രമേ മേൽ സൂചിപ്പിച്ച വിധം അവരുടെ ഗവേഷണ അജണ്ടയുടെ സാമൂഹിക പ്രസക്തി ഉറപ്പാക്കാനാവൂ. ഇതിനർത്ഥം അവർ ശുദ്ധ ശാസ്ത്ര മേഖലയിലോ പ്രയുക്ത ശാസ്ത്ര മേഖലയിലോ തനതായ യാതൊരു പഠനവും നടത്തേണ്ടെന്നോ അതിനായി സംസ്ഥാന സർക്കാർ ഫണ്ട് കൊടുക്കേണ്ടതില്ല എന്നോ അല്ല, എന്ന് ഒരിക്കൽക്കൂടി വ്യക്തമാക്കി കൊള്ളട്ടെ. അതൊക്കെ വേണ്ടതു തന്നെ. പക്ഷേ അത് മൊത്തം പ്രവർത്തനത്തിന്റെ ഒരു ഭാഗമേ ആകാവൂ. എന്നുമാത്രമല്ല ആ തരത്തിലുള്ള ഗവേഷണങ്ങൾ അത്യുന്നത നിലവാരം പുലർത്തുന്നുവെങ്കിൽ മാത്രമെ അതിനു പ്രസക്തിയും ഉള്ളൂ. "ഞങ്ങളും നാനോ ടെക്നോളജിയിൽ അല്ലെങ്കിൽ ബയോടെക്നോളജിയിൽ വർക്ക് ചെയ്യുന്നുണ്ട്" എന്ന് മേനി നടിക്കാനായി ഗവേഷണം നടത്തുന്നതിൽ അർത്ഥമില്ല. അഗ്രതല ഗവേഷണം നടത്താൻ വേണ്ട ശേഷിയും അനുസാരികളുമുള്ള ഗ്രൂപ്പുകൾ മാത്രം അത്തരം ഗവേഷണ പദ്ധതികൾ ഏറ്റെടുത്താൽ മതി. അവയുടെ ഗുണമേന്മ അന്താരാഷ്ട്ര നിലവാരം അനുസരിച്ച് തന്നെ വിലയിരുത്തപ്പെടുകയും വേണം. ഇന്റർനാഷണൽ പേപ്പറുകളുടെ എണ്ണവും പേറ്റന്റുകളുമൊക്കെ അവർക്ക് ബാധകമാക്കണം. പക്ഷേ നമ്മുടെ നാട്ടിലെ കളിമൺ വ്യവസായത്തിന്റെയോ കശുവണ്ടി വ്യവസായത്തിന്റെയോ ഖരമാലിന്യത്തിന്റെയോ പ്രശ്നങ്ങൾ പരിഹരിക്കാനുള്ള ഗവേഷണം അതെത്ര പ്രയോജനപ്രദമായിരുന്നാൽ പോലും ഇന്റർനാഷണൽ പേപ്പറുകളോ പേറ്റന്റോ നൽകണമെന്നില്ല. അതുകൊണ്ട് തന്നെ അവയെ വിലയിരുത്താനും ആ ഗവേഷകരെ അംഗീകരിക്കുവാനും വ്യത്യസ്ത മാനദണ്ഡങ്ങളും ഉണ്ടാകണം.

"പരീക്ഷ എങ്ങനെയോ, പഠിത്തം അങ്ങനെ" എന്നുപറഞ്ഞതുപോലെ "പ്രോമോഷൻ എങ്ങനെയോ പ്രവർത്തനം അങ്ങനെ" എന്നാണ് ഉദ്യോഗസ്ഥരുടെയും രീതി. അതുകൊണ്ട് നാടിനു ചേർന്ന സാങ്കേതിക വിദ്യ വികസിപ്പിക്കുകയും നാട്ടാരുടെ പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്തുകയും ചെയ്യുന്ന ശാസ്ത്ര സാങ്കേതിക വിദഗ്ധരുടെ പ്രവർത്തനം വിലയിരുത്തി അംഗീകരിക്കുന്നതിനുള്ള സംവിധാനം കൂടി ഉണ്ടായാലേ ഗവേഷണ അജണ്ടയെക്കുറിച്ചുള്ള നിർദ്ദേശങ്ങൾ പൂർത്തിയാകൂ.■

ഡോ. എം.പി. ജോർജ്

# മരുന്നു
# ആർക്കു

രോഗചികിത്സയിലെ ഏറ്റവും പ്രധാനപ്പെട്ട ഘടകമാണല്ലോ മരുന്ന്. ദശകങ്ങൾക്കു മുൻപുള്ള 30-40 വയസിൽ നിന്ന് മനുഷ്യന്റെ ശരാശരി ആയുർദൈർഘ്യം 70 കൾക്കു മുകളിൽ എത്തിയതിൽ മരുന്നുകൾക്കുള്ള പങ്ക് വിസ്മരിക്കാവുന്നതല്ല. ആധുനിക വൈദ്യശാസ്ത്രത്തിൽ ഓരോ വർഷവും നിരവധി പുതിയ മരുന്നുകൾ കണ്ടുപിടിക്കപ്പെടുന്നുണ്ട്. നിഷ്കൃഷ്ടമായ പരീക്ഷണങ്ങൾക്കും ഗവേഷണങ്ങൾക്കും ശേഷം മൃഗങ്ങളിലും തുടർന്ന് എത്തിക്സ് കമ്മിറ്റികളുടെ അംഗീകാരത്തോടെ മനുഷ്യനിലുമൊക്കെ പരീക്ഷിച്ച് ഫലപ്രാപ്തി ഉറപ്പാക്കിയ ശേഷമാണ് ആധുനിക വൈദ്യത്തിൽ ഓരോ മരുന്നും ചികിത്സകന്റെ കൈകളിലെത്തുന്നത്. അവയുടെ രോഗനിർണയശേഷിയും രാസഘടനയും പാർശ്വഫലങ്ങളുമൊക്കെ വ്യക്തമായി ബോധ്യപ്പെടുന്ന ഭിഷഗ്വരൻ അതിന്റെയൊക്കെ അടിസ്ഥാനത്തിൽ രോഗികൾക്ക് ഇത് നൽകുന്നു. ഇതുകൊണ്ടു മാത്രം മരുന്ന് പൂർണഫലപ്രാപ്തി നൽകുന്നില്ല. ഓരോ മരുന്നും കഴിക്കേണ്ട അളവ്, കൃത്യമായ ഇടവേള, മരുന്നുകൾ സൂക്ഷിക്കുന്ന രീതി തുടങ്ങിയവയെല്ലാം ശരിയായിരുന്നാലേ ഓരോ മരുന്നും കൊണ്ട് ഉദ്ദിഷ്ട ഫലമുണ്ടാകൂ. ഉദാഹരണത്തിന് 8 മണിക്കൂർ ഇടവേളയിൽ കഴിക്കേണ്ട ഒരു ആന്റിബയോട്ടിക് ഒരെണ്ണം രാവിലെ 10 മണിക്കും മറ്റൊന്ന് ഉച്ചയ്ക്ക് ഒരു മണിക്കും തുടർന്ന് രാത്രി 9 മണിക്കും കഴിച്ചാൽ അതുകൊണ്ട് ഉദ്ദിഷ്ട ഫലമുണ്ടാകണമെന്നില്ല. അതുപോലെ അഞ്ച് ദിവസമാണ് ഒരു മരുന്നു കഴിക്കേണ്ട കാലാവധിയെങ്കിൽ അത് രണ്ട് ദിവസം കൊണ്ട് നിറുത്തിയാലും രോഗം പൂർണമായും ഭേദമാകുന്നില്ല. നമ്മുടെ നാട്ടിൽ പലരും രോഗത്തിന്റെ അവശതകൾ മാറുമ്പോൾ രോഗം തന്നെ മാറിയെന്ന തെറ്റിദ്ധാരണയിൽ ഇത്തരത്തിൽ ആന്റിബയോട്ടിക്കുകൾ കഴിക്കുന്നതു നിറുത്തുന്നുണ്ട്. ഇത് പലപ്പോഴും കൂടുതൽ അപകടത്തിലേക്കാവും നയിക്കുക. മറ്റൊരു രീതി കൃത്യമായ ഡോസിനു പകരം രോഗം പെട്ടെന്നു ശമിക്കാനായി അമിതഡോസ് കഴിക്കുന്നതാണ്. അപകടം നിറഞ്ഞ പ്രവൃത്തിയാണ് അതും.

ഡോക്ടർമാരുടെ നിർദേശാനുസരണം കഴിക്കേണ്ട മരുന്നുകൾ സ്വന്തം നിലയ്ക്ക് വാങ്ങി കഴിക്കുന്നവരും ഒരു രോഗിക്ക് ഡോക്ടർ കുറിച്ചുകൊടുത്ത മരുന്ന് അതേ രോഗമുണ്ടെന്നതുകൊണ്ടു മാത്രം മറ്റൊരാൾ വാങ്ങിക്കഴിക്കുന്നതും ആശാസ്യമല്ല എന്നു മാത്രവുമല്ല പലപ്പോഴും അപകടകരവുമാണ്. ഇത്തരത്തിൽ മരുന്നിന്റെ കാര്യത്തിൽ തെറ്റായ പ്രവണതകൾ പലതും അരങ്ങേറുന്നുണ്ട്.

എന്നാൽ ഇതിൽ നിന്നും വ്യത്യസ്തമായി മരുന്നിനെ ഒരു രോഗപ്രതിരോധ ഉപാധി എന്ന നിലയിൽ കാണാതെ ഒരു ചൂഷണോപാധിയായി കാണുന്ന മരുന്നുകമ്പനികൾ വരുത്തിവയ്ക്കുന്ന ദോഷവും ചെറുതല്ല. കേരളീയരിൽ അമിതമായി മരുന്നു കഴിക്കുന്നതിനുള്ള പ്രവണതയുണ്ടാകുന്നതിനു കാരണക്കാർ ഇത്തരം കമ്പനികളും അവരെ തുണയ്ക്കുന്ന ഒരു വിഭാഗം ഡോക്ടർമാരുമാണെന്നതു പറയാതെ വയ്യ.

കേരളത്തിൽ വിറ്റഴിക്കപ്പെടുന്ന മരുന്നുകളുടെ ബാഹുല്യം ആരെയും അമ്പരപ്പിക്കുന്നതാണ്. സൗന്ദര്യസംവർദ്ധക വസ്തുക്കളും ടിൻ ഫുഡും പോലെ മരുന്നും ഏറ്റവും കൂടുതൽ ചെലവഴിക്കപ്പെടുന്നത് നമ്മുടെ ഉപഭോഗ സംസ്കാരത്തിന്റെ ഭാഗം മാത്രമായാണ് ജനങ്ങളും സർക്കാരും കണ്ടിരുന്നത്.

ഇന്ത്യ മൊത്തമായി നോക്കിയാൽ മൂന്നു ശതമാനം മാത്രം വരുന്ന കേരളീയർ ഇന്ത്യൻ വിപണിയുടെ 10% മരുന്നുകളാണ് കഴിക്കുന്നത്. നാം ദേശീയ ശരാശരി ഉപയോഗത്തിന്റെ മൂന്നിരട്ടി മരുന്ന് കഴിക്കുന്നു എന്നാണ് ഇതിനർഥം. യഥാർത്ഥത്തിൽ, ജനങ്ങളുടെ ആരോഗ്യം മെച്ചമായ സംസ്ഥാനത്തിന് മരുന്നുകൾ വളരെക്കുറച്ചു മതിയാകും. ഈ കണക്കിൽപ്പെടാത്ത ആയുർവേദ ഹോമിയോ മരുന്നുകൾ ഏറ്റവും കൂടുതൽ കഴിക്കുന്നവരും കേരളീയർ തന്നെ. നമുക്കാവശ്യമുള്ളതിന്റെ എത്ര ഇരട്ടിയാണ് നാം മരുന്നുകൾ കഴിക്കുന്നത്?

ഇന്ന് രോഗികൾക്കാശ്വാസം മരുന്നാണ്;

> കൂടുതൽ മരുന്ന് കഴിച്ചാൽ കൂടുതൽ പ്രയോജനമുണ്ടാകും എന്നാണ് പലരും കരുതിയിരിക്കുന്നത്. കൂടുതൽ അളവിൽ ഒരു മരുന്നും പ്രയോജനം ചെയ്യില്ല എന്നു മാത്രമല്ല അത് മാരകവുമാണ്.

ഡോക്ടറല്ല. സ്വയം ചികിത്സയുടെ മുഖ്യ കാരണവും ഇതുതന്നെ. പിന്നെ ഡോക്ടർക്കും ആശുപത്രിയിലും പണം ചെലവാക്കുകയും വേണ്ടല്ലോ.

മരുന്നിന്റെ വില അനുദിനം കൂടിക്കൊണ്ടിരിക്കുന്നു. ലോകാരോഗ്യ സംഘടന നടത്തിയ പഠനത്തിൽ അനേകായിരം കുടുംബങ്ങൾ ദാരിദ്ര്യരേഖയ്ക്ക് താഴേക്ക് പോകുന്നത് ആശുപത്രിച്ചെലവുകളും അതിൽത്തന്നെ നല്ലൊരു ഭാഗം മരുന്നുകൾ കൊണ്ടുമാണെന്ന് കണ്ടെത്തിയിട്ടുണ്ട്. നമ്മുടെ നാട്ടിൽ മരുന്നിന്റെ ചെലവ് താങ്ങാനാവാതെ ഓരോ കൊല്ലവും പട്ടിണിയിലേക്ക് വീഴുന്ന നിരവധി കുടുംബങ്ങൾ ഉണ്ട് . താൻ എഴുതിക്കൊടുക്കുന്ന ആവശ്യമില്ലാത്ത വിലപിടിച്ച മരുന്നുകൾ രോഗിക്ക്, വീട്ടിലുള്ളതെല്ലാം വിറ്റും പട്ടിണി കിടന്നും വാങ്ങിക്കഴിക്കേണ്ടിവരും എന്ന് പല ഡോക്ടർമാരും ചിന്തിക്കുന്നില്ല. നമുക്കാവശ്യമില്ലാത്ത മരുന്നുകൾ അടിച്ചേൽപിക്കുന്ന ഡോക്ടർമാരെ പൊതുജനങ്ങൾ തിരിച്ചറിയണം.

കൂടുതൽ മരുന്ന് കഴിച്ചാൽ കൂടുതൽ പ്രയോജനമുണ്ടാകും എന്നാണ് പലരും കരുതിയിരിക്കുന്നത്. ഒരു രാസവസ്തുവിനെ മരുന്നാക്കി മാറ്റുന്നത് അതിന്റെ ഡോസ് ആണ്. കൂടുതൽ അളവിൽ ഒരു മരുന്നും പ്രയോജനം ചെയ്യില്ല എന്നു മാത്രമല്ല അത് മാരകവുമാണ്. മരുന്ന്, ഡോസ്, ദൂഷ്യവശങ്ങൾ മുതലായവ ബോധ്യമാക്കാതെയാണ് ഇന്ന് പല ഡോക്ടർമാരും മരുന്നുകൾ കുറിച്ചു നൽകുന്നത്. ഒരു കുറിപ്പിൽത്തന്നെ രണ്ടും മൂന്നും ആന്റിബയോട്ടിക്കുകൾ എഴുതുന്നത് ഇന്ന് സാധാരണയാണ്. ഇത് ഒരുപക്ഷേ ഏറ്റവും കൂടുതൽ ദുരുപയോഗം ചെയ്യപ്പെടുന്നത് ജലദോഷത്തിനാണ്. ഒരു രാസവസ്തുവിനെ മരുന്നാക്കി മാറ്റുന്നത് അതിന്റെ ഡോസ് ആണ്.

മരുന്നിനെയും അതിന്റെ ദൂഷ്യവശങ്ങളെയും കുറിച്ച് ഡോക്ടർക്കും രോഗികൾക്കുമുള്ള അജ്ഞത, മരുന്നു കമ്പനികൾ ശരിക്കും മുതലെടുക്കുകയാണ്.



# കൾ
# ുവേണ്ടി

വില്പന കൂടുന്നതനുസരിച്ച് മരുന്നു കമ്പനികളുടെ ലാഭം കൂടുന്നു. ഡോക്ടർ കുറിച്ചാൽ ജനങ്ങൾ വാങ്ങിയേ പറ്റൂ. ഡോക്ടറെ ചാക്കിടലാണ് പല മെഡിക്കൽ റപ്രസെന്റേറ്റീവുമാരുടെയും പണി. വില്പനയുടെ തന്ത്രങ്ങൾ അറിയുന്നവനാണ് റെപ്രസെന്റേറ്റീവ്. അവർക്ക് മരുന്നിനെക്കുറിച്ചുള്ള വിവരം കമ്പനി നൽകുന്നതാണ്. വില്പന ലക്ഷ്യത്തിലും കമ്മീഷനിലും താത്പര്യമുള്ള റപ്രസെന്റേറ്റീവിന് ദൂഷ്യവശങ്ങൾ അറിഞ്ഞാലും പറയേണ്ട കാര്യമില്ല. സമ്മാനങ്ങൾ നൽകി പ്രലോഭിപ്പിക്കുമ്പോൾ അതറിഞ്ഞില്ലെങ്കിലും കുഴപ്പമില്ലെന്നു കരുതുന്ന ഡോക്ടർമാരും കുറവല്ല. അല്ലെങ്കിൽത്തന്നെ, ഒരേ മരുന്ന് പത്തു പേർ കൊണ്ടുവരുമ്പോൾ എന്താണ് പുതിയതായി കേൾക്കാൻ കഴിയുക?

നിർമാതാക്കൾ, റെപ്രസെന്റേറ്റീവ്, ഡോക്ടർമാർ, കച്ചവടക്കാർ എല്ലാവരുടെയും ലാഭം വില്പനയുടെ ശതമാനത്തിലാണ്. എല്ലാവരും വില്പന കൂട്ടാൻ ഓടി നടക്കുമ്പോൾ പ്രശ്നം വഷളാകുന്നു.

വിദേശ രാജ്യങ്ങളിൽ, രോഗികളുടെ സഹായത്തിന് ക്ലിനിക്കൽ ഫാർമസിസ്റ്റ് ഉണ്ട്. മരുന്നിനെക്കുറിച്ച് ആധികാരികമായ അറിവുള്ള അവർ രോഗികൾക്ക് എല്ലാ വിവരവും നൽകും. അനാവശ്യമായ ഒരു മരുന്നു പോലും ഉപയോഗിക്കേണ്ടി വന്നാൽ അവിടെ ഡോക്ടർ നഷ്ടപരിഹാരം നൽകേണ്ടി വരുന്നത് കോടിക്കണക്കിനാണ്. ഒരുവന് ഏറ്റവും വിലപ്പെട്ടത് അവന്റെ ശരീരം തന്നെയാണ്.

നമ്മുടെ നാട്ടിൽ ഫാർമസിസ്റ്റ് ഉണ്ടോയെന്നുപോലും പൊതുവെ ജനങ്ങൾക്കറിയില്ല. ഇന്ത്യയിലൊഴികെ ലോകത്തെവിടെയും ഫാർമസിസ്റ്റിനു വേണ്ട യോഗ്യത ഡിഗ്രി ആണ്. അതുകൊണ്ടു തന്നെ ഇവിടെ ഒരു ഡിപ്ലോമ ഫാർമസിസ്റ്റിന് ഡോക്ടർ എഴുതുന്ന തെറ്റുകൾ ചൂണ്ടിക്കാണിക്കാൻ ആധികാരികതയോ ധൈര്യമോയില്ല. എന്നാൽ മരുന്നിനെക്കുറിച്ച് ഡിപ്ലോമ ഫാർമസിസ്റ്റ് പഠിക്കുന്നതിന്റെ പത്തിലൊന്നു പോലും ഡോക്ടർമാർക്ക് പഠിക്കാനില്ല എന്നതാണ് വസ്തുത. ഡോക്ടർ പഠിക്കുന്നത് രോഗ നിർണയവും ചികിത്സയും നിവാരണവുമാണ്; അതുതന്നെയാണ് ഏറ്റവും മഹനീയമായ അറിവും.

> ധർമച്യുതിയിൽ, ഇന്ന് മെഡിക്കൽ പ്രൊഫഷനെ കച്ചവടമാക്കി മാറ്റുന്ന പ്രവണത വർദ്ധിച്ചു വരികയാണ്.

രോഗിയിൽ ഏത് മരുന്നും എത്ര അളവിലും അടിച്ചേൽപ്പിക്കുന്ന പ്രവണത വർദ്ധിച്ചു വരികയാണ്. വിദേശയാത്ര, കാർ തുടങ്ങിയ കോംപ്ലിമെന്റ്സ് ഇന്നാർക്കും വേണ്ട. ഒരു കമ്പനിയിൽ നിന്ന് പ്രതിമാസം ഒരു ലക്ഷം രൂപ കൈപ്പറ്റുന്നവരെയും കടത്തിവെട്ടി, എഴുതിക്കൊടുക്കുന്ന മരുന്നുകളുടെ റീട്ടെയിൽ വിലയുടെ മുപ്പതു ശതമാനം വരെയെത്തി നിൽക്കുന്നു ഡോക്ടർമാരുടെ പ്രതിഫലം.

കേരളത്തിൽ വർധിച്ചു വരുന്ന ബ്ലഡ് പ്രഷർ, ഡയബറ്റിസ്, ആസ്ത്മ, കാൻസർ മുതലായ രോഗങ്ങളും, രോഗികൾ കഴിച്ചതും കഴിച്ചുകൊണ്ടിരിക്കുന്നതുമായ മരുന്നുകളും തമ്മിലുള്ള ബന്ധം ആരും ശ്രദ്ധിച്ചിട്ടില്ല. അനാവശ്യ മരുന്നുകൾ മനുഷ്യനിലുണ്ടാക്കുന്ന അപകടങ്ങൾ പഠന വിധേയമാക്കേണ്ടതുണ്ട്.

ധർമച്യുതിയിൽ, ഇന്ന് മെഡിക്കൽ പ്രൊഫഷനെ കച്ചവടമാക്കി മാറ്റുന്ന പ്രവണത വർദ്ധിച്ചു വരികയാണ്. മരണത്തിൽ നിന്ന് ജീവിതത്തിലേക്കും രോഗത്തിൽ നിന്ന് ആരോഗ്യത്തിലേക്കും നമ്മെ തിരിച്ചുകൊണ്ടുവരാൻ കഴിയുന്ന ഡോക്ടർ, ഇന്നലെകളിൽ ദൈവത്തിന്റെ പ്രതിരൂപമായിരുന്നു. ഒരു പരിധി വരെ ആ വിശ്വാസത്തിന്റെ നഗ്നമായ ചൂഷണമാണ് ഇന്ന് നടക്കുന്നത്.

രോഗം മാറ്റുന്നത് മരുന്നല്ല, ശരീരം തന്നെയാണ്; മരുന്നുകൾ അതിനുള്ള ഉപകരണം മാത്രമാണ്. മരുന്നിലുള്ള വിശ്വാസം പലപ്പോഴും മരുന്നിനെക്കാൾ ഫലം നൽകുന്നു.വൈദ്യശാസ്ത്രത്തിൽ ഇതിനെ പ്ലസീബോ എഫക്റ്റ് എന്നാണ് വിളിക്കുന്നത്.പല രോഗങ്ങളും അതിന്റെ പ്രതിവിധികളും സ്ഥൂല ശരീരത്തെ മാത്രം ആശ്രയിച്ച് നിൽക്കുന്നതല്ല. മനസ്സ് അതിൽ സുപ്രധാന പങ്ക് വഹിക്കുന്നു. നമ്മുടെ രോഗങ്ങളിൽ പലതും മനസ്സിന്റെ വിക്രിയ

ശേഷം പേജ് 47

## മരുന്നുകൾ ആർക്കുവേണ്ടി

പേജ് 31 തുടർച്ച

കളാണ്. അനാവശ്യമായ സംശയം, ആകാംക്ഷ, പേടി ഇവയെല്ലാം നമ്മെ രോഗികളാക്കുന്നു. ടെൻഷൻ ആണ് ആധുനികതയുടെ മുഖമുദ്ര.

മരുന്നിനെക്കുറിച്ച് ധാരാളം പഠിക്കുന്ന, അതിന്റെ ദൂഷ്യഫലങ്ങളെക്കുറിച്ച് അറിവുള്ള ധാരാളം ഡോക്ടർമാർ ഇവിടെയുണ്ട്. മരുന്ന് എഴുതാതെയും വളരെക്കുറച്ച് മരുന്ന് എഴുതിയും ചികിത്സിക്കുന്ന അവരിൽ പലരെയും നാം അറിയുന്നില്ല. അവരർഹിക്കുന്ന ആദരം നൽകുന്നില്ല. ഒരുപാട് എഴുതിത്തരുന്നവനല്ല, മരുന്നെഴുതാതെ നമ്മെ ചികിത്സിക്കുന്ന ഡോക്ടർ ആണ് മഹാൻ എന്ന് നാം തിരിച്ചറിയണം. മണിക്കൂറിൽ 50 രോഗികളെ നോക്കുന്ന തിരക്കുള്ള ഡോക്ടറെയല്ല, നൊമ്പരങ്ങൾ പങ്കുവച്ച് ആശ്വസിപ്പിച്ച് പരിശോധിക്കുന്ന ഡോക്ടറെയാണ് നമുക്കാവശ്യം. സ്പെഷ്യലിസ്റ്റിനെ തിരഞ്ഞെടുക്കേണ്ടത് നിങ്ങളല്ല, നിങ്ങളുടെ ഡോക്ടർ ആണ്. നിങ്ങളറിയുന്ന, നിങ്ങളെയറിയുന്ന, അടുത്തുള്ള ഒരു ഡോക്ടറെ വിശ്വസിക്കുക. അദ്ദേഹത്തിന്റെ ഉപദേശങ്ങൾ സ്വീകരിക്കുക. വലിയ വലിയ ആശുപത്രികൾ കണ്ട് അസൂയപ്പെടേണ്ട. അവിടെ ഒരിക്കലും കയറ്റാതിരിക്കണമെന്ന് മാത്രം പ്രാർത്ഥിക്കുക.

### പരസ്യങ്ങളും മരുന്നുകളും

ചില രോഗങ്ങൾ ചികിത്സിച്ചു മാറ്റുക പ്രയാസമാണ്. ജീവിത രീതിയും ജോലിയും ഭക്ഷണവും വ്യായാമവും ഉറക്കവുമെല്ലാം വ്യത്യാസപ്പെടുത്താതെ തന്റെ രോഗം മരുന്നുകൊണ്ട് മാറുമെന്ന് വിശ്വസിച്ച് ഒരു ഡോക്ടറിൽ നിന്ന് വേറൊരാളിലേക്കും ഒരു മരുന്നിൽ നിന്ന് വേറൊന്നിലേക്കും ഓടിനടക്കുന്ന അനേകം പേർ ഇവിടെയുണ്ട്. അല്പം ആശ്വാസത്തിനു വേണ്ടി ഓടിനടക്കുന്ന അവരെ കുറ്റം പറയുകയല്ല. അവരെ പ്രലോഭിപ്പിക്കാനാണ് മരുന്നുകളുടെ പരസ്യങ്ങൾ. പരസ്യം നടത്തി മാത്രം മരുന്ന് വിറ്റ് ജീവിക്കുന്ന ഒരാൾ പറഞ്ഞത് ആയിരം മണ്ടന്മാർ ഇതു വായിക്കുമ്പോൾ അതിൽ ഒരു മണ്ടൻ ഇതു വാങ്ങും, എനിക്കതു മതി എന്നാണ്. പരസ്യങ്ങൾ പറയുന്നത് ശരിയായിരുന്നെങ്കിൽ പ്രമേഹം, ആസ്ത്മ, അമിതവണ്ണം, കഷണ്ടി ഇവയൊക്കെ പോയി ഇവിടെയെല്ലാവരും സുന്ദരന്മാരും സുന്ദരികളും ആയിത്തീരുമായിരുന്നു. ഏതെങ്കിലും ഒരു മരുന്നിന് പരസ്യത്തിൽ പറഞ്ഞിരിക്കുന്ന പ്രയോജനം നൽകാൻ കഴിഞ്ഞാൽ ആ മരുന്നിന് പരസ്യത്തിന്റെ ആവശ്യമേയില്ല. ജനം കാത്തുകെട്ടിക്കിടന്ന് അതു വാങ്ങുമായിരുന്നു. അതു കണ്ടുപിടിച്ചവർക്ക് നോബൽ സമ്മാനവും ലഭിക്കുമായിരുന്നു.

പരസ്യത്തിൽ കാണുന്ന മരുന്നുകളെല്ലാം ബഹിഷ്കരിക്കുക. മരുന്നുകളുടെ പരസ്യങ്ങൾ കണ്ടാൽ അടുത്തുള്ള ഡ്രഗ്സ് ഇൻസ്പെക്ടർക്ക് പരാതി അയയ്ക്കുക. അവർ നിയമ നടപടികൾ എടുക്കുന്നതാണ്. ■

*സംസ്ഥാനസർക്കാരിന്റെ ഡ്രഗ്സ് കൺട്രോളർ-ഇൻ-ചാർജാണ് ലേഖകൻ*

സംസ്കാരം

■ ഡോ. എം. വി. വിഷ്ണുനമ്പൂതിരി

# സമാരാധനാരീതിയിലെ ക്ഷേത്ര കലകൾ

ക്ഷേത്രകലകളെ സംബന്ധിച്ച് പല പ്രകാരമുള്ള ധാരണകളാണ് പലർക്കുമുള്ളത്. ക്ഷേത്രകലകളിൽ ഏതെല്ലാമാണ് ഉൾപ്പെടുക, നാടൻ കലകൾ ക്ഷേത്രകലകളാകുമോ തുടങ്ങിയ ചോദ്യങ്ങൾ പലരിൽ നിന്നും കേൾക്കുവാൻ കഴിഞ്ഞു. ഇവയ്ക്കെല്ലാം ഒറ്റവാക്കിൽ ഉത്തരം പറയുകയെന്നത് ശ്രമസാധ്യമാണ്. കാരണം, നമ്മുടെ ക്ഷേത്രസങ്കല്പത്തിൽത്തന്നെ വർത്തമാനകാലത്ത് മാറ്റങ്ങൾ സംഭവിച്ചുകൊണ്ടിരിക്കുകയാണ്. കാവ്, സ്ഥാനം തുടങ്ങിയ പേരുകളിൽ അറിയപ്പെട്ടിരുന്ന ആരാധനാലയങ്ങൾ മിക്കതും ക്ഷേത്രങ്ങളെന്ന പേരിൽ വിളിക്കപ്പെടുവാൻ തുടങ്ങിയിട്ടുണ്ട്. കാവ്, ക്ഷേത്രം എന്നിവയുടെ ഘടന, പ്രതിഷ്ഠാഭേദം തുടങ്ങിയവ പരിശോധിച്ചാൽ അവ തുലോം ഭിന്നങ്ങളാണെന്നു ബോധ്യപ്പെടും. പഞ്ചപ്രാകാരങ്ങളോടുകൂടിയവയാണ് ക്ഷേത്രങ്ങൾ. അവിടങ്ങളിൽ ഷഡാധാരപ്രതിഷ്ഠയുമുണ്ടാകും. ഉത്സവാദികൾക്കും പ്രത്യേകതയുണ്ട്. കാവുകൾക്ക് ഈ പ്രത്യേകതകൾ കണ്ടിരുന്നില്ല. ക്ഷേത്രങ്ങളുമായി നാമമാത്രമായി ബന്ധമുള്ള കലകളെപ്പോലും ക്ഷേത്രകലകളായിട്ടാണ് ഇന്നും പരിഗണിച്ചുകാണുന്നതെന്നുള്ളതും ഓർത്തിരിക്കേണ്ടതാണ്.

ആരാധനാലയങ്ങൾ കലയുടെയും സംസ്കാരത്തിന്റെയും കേന്ദ്രങ്ങൾ കൂടി ആയിരുന്നു. കലകളിലൂടെ വിജ്ഞാനം പകരുകയെന്ന അനൗപചാരിക വിദ്യാഭ്യാസരീതി നിലനിന്നിരുന്നു. അതുകൊണ്ട് മിക്ക കലകൾക്കും ക്ഷേത്രാങ്കണത്തിൽ പ്രവേശമനുവദിച്ചു. കല ആരാധനയുടെയും ഉത്സവച്ചടങ്ങുകളുടെയും ഭാഗമായിരുന്നു. ദേവീദേവന്മാരെ പ്രീണിപ്പിക്കുവാനുള്ള സമാരാധനാരീതിയായി കലകളെ കണ്ടിരുന്നു. ഇത്തരമൊരു സാമൂഹിക പശ്ചാത്തലത്തിലാണ് ക്ഷേത്രകലകൾ വികാസം കൊണ്ടത്.

പല കലകളെയും ക്ഷേത്രകലകളെന്നു ഇന്ന് വ്യവഹരിക്കുന്നത് ഗതാനുഗതികന്യായപ്രകാരമാണ്. ഒരു കാലത്ത് ക്ഷേത്രോത്സവങ്ങളിൽ നിർബന്ധമായും ഉണ്ടാകാറുള്ള കഥകളി, ചാക്യാർകൂത്ത്, കൂടിയാട്ടം, തുള്ളൽ, പാഠകം, തെക്കൻകുറത്തിയാട്ടം എന്നിവയൊക്കെ ക്ഷേത്രകലകളെന്ന വ്യവഹാരത്തിന് കാരണമായിത്തീർന്നത് അപ്രകാരമാണ്. ചില അനുഷ്ഠാനകലകൾ കാവുകളിലാണ് അവതരിപ്പിക്കപ്പെടാറുള്ളതെന്നതുകൊണ്ട് അവയ്ക്ക് ക്ഷേത്രകലകളെന്ന പദവി ലഭിക്കാതെ പോവുകയും ചെയ്തു. ക്ഷേത്രകലകളെക്കുറിച്ചു പറയുമ്പോൾ ഈ സ്ഥിതിവിശേഷങ്ങളെല്ലാം ഇന്ന് ചിന്തിക്കേണ്ടതായി വരുന്നു. ശാസ്ത്രീയങ്ങളെന്നോ അർദ്ധശാസ്ത്രീയങ്ങളെന്നോ നാടൻ പാരമ്പര്യത്തിലുള്ളവയെന്നോ ഉള്ള തരം തിരിവ് ക്ഷേത്രകലകളെ സംബന്ധിച്ച് നടത്താമെങ്കിലും അതിന് പ്രസക്തി കുറയും. അനുഷ്ഠാനം, ആരാധന, ദേവതാപ്രീണനം എന്നീ ധർമ്മങ്ങളുടെ ഏറ്റക്കുറച്ചിലനുസരിച്ചും ക്ഷേത്രകലകളെ വർഗീകരിക്കാം. വളരെ സങ്കീർണ്ണമായ ഈ പ്രശ്നത്തിൽ ക്ഷേത്രകലകളെ ക്ഷേത്രോത്സവകലകൾ, ദേവതാ നർത്തനകലാരൂപങ്ങൾ, ദേവതാപ്രീണന കലകൾ എന്നിങ്ങനെ വകതിരിക്കുന്നതാണ് അഭികാമ്യമായി തോന്നുന്നത്. അതേസമയം, ക്ഷേത്രങ്ങളിലും കാവുകളിലും അവതരിപ്പിക്കാറുള്ള പ്രാക്തന കലകൾക്കെല്ലാം ദേവതാ പ്രീണനമെന്ന ലക്ഷ്യസങ്കല്പമുണ്ടാകുമെന്ന പൊതുധാരണ ഇവിടെ വിസ്മരിക്കുന്നുമില്ല.

## ക്ഷേത്രോത്സവകലകൾ

ഉത്സവം, ആഘോഷം തുടങ്ങിയവയുടെ ഭാഗമായി അവതരിപ്പിക്കാറുള്ള പ്രാക്തന കലാരൂപങ്ങൾ അനേകമുണ്ട്. ചാക്യാർകൂത്ത്, കൂടിയാട്ടം, കഥകളി, തുള്ളൽ, പാഠകം തുടങ്ങിയവ അത്തരത്തിലുള്ളവയാകുന്നു. ക്ഷേത്രദർശനം നടത്തുന്നവർക്ക് ആഹ്ലാദം പ്രദാനം ചെയ്യുകയെന്നതാണ് ഇവയുടെ മുഖ്യധർമം. കൃഷ്ണനാട്ടം, മത്തവിലാസംകൂത്ത് എന്നിവ ക്ഷേത്രവഴിപാട് എന്ന നിലയിൽ കഴിപ്പിക്കാറുണ്ടെങ്കിലും അനുഷ്ഠാനം, ആരാധന എന്നിവയുമായി അവയ്ക്ക് അധികമൊന്നും ബന്ധമില്ല.

## കൂത്തും കൂടിയാട്ടവും


സവർണക്ഷേത്രങ്ങളിൽ നടത്തിപ്പോരുന്നവയാണ് ചാക്യാർകൂത്തും കൂടിയാട്ടവും. പ്രശസ്തങ്ങളും പ്രാചീനങ്ങളുമായ ക്ഷേത്രങ്ങളിൽ പ്രത്യേകം കൂത്തമ്പലം തന്നെ കാണാം. ചാക്യാരെന്ന കുലനടന്മാർ പ്രത്യേക വേഷമണിഞ്ഞ് പുരാണ കഥാപ്രസംഗം നടത്തുകയാണ് ചാക്യാർകൂത്തിന്റെ പ്രത്യേകത. നമ്പ്യാരുടെ മിഴാവൊലിയും നങ്ങ്യാരുടെ കൈമണിനാദവും കൂത്തിന്റെ പക്കമേളങ്ങളാണ്. ഫലിത പരിഹാസ പ്രയോഗങ്ങളിലൂടെ പ്രേക്ഷകരെ അത്യന്തം രസിപ്പിക്കുകയും അവരിൽ പുരാണ കഥാജ്ഞാനം വളർത്തുകയും പുരുഷാർത്ഥ (ധർമാർത്ഥകാമമോക്ഷ) ത്തെക്കുറിച്ചുള്ള ബോധം നൽകുകയും ചെയ്യുകയെന്നത് ചാക്യാർകൂത്തിന്റെ ലക്ഷ്യ



പടയണി

മാണ്. ചാക്യാർകൂത്തിനെ 'പുരുഷാർത്ഥക്കൂത്ത്' എന്ന് പറയുന്നത് അതുകൊണ്ടത്രെ.

കേരളത്തിലെ പ്രാചീന സംസ്കൃതനാടകാഭിനയ സമ്പ്രദായമാണ് 'കൂടിയാട്ടം'. കേരളകലകളിൽ പ്രാചീനമാണിത്. നാട്യശാസ്ത്രപ്രകാരമുള്ള ആട്ടമാണിത്. ചാക്യാന്മാർ തന്നെയാണ് കൂടിയാട്ടത്തിലെ നടന്മാർ. സ്ത്രീവേഷങ്ങൾ അഭിനയിക്കുന്നത് നങ്ങിയാന്മാരാണ്. രണ്ടോ അതിൽ കൂടുതലോ വേഷങ്ങൾ ഒന്നിച്ചു രംഗത്തു വന്ന് ആടുന്നതു കൊണ്ടത്രെ ഈ കലാവതരണത്തിന് കൂടിയാട്ടമെന്നു പറയുന്നത്.



നാട്യം, നൃത്തം, ഗീതം, വാദ്യം എന്നിവ തുല്യപ്രാധാന്യത്തോടെയാണ് അതിൽ പ്രവർത്തിക്കുന്നത്. രസാഭിനയത്തിന് ഇതിൽ പ്രാമുഖ്യമുണ്ട്. ഇതിലെ വേഷങ്ങൾ കഥകളി വേഷങ്ങളുടെ പൂർവരൂപങ്ങളാണ്.

കേരളത്തിലെ തനതായൊരു പ്രാക്തന നാടകാവതരണ സമ്പ്രദായമാണ് കൂടിയാട്ടമെന്നു പറയാം.പല നാളുകൾ കൊണ്ടേ ഒരു കഥ അഭിനയിച്ചു പൂർത്തിയാകുകയുള്ളൂ. കുലശേഖരവർമൻ തോലന്റെ സഹായത്തോടെ കൂടിയാട്ടത്തിൽ ചില പരിഷ്കാരങ്ങൾ വരുത്തുകയും അഭിനയച്ചടങ്ങുകൾ തിട്ടപ്പെടുത്തുകയും ചെയ്തു.

ചാക്യാന്മാർ ഏർപ്പെടുന്ന മറ്റൊരു ക്ഷേത്രകലയാണ് മത്തവിലാസം കൂത്ത്. സംസ്കൃത സാഹിത്യത്തിലെ ആദ്യകാലത്തുണ്ടായ പ്രഹസനങ്ങളിലൊന്നായ 'മത്തവിലാസ പ്രഹസനം' കൂടിയാട്ടത്തിന് ഉപയോഗിച്ചിരുന്നുവെന്നും അതിന്റെ ഒരു സംഗ്രഹരൂപമാണ് 'മത്തവിലാസം കൂത്ത്' എന്നും കരുതുന്നവരുണ്ട്. ശിവക്ഷേത്രങ്ങളിൽ ഈ കലാരൂപം വഴിപാടായി കഴിപ്പിക്കാറുണ്ട്. കരിവെള്ളൂർ ശിവക്ഷേത്രത്തിൽ ഇത് മുടങ്ങാതെ ഇന്നും നടത്തിവരുന്നു.



കൂടിയാട്ടം

## കൃഷ്ണനാട്ടവും കഥകളിയും

കോഴിക്കോട് സാമൂതിരി രാജാവിന്റെ പരിലാളനയിൽ വളർന്ന കലാവിശേഷമാണ് കൃഷ്ണനാട്ടം. അഷ്ടപദിയാട്ടത്തിന്റെയും കൂടിയാട്ടത്തിന്റെയും കലാസങ്കേതങ്ങൾ അതിൽ സമന്വയിച്ചിട്ടുണ്ട്. മാനവേദരാജാവെഴുതിയ കൃഷ്ണഗീതി എന്ന സംസ്കൃത കൃതിയാണ് കൃഷ്ണനാട്ടത്തിന് പാടുന്നത്. ഭക്തിരസപ്രധാനമായ പ്രസ്തുത നാട്യകല കൃഷ്ണാവതാരം, കാളിയമർദനം, രാസക്രീഡ, കംസവധം, സ്വയംവരം, ബാണയുദ്ധം, വിവിദവധം, സ്വർഗാരോഹണം എന്നിങ്ങനെ എട്ടുഭാഗമായിട്ടാണ് അവതരിപ്പിക്കുക പതിവ്. മദ്ദളം (ശുദ്ധമദ്ദളം, തൊപ്പി മദ്ദളം), ഇലത്താളം, ചേങ്ങില എന്നിവയാണ് കൃഷ്ണനാട്ടത്തിന് ഉപയോഗിക്കുന്ന വാദ്യങ്ങൾ. ഈ പരിഷ്കൃതകലയിൽ അനേകം നാടൻകലാംശങ്ങൾ കലർന്നു കാണാം. ഗുരുവായൂർ ക്ഷേത്രത്തിൽ ഒരു 'വഴിപാടാ'യി കൃഷ്ണനാട്ടം അവതരിപ്പിച്ചുപോരുന്നു.

കേരളത്തിലെ മുഖ്യ ക്ലാസിക് കലയായ കഥകളിയുടെ വളർച്ചയിൽ ക്ഷേത്രങ്ങൾ വഹിച്ച പങ്ക് അനിഷേധ്യമാണ്. തിരുവല്ലക്ഷേത്രത്തിൽ കഥകളി ഒരു വഴിപാടത്രെ. കഥകളി സംഘങ്ങൾ ക്ഷേത്രങ്ങളിൽ 'സേവ'യായി കഥകളി അവതരിപ്പിക്കാറുണ്ടെന്ന വസ്തുതയും സ്മർത്തവ്യമാണ്. കൃഷ്ണനാട്ടത്തോടുള്ള ഒരു വെല്ലുവിളിയായിട്ടാണ് കഥകളി (കൊട്ടാരക്കരത്തമ്പുരാൻ ആരംഭിച്ച രാമനാട്ടം) യുടെ തിരപ്പുറപ്പാടുണ്ടായതെന്നാണ് ഐതിഹ്യം. കൂടിയാട്ടം, മുടിയേറ്റ്, തിറ തുടങ്ങിയ മറ്റ് കലാരൂപങ്ങൾ കഥകളിയുടെ ഉദയത്തിന് പശ്ചാത്തലമായി വർത്തിച്ചിരുന്നിരിക്കാം. കഥകളി (രാമനാട്ടം) തുടക്കത്തിൽ അപരിഷ്കൃതമായിരുന്നു. പിന്നീടാണ് അതിൽ മാറ്റങ്ങളുണ്ടായത്. നൃത്തം, അഭിനയം, സംഗീതം, ശില്പം തുടങ്ങിയ സുന്ദരകലകൾ അതിൽ സമ്മേളിക്കുന്നു. കഥകളിയിലൂടെ സമ്പന്നമായൊരു ആട്ടക്കഥാ സാഹിത്യം ഭാഷയ്ക്കു ലഭിച്ചിട്ടുണ്ട്.

കൃഷ്ണനാട്ടം, കഥകളി എന്നിവയുടെ ഉദയത്തിനുമുമ്പ് കേരളത്തിൽ നിലവിലുണ്ടായിരുന്ന രണ്ടു കലാരൂപങ്ങളാണ് അഷ്ടപദിയാട്ടവും മോഹിനിയാട്ടവും. ജയദേവ കവിയുടെ ഗീതഗോവിന്ദമെന്ന സംസ്കൃത കൃതി പാടിക്കൊണ്ടുള്ള ആട്ടമാണ് അഷ്ടപദിയാട്ടം. ഗീതഗോവിന്ദത്തിന് 'അഷ്ടപദി' എന്നു കൂടി പേർ പറയും. ക്ഷേത്രങ്ങളിൽ 'കൊട്ടിപ്പാടി സേവ'യ്ക്ക് അത് പാടുക പതിവാണ്. ആ കൃതിയുടെ രംഗാവിഷ്ക്കാരമാണ് അഷ്ടപദിയാട്ടം. ഇതിന് ഇടയ്ക്ക, മദ്ദളം, ഇലത്താളം എന്നീ വാദ്യങ്ങളാണ് ഉപയോഗിച്ചിരുന്നത്. അഷ്ട



തെയ്യം

പദിയാട്ടമാണ് കൃഷ്ണനാട്ടത്തിന്റെ ഉദയത്തിന് പ്രേരകമായി വർത്തിച്ചത്.

കേരളത്തിലെ പുരാതനമായൊരു നൃത്തകലാവിഷ്കാരമാണ് മോഹിനിയാട്ടം. ക്ഷേത്രങ്ങളിൽ പൂജയോടനുബന്ധിച്ച് നടത്തപ്പെടാറുണ്ടായിരുന്ന 'ദേവദാസിയാട്ട'മാണ് 'മോഹിനിയാട്ട'മായതെന്ന് പറയപ്പെടുന്നു. തിരുവിതാംകൂർ രാജാക്കന്മാരായിരുന്ന കാർത്തിക തിരുനാൾ മഹാരാജാവും സ്വാതിതിരുനാൾ മഹാരാജാവും മോഹിനിയാട്ടത്തെ വളർത്തിയെടുക്കാൻ ശ്രമിച്ചവരാണ്. മോഹിനിയാട്ടത്തിന് ഇടക്കാലത്ത് അപചയം സംഭവിച്ചിരുന്നുവെങ്കിലും കേരളകലാമണ്ഡലം പ്രസ്തുതകലയെ വളർത്തിക്കൊണ്ടു വന്നു.

## തുള്ളലും പാഠകവും

തുള്ളൽക്കളിയുടെ ഉത്ഭവവും ഒരു ക്ഷേത്രകലയായിട്ടുതന്നെയാണ്. പക്ഷേ, ക്ഷേത്രമതിലിനു പുറത്താണ് അത് അരങ്ങേറിയതെന്നാണ് ഐതിഹ്യം. ചാക്യാർകൂത്തിനോടും നാടൻകലകളോടും തുള്ളൽക്കലയ്ക്കുള്ള കടപ്പാട് പ്രകടമാണ്. കോലം തുള്ളൽ, ഗന്ധർവൻ തുള്ളൽ, ശീതങ്കൻ തുള്ളൽ, നായ്ക്കൻ തുള്ളൽ തുടങ്ങിയ നാടൻ കലാരൂപങ്ങൾ കുഞ്ചൻ നമ്പ്യാർക്കു പരിചിതങ്ങളായിരുന്നു. പടയണി (പടേനി) യും അദ്ദേഹത്തെ സ്വാധീനിച്ചിട്ടുണ്ട്. ഓട്ടൻ, ശീതങ്കൻ, പറയൻ എന്നിങ്ങനെ തുള്ളൽക്കലയെ മൂന്ന് വിധമായി തിരിച്ചതും അവയുടെ സ്വഭാവം വ്യക്തമാക്കും വിധമാണ്. ക്ഷേത്രങ്ങളിൽ ഉത്സവാദികളോടനുബന്ധിച്ച് ഇന്നും തുള്ളൽക്കളി പതിവുള്ളതാണ്.

പാഠകം ചാക്യാർകൂത്തിന്റെ ഒരനുകരണമാണെന്നു പറയാമെങ്കിലും, അത് ചാക്യാന്മാരുടെ വംശീയ കലയല്ല. ചാക്യാർകൂത്തിനു വേണ്ടത്ര വേഷസംവിധാനവും അതിനാവശ്യമില്ല. ചാക്യാരെപ്പോലെ പാഠകകാരൻ ഫലിത പരിഹാസപ്രയോഗം നടത്താറില്ല. നിലവിളക്കിനു മുന്നിൽ വച്ചു കഥ പറയും. പ്രത്യേക വാദ്യോപകരണങ്ങളും ആവശ്യമില്ല. പാഠകം പറയുന്ന ആൾ അരയിൽ മുണ്ടിനു മീതെ പട്ടു ചുറ്റും. തലയിൽ ചുവന്ന പട്ടിടും. കഴുത്തിൽ മാല ധരിക്കും.

## ദേവതാനർത്തന കലാരൂപങ്ങൾ

നിർവഹണസ്വഭാവമുള്ള ക്ഷേത്രകലകൾ മിക്കതും അനുഷ്ഠാനകലകളാണ്. എന്നാൽ, അനുഷ്ഠാനകലകളെല്ലാം ക്ഷേത്രകലകളിൽ ഉൾപ്പെടുന്നുമില്ല. ക്ഷേത്രങ്ങൾ, കാവുകൾ തുടങ്ങിയ ആരാധനാലയങ്ങളിൽ നടത്തപ്പെടുന്ന അനുഷ്ഠാനകലകൾക്കെല്ലാം ദേവതകളെ പ്രീണിപ്പിക്കുകയെന്ന ധർമം പൊതുവെ ഉണ്ടാവും. എന്നാൽ, തെയ്യാട്ടം, തിറയാട്ടം, തീയാട്ട് തുടങ്ങിയവയിൽ ദേവത തന്നെ ആടുന്നുവെന്നാണ് സങ്കല്പം. കോമരം/വെളിച്ചപ്പാടു തുള്ളലിലെ സങ്കല്പവും അതുതന്നെ.

## തീയാട്ട്

ഭദ്രകാളിത്തീയാട്ടെന്നും അയ്യപ്പൻതീയാട്ടെന്നും തീയാട്ട് രണ്ടു പ്രകാരമുണ്ട്. അയ്യപ്പൻതീയാട്ട് ഉത്തരകേരളത്തിലും ഭദ്രകാളിത്തീയാട്ട് കൊച്ചി-തിരുവിതാംകൂർ പ്രദേശങ്ങളിലുമാണ് നിലവിലുള്ളത്. ശാസ്താവിന്റെയും ഭദ്രകാളിയുടെയും സമാരാധനാരീതികളായ തീയാട്ട് അവ നടക്കാറുള്ള കാവുകളിലും ക്ഷേത്രങ്ങളിലും വഴിപാടായി കഴിപ്പിക്കാറുണ്ട്. പകർച്ചവ്യാധി നിവാരണം, ആപത് മോചനം എന്നിവയ്ക്കു വേണ്ടി മാത്രമല്ല, സന്താനലാഭം, ഇഷ്ടകാര്യസിദ്ധി എന്നിവയ്ക്കുവേണ്ടിയും തീയാട്ടു കഴിപ്പിക്കുക പതിവാണ്.

ഭദ്രകാളിത്തീയാട്ട് തീയാട്ടുണ്ണികളും അയ്യപ്പൻതീയാട്ട് തീയാടിനമ്പ്യാരുമാണ് നടത്തുന്നത്. കൂറയിടൽ, ഉച്ചപ്പാട്ട്, കളമെഴുത്ത്(രൂപക്കളം), കഥാഭിനയം, കളംപൂജ, തോറ്റംപാടൽ, തിരിയുഴിച്ചിൽ തുടങ്ങിയ അനുഷ്ഠാനച്ചടങ്ങുകൾ തീയാട്ടിനുണ്ട്. അയ്യപ്പൻതീയാട്ടിലെ കോമരത്തിന്റെ പുറപ്പാടും കളത്തിലാട്ടവും അരുളപ്പാടും ഭക്തിനിർഭരവും നാടകീയവുമായ രംഗമത്രെ.

## തെയ്യം, തിറ



ഉത്തരകേരളത്തിലെ അനുഷ്ഠാനപ്രധാനമായ ഒരു സമാരാധനാരീതിയാണ് തെയ്യാട്ടവും തിറയാട്ടവും. മറ്റു അനുഷ്ഠാനകലാ നിർവഹണങ്ങളിൽ നിന്ന് ഇവയ്ക്ക് ചില പ്രത്യേകതകളുണ്ട്. ദേവത തന്നെ പ്രത്യക്ഷമായി നർത്തനം ചെയ്യുന്നുവെന്നാണ് ഇവയിലെ സങ്കല്പം. തെയ്യവും

തിറയും കെട്ടുന്നത് പാരമ്പര്യവഴിക്ക് നർത്തനം ചെയ്യുവാൻ അറിയുന്നവരാണെങ്കിലും ആ നർത്തകനിലൂടെ ദേവതാചൈതന്യം വെളിവാകുന്നുവെന്നാണ് വിശ്വാസം. തെയ്യങ്ങളുടെ മുമ്പിൽ മറ്റുള്ളവർ തൊഴുകൈയുമായി നിൽക്കുന്നു. നർത്തകന്റെ അരുളപ്പാടുകളെ ദേവതാവചനങ്ങളായിട്ടാണ് ജനങ്ങൾ കരുതുന്നത്. മനുഷ്യനിൽ ദേവതാ സങ്കല്പം പൂർണമായി ആരോപിക്കപ്പെടുന്നു.

## ദേവതാ പ്രീണനകലകൾ

ദേവതാനർത്തനരൂപങ്ങളായ മേൽപ്പറഞ്ഞ കലകൾക്ക് ദേവതാപ്രീണനമെന്ന ലക്ഷ്യം തന്നെയാണുള്ളത്. അതേസമയം, അവയ്ക്ക് അതിൽക്കവിഞ്ഞ ചില ധർമങ്ങൾ കൂടി നിറവേറ്റുവാൻ കഴിയുമെന്നതിനാലാണ് പ്രത്യേകമൊരു വിഭാഗമായി എടുത്തു പറഞ്ഞത്. അനുഷ്ഠാനകലാനിർവഹണങ്ങളിൽ ഒട്ടുമുക്കാലും ദേവതോപാസനാ/പ്രീണനപരമാണ്. തിടമ്പുനൃത്തം, കാളിയൂട്ട്, മുടിയേറ്റ്, മുടിപ്പേച്ച്, കോലംവെട്ട്, കാളിയാട്ടം (ദാരികവധം) പടയണി, കണ്യാർകളി, പൂരക്കളി, ഐവർകളി, കുത്തിയോട്ടം, അർജ്ജുനനൃത്തം, ഗരുഡൻപറവ, ചാത്തിരാങ്കം(പാനേങ്കളി), സർപ്പപ്പാട്ട് എന്നിവയെ ആ വിഭാഗത്തിൽ ഉൾപ്പെടുത്താവുന്നതാണ്.

## തിടമ്പുനൃത്തം

അത്യുത്തര കേരളത്തിലെ സവർണ ക്ഷേത്രങ്ങളിൽ നടത്താറുള്ള അനുഷ്ഠാന നർത്തനമാണ് തിടമ്പു നൃത്തം. ദേവീദേവന്മാരുടെ തിടമ്പ് (ശീവേലിബിംബം) അലങ്കരിച്ച്, തലയിലെഴുന്നള്ളിച്ച് താളാനുഗുണമായി ചെയ്യുന്ന നൃത്തമാണത്. നടൻ അലക്കിയ വസ്ത്രം പ്രത്യേകരീതിയിൽ ഞൊറി വച്ച് ഉടുക്കും. കാതിൽ കുണ്ഡലം, കഴുത്തിൽ മാല, കൈകളിൽ വള എന്നിവ ധരിച്ചിരിക്കും. അലക്കിയ വസ്ത്രം കൊണ്ട് പ്രത്യേക രീതിയിലുണ്ടാക്കിയ 'ഉഷ്ണിപീഠം' (തലപ്പാവ്) ധരിച്ച് അതിന് മീതെയാണ് തിടമ്പ് എഴുന്നള്ളിക്കുക. ചെണ്ട, ഇലത്താളം, ശ്രുതി, കുഴൽ, ശംഖ് തുടങ്ങിയവയാണ് വാദ്യങ്ങൾ. ചെണ്ടയുടെ വലതലയാണ് താളം പിടിക്കുവാനുപയോഗിക്കുന്നത്. കൊട്ടിയുറച്ചിലോടുകൂടിയാണ് നൃത്തം ആരംഭിക്കുക, പിന്നെ താളം തുടങ്ങും. തകിലടി, അടന്ത, ചെമ്പട, പഞ്ചാരി എന്നീ നാലു താളങ്ങളിലാണ് നൃത്തം ചെയ്യേണ്ടത്.

## മുടിയേറ്റ്

ദക്ഷിണകേരളത്തിൽ സർവസാധാരണമായും മധ്യകേരളത്തിൽ അങ്ങിങ്ങായും നടത്താറുള്ള അനുഷ്ഠാന കലാനിർവഹണമാണ് മുടിയേറ്റ്. കാളീ/ഭഗവതി ക്ഷേത്രങ്ങളിൽ കുറുപ്പന്മാരോ മാരയാന്മാരോ ആണ് അത് നടത്തുക. ഭദ്രകാളിയുടെ രൂപക്കളം ചിത്രീകരിക്കും. ദാരികവധമാണ് നാടകീയത കലർന്ന ഈ കലയിലെ ഇതിവൃത്തം. ശിവൻ, നാരദൻ, ദാരികൻ, ദാനവൻ, കാളി, കൂളി, കോയിമ്പിടാർ തുടങ്ങിയ കഥാപാത്രങ്ങൾ അരങ്ങിൽ വരും. കാളീ-ദാരിക യുദ്ധം മുടിയേറ്റിലെ പ്രധാന രംഗമാണ്.

മുടിയേറ്റിന് മുടിയെടുപ്പ് എന്നും പേർ പറയും. തിരുവനന്തപുരം മുതൽ തെക്കോട്ട് കന്യാകുമാരി വരെയുള്ള പ്രദേശങ്ങളിൽ പറണേറ്റ് എന്ന പേരിലും വ്യവഹരിക്കപ്പെടുന്നു. കുറ്റി നാട്ടി പലക പാകി കെട്ടിയുണ്ടാക്കുന്ന 'പറണി'ന്റെ മുകളിൽ കാളിയുടെ 'മുടി' എഴുന്നള്ളിച്ചു വയ്ക്കും. രണ്ടു പറണുകളിലായി കാളിയും ദാരികനും കയറിനിന്ന് വാദപ്രതിവാദവും പോർവിളിയും നടത്തും. പിന്നീട് താഴെയിറങ്ങി യുദ്ധം തുടങ്ങും. 'മുടിപ്പുര'കളിൽ വാത്തി (ആശാൻ) കളാണ് പറണേറ്റ് നടത്തി വരാറുള്ളത്. വെള്ളായണിയിൽ ഈഴവരും, കൊല്ലങ്കോട്ട്(കന്യാകുമാരിജില്ല) കൊല്ലന്മാരും പറണേറ്റ് അവതരിപ്പിച്ചു വരുന്നു.

വള്ളുവനാട്ടിലെ പറയരുടെ ഭദ്രകാളിയാട്ടം മുടിയേറ്റുപോലുള്ള നാടകീയമായ ഒരനുഷ്ഠാന കലാനിർവഹണമാണ്. ഇതിനു 'ദാരികവധം' എന്നും വ്യവഹാരമുണ്ട്. പറയരുടെ വംശീയമായ കലാവതരണമാണിത്. ഇതിനു സമാനമായി ദക്ഷിണകേരളത്തിൽ ഭദ്രകാളിത്തുള്ളൽ എന്ന കലാവതരണമുണ്ട്.

പത്തനംതിട്ട ജില്ലയിലെ മണ്ണടിക്കാവിൽ ദേവീപ്രീണനാർഥം കുംഭമാസത്തിൽ നടത്തിവരാറുള്ള അനുഷ്ഠാനകലാനിർവഹണമാണ് മുടിപ്പേച്ച്. ഏഴുദിവസം നീണ്ടുനിൽക്കുന്ന ഉത്സവമാണത്. ഗണകൻമാർക്ക് ഇതിൽ പ്രധാന പങ്കുണ്ട്. മുടിയേറ്റിന്റെ ഒരു രൂപഭേദമാണ് 'മുടിപ്പേച്ച്' എന്നു പറയാം.

## കാളിയൂട്ട്

മുടിയേറ്റുപോലെ നാടകീയത കലർന്ന ഒരനുഷ്ഠാന നാടകമാണ് കാളിയൂട്ട്. ദാരികവധമാണ് ഇതിനും പശ്ചാത്തലം. ദക്ഷിണകേരളത്തിലെ ശാർക്കര ദേവീക്ഷേത്രം, പൊന്നറ കുടുംബക്ഷേത്രം, വെള്ളായണി ക്ഷേത്രം തുടങ്ങിയ സ്ഥലങ്ങളിൽ കാളിയൂട്ട് മുടങ്ങാതെ നടക്കാറുണ്ട്. ഒൻപതോ പതിനൊന്നോ നാളുകൾ നീണ്ടുനിൽക്കുന്ന അനുഷ്ഠാനച്ചടങ്ങുകൾ അതിനുണ്ട്. ക്ഷേത്രത്തിനുപുറത്തുള്ള കാവൽ മാടപ്പുരയിൽ ഭഗവതിയെ എഴുന്നള്ളിച്ച് വെള്ളാട്ടംകളി എന്നൊരു സംഘനൃത്തം ചെയ്യുന്ന പതിവ് കാളിയൂട്ടിൽ കാണാം. തെങ്ങുതടികൾ നാട്ടി, പലക പാകി രണ്ടു തട്ടുകൾ കെട്ടിയുണ്ടാക്കും. കാളിയുടെയും ദാരികന്റെയും വേഷങ്ങൾ ഈ തട്ടുകളിലേറി അഭിമുഖമായി നിന്ന് പോർവിളി നടത്തുകയും പിന്നെ താഴെയിറങ്ങി ദാരികനെത്തേടി കാളി സഞ്ചരിക്കുകയും ചെയ്യുന്ന രംഗങ്ങൾ ആകർഷകങ്ങളാണ്.

## പൂരക്കളി

ഉത്തരകേരളത്തിലെ ഭഗവതിക്കാവുകളിൽ മീനപ്പൂരത്തിനു സമാപിക്കത്തക്കവിധം ഒൻപതു നാളുകളിൽ അവതരിപ്പിക്കാറുള്ള അനുഷ്ഠാനനർത്തനകലയാണ് പൂരക്കളി. മണിയാണി, തീയർ, മൂശാരി, തട്ടാൻ, കൊല്ലൻ, മുകയൻ, മുവാരി, ചാലിയൻ എന്നീ സമുദായക്കാരാണ് അവരവരുടെ ആരാധനാലയങ്ങളിൽ പൂരക്കളി കളിക്കുന്നത്. ദേവീപ്രീണനാർത്ഥമുള്ള ഈ കളിയിൽ വന്ദന, പൂരമാല, രാമായണംകളി, ഗണപതിക്കളി, ശൈവക്കൂത്ത്, ശക്തിക്കൂത്ത്, യോഗിനാടകം, ആണ്ട്, പള്ള് തുടങ്ങി വിവിധ രംഗങ്ങളുണ്ട്.

നിർവഹണസ്വഭാവമുള്ള ക്ഷേത്രകലകൾ മിക്കതും അനുഷ്ഠാനകലകളാണ്. എന്നാൽ, അനുഷ്ഠാനകലകളെല്ലാം ക്ഷേത്രകലകളിൽ ഉൾപ്പെടുന്നില്ല.



ഓട്ടൻതുള്ളൽ

## കണ്യാർ കളി

പാലക്കാടുജില്ലയിൽ നിലവിലുള്ള കാണ്യാർ കളിയും ഭഗവതീപ്രീണനാർത്ഥമുള്ളതാണ്. ഇതിനു വട്ടക്കളി, പുറാട്ട് എന്നീ രണ്ടു ഭാഗങ്ങളുണ്ട്. വട്ടക്കളി അനുഷ്ഠാനപ്രധാനമാണ്. പന്തൽപ്രവേശം, ദീപപ്രദക്ഷിണം എന്നീ ചടങ്ങുകൾക്കു ശേഷമാണ് കളിയാരംഭിക്കുക. കളിക്കാർ പാട്ടു പാടിയും താളം ചവിട്ടിയും കളിക്കും. വട്ടക്കളിപ്പാട്ടുകൾ സ്തുതിപരങ്ങളാണ്. വട്ടക്കളിക്കുശേഷം പുറാട്ടുകളവതരിപ്പിക്കും. നാലുദിവസമായിട്ടാണ് കണ്യാർകളി പൂർത്തിയാക്കുക. ഓരോദിവസത്തെ പുറാട്ടിനും പേരു വ്യത്യാസമുണ്ട്. ഇറവക്കളി, ആണ്ടിക്കൂത്ത്, വള്ളോൻകളി, മലമക്കളി എന്നിങ്ങനെയാണ് അവയുടെ പേരുകൾ. ചെറുമൻ, ചെറുമി, ആണ്ടികുറത്തി, കുറവൻ, മണ്ണാൻ, മണ്ണാത്തി, ചക്കിലിയൻ, പൂശാരി, മലയൻ എന്നിങ്ങനെയുള്ള വേഷങ്ങളാണ് പുറാട്ടുകൾക്കുള്ളത്. ഉർവരാരാധനാപരമാണ് കണ്യാർ കളി എന്ന് കരുതിപ്പോരുന്നു.



ഐവർകളി

## സർപ്പപ്പാട്ട്

നാഗക്കാവുകളിലും മണ്ണാറശ്ശാല തുടങ്ങിയ നാഗക്ഷേത്രങ്ങളിലും സർപ്പപ്രീതിക്കായി പുള്ളുവർ നടത്തിവരുന്ന അനുഷ്ഠാനകലാനിർവഹണമാണ് സർപ്പപ്പാട്ട്. പഞ്ചവർണപ്പൊടികൊണ്ട് നാഗരൂപങ്ങൾ കളമായി ചിത്രീകരിച്ച് സർപ്പസ്തുതികളും സർപ്പചരിതങ്ങളും പാടും. വ്രതമെടുത്ത സ്ത്രീകൾ സർപ്പം തുള്ളുകയും ചെയ്യും. പുള്ളുവക്കുടവും പുള്ളുവ വീണയും കുഴിതാളവുമാണ് വാദ്യോപകരണങ്ങൾ.

## പടയണി

ദക്ഷിണ കേരളത്തിൽ, പ്രത്യേകിച്ചും മധ്യതിരുവിതാംകൂറിൽ, നിലവിലുള്ള അനുഷ്ഠാനകലയാണ് പടയണി. ദേവീക്ഷേത്ര/കാവുകളിലാണിത് നടത്തിവരാറുള്ളത്. ദാരികനെ വധിച്ചിട്ടും കോപം തീരാതിരുന്ന കാളിയെ സാന്ത്വനപ്പെടുത്തുവാൻ ശ്രീപരമേശ്വരനും ദേവന്മാരും കോലങ്ങൾ കെട്ടിത്തുള്ളിയെന്ന പുരാസങ്കല്പത്തിന്റെ പശ്ചാത്തലത്തിലത്രെ പടയണി അവതരിപ്പിക്കുന്നത്. തപ്പാണ് പടയണിക്ക് പ്രാധാനവാദ്യം. ചെണ്ടയും കൈമണിയും ഉപയോഗിക്കും. ഓലച്ചൂട്ടിന്റെ വെളിച്ചത്തിലാണ് അവതരണം. ഗണപതിക്കോലം, യക്ഷിക്കോലം, പക്ഷിക്കോലം, കാലൻ കോലം, പിശാചുകോലം, മാടൻകോലം, മറുതാക്കോലം, ഭൈരവിക്കോലം, ഗന്ധർവൻ കോലം എന്നിങ്ങനെ വിവിധ കോലങ്ങളുടെ രൂപങ്ങൾ അണിഞ്ഞുകൊണ്ടാണ് തുള്ളുക. പച്ചപ്പാളകളിലാണ് 'കോല'ങ്ങളെഴുതുക. കരി, ചെങ്കല്ല്, ചുണ്ണാമ്പ് തുടങ്ങിയ വസ്തുക്കളാണ് കോലമെഴുതുവാനുള്ള ചായങ്ങൾ.

## പാന

തൃശൂർ, പാലക്കാട്, മലപ്പുറം എന്നീ ജില്ലകളിലെ ഭദ്രകാളിക്കാവുകളിലാണ് പാന എന്ന അനുഷ്ഠാനകലാനിർവഹണം നടത്തപ്പെടാറുള്ളത്. അറുപത്തിനാലു കാലുകളോടുകൂടിയ പാനപ്പന്തലിൽ വച്ചാണത് അവതരിപ്പിക്കുക, മധ്യത്തിലുള്ള ഭദ്രകാളിത്തട്ടകത്തിൽ പഞ്ചവർണപ്പൊടികൊണ്ട് പത്മമിട്ട്, പീഠവും വാളും വച്ച് ഭദ്രകാളിയെ കുടിയിരുത്തും. പാനക്കൊമ്പെഴുന്നള്ളിച്ച് മധ്യത്തിൽ നാട്ടിയിരിക്കും. പൂജ നടത്തുന്ന ആശാൻ നൃത്തം വച്ചുകൊണ്ടാണ് പൂജ നിർവഹിക്കുക. പാനക്കാരുടെ സംഘനൃത്തവും ഉണ്ടാവും. 'പാന പിടുത്തം' എന്നാണതിനു പേര്. തോറ്റം പാടുകയെന്നത് പാനയുടെ ഒരു ചടങ്ങാണ്. വെളിച്ചപ്പാട് പുറപ്പെട്ട് ഉറഞ്ഞുതുള്ളി മണ്ഡപം തകർക്കും. പറ, ചെണ്ട, മദ്ദളം, ഇലത്താളം, കൊമ്പ്, കുഴൽ എന്നിവയാണ് പാനയ്ക്കുപയോഗിക്കുന്ന വാദ്യങ്ങൾ.

## തൂക്കങ്ങൾ

ഭദ്രകാളിക്കാവു (ക്ഷേത്ര) കളിൽ പതിവുള്ളതാണ് മയിൽപ്പീലിതൂക്കം, ഗരുഡൻതൂക്കം എന്നിവ. മയിൽപ്പീലിത്തൂക്കത്തിന് അർജുനനൃത്തം എന്നും പേർ പറയും. കോട്ടയം, ആലപ്പുഴ എന്നീ ജില്ലകളിലാണ് ഇതിന് പ്രാചുര്യം. കുരുക്ഷേത്രയുദ്ധത്തിനുശേഷം അർജുനൻ സമുചിതമായ വേഷാലങ്കാരങ്ങളോടുകൂടി നൃത്തം ചെയ്ത് ഭദ്രകാളിയെ പ്രീതിപ്പെടുത്തിയെന്നാണ് ഇതിന്റെ പശ്ചാത്തലത്തമായ പുരാസങ്കല്പം. മയിൽപ്പീലി ഉടുത്തുകെട്ടുന്നതിനാലാണ് അർജുനനൃത്തത്തെ 'മയിൽത്തൂക്കം' എന്നുപറയുന്നത്. താളാധിഷ്ഠിതമായ നൃത്തമാണ് അർജുന നൃത്തം.

ദാരിക വധത്തിനുശേഷം, രക്തദാഹം തീരാതെ കാളി കലിതുള്ളി നിന്നു. കാളിയുടെ സമീപത്തേയ്ക്കു മഹാവിഷ്ണു ഗരുഡനെ പറഞ്ഞയച്ചു. ഗരുഡന്റെ രക്തം ഏതാനും തുള്ളി ലഭിച്ചതിനുശേഷമേ കാളിയുടെ കോപം ശമിച്ചുള്ളു. ഈ പുരാസങ്കല്പത്തിലുള്ളതാണ് ഗരുഡൻതൂക്കം. അതിനു 'ഗരുഡൻ പറവ' എന്നും പറയും. നർത്തകൻ ഗരുഡവേഷത്തിലാണ് പുറപ്പെടുക.

## ഐവർകളി

ഭഗവതിക്ഷേത്ര (ഭദ്രകാളിക്കാവു)ങ്ങളിൽ ഉത്സവത്തോടനുബന്ധിച്ച് നടത്താറുള്ളതാണ് ഐവർകളി. കോൽമണികൾ കുലുക്കികൊണ്ടും, ചുവടുകൾ വച്ചുകൊണ്ടും പാട്ടുപാടിക്കളിക്കുകയാണ് ഈ കളിയുടെ സ്വഭാവം. ഭദ്രകാളിയെ തൃപ്തിപ്പെടുത്തുവാൻ പാണ്ഡവന്മാർ പാടിക്കളിച്ചതാണ് ഐവർകളി എന്നാണ് പുരാസങ്കല്പം. ഐങ്കുടി കമ്മാളരുടെ കളിയായതുകൊണ്ടാണ് ആ പേരുണ്ടായതെന്നാണ് മറ്റൊരു സങ്കല്പം. കോട്ടയം. തിരുവനന്തപുരം എന്നീ ജില്ലകളിൽ നായന്മാരാണ് ഐവർകളി അവതരിപ്പിക്കുന്നത്. മറ്റു ചില സമുദായക്കാരും ഈ പേരിലുള്ള കളിയിൽ ഏർപ്പെടാറുണ്ടത്രെ. ഐവർ കളിക്ക് ചിലർ 'ഐവർനാടകം' എന്നും പറയും.

### കളമെഴുത്തും പാട്ടും

കേരളത്തിലെ ക്ഷേത്രകലകളിൽ മുഖ്യമായതാണ് കളമെഴുത്തും പാട്ടും. തെയ്യംപാടി നമ്പ്യാർ, കല്ലാറ്റക്കുറുപ്പൻമാർ, വാരണാട്ടുകുറുപ്പ്, തെയ്യംപാടിക്കുറുപ്പ്, തീയാടി നമ്പ്യാർ, തീയാട്ടുണ്ണികൾ തുടങ്ങിയ സമുദായക്കാർ സവർണ ക്ഷേത്രങ്ങളിലും കാവുകളിലും രൂപക്കളം ചിത്രീകരിച്ച് പാട്ടുത്സവം നടത്താറുണ്ട്. വേട്ടയ്ക്കൊരുമകൻ, വൈരജാതൻ, ഭദ്രകാളി നാഗം, യക്ഷി തുടങ്ങിയ ദേവതകളെക്കുറിച്ചുള്ള പാട്ടുകൾ അവരുടെ വംശീയപ്പാട്ടുകളിൽ കാണാം. തീയാട്ടിൽ കഥാഭിനയമുണ്ട്. കൂടാതെ കോമരം തുള്ളൽ മിക്ക കളമെഴുത്തുപാട്ടുത്സവത്തിലുമുണ്ടാകും. കാളിയൂട്ട്, മുടിയേറ്റ്, പാന തുടങ്ങിയ അനുഷ്ഠാന കലാനിർവഹണങ്ങളിലും കളമെഴുത്ത് പതിവുണ്ട്. അവർണ സമുദായക്കാരുടെ കാവുകളിലും കളമെഴുത്തും പാട്ടും നടത്തിവരുന്നുണ്ട്. പൂമാലക്കാവുകളിൽ കണിയാന്മാർ കളത്തിലറിയുംപാട്ടും നടത്തിവരുന്നു. പുള്ളുവരുടെ സർപ്പപ്പാട്ടിൽ കളമെഴുത്തുണ്ട്. വേലന്മാർ, മണ്ണാന്മാർ തുടങ്ങിയവരും കളംകുറിച്ച് പാട്ടു നടത്തുന്നവരാണ്.

അടുത്ത ലക്കത്തിൽ അവസാനിക്കും

പിരപ്പൻകോട് അശോകൻ



# അരക്ഷിതത്വത്തിൽ നിന്നും ജീവിത സുരക്ഷയിലേക്ക്

തിരുവനന്തപുരത്തിനടുത്ത് വാമനപുരത്ത് ടെലിഫോൺ ബൂത്തും ചെറുകിട വ്യാപാരവും നടത്തുന്നയാളാണ് രാമകൃഷ്ണൻ. 15 വർഷമായി അദ്ദേഹം തന്റെ വീട് പുലർത്തുന്നത് ഇതിൽ നിന്നും കിട്ടുന്ന വരുമാനത്തിലാണ്. മുക്കിലും മൂലയിലും കോയിൻ ഫോൺ വന്നത് രാമകൃഷ്ണന് തീരാദുരിതമായി. എല്ലാവരുടെ കൈയിലും മൊബൈൽ ഫോൺ കൂടി ആയപ്പോൾ അന്നം മുട്ടുന്ന സ്ഥിതിയായി. ദിവസം നൂറു രൂപയിൽ കൂടുതൽ കിട്ടിയിരുന്നതു കൊണ്ട് കുടുംബച്ചെലവും മക്കളുടെ വിദ്യാഭ്യാസവും എല്ലാം ഒരുവിധം നിർവഹിക്കുമായിരുന്നു. ഇപ്പോൾ അന്തിപ്പട്ടിണിയില്ലാതെ കഴിയാൻ തന്നെ ബുദ്ധിമുട്ടാണ്.

18 വർഷം മുൻപ് ഒരു വാഹനാപകടത്തിൽ രാമകൃഷ്ണന്റെ രണ്ട് കാലും നഷ്ടമായി. ഒരു ജോലിയും ചെയ്യാൻ പറ്റാത്ത അവസ്ഥ. ആ വകയിൽ ലഭിച്ച നഷ്ടപരിഹാരത്തുക കൊണ്ടാണ് ടെലിഫോൺ ബൂത്ത് തുടങ്ങിയത്. ബൂത്തിൽ നിന്നുള്ള തുച്ഛമായ വരുമാനത്തിൽ നിന്ന് ഭാവിയിലേക്ക് ഒന്നും കരുതിവക്കാൻ കഴിയുന്നില്ല എന്ന ആശങ്ക വല്ലാതെ അലട്ടിയിരുന്നു അദ്ദേഹത്തെ. അങ്ങനെയിരിക്കെയാണ് രാമകൃഷ്ണൻ പുതുതായി സർക്കാർ ഏർപ്പെടുത്തിയ ക്ഷേമപദ്ധതിയെപ്പറ്റി കേട്ടത്. 40 വയസ്സായതുകൊണ്ട് പദ്ധതിയിൽ അംഗമാകാൻ കഴിയുമോ എന്നു ശങ്കിച്ചു. എന്നാൽ 18 നും 50 നും ഇടയിൽ പ്രായമുള്ള ആർക്കും അംഗമാകാൻ കഴിയുമെന്ന് ഒരു സുഹൃത്ത് പറഞ്ഞു. ആ സുഹൃത്ത് തന്നെ രാമകൃഷ്ണന് ക്ഷേമപദ്ധതിയെ ക്കുറിച്ചുള്ള മറ്റ് വിവരങ്ങളും നല്കി. ക്ഷേമപദ്ധതിയിൽ അംഗമാകാൻ കഴിഞ്ഞതോടെ ജീവിതത്തിന് സുരക്ഷിതത്വം കിട്ടിയതുപോലെ; താങ്ങാനൊരാളുള്ള പോലെ.

സംസ്ഥാന തൊഴിൽ വകുപ്പിന്റെ ഏറ്റവും അഭിമാനകരമായ ചുവടുവയ്പുകളിലൊന്നാണ് 'കടകളിലെയും വാണിജ്യസ്ഥാപനങ്ങളിലെയും തൊഴിലാളികൾക്കായുള്ള ക്ഷേമനിധിബോർഡി'ന്റെ രൂപവത്കരണം. ഏകദേശം പത്തുലക്ഷത്തോളം തൊഴിലാളികൾക്ക് ഈ ക്ഷേമനിധി ബോർഡിന്റെ ഗുണഫലം ലഭ്യമാകുമെന്നത് ചെറിയ കാര്യമല്ല. 1960 ലെ കേരള

> സംസ്ഥാന തൊഴിൽ വകുപ്പിന്റെ അഭിമാനകരമായ ചുവടുവയ്പുകളിലൊന്നാണ് കടകളിലെയും വാണിജ്യസ്ഥാപനങ്ങളിലെയും തൊഴിലാളികൾക്കായുള്ള ക്ഷേമനിധി ബോർഡിന്റെ രൂപവത്കരണം

ഷോപ്പ്സ് ആന്റ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് ആക്ടിന്റെ പരിധിയിൽ വരുന്ന തൊഴിലാളികൾക്കും സ്വന്തമായി തൊഴിൽ ചെയ്യുന്നവർക്കും ആശ്വാസവും അഭിവൃദ്ധിയും നല്കുന്നതിന് വിഭാവനം ചെയ്തിട്ടുള്ളതാണ് ഈ ക്ഷേമപദ്ധതി. പെൻഷൻ ഉൾപ്പെടെയുള്ള നിരവധി ആശ്വാസ ക്ഷേമ പദ്ധതികൾ ഇതിൽ ഉൾപ്പെട്ടിട്ടുണ്ട്.

മറ്റുക്ഷേമപദ്ധതികളെപ്പോലെ ഇതിലും തൊഴിലാളിയും തൊഴിലുടമയും അടയ്ക്കുന്ന അംശദായത്തോടൊപ്പം സർക്കാർ

വിഹിതവും ഉൾക്കൊള്ളുന്ന ഒരു 'ക്ഷേമ നിധി'യാണ് ഉറപ്പുവരുത്തിയിട്ടുള്ളത്. പത്ത് വർഷം തുടർച്ചയായി അംശദായം നല്കിയവർക്ക് അറുപതു വയസ് കഴിഞ്ഞാൽ പെൻഷൻ ലഭിക്കുമെന്നത് ഏറ്റവും ഉദാത്തമായ സാമൂഹിക സുരക്ഷയാണ്. പെൻഷന് അർഹതയുള്ള അംഗം മരിച്ചാൽ അവരുടെ കുടുംബത്തിനും പെൻഷൻ നല്കുന്നതിനുള്ള വ്യവസ്ഥയുണ്ട്. വിദ്യാഭ്യാസ ആനുകൂല്യം, ചികിത്സാനുകൂല്യം, മരണാനന്തര ചെലവ്, മരണാനന്തര സഹായം, വിവാഹാനുകൂല്യം എന്നിവയും ഈ പദ്ധതിയിൽ പെടുന്നു.

അംഗങ്ങളായ സ്ത്രീകൾക്ക് പ്രസവാനുകൂല്യവും ഉൾപ്പെടുത്തിയിട്ടുണ്ട്. പ്രസവത്തിനായി അവധിയിൽ പ്രവേശിച്ച തീയതി മുതൽ ജോലിയിൽ പുനപ്രവേശിക്കുന്നതുവരെയുള്ള കാലയളവിൽ പരമാവധി പന്ത്രണ്ട് ആഴ്ചയിലെ വേതനം പ്രസവാനുകൂല്യമായി ലഭിക്കും. ഈ രംഗത്ത് ഒരുപക്ഷെ ഏറ്റവുമധികം ചൂഷണത്തിനു വിധേയരാകുന്നത് സ്ത്രീകളാണ്. വളരെ കുറഞ്ഞ വേതനത്തിന് രാവിലെ എട്ട് മണിമുതൽ വൈകിട്ട് എട്ട് മണി വരെ പണിയെടുക്കേണ്ടിവരുന്ന നിരവധി സ്ത്രീകളുണ്ട്. ഇവർക്ക് പ്രസവാവധി പലപ്പോഴും ശമ്പളമില്ലാത്ത അവധിയാണ്. ഒരു പക്ഷെ ഒരു ചെറുകിട വ്യാപാരിക്ക് മേൽപറയപ്പെട്ട ആനുകൂല്യങ്ങളെല്ലാം കൊടുത്ത് ഒരു തൊഴിലാളിയെ ജോലിക്ക് നിർത്താൻ കഴിഞ്ഞെന്നും വരില്ല. തൊഴിലുടമയുടെ നിലനില്പും ഇക്കൂട്ടത്തിൽ പരിഗണിക്കേണ്ടതായി വരും. ചെറുകിട വ്യാപാരികളിൽ തൊഴിലാളികളെ നിർത്താൻ കഴിവില്ലാതെ സ്വന്തമായി കട നടത്തുന്നവല്ലൊരു വിഭാഗമുണ്ട്. ഇവർ കഷ്ടിച്ചു കഴിഞ്ഞുകൂടുന്നവരും അശരണരും അസംഘടിതരും ആണ്. ഇവർക്കെല്ലാം വലിയ ആശ്വാസമായിരിക്കും ഈ ക്ഷേമനിധി.

തൊഴിലാളിക്കോ തൊഴിലുടമയ്ക്കോ വലിയ ബാധ്യതയോ ഭാരമോ ആകാത്ത അംശദായവിഹിതം ഒരു പരിഷ്കൃത സമൂഹത്തിനുതകുന്ന വിധത്തിലുള്ള നിരവധി ആനുകൂല്യങ്ങളും ക്ഷേമവും ഉറപ്പാക്കുന്നു എന്നതാണ് ഈ ക്ഷേമപദ്ധതിയുടെ സവിശേഷത. കേരളത്തിലങ്ങോളമിങ്ങോളമുള്ള ചെറുതും വലുതുമായ കടകളിലും വ്യാപാരസ്ഥാപനങ്ങളിലും ഉള്ളവർ ഈ പദ്ധതിയിൽ അംഗമായാൽ കേരളത്തിലെ മറ്റേതൊരു ക്ഷേമപദ്ധതിയെക്കാളും കാര്യക്ഷമമായ ഒരു പദ്ധതിയായി ഇതു മാറുമെന്നത് നിസ്തർക്കമാണ്. മറ്റുള്ളവരെപ്പോലെ അന്തസ്സായി ജീവിക്കാൻ തൊഴിലാളിക്കും അവകാശമുണ്ടെന്നുള്ള മഹത്തായ ഒരു കാഴ്ചപ്പാടിൽ നിന്നാണ് ഈ ക്ഷേമപദ്ധതി രൂപകല്പന ചെയ്തിട്ടുള്ളത്.

'കേരളഷോപ്സ് ആന്റ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് തൊഴിലാളി ക്ഷേമപദ്ധതി' എന്ന ഈ പദ്ധതി സർക്കാർ ഉത്തരവു നമ്പർ (പി)27/2007/ഘ ആജ്ഞ തീയതി 27/3/2007 പ്രകാരം (SRO NO. 217/2007) 2007 മാർച്ച് 15 മുതൽ നിലവിൽ വന്നു.

1960 ലെ കേരള ഷോപ്സ് ആന്റ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് ആക്ടിന്റെ പരിധിയിൽ വരുന്ന സ്ഥാപനങ്ങളിൽ പണിയെടുക്കുന്ന തൊഴിലാളികൾ ഈ ക്ഷേമപദ്ധതിയുടെ പരിധിയിൽ വരും. 18 വയസ് പൂർത്തിയായിരിക്കുകയും 50 വയസ്സ് കവിയാതിരിക്കുകയും ചെയ്യുന്ന തൊഴിലാളികൾക്ക് ഇതിൽ അംഗമാകാം. സ്വയം തൊഴിൽ ചെയ്യുന്നവർക്കും ഇതിൽ അംഗമാകാവുന്നതാണ്.

കച്ചവട വ്യാപാര സ്ഥാപനം, ആശുപത്രി, ആതുരശുശ്രൂഷാലയം, വൈദ്യശാല, ഡിസ്പെൻസറി, മെഡിക്കൽ സ്റ്റോർ, പാരാമെഡിക്കൽ സ്ഥാപനം, പാഴ്സൽ സർവീസ്, പെട്രോൾ, ഡീസൽ, ഓട്ടോ ഗ്യാസ് ബങ്കുകൾ, മത്സ്യസംസ്കരണ സ്ഥാപനം, ഭക്ഷ്യ സംസ്കരണ സ്ഥാപനം, വസ്ത്ര നിർമാണ സ്ഥാപനം, ഹോട്ടൽ, ഭക്ഷണശാല, ഇറച്ചി വിൽപനശാല മുതലായ സ്ഥാപനങ്ങളിലെ തൊഴിലാളികളെല്ലാം ഈ ക്ഷേമപദ്ധതിയുടെ പരിധിയിൽ വരും.

## വ്യവസ്ഥകൾ

**അംശദായം:** തൊഴിലാളിവിഹിതമായി ഓരോ അംഗവും പ്രതിമാസം 20 രൂപ. തൊഴിലുടമ വിഹിതം ഓരോ തൊഴിലാളിക്കും പ്രതിമാസം 20 രൂപ. സ്വയം തൊഴിൽ ചെയ്യുന്ന ഒരാൾ തൊഴിലാളിവിഹിതമായ 20 രൂപയും തൊഴിലുടമാ വിഹിതമായ 20 രൂപയുമുൾപ്പെടെ പ്രതിമാസം 40 രൂപ.

**സർക്കാർ വിഹിതം:** ഓരോ അംഗവും പ്രതിമാസം നിധിയിലേക്ക് അടയ്ക്കേണ്ട തൊഴിലാളി വിഹിതത്തിന്റെ 25 ശതമാനത്തിനു തുല്യമായ തുക സർക്കാർ ഗ്രാന്റായി നല്കുന്നതാണ്.

## ആനുകൂല്യങ്ങൾ

**പെൻഷൻ:** കുറഞ്ഞത് പത്തു വർഷം തുടർച്ചയായി അംശദായം അടച്ച ഒരംഗത്തിന് അറുപതു വയസ്സു തികയുന്ന മുറയ്ക്ക് പെൻഷന് അർഹതയുണ്ടായിരിക്കും.

**കുടുംബപെൻഷൻ:** കുറഞ്ഞത് പതിനഞ്ചു വർഷം അംശദായം അടച്ച ഒരംഗമോ, പദ്ധതി പ്രകാരം പെൻഷന് അർഹനായ അംഗമോ മരണപ്പെട്ടാൽ അയാളുടെ കുടുംബത്തിന് കുടുംബപെൻഷൻ ലഭിക്കും.

**പ്രസവാനുകൂല്യം:** വനിതാ അംഗത്തിന് പ്രസവത്തിനായി അവധിയിൽ പ്രവേശിച്ച തീയതി മുതൽ തിരികെ ജോലിയിൽ പ്രവേശിക്കുന്നതുവരെയുള്ള കാലയളവിലേക്ക് 12 ആഴ്ചയിലെ വേതനം പ്രസവാനുകൂല്യമായി ലഭിക്കും.

ഇവ കൂടാതെ വിവാഹാനുകൂല്യം, ചികിത്സാ സഹായം, വിദ്യാഭ്യാസാനുകൂല്യം, മരണാനന്തരച്ചെലവ്, മരണാനന്തരസഹായം എന്നിവയും ഈ പദ്ധതിയിലൂടെ ലഭ്യമാകും.■



കേരളത്തിൽ
ശരാശരി
പ്രതിദിനം 113
അപകടങ്ങളിലായി
140 പേർക്ക്
മരണമോ
പരിക്കുകളോ
സംഭവിക്കുന്നു.



സി.എം. മുരളീധരൻ

ലേഖനം

# റോഡുകളിൽ സംഭവിക്കുന്നത്; സമൂഹത്തിലും

കൊടിയേറ്റം എന്ന സിനിമയിൽ അതിവേഗത്തിൽ ഓടിച്ച കാർ ചെളി തെറിപ്പിച്ച് പോകുമ്പോൾ ഭരത്ഗോപി പറയുന്നുണ്ട്. ''ഹോ എന്തൊരു സ്പീഡ്!'' ഇത്രയും വേഗത്തിലോടിയ കാറ് കണ്ട് ഗോപി അമ്പരക്കുകയാണെങ്കിൽ ഓരോ റോഡപകടങ്ങൾ കഴിയുമ്പോഴും ഞെട്ടുകയാണ് നാം. "ഇവരൊക്കെ എങ്ങോട്ടാണ് ഈ സ്പീഡിൽ പോകുന്നത്?'' എന്നാണ് ഇവിടുത്തെ വാഹനങ്ങളുടെ മത്സരയോട്ടവും അമിതവേഗതയും കണ്ട് മറുനാട്ടുകാർ ചോദിക്കുന്നത്. ദാരുണമായ റോഡപകടങ്ങളെക്കുറിച്ചുള്ള വാർത്തകൾ ഇല്ലാത്ത ഒറ്റ ദിവസം പോലുമില്ല എന്ന സ്ഥിതിയായിരിക്കുന്നു. കേരളത്തിലെ പെരുകുന്ന അപകടങ്ങൾ ജനമനസ്സിൽ ദു:ഖവും രോഷവുമാണ് ഉളവാക്കുന്നത്.

### റോഡപകടങ്ങൾ ഒരു തുടർക്കഥ

ലോകത്ത് ആദ്യത്തെ മോട്ടോർ വാഹനം നിരത്തിലിറങ്ങിയിട്ട് ഒരു നൂറ്റാണ്ട് പിന്നിട്ടു. റോഡപകടം മൂലമുള്ള ആദ്യത്തെ മരണം സംഭവിക്കുന്നത് 1896 ലാണ്. അന്നത്തെ അധികാരികൾ ഈ അപകടത്തോട് പ്രതികരിച്ചത് ഇങ്ങനെയായിരുന്നു: ''ഇത് ഇനിയും ആവർത്തിക്കരുത്.'' ഒരു നൂറ്റാണ്ടിനു ശേഷമുള്ള അവസ്ഥയെന്താണ്? ഏറ്റവും മിതമായ കണക്കുകൾ തന്നെ സൂചിപ്പിക്കുന്നത് ലോകത്ത് ഇതേവരെയായി 3 കോടിയിലധികം പേർ റോഡപകടങ്ങളിൽ മരിച്ചുവെന്നാണ്. യുദ്ധങ്ങളിൽ കൊല്ലപ്പെടുന്നതിനെക്കാൾ കൂടുതൽ ആളുകൾ റോഡപകടങ്ങളിൽ മരിച്ചു വീഴുന്നു. ഇന്ന് ലോകത്ത് റോഡപകടങ്ങളിൽ പ്രതിവർഷം 12 ലക്ഷം ആളുകൾ മരണമടയുകയും 2 മുതൽ 5 കോടി ആളുകൾക്ക് പരിക്കേല്ക്കുകയും ചെയ്യുന്നു. (WHO കണക്കുകൾ)

ഇന്ത്യയിൽ റോഡപകടം മൂലം പ്രതിവർഷം ശരാശരി 80000 പേർ മരിക്കുകയും നാലര ലക്ഷത്തിലധികം പേർക്ക് പരിക്കേല്ക്കുകയും ചെയ്യുന്നു. കേരളത്തിലെ 2005 -ൽ 41496 അപകടങ്ങളിലായി 3034 പേർ മരിക്കുകയും 50930 പേർക്ക് പരിക്കേല്ക്കുകയും ചെയ്തു. ഇത് ഓരോ വർഷവും വർധിക്കുകയാണ്. പ്രതിദിനം 113 അപകടങ്ങളിലായി 140 പേർക്ക് മരണമോ പരിക്കുകളോ സംഭവിക്കുന്നു. ചെറിയ അപകടങ്ങൾ, പരിക്കുകൾ, പല കാരണങ്ങളാലും രജിസ്റ്റർ ചെയ്യപ്പെടാതെ പോകുന്നവ, പരിക്കിനെ തുടർന്നുള്ള മരണം ഇവയൊന്നും കണക്കിൽ പെടുന്നില്ല. ഇതിനു പുറമെയാണ് തലനാരിഴയ്ക്ക് രക്ഷപ്പെടുന്ന സംഭവങ്ങൾ ഇവയെല്ലാം വച്ചു നോക്കുമ്പോൾ നമ്മുടെ നിരത്തുകൾ കുരുതിക്കളമായി മാറിയിരിക്കുന്നു.

കഴിഞ്ഞ 10 കൊല്ലത്തിനിടയിൽ കേരളത്തിൽ അപകടങ്ങൾ ഇരട്ടിയായിരിക്കുന്നു. 1991 ൽ പ്രതിദിനം 57 അപകടങ്ങൾ സംഭവിച്ചപ്പോൾ 2005 ആയപ്പോഴേക്ക് ഈ സംഖ്യ 115 ആയിരിക്കുന്നു. ഈ കാലയളവിൽ വാഹനങ്ങളുടെ എണ്ണത്തിലും ഭീമമായ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. കഴിഞ്ഞ 10 വർഷത്തിനുള്ളിൽ വാഹനങ്ങളുടെ എണ്ണം 3 ഇരട്ടിയാണ് വർധിച്ചത്. വാഹനങ്ങളിൽ 60% വും ഇരുചക്രവാഹനങ്ങളാണ്. പൊതുഗതാഗത സൗകര്യങ്ങളുടെ അപര്യാപ്തതയാണ് ഇരുചക്രവാഹനങ്ങളുടെ വർധനവിന് പ്രധാന കാരണം. വാഹനങ്ങളുടെ എണ്ണത്തിന്റെ വർധനവിനനുസൃതമായി റോഡ് മെച്ചപ്പെടുന്നില്ല.

### "നാറ്റ് പാക്" പറയുന്നു.

സംസ്ഥാനത്തെ റോഡ് ശൃംഖലയുടെ 5% ത്തിൽ താഴെ മാത്രം വരുന്ന ദേശീയ പാതകളിലും സംസ്ഥാനപാതകളിലുമാണ് മൊത്തം അപകടങ്ങളുടെ 40% വും സംഭവിക്കുന്നത്. ഇതേ റോഡുകൾ തന്നെയാണ് മൊത്തം ട്രാഫിക്കിന്റെ 60% വും വഹിക്കുന്നത്. അപകടമരണങ്ങളുടെ ഏതാണ്ട് മൂന്നിലൊന്ന് ദേശീയ പാതകളിലാണ്. ട്രക്കുകളും ബസ്സുകളുമടങ്ങുന്ന വലിയ വാഹനങ്ങൾ മൊത്തം വാഹനവ്യൂഹത്തിന്റെ 12% മാത്രമേ വരുന്നുള്ളൂ. എങ്കിൽപ്പോലും അവ വരുത്തുന്ന അപകടനിരക്ക് 33% ആണ്. കാൽനടയാത്രക്കാരും സൈക്കിൾ യാത്രക്കാരും അപകടങ്ങൾക്ക് വിധേയമാകുന്ന പ്രധാന വിഭാഗങ്ങളാണ്. മരണം കൂടുതലും സംഭവിക്കുന്നത് കാൽനടയാത്രക്കാർക്കാണ്.

### ലോകാരോഗ്യ സംഘടന പറയുന്നു

ഇന്നത്തെ നില തുടരുകയാണെങ്കിൽ 2020 ഓടെ പ്രധാന മരണകാരണങ്ങളിൽ മൂന്നാം സ്ഥാനം റോഡപകടങ്ങൾക്കായിരിക്കുമെന്ന് ലോകാരോഗ്യ സംഘടന മുന്നറിയിപ്പ് നല്കുന്നു. റോഡപകടങ്ങളിൽ ഏറിയ പങ്കും വികസ്വര രാഷ്ട്രങ്ങളിലാണ് സംഭവിക്കുന്നത്. ലോകത്ത് ആകെയുള്ള വാഹനങ്ങളുടെ 40% മാത്രമുള്ള ഏഷ്യയിലാണ് മരണത്തിന്റെ 86% വും ഉണ്ടാകുന്നത്. മൊത്തം അപകടങ്ങളുടെ ആറിലൊന്ന് മാത്രമാണ് വികസിത രാജ്യങ്ങളിൽ നടക്കുന്നത്. മരണമടയുന്നവരിൽ 15-44 വിഭാഗത്തിലുള്ളവരാണ് കൂടുതൽ. 15 വയസ്സിന് താഴെയുള്ള കുട്ടികളുടെ മരണം അവികസിത രാജ്യങ്ങളിൽ 3 ഇരട്ടിയാണ്. ഈ പശ്ചാത്തലത്തിലായിരുന്നു 2004 ലെ ലോകാരോഗ്യ ദിനം റോഡു സുരക്ഷയ്ക്ക് വേണ്ടിയുള്ള പുനരർപ്പണ ദിനമായി ലോകമെമ്പാടും ആചരിച്ചത്. ഗുരുതരമായ പൊതുജനാരോഗ്യ പ്രശ്നമായാണ് റോഡപകടങ്ങളെ നോക്കിക്കാണേണ്ടത്.

### അപകടങ്ങളുടെ കാണാക്കയങ്ങൾ

വാഹനമോടിക്കുന്നവരുടെ പിഴവുകൾ തന്നെയാണ് നല്ലൊരു ശതമാനം അപകടങ്ങൾക്കും കാരണം. ട്രാഫിക് നിയമത്തെക്കു

റിച്ചുള്ള അജ്ഞത, ട്രാഫിക് നിയമലംഘനം എന്നിവ കൂടുതൽ അപകടങ്ങൾക്ക് കാരണമാകുന്നുണ്ട്. മദ്യപിച്ച് വാഹനമോടിക്കൽ, സാഹസിക ഡ്രൈവിങ്, അമിത വേഗത, മറികടക്കൽ, ഓവർടേക്കിങ്, ഡ്രൈവിങ്ങിലെ പരിചയക്കുറവ്, കുറഞ്ഞ കാഴ്ചശേഷി, മാനസിക പിരിമുറക്കങ്ങൾ, വിഷാദ രോഗങ്ങൾ, പ്രായത്തിന്റെ പ്രശ്നങ്ങൾ ഇവയെല്ലാം വാഹനാപകടങ്ങൾക്കിടയാക്കുന്നു.

ഇക്കൂട്ടത്തിൽ പ്രധാനം കാഴ്ചശക്തിയാണ്. മദ്ധ്യവയസ്കർ, പ്രായം ചെന്നവർ എന്നിവരുടെ കാര്യത്തിൽ ഇത് പരിശോധിക്കേണ്ടതാണ്. എന്നാൽ ഇന്ന് ഇതിന് സംവിധാനങ്ങളില്ല. പ്രായമായവർക്ക് രാത്രിയിലെ ഡ്രൈവിങ് പ്രയാസകരമാണ്. എല്ലാ ഡ്രൈവർമാരുടെയും കാഴ്ചശക്തി പരിശോധിക്കാൻ സംവിധാനമുണ്ടാക്കണം. മദ്യപിച്ചുള്ള വാഹനയോട്ടം രാത്രിസമയത്ത് നടക്കുന്ന അപകടങ്ങളുടെ 50% വരുമെന്നാണ് പറയുന്നത്. മരണസംഖ്യ കൂടുന്നതിന്റെ കാരണവും ഇതുതന്നെ. ബാറുകളിൽ മദ്യപിക്കാൻ വരുന്നവരിൽ നല്ലൊരു പങ്കും വാഹനം ഓടിക്കുന്നവരാണ്. ബാറുകളുടെ മുന്നിൽ ഒരു ചെക്കിങ് ഏർപ്പെടുത്തിയാൽ ത്തന്നെ പൊലീസിന് ഇക്കാര്യത്തിൽ ഫലപ്രദമായ നിയന്ത്രണം കൊണ്ടുവരാൻ കഴിയും.

റോഡുകളുടെ ശോചനീയാവസ്ഥയും പ്രശ്നമാണ്. ഘടനയിലും നിർമാണത്തിലും റോഡുകൾക്ക് നിരവധി വൈകല്യങ്ങളുണ്ട്. ഇതുമൂലം അവയുടെ യഥാർത്ഥ സംവഹനശേഷി ഉപയോഗിക്കാനാകുന്നില്ല. റോഡുകളുടെ ഗുണമേന്മ വർധിപ്പിക്കൽ അടിയന്തരമായി ഏറ്റെടുക്കേണ്ട പ്രവൃത്തിയാണ്.

## അമിത വേഗത അത്യാപത്ത്

സുരക്ഷിതവും സന്തോഷപ്രദവുമായ യാത്രയാണ് ജനങ്ങൾ പ്രതീക്ഷിക്കുന്നത്. ഇതിനു പ്രധാന തടസ്സം അമിത വേഗതയാണ്. വേഗത്തെക്കാൾ സുരക്ഷിതത്വത്തിനായിരിക്കണം പ്രഥമ പരിഗണന. മനുഷ്യശരീരത്തിന് താങ്ങാനാവുന്ന പരിധിക്കകത്തായിരിക്കണം വാഹനങ്ങളുടെ വേഗത യെന്നത് അടിസ്ഥാന പ്രമാണമാണ്. ഇതിന്റെ നഗ്നമായ ലംഘനമാണ് നടക്കുന്നത്. വാഹനത്തിന്റെ വേഗത നിയന്ത്രിക്കുകയെന്നതാണ് റോഡ് ട്രാഫിക് സുരക്ഷിതമാകാനും അപകടങ്ങൾ കുറയ്ക്കാനും വേണ്ട അടിയന്തര നടപടികളിലൊന്ന്. ഇതോടൊപ്പം തന്നെ റോഡിന്റെയും വാഹത്തിന്റെയും സാങ്കേതിക ഗുണമേന്മ കൂടി കണക്കിലെടുത്തു വേണം ഓരോ റോഡിലുമുള്ള വാഹനങ്ങളുടെ പരമാവധി വേഗം നിശ്ചയിക്കേണ്ടത്.

റോഡുസുരക്ഷ ഉറപ്പുവരുത്തേണ്ടത് അടിസ്ഥാനപരമായും സർക്കാരിന്റെ കടമയാണ്. പൊലീസ്,ഗതാഗതം, നീതിന്യായം, ധനകാര്യം, ആരോഗ്യം, വിദ്യാഭ്യാസം തുടങ്ങിയ ഒട്ടേറെ വകുപ്പുകൾ ബന്ധപ്പെട്ടിരിക്കുന്ന മേഖലയാണിത്. ഏകോപിതമായ പ്രവർത്തനം നടക്കുന്നില്ല. ഓരോ അപകടം നടക്കുമ്പോഴും വകുപ്പുകൾ പരസ്പരം പഴിചാരി രക്ഷപ്പെടുന്ന അവസ്ഥയാണ്. അതിനാൽ എല്ലാ വകുപ്പുകളെയും പരസ്പരം ബന്ധിപ്പിക്കും വിധം ഏകോപിതവും ഉദ്ഗ്രഥിതവുമായ സമീപനം ഉണ്ടാകണം.



**റോഡുസുരക്ഷ സംബന്ധിച്ച യോഗത്തിനുശേഷം മുഖ്യമന്ത്രി വി.എസ്. അച്യുതാനന്ദൻ, ആഭ്യന്തര മന്ത്രി കോടിയേരി ബാലകൃഷ്ണൻ, ഗതാഗത മന്ത്രി മാത്യു ടി. തോമസ്, പൊതുമരാമത്ത് മന്ത്രി മോൻസ് ജോസഫ്, ചീഫ് സെക്രട്ടറി പി.ജെ. തോമസ് എന്നിവർ പത്രസമ്മേളനത്തിൽ.**

റോഡു സുരക്ഷയ്ക്കുള്ള തുക കണ്ടെത്തുവാൻ ഡ്രൈവിങ് പരിശീലനം, ടെസ്റ്റിങ്, ലൈസൻസിങ്, റോഡ് ടാക്സ് ഇവയിലൂടെ ഈടാക്കാൻ കഴിയുമോയെന്ന് പരിശോധിക്കണം. ബോധവത്കരണത്തിലൂന്നിയ റോഡ് സുരക്ഷാ സാക്ഷരതാ പദ്ധതിക്ക് രൂപം നല്കണം. ദീർഘകാലാടിസ്ഥാനത്തിലുള്ള പ്രശ്നപരിഹാരത്തിന് ഇത് സഹായിക്കും.

വർദ്ധിച്ചു വരുന്ന അപകടങ്ങളുടെ പശ്ചാത്തലത്തിൽ കേരള ശാസ്ത്രസാഹിത്യ പരിഷത്ത് തൃശൂരിൽ ഗതാഗതസുരക്ഷസംബന്ധിച്ച് ദേശീയപാത 47-ലെ 61 കി.മീ. ദൂരത്തിൽ പഠനപര്യടനം സംഘടിപ്പിച്ച് പഠനം നടത്തി റിപ്പോർട്ട് പ്രസിദ്ധീകരിക്കുകയുണ്ടായി. അപകടങ്ങൾക്ക് കാരണമായ 46 ഘടകങ്ങളെ കണ്ടെത്തി അവയുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ നിർദേശങ്ങളുടെ സംഗ്രഹമാണ് ചുവടെ കൊടുക്കുന്നത്.

## മുഖ്യനിർദേശങ്ങൾ

**നയപരം**

1. ഗതാഗതമേഖലയെ സമഗ്രമായി കണ്ടുകൊണ്ടുള്ള ദീർഘകാല ആസൂത്രണം ആവശ്യമായിരിക്കുന്നു. റെയിൽ-ജല ഗതാഗത മാർഗങ്ങളെ ശക്തിപ്പെടുത്തിക്കൊണ്ട് റോഡ് മുഖേനയുള്ള ഗതാഗതത്തിന്റെ അമിതസമ്മർദം കുറയ്ക്കണം. ഗതാഗത വളർച്ചയെ കണക്കിലെടുത്തുകൊണ്ട് ദീർഘ വീക്ഷണത്തോടു കൂടിയ ഗതാഗത വികസന പദ്ധതികൾ സ്ഥലീയ ആസൂത്രണത്തി (Spatial Plan) ന്റെ ഭാഗമായി തയ്യാറാക്കണം.
2. റോഡ് സുരക്ഷയെ മുൻനിർത്തി റോഡ് സുരക്ഷാ കൗൺസിലുകളുടെ മേൽനോട്ടത്തിൽ ട്രാഫിക് മാനേജ്മെന്റ് സെൽ രൂപീകരിക്കണം. സെല്ലിന്റെ നേതൃത്വത്തിൽ ഹ്രസ്വകാല-ദീർഘകാല പദ്ധതി തയ്യാറാക്കണം.
3. ഓരോ പ്രധാനപ്പെട്ട റോഡപകടവും അന്വേഷിക്കാനും പഠിക്കാനും റെയിൽവേക്കുള്ള പോലെ ഒരു വിദഗ്ധസംവിധാനം ജില്ലാ-സംസ്ഥാന തലങ്ങളിൽ ഉണ്ടാക്കണം.
4. അന്വേഷണ കമ്മീഷൻ റിപ്പോർട്ടുകളുടെ കണ്ടെത്തൽ പരസ്യപ്പെടുത്തുകയും തുടർ നടപടികൾ എടുക്കുമെന്ന് ഉറപ്പാക്കുകയും വേണം.
5. ഡ്രൈവിങ് സ്കൂളുകളുടെ പ്രവർത്തനം നിരീക്ഷിക്കുകയും പഠനവിധേയമാക്കുകയും വേണം.
6. റോഡ് സുരക്ഷാ പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തണം.
7. റോഡിന്റെ റിപ്പയർ നല്ല രീതിയിൽ യഥാസമയം നടക്കുമെന്ന് ഉറപ്പാക്കണം.
8. ദൂരക്കാഴ്ചയ്ക്ക് വിഘാതം സൃഷ്ടിക്കുന്ന ട്രാൻസ്ഫോർമർ, വൈദ്യുതി പോസ്റ്റുകൾ എന്നിവ മാറ്റി സ്ഥാപിക്കണം.
9. സ്ഥിരവും താത്കാലികവുമായ എല്ലാവിധ കയ്യേറ്റങ്ങൾക്കെതിരെയും യഥാസമയം നടപടി എടുക്കണം. റോഡിൽ ഗതാഗത തടസമുണ്ടാക്കുന്ന വഴിയോര കച്ചവടങ്ങളെ നിരുത്സാഹപ്പെടുത്തണം.
10. പബ്ലിക് ട്രാൻസ്പോർട്ട് സമ്പ്രദായം കൂടുതൽ മെച്ചപ്പെടുത്തിക്കൊണ്ട് സ്വകാര്യ വാഹനങ്ങളിന്മേലുള്ള അമിത ആശ്രിതത്വം കുറയ്ക്കണം.
11. പുതിയ റോഡ് നിർമിക്കുന്നതിനെക്കാൾ നിലവിലുള്ള റോഡ് മെച്ചപ്പെടുത്തുന്നതിന് മുൻഗണന നൽകണം.
12. 1988-ലെ മോട്ടോർ വാഹന നിയമം സെക്ഷൻ 215 അനുസരിച്ച് ദേശീയ റോഡ് സുരക്ഷാ കൗൺസിലും, സംസ്ഥാന റോഡ് സുരക്ഷാ കൗൺസിലും ജില്ലാ റോഡ് സുരക്ഷാ സമിതിയും രൂപീകരിച്ച് പ്രവർത്തിപ്പിക്കേണ്ടതുണ്ട്. കേരളത്തിൽ ഇവ രൂപീകരിച്ചിട്ടുണ്ടെങ്കിലും ഇവയുടെ പ്രവർത്തനം സംബന്ധിച്ച നടപടിക്രമങ്ങൾക്ക് രൂപം നൽകുന്നതിനും പ്രവർത്തനത്തിനാവശ്യമായ ഫണ്ട് നൽകുന്നതിനും പ്രവർത്തനം വിലയിരുത്തുന്നതിനും

നടപടികൾ ഉണ്ടായിട്ടില്ല. ഇക്കാര്യത്തിൽ നടപടി സ്വീകരിക്കണം.

**സാങ്കേതികം (ട്രാഫിക് എഞ്ചിനീയറിങ്)**

1. ദേശീയപാതകൾ, സംസ്ഥാനപാതകൾ എന്നിവയുടെ നിലവാരം ഉയർത്തുക. റോഡിൽ ശരിയായ കാംബറും (Camber - Convex Surface) വീതിയും ഉറപ്പുവരുത്തുക.
2. കാൽനടയാത്രക്കാർക്ക് വേണ്ടി നിശ്ചിത വീതിയിലുള്ള നടപ്പാത നിർമിക്കുക.
3. സുഗമമായ ജലനിർഗമനത്തിനായി ഗുണമേന്മയുള്ള കാനകൾ നിർമിക്കുക.
4. റോഡ് മാർക്കിങ്, (ഇരുവരിപ്പാതയുടെ മധ്യരേഖകൾ) വശങ്ങളിലെ മഞ്ഞ രേഖകൾ എന്നിവ റിഫ്ളക്ടീവ് പെയിന്റ് ഉപയോഗിച്ച് ശാസ്ത്രീയമായി രേഖപ്പെടുത്തുക.
5. പാതകളിലെ കുഴികളും പാർശ്വങ്ങളിലെ ഗർത്തങ്ങളും അപ്പപ്പോൾ അടയ്ക്കാനുള്ള (അറ്റകുറ്റപ്പണികൾ) സംവിധാനത്തിന് രൂപം നൽകുക.
6. റോഡിന്റെ വീതിക്കനുസരിച്ച് പാലങ്ങൾ നിർമിക്കുക. രാത്രികാലങ്ങളിൽ കൈവരികളിൽ വാഹനം ഇടിച്ചുണ്ടാകുന്ന അപകടങ്ങൾ ഒഴിവാക്കുവാൻ കലുങ്ക്, പാലം എന്നിവയുടെ പാർശ്വഭിത്തികളിൽ Reflective Paints അടിക്കുക.
7. കാൽനടയാത്രക്കാർക്ക് സുരക്ഷിതമായി കുറുകെ കടക്കാനുള്ള സീബ്രാ ക്രോസിങ് ആവശ്യമായ സ്ഥലങ്ങളിലെല്ലാം (ഉദാ: ജങ്ക്ഷൻ, ബസ് സ്റ്റോപ്പ്) സ്ഥാപിക്കുക.
8. ഷട്ടിൽ ബസുകൾ പതിവായി നിർത്തുന്നയിടങ്ങളിൽ ബസ് ബേ നിർമിക്കുക.
9. ദീർഘദൂര വാഹനങ്ങൾക്കും ഡ്രൈവർക്കും വിശ്രമിക്കുന്നതിനുള്ള പാർക്കിങ് സൗകര്യങ്ങൾ ഒരു നിശ്ചിത അകലത്തിൽ ഒരുക്കുക. അനധികൃതമായ റോഡ് സൈഡ് പാർക്കിങ് നിരോധിക്കുക.
10. കേരളത്തിലെ ശക്തമായ മഴക്കാലത്തെ കണക്കിലെടുത്ത് റോഡ് ഡിസൈനിൽ മാറ്റം വരുത്തുക. ഇതിന് സഹായിക്കുമാറ് വിവരശേഖരണം നടത്തുക. ഒരു റോഡ് ഓഡിറ്റ് സംഘടിപ്പിച്ചുകൊണ്ട് ആവശ്യമായ പരിഷ്കാരങ്ങൾ വരുത്തുക.
11. 75-100 വർഷം പഴക്കമുള്ള, അടിയന്തരമായി പുനർനിർമാണം നടത്തേണ്ട, നൂറുകണക്കിന് പാലങ്ങൾ നാട്ടിലുണ്ട്. ഇവയെ കുറിച്ച് പഠിച്ച് സത്വരനടപടികൾ കൈക്കൊള്ളുക.
12. റെയിൽവെയുടെ മാതൃകയിൽ റോഡ് സംരക്ഷണത്തിന് ചുമതലക്കാർ ഉണ്ടാകണം. ഗാംഗ്മാന് സമാനമായി പഴയ NMR തൊഴിലാളികളെ പോലെയൊരു സുരക്ഷാ വിഭാഗം രൂപീകരിക്കണം.
13. Bell Mouth ഓടുകൂടി ശാസ്ത്രീയമായി തയ്യാറാക്കിയ അപ്രോച്ച് റോഡുകൾ ആയിരിക്കണം ഹൈവേയുമായി ബന്ധപ്പെടുന്ന സ്ഥലങ്ങളിൽ വേണ്ടത്. Speed Breaker, Zeebra Crossing, Standard sign Boards, Sight Distance മുതലായവ ഉൾക്കൊള്ളുന്നതായിരിക്കണം ഇതിന്റെ പ്ലാൻ. ദേശീയ പാതയിലേക്ക് വന്നുചേരുന്ന റോഡുകളിൽ സ്പീഡ് ബ്രേക്കർ, വാഹനം നിർത്താനാവശ്യപ്പെടുന്ന സൂചനാ ബോർഡുകൾ (Stop sign & Rumbling Strips or Warning Carpets) എന്നിവ സ്ഥാപിക്കണം.
14. റോഡിന്റെ സുരക്ഷ മുൻനിർത്തിയുള്ളതായിരിക്കണം വാഹനങ്ങളുടെ രൂപകല്പന. ബസ്സ് ബോഡി ഡിസൈൻ Standardise ചെയ്യണം.
15. ട്രക്കുകളിൽ വസ്തുക്കൾ പുറത്തേക്ക് തള്ളിനിൽക്കും വിധം അമിതഭാരം കയറ്റാനും കൊണ്ടുപോകാനും അനുവദിക്കരുത്. അപകട സാധ്യതയുള്ള ചരക്കുകൾ കൊണ്ടുപോകുമ്പോൾ (Hazardous Goods) കർശനമായ മുൻകരുതലും പൈലറ്റു വണ്ടിയും ഉണ്ടാകുമെന്ന് ഉറപ്പുവരുത്തുക.
16. ഡ്രൈവറുടെ ശ്രദ്ധയെ ആകർഷിക്കുന്ന പരസ്യബോർഡുകളും വലിയ കട്ടൗട്ടുകളും പാതയോരങ്ങളിൽ നിന്നും നീക്കം ചെയ്യുക.

> വാഹനമോടിക്കുന്നവരുടെ പിഴവുകൾ തന്നെയാണ് നല്ലൊരു ശതമാനം അപകടങ്ങൾക്കും കാരണം. ട്രാഫിക് നിയമത്തെക്കുറിച്ചുള്ള അജ്ഞത, ട്രാഫിക് നിയമലംഘനം എന്നിവ കൂടുതൽ അപകടങ്ങൾക്ക് കാരണമാകുന്നുണ്ട്. മദ്യപിച്ച് വാഹനമോടിക്കൽ, സാഹസിക ഡ്രൈവിങ്, അമിതവേഗം, മറികടക്കൽ, ഓവർ ടേക്കിങ്, ഡ്രൈവിങ്ങിലെ പരിചയക്കുറവ്, കുറഞ്ഞ കാഴ്ചശേഷി, മാനസിക പിരിമുറുക്കങ്ങൾ, വിഷാദ രോഗങ്ങൾ, പ്രായത്തിന്റെ പ്രശ്നങ്ങൾ ഇവയെല്ലാം വാഹനാപകടങ്ങൾക്കിടയാക്കുന്നു.

**നിയമപരിപാലനം**

1. ഡ്രൈവിങ് പിഴവുകൾ മൂലമുണ്ടാകുന്ന അപകടങ്ങളിൽ കർശനനടപടികൾ കൈക്കൊള്ളണം.
2. അമിതവേഗത നിയന്ത്രിക്കുവാൻ Speed Checking Radar ന്റെ ഉപയോഗം വ്യാപകമാക്കുക. സ്ഥിരമായി അമിതവേഗതയിൽ പാഞ്ഞ് അപകടങ്ങൾ ക്ഷണിച്ചുവരുത്തുന്ന ടിപ്പർ ലോറി, പച്ചമീൻ - കള്ള് വണ്ടികൾ എന്നിവയുടെ വേഗത കർശനമായി നിയന്ത്രിക്കുക, മത്സരയോട്ടം തടയുക.
3. മദ്യപിച്ചിട്ടുണ്ടോ എന്നറിയാൻ Breath Analyser ഉപയോഗിച്ച് ഡ്രൈവർമാരെ പരിശോധിക്കുക.
4. ഡ്രൈവിങ് മോണിറ്ററിങ് ശക്തമാക്കുക. രാത്രികാല പട്രോളിങ് കാര്യക്ഷമമാക്കുക.
5. എല്ലാ വാഹനങ്ങൾക്കും Break Light ഉം റിഫ്ളെക്ടറും വേണമെന്ന നിയമം കർശനമായി നടപ്പാക്കുക.
6. ഓരോ അപകടത്തെക്കുറിച്ചും ശാസ്ത്രീയമായി വിവരങ്ങൾ ശേഖരിക്കുന്നതിനും അപഗ്രഥിക്കുന്നതിനും സഹായിക്കും വിധം District Crime Record Bureau (DCRB) യുടെ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുക.
7. മൃഗാവശിഷ്ടങ്ങളും മറ്റു മാലിന്യങ്ങളും റോഡിലേക്ക് വലിച്ചെറിയുന്നത് തടയുന്നതിനായി പൊതുജനങ്ങളെ ബോധവത്കരിക്കുകയും നിയമം കർശനമാക്കുകയും ചെയ്യുക.

**ഗതാഗത വിദ്യാഭ്യാസം**

1. ഡ്രൈവർമാരെ മുഖ്യ ലക്ഷ്യമാക്കിക്കൊണ്ട് സുരക്ഷാ വിദ്യാഭ്യാസം നൽകണം. വാഹനമോടിക്കുന്നവർ, കാൽനടക്കാർ, സൈക്കിൾ യാത്രക്കാർ തുടങ്ങി റോഡും വാഹനവുമായി ബന്ധപ്പെട്ട മുഴുവനാളുകളെയും ഉദ്ദേശിച്ചുള്ള വമ്പിച്ച ബഹുജനവിദ്യാഭ്യാസ പരിപാടി തയ്യാറാക്കണം.
2. റോഡു സുരക്ഷാ ബോധവത്കരണം വാഹന നിർമാതാക്കൾ, ഇൻഷുറൻസ് കമ്പനികൾ എന്നിവരുടെ കൂടി ഉത്തരവാദിത്വമായി മാറ്റണം. അടിസ്ഥാനപരമായ ഊന്നൽ അപകടങ്ങൾ കുറയ്ക്കുക എന്നതിനായിരിക്കണം. ഇതിനാവശ്യമായ ചട്ടങ്ങൾ നിയമത്തിൽ ഉൾപ്പെടുത്തണം.
3. പ്രഥമ ശുശ്രൂഷയെക്കുറിച്ചുള്ള ശരിയായ അവബോധം കുട്ടികൾ, ഡ്രൈവർമാർ, ചികിത്സാരംഗത്തുള്ളവർ സന്നദ്ധ സംഘടനകൾ എന്നിവർക്ക് നൽകണം.
4. ഡ്രൈവിങ്സ്കൂളുകളുടെ നിലവാരം മെച്ചപ്പെടുത്തണം.

റോഡ് ഗതാഗതരംഗത്ത് കേരളം ഇന്ന് മുഖ്യമായും രണ്ടാം തലമുറ പ്രശ്നങ്ങളാണ് അഭിമുഖീകരിക്കുന്നത്. റോഡിന്റെ വിസ്തൃതിയിൽ കേരളം ഒന്നാം സ്ഥാനം കൈവരിച്ചെങ്കിലും ഗുണമേന്മയുടെ കാര്യത്തിൽ ഇത് പ്രതിഫലിക്കുന്നില്ല. ഗണപരമായി നേടിയ വളർച്ചയെ ഗുണപരതയിലേക്ക് നയിക്കുകയെന്നതാണ് ഈ രംഗത്തെ അടിയന്തര കടമ. ■



പൂവറ്റൂർ ബാഹുലേയൻ

# കടലുണ്ടിയിൽ ദേശാടനക്കിളികൾ കരയാറില്ല

നഗരവത്കരണവും പരിസരമലിനീകരണവും വീർപ്പുമുട്ടിക്കുന്ന ആധുനിക ജനതയ്ക്ക് സ്വച്ഛ സുന്ദരമായി പ്രകൃതിയുടെ മടിത്തട്ടിൽ വിശ്രമിക്കാനൊരിടം. കണ്ടൽവനങ്ങളെയും കേരവൃക്ഷനിരകളെയും തഴുകിയൊഴുകുന്ന കടലുണ്ടിപ്പുഴയിലൂടെയുള്ള സഞ്ചാരം പാപവിമുക്തിയുടെ സുഖം തരും. അലമാലകളുടെ നൃത്തച്ചുവടുകളിൽ ഇളകിയാടുന്ന അറബിക്കടലിന്റെ തഴുകൽ മനസ്സിലും കുളിർ കാറ്റാവുന്നു. അസ്തമയ സൂര്യന്റെ ചെങ്കിരണങ്ങളിൽ പുളകിതയായ ആകാശസീമകളിൽ പാറിപ്പറക്കുന്ന ദേശാടനപ്പക്ഷികളുടെ കലപില ശബ്ദം കാതിലെന്നും മുഴങ്ങും. അഴിമുഖവും കണ്ടൽവനങ്ങളും പക്ഷിജാലങ്ങളും പുഴയോരക്കാഴ്ചകളും തുടങ്ങി പ്രകൃതി ലാവണ്യം കോരിച്ചൊരിയുന്ന കടലുണ്ടി, വള്ളിക്കുന്ന് ഇനി ജനങ്ങൾക്ക് സ്വന്തം. ജൈവവൈവിദ്ധ്യ, സാംസ്കാരിക കൂട്ടായ്മ ഒരുക്കിക്കൊണ്ട് കടലുണ്ടി, വള്ളിക്കുന്ന് കേരളത്തിലെ ആദ്യത്തെ കമ്മ്യൂണിറ്റി റിസർവായി. വന്യമൃഗസംരക്ഷണ കേന്ദ്രമോ സംരക്ഷണ റിസർവോ അല്ലാത്ത സ്ഥലങ്ങളിലുള്ള സസ്യജന്തുജാലങ്ങളുടെ സംരക്ഷണത്തിനോ പരമ്പരാഗതവും സാംസ്കാരികവുമായ പൈതൃകങ്ങളെയും മൂല്യങ്ങളെയും സംരക്ഷിക്കുവാനോ സംസ്ഥാന സർക്കാർ പ്രഖ്യാപിക്കുന്ന സ്ഥലമാണ് കമ്മ്യൂണിറ്റി റിസർവ്.

കടലുണ്ടി കോട്ടക്കടവ് ജങ്ക്ഷനിൽ വ്യവസായ മന്ത്രി എളമരം കരീമിന്റെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ വനം മന്ത്രി ബിനോയ് വിശ്വമാണ് കമ്മ്യൂണിറ്റി റിസർവ് പ്രഖ്യാപനം നിർവഹിച്ചത്. കോഴിക്കോട് ജില്ലയിലെ കടലുണ്ടി ഗ്രാമപഞ്ചായത്തിലും മലപ്പുറം ജില്ലയിലെ വള്ളിക്കുന്ന് ഗ്രാമപഞ്ചായത്തിലും ഉൾപ്പെടുന്ന 150 ഹെക്ടർ സ്ഥലം കമ്മ്യൂണിറ്റി റിസർവിന്റെ പരിധിയിൽപ്പെടുന്നത് വിനോദ സഞ്ചാര ചരിത്രത്തിൽ പുതിയൊരദ്ധ്യായമായി.

പശ്ചിമഘട്ട മലനിരകളിൽ നിന്നാരംഭിച്ച് മലപ്പുറം ജില്ലയിലെ വിവിധ പഞ്ചായത്തുകളിലൂടെയാണ് കടലുണ്ടിപ്പുഴ അറബിക്കടലിൽ ചേരുന്നത്. കടലുണ്ടിപ്പുഴയിലെ അഴിമുഖത്തിനടുത്തുള്ള ദ്വീപുകൾ നയനചാരുതയേകുന്നു. ഐതിഹ്യ ഗ്രാമമായ വല്ലീഗ്രാമമാണ് പിൽക്കാലത്ത് വള്ളിക്കുന്നായി മാറിയതെന്ന് പറയപ്പെടുന്നു. ഉദ്ദണ്ഡ ശാസ്ത്രികളുടെ കോകില സന്ദേശത്തിൽ പരാമർശിക്കുന്ന പ്രസിദ്ധമായ വല്ലിയാർ ആണത്രെ കടലുണ്ടിപ്പുഴ. വല്ലിയാർ ചൂഴുന്ന കുന്നിന് വള്ളിക്കുന്ന് എന്ന് പേരു വന്നുവെന്നും പറയപ്പെടുന്നു. ചരിത്ര പ്രസിദ്ധ തുറമുഖ നഗരമായ തിണ്ടിസ് ആണ് ഇന്നത്തെ കടലുണ്ടി. ജൈവ വൈവിദ്ധ്യങ്ങളാലും സാംസ്കാരിക പൈതൃക മൂല്യങ്ങളാലും സമ്പന്നമായ കടലുണ്ടി, വള്ളിക്കുന്ന് ഗ്രാമങ്ങൾ കടൽ, പുഴ, അഴിമുഖം, കണ്ടൽവനങ്ങൾ, ജലാശയങ്ങൾ, വയൽ, ചതുപ്പ്, കടവുകൾ, കൃഷിത്തോട്ടങ്ങൾ തുടങ്ങിയ ആവാസവ്യവസ്ഥകൾ ഉൾക്കൊള്ളുന്നു. അമൂല്യമായ പ്രത്യേകതകൾ ഉൾക്കൊള്ളുന്ന ഇവിടം സംരക്ഷിക്കണമെന്നത് രണ്ട് ഗ്രാമപഞ്ചായത്തുകളുടെയും ദീർഘകാലസ്വപ്നമായിരുന്നു.

ജൈവവൈവിദ്ധ്യത്തിൽ സമ്പന്നമായ കടലുണ്ടി, വള്ളിക്കുന്ന് ഗ്രാമപഞ്ചായത്തുകൾ കണ്ടൽക്കാടുകളും ദേശാടനപ്പക്ഷികൾ ഉൾപ്പെടെയുള്ള പക്ഷിസങ്കേതവും സാമൂഹിക സാംസ്കാരിക പൈതൃക മൂല്യങ്ങളും കൊണ്ട് ശ്രദ്ധേയമാണ്. ദേശങ്ങളും കാതങ്ങളും താണ്ടി കടലുണ്ടിയിൽ എത്തുന്ന ദേശാടനപ്പക്ഷികളെ ആകർഷിക്കുന്ന എന്തോ വലിയ പ്രത്യേകത ഇവിടെയുണ്ടെന്ന് കമ്മ്യൂണിറ്റി റിസർവ് പ്രഖ്യാപനം നടത്തിയ മന്ത്രി ബിനോയ് വിശ്വം എടുത്തു കാട്ടിയത് ശ്രദ്ധേയമാണ്. ഈ പ്രത്യേകത കാത്തുസൂക്ഷിക്കുന്നതിൽ പ്രത്യേകം ശ്രദ്ധിക്കണമെന്ന് അദ്ദേഹം എടുത്തു കാട്ടി. വടക്ക് കടലുണ്ടിപ്പുഴയുടെ വലത്തേ കരയും കിഴക്ക് കോട്ടക്കടവ് പാലവും തെക്ക് കടലുണ്ടിപ്പുഴയുടെ ഇടത്തേക്കരയും പടിഞ്ഞാറ് അറബിക്കടലും അതിർത്തികളായുള്ള ഈ പ്രദേശത്തിന്റെ പ്രത്യേകതകളെക്കുറിച്ച് നിരവധി പഠനങ്ങൾ നടത്തിയിരുന്നു. പ്രമുഖ പക്ഷി നിരീക്ഷകനായ അഡ്വ. നമഃശിവായം 33 വർഷങ്ങൾക്കു മുമ്പ് ഇവിടത്തെ പക്ഷികളെ കുറിച്ച് പഠനം തുടങ്ങിയിരുന്നു. 1981 മുതൽ 1992 വരെയുള്ള കാലയളവിൽ പ്രഗത്ഭ പക്ഷിനിരീക്ഷകരായ ശിവപ്രസാദ്, പി.കെ. ഉത്തമൻ, മോഹൻകുമാർ, വേണുഗോപാൽ, എസ്. കൃഷ്ണയ്യർ, ഡോ. പി.എൻ. ദീപാകുറുപ്പ് തുടങ്ങിയവർ ഒറ്റയ്ക്കും കൂട്ടായും തയ്യാറാക്കിയ പഠന റിപ്പോർട്ടുകൾ വിവിധ ജേർണലുകളിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. പുതിയ ഇനത്തിൽപ്പെടുന്ന പത്തോളം പക്ഷികളെ കടലുണ്ടിയിൽ കണ്ടെത്താനായിട്ടുണ്ടെന്ന് ഈ റിപ്പോർട്ടുകളിൽ അവകാശപ്പെടുന്നു.

1985 ൽ നാചറൽ ഹിസ്റ്ററി നടത്തിയ പഠനവും 2002-05ൽ സുവോളജിക്കൽ സർവേ ഓഫ് ഇന്ത്യ നടത്തിയ പഠനവും ഈ പ്രദേശത്തിന്റെ വൈവിദ്ധ്യം വ്യക്തമാക്കുന്നു. 2005-06ൽ ഡോ. വിജയകുമാർ ഇവിടത്തെ പക്ഷികളെക്കുറിച്ച് പഠനം നടത്തി. വനം വകുപ്പിലെ ചൈൽഡ് ലൈഫ് എഡ്യൂക്കേഷൻ ഡപ്യൂട്ടി ഡയറക്ടർ ഡോ. ദീപാകുറുപ്പ് 1987-89 കാലയളവിൽ നടത്തിയ പഠനത്തിൽ കടലുണ്ടി അഴിമുഖ പ്രദേശം ഉയർന്ന ജൈവവൈവിദ്ധ്യ സൂചികയുള്ള പ്രദേശമാണെന്നും ഇതൊരു സംരക്ഷിത മേഖലയാക്കണമെന്നും ശുപാർശ ചെയ്തിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ കടലുണ്ടി അഴിമുഖം പക്ഷിസംരക്ഷണ കേന്ദ്രമായി പ്രഖ്യാപിക്കുന്നതിന് വനംവകുപ്പ് നടപടികളെടുത്തിരുന്നു.



ഏതാണ്ട് 135 ലധികം ഇനം പക്ഷികൾ ഇവിടെ ഉള്ളതായി പറയപ്പെടുന്നു. ഇതിൽ പലതും അപൂർവ ദേശാടനപ്പക്ഷികളും വംശനാശ ഭീഷണി നേരിടുന്നതും പ്രത്യേക സംരക്ഷണം അർഹിക്കുന്നതുമാണ്. പ്രമുഖ പക്ഷിശാസ്ത്രജ്ഞരായ ഡോ. സലിം അലി, പ്രൊഫ. നീലകണ്ഠൻ എന്നിവർ ഇവിടുത്തെ അപൂർവ ഇനം പക്ഷികളെക്കുറിച്ച് പഠനം നടത്തിയിട്ടുണ്ട്. കേരളത്തിൽ കണ്ടെത്തിയ 11 ഇനം ദേശാടനപ്പക്ഷികളും കടലുണ്ടിയിൽ നിന്നായിരുന്നുവെന്നത് ഈ പ്രദേശത്തിന്റെ പ്രാധാന്യം വർദ്ധിപ്പിക്കുന്നു. ഇവിടെ കാണപ്പെടുന്ന മൂന്നിനം ആമകളിൽ ഒലിവ് ടർട്ടിൽ പ്രത്യേക സംരക്ഷണമർഹിക്കുന്നു. സെപ്തംബർ മുതൽ ഫെബ്രുവരി വരെയുള്ള കാലയളവിൽ ഇവിടെ മുദിയം കടപ്പുറത്തെത്തി മുട്ടയിടുന്ന ഇവയുടെ മുട്ടകൾ വനം വകുപ്പിലെ ഉദ്യോഗസ്ഥർ തദ്ദേശീയരുടെ സഹായത്തോടെ ശേഖരിക്കുകയും വിരിയിച്ച് കടലിൽ വിടുകയും ചെയ്യുന്നു. നീർനായ് ഉൾപ്പെടെ 15 ഇനം സസ്തനികൾ, അഞ്ച് ഇനം അരണ, ഓന്ത്, 13 ഇനം മത്സ്യങ്ങൾ, 38 ഇനം ചിത്രശലഭങ്ങൾ തുടങ്ങിയവ ഉൾപ്പെടുന്ന ജന്തുവൈവിദ്ധ്യം സഞ്ചാരികൾക്ക് ദൃശ്യവിരുന്നൊരുക്കുന്നു.

കടലുണ്ടി അഴിമുഖം, മണ്ണാൻകാട്, സി.പി. തുരുത്ത്, പനയംമാട്,ബാലാതുരുത്ത്, തട്ടാൻചുറ്റിമാട്, മുദിയം കടപ്പുറം, ആലുങ്ങൽ കടപ്പുറം, ചാലിയം പുലിമുട്ട്, ചാലിയം ഫിഷിങ് ഹാർബർ, ചാലിയം ലൈറ്റ്ഹൗസ്, ചാലിയം തടി ഡിപ്പോ, കോട്ടക്കുന്ന്, ഫിറോസ് നഗർ എന്നിവയാണ് പദ്ധതിയിൽ ഉൾപ്പെടുന്ന പ്രധാന സ്ഥലങ്ങൾ. നിറംകൈതക്കോട്ടയിലെ ക്ഷേത്രങ്ങൾ, സെന്റ് പോൾസ് ചർച്ച്, കോട്ടക്കുന്ന് കാൽവരി ഹിൽസ്, ചാലിയം മസ്ജിദ്, ചാലിയം മുല്ല, പേടിയാട്ട് ഭഗവതി ക്ഷേത്രം, മണ്ണൂർ ഗുഹ, പഴഞ്ചണ്ണൂർ ക്ഷേത്രം, ചാലിയം ശ്രീകണ്ഠേശ്വര ക്ഷേത്രം എന്നിവ സാംസ്കാരിക പൈതൃക മൂല്യ സംരക്ഷണ കേന്ദ്രങ്ങളായിരിക്കും. കടലുണ്ടിപ്പുഴയിലൂടെയുള്ള ബോട്ടുയാത്ര പദ്ധതിയിലെ പ്രധാന ആകർഷണമായിരിക്കും.

കണ്ടൽ വനങ്ങളുടെ സംരക്ഷണം, കടലാമകളുടെ പ്രജനന കേന്ദ്രങ്ങളുടെ സംരക്ഷണം, ദേശാടനപ്പക്ഷികളുടെ തീറ്റപ്പാടങ്ങളും പ്രജനന കേന്ദ്രങ്ങളും സംരക്ഷിക്കൽ തുടങ്ങിയവ പദ്ധതി വിഭാവനം ചെയ്യുന്നു. പഠന ഗവേഷണങ്ങൾക്കും ജൈവവൈവിദ്ധ്യവും ആവാസ വ്യവസ്ഥയും സംരക്ഷിക്കുന്നതിനും പ്രത്യേക പരിഗണന നൽകിയിട്ടുണ്ട്. ഫിറോസ് നഗർ വിജ്ഞാന വ്യാപനകേന്ദ്രമാക്കി ഉയർത്താൻ നടപടികളെടുക്കും. സാംസ്കാരിക പൈതൃക മൂല്യ സംരക്ഷണത്തോടൊപ്പം വിനോദസഞ്ചാര സാധ്യതകൾ വർധിപ്പിക്കാനും സാമൂഹിക വികസന പ്രവർത്തനങ്ങൾക്ക് തുടക്കമിടാനും പദ്ധതി ലക്ഷ്യമിടുന്നുണ്ട്.

അമൂല്യമായ ഒരു പരിസ്ഥിതിവ്യൂഹമെന്ന നിലയിൽ കണ്ടൽക്കാടുകളെ നിലനിർത്തേണ്ട പ്രതിബദ്ധത കൂടിയാണ് സംസ്ഥാന സർക്കാർ പ്രാവർത്തികമാക്കുന്ന കമ്മ്യൂണിറ്റി റിസർവ്. കടലുണ്ടിപ്പുഴയുടെ ഇരുപാർശ്വങ്ങളിലും പടർന്നു കിടക്കുന്ന കണ്ടൽ വനങ്ങൾ മനോഹരമായ കാഴ്ചയൊരുക്കുന്നു.

> കണ്ടൽവനങ്ങളെയും പക്ഷിക്കൂട്ടങ്ങളെയും അടുത്തുനിന്നു കാണുവാനും അറിയുവാനുമുള്ള അസുലഭ അവസരമൊരുക്കുന്നതാണ് കണ്ടലുണ്ടിപ്പുഴയിലൂടെയുള്ള ഉല്ലാസയാത്ര

ഇവിടെ കാണപ്പെടുന്ന അകാന്തസ്, അവിസീനിയ, എക്സ്കോക്കേറിയ, റൈസോഫോറ തുടങ്ങിയ ജനുസുകൾ ദൃശ്യഭംഗി നല്കുന്നതോടൊപ്പം ഞണ്ട്, ചെമ്മീൻ, കല്ലുമ്മക്കായ തുടങ്ങിയ ജീവികളുടെ വംശവർധനവിനും സഹായിക്കുന്നു.

ഈ ദേശത്തിന്റെ പ്രാധാന്യം ദേശാടനക്കിളിയുടെ വരവോടെ പതിന്മടങ്ങ് വർധിക്കുന്നു. നവംബർ, ഡിസംബർ, ജനുവരി മാസങ്ങളാണ് ദേശാടനക്കിളികൾ ധാരാളമായി എത്തുന്ന കാലം. സൈബീരിയൻ മേഖലയിൽ നിന്നു പോലും ആയിരക്കണക്കിനു മൈലുകൾ പിന്നിട്ട് വിരുന്നു വരുന്ന ദേശാടനക്കിളികളുടെ സ്വപ്നഭൂമിയാണിവിടം. കടൽക്കാക്ക വർഗത്തിലും കൊക്ക് വർഗത്തിലും പെട്ട വിദേശപ്പക്ഷികൾക്കൊപ്പം ധാരാളം സ്വദേശപ്പക്ഷികളും വിരുന്നുവരുന്നവയിൽപ്പെടുന്നു. പലനിറത്തിലും ഇനത്തിലുമുള്ള കടൽക്കാക്കകൾ, ആളകൾ, പ്ലവറുകൾ, നീർക്കൊക്കുകൾ, മൈനകൾ, പ്രാവുകൾ, തത്തകൾ, പരുന്തുകൾ എന്നിവയും ഇവിടെ കാണാം. കടലുണ്ടി ആള, വലുതും ചെറുതുമായ കടൽകാക്കകൾ, തവിട്ടുതലയൻ കടൽകാക്ക, ചോരക്കാലി, പച്ചക്കാലി, നീർക്കാട, പൊൻമണൽക്കോഴി, പാമീർ മണൽക്കോഴി, വലിയ മണൽക്കോഴി, തെറ്റിക്കൊക്കൻ, വാൾക്കൊക്കൻ, കരണ്ടിക്കൊക്കൻ, തിരക്കാട, ഞണ്ടുണ്ണി, പുള്ളിക്കാടക്കൊക്ക്, ചാരമണൽക്കോഴി, പട്ടവാലൻ ഗോഡ്വിറ്റ്, വരവാലൻ ഗോഡ്വിറ്റ് എന്നിവയാണ് ഇവിടെയെത്തുന്ന പ്രധാന ദേശാടനപ്പക്ഷികൾ. 140 ഇനം ഔഷധികളും 127 ഇനം വള്ളികളും കുറ്റിച്ചെടികളും ഉൾപ്പെടെ 385 തരത്തിലുള്ള സസ്യങ്ങളുടെ ജൈവസമ്പത്താണ് ഇവിടെയുള്ളത്.

കണ്ടൽവനങ്ങളെയും പക്ഷിക്കൂട്ടങ്ങളെയും അടുത്തുനിന്നു കാണുവാനും അറിയുവാനുമുള്ള അസുലഭാവസരമൊരുക്കുന്നതാണ് കണ്ടലുണ്ടിപ്പുഴയിലൂടെയുള്ള ഉല്ലാസയാത്ര. ജലപ്പരപ്പിലൂടെയുള്ള ബോട്ട് യാത്രയെ അവിസ്മരണീയമാക്കുന്ന കാഴ്ചയാവും അസ്തമയസൂര്യന്റെ പശ്ചാത്തലത്തിൽ പക്ഷിക്കൂട്ടങ്ങൾ പാറിപ്പറക്കുന്ന ദൃശ്യം. കണ്ടൽ വനങ്ങൾ, പക്ഷി നിരീക്ഷണസ്ഥലങ്ങൾ, കടലാമ പ്രജനനകേന്ദ്രങ്ങൾ, വിനോദസഞ്ചാര പ്രാധാന്യമുള്ള സ്ഥലങ്ങൾ, ബോട്ടു യാത്ര എന്നിവയാണ് പ്രധാന സന്ദർശന ഭാഗങ്ങളായി പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

കേരളസർക്കാരിന്റെ നൂതനകാൽവയ്പായ ഈ കമ്മ്യൂണിറ്റി റിസർവിന്റെ സംരക്ഷണം, പരിപാലനം, നടത്തിപ്പ് എന്നിവയുടെ ഉത്തരവാദിത്വം സംസ്ഥാനസർക്കാരിനു കീഴിലുള്ള കമ്മ്യൂണിറ്റി റിസർവ് മാനേജ്മെന്റ് കമ്മിറ്റിക്കായിരിക്കും. കടലുണ്ടി ഗ്രാമപഞ്ചായത്തുകൾ നാമനിർദേശം ചെയ്യുന്ന അഞ്ച് അംഗങ്ങളും വനം വകുപ്പിലെ പ്രാദേശിക ചുമതലയുള്ള ഒരംഗവും ഉൾപ്പെടുന്നതാണ് കമ്മിറ്റി. കമ്മ്യൂണിറ്റി റിസർവ് പ്രദേശത്തെ ജൈവവൈവിധ്യവും ആവാസവ്യവസ്ഥയും സംരക്ഷിക്കാൻ വേണ്ട നടപടികൾ സ്വീകരിക്കുന്നതും കമ്മ്യൂണിറ്റി റിസർവിന്റെ മാനേജ്മെന്റ് പ്ലാൻ തയ്യാറാക്കലും നടപ്പിലാക്കുന്നതും കമ്മ്യൂണിറ്റി റിസർവ് മാനേജ്മെന്റ് കമ്മിറ്റിയുടെ അധികാരങ്ങളിൽ പെടും.

■ ഡോ. സി.കെ. ഹേമചന്ദ്രൻ

# പേറ്റന്റ് സെൽ

## പാരമ്പര്യ അറിവുകളുടെ സംരക്ഷണത്തിന്

ആഗോളവത്കരണത്തിന്റെയും ലോകവ്യാപാര സംഘടനയുടെയും നിബന്ധനകളെത്തുടർന്ന് ബൗദ്ധിക സ്വത്തവകാശത്തിൽ ഭേദഗതി വരുത്തിയത് നമ്മെ പലതരത്തിൽ ബാധിച്ചിരിക്കുകയാണല്ലോ. നമ്മുടെ പാരമ്പര്യ അറിവുകളെപ്പോലും വിദേശ രാജ്യങ്ങളിലെ കമ്പനികൾ പേറ്റന്റ് ചെയ്യാനുള്ള ശ്രമങ്ങൾ ആയുർവേദമേഖലയിലും വലിയ ഭീഷണിയാണുയർത്തുന്നത്. ഈ വെല്ലുവിളികളെ അതിജീവിക്കുന്നതിനു പലതരത്തിലുള്ള ശ്രമങ്ങൾ കേരള സർക്കാർ ആരംഭിച്ചുകഴിഞ്ഞു. അതിൽ നൂതനവും ഭാവനപൂർണമായ ഒന്നാണ് പേറ്റന്റ് സെല്ലിന്റെ രൂപീകരണം. ഇടതുപക്ഷ വിദ്യാർത്ഥി പ്രസ്ഥാനങ്ങളുടെയും സംഘടനകളുടെയും നിരന്തരമായ പ്രവർത്തനഫലമായി ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽ രൂപം കൊണ്ട ഈ സംവിധാനം ഇന്ത്യയിൽത്തന്നെ ആദ്യത്തേതാണ്.

പേറ്റന്റ് അവകാശം സ്വായത്തമാക്കുന്നതിനായി ആയുർവേദത്തിന്റെ വിവിധ മേഖലകളെ കണ്ടെത്തുക എന്നതാണ് ഈ സെല്ലിന്റെ ലക്ഷ്യം. സംസ്ഥാന ആരോഗ്യ കുടുംബക്ഷേമ വകുപ്പ് സെക്രട്ടറി ചെയർമാനായും ആയുർവേദ മെഡിക്കൽവിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ കൺവീനറുമായുള്ള പേറ്റന്റ് സെല്ലിന്റെ ആസ്ഥാനം ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറേറ്റാണ്.

കേരളത്തെപ്പോലെ മഹത്തായ വൈദ്യസംസ്കാരമുള്ള സംസ്ഥാനത്ത് പേറ്റന്റ് സെല്ലിന്റെ സാദ്ധ്യതകൾ അതിവിശാലമാണ്. ആയുർവേദത്തോടൊപ്പം മർമ ചികിത്സ, കളരി ചികിത്സ, വിഷ ചികിത്സ, വംശീയവൈദ്യം, പാരമ്പര്യവൈദ്യം, ഒറ്റമൂലി പ്രയോഗങ്ങൾ തുടങ്ങിയ ചികിത്സാ മുറകളും (uncodified knowledges) സംരക്ഷണ പരിധിയിൽ വരുന്നു. അമൂല്യമായ ഈ അറിവുകൾക്ക് നിയമ പരിരക്ഷയും (sui generi legislation) ഉദ്ദേശിക്കുന്നുണ്ട്.

പാരമ്പര്യ അറിവുകളുടെ മേൽ ഇതര രാജ്യങ്ങൾ ബൗദ്ധിക സ്വത്തവകാശം നേടുന്നതു (ബയോപൈറസി) തടയുക, പാരമ്പര്യ അറിവുകളുടെ ഗവേഷണ സാദ്ധ്യത വർദ്ധിപ്പിക്കുക, രാജ്യത്തിന്റെ സാമ്പത്തിക ഭദ്രത വർധിപ്പിക്കുക, പാരിസ്ഥിതിക സംരക്ഷണം ഉറപ്പാക്കുക എന്നിവയാണ് പേറ്റന്റ് സെല്ലിലൂടെ ഉദ്ദേശിക്കുന്നത്.

### പ്രവർത്തനങ്ങൾ

ബൗദ്ധിക സ്വത്തവകാശ നിയമത്തിന്റെ പരിധിയിൽ പാരമ്പര്യ അറിവുകൾക്ക് പ്രതിരോധ സംരക്ഷണം ലഭ്യമാക്കുക, പാരമ്പര്യ അറിവുകൾ സംബന്ധിച്ച രജിസ്റ്റർ രൂപീകരിക്കുക, താളിയോലകളിൽ നിന്നും കണ്ടെത്തുന്ന വിശിഷ്ടമായ ഔഷധക്കൂട്ടുകൾ ക്ലിനിക്കൽ പരിശോധനയ്ക്ക് വിധേയമാക്കി ഫലപ്രാപ്തി പുനഃസ്ഥാപിക്കുക.

കേരളത്തെപ്പോലെ മഹത്തായ വൈദ്യസംസ്കാരമുള്ള സംസ്ഥാനത്ത് പേറ്റന്റ് സെല്ലിന്റെ സാദ്ധ്യതകൾ അതിവിശാലമാണ്.

ഇതരശാസ്ത്രശാഖകളിലെ ഗവേഷകർക്കുകൂടി പ്രയോജനപ്പെടുന്ന തരത്തിലുള്ള ഒരു ബൃഹത് വിജ്ഞാന ശേഖരം (database) തയ്യാറാക്കുക, അസംസ്കൃത വസ്തുക്കളുടെ ഗുണനിലവാരം ഉറപ്പാക്കി ആയുർവേദ ഔഷധ കയറ്റുമതി വർദ്ധിപ്പിക്കുക, പേറ്റന്റ് പരിശോധനയിൽ ഇന്ത്യൻപേറ്റന്റ് ഓഫീസിനെ സഹായിക്കുക, കേരളത്തിന്റെ ആയുർവേദ വ്യവസായത്തെ പ്രോത്സാഹിപ്പിക്കുക. പാരമ്പര്യ സാംസ്കാരിക പ്രകടനങ്ങളുടെയും (traditional cultural expressions) ഇതര പാരമ്പര്യ അറിവുകളുടെയും സംരക്ഷണം ഉറപ്പാക്കുക, പൊതുജനാരോഗ്യം സംരക്ഷിക്കുന്നതിന് പാരമ്പര്യ ജീവിതരീതികളും തനതു ആരോഗ്യ ദർശനവും പുനരുജ്ജീവിപ്പിക്കുക, പൊതുജനങ്ങളിൽ ബൗദ്ധിക സ്വത്തവകാശം സംബന്ധിച്ച അവബോധം വളർത്തുക, പേറ്റന്റ് അന്വേഷണങ്ങൾ, പേറ്റന്റ് പ്രോത്സാഹനം തുടങ്ങിയ സംവിധാനങ്ങൾ ഏർപ്പെടുത്തുകവഴി സർക്കാരിന് സാമ്പത്തിക പ്രയോജനം ലഭ്യമാക്കുക എന്നിവയൊക്കെ ഇതിന്റെ ഭാഗമായുള്ള പ്രവർത്തനങ്ങളാണ്.

ഒരു പ്രത്യേക വിഷയത്തിൽ പേറ്റന്റ് നേടുന്നതുപോലെ പ്രധാനം തന്നെയാണ് അതിൽ മറ്റൊരാൾ പേറ്റന്റ് എടുക്കുന്നത് തടയുന്നതും. ഒന്നാം ഘട്ടം ലക്ഷ്യമിടുന്നതും ഈ പ്രതിരോധാത്മക സംരക്ഷണമാണ്.

തലമുറകളായി കൈമാറിവരുന്ന നാട്ടറിവുകളും ചികിത്സാവിജ്ഞാനവും പലപ്പോഴും താളിയോലകളിലും കൈയെഴുത്തു പ്രതികളിലും ഇപ്പോൾ വിപണിയിൽ ലഭ്യമല്ലാത്ത, നാശോന്മുഖമായിക്കൊണ്ടിരിക്കുന്ന പുസ്തകത്താളുകളിലും ഒളിഞ്ഞിരിക്കുകയാണ്. ആരോഗ്യവകുപ്പിന്റെ പ്രത്യേക അനുമതിയോടു കൂടി സംസ്ഥാനത്തുടനീളം ഗ്രന്ഥങ്ങൾ ശേഖരിക്കുന്നതിനായി സർവേ നടത്തിവരുന്നു.

ഇതുവരെ കണ്ടെത്തിയ താളിയോല ഗ്രന്ഥങ്ങൾ ഉൾപ്പെടെ 1800ഓളം വൈവിദ്ധ്യങ്ങളായ രേഖകൾ വിജ്ഞാനത്തിന്റെ കലവറയാണ്; ഗവേഷണത്തിന് ഉപോദ്ബലമാകുന്ന ആധികാരിക രേഖകളുമാണിവ. വൈദ്യശാസ്ത്ര ഗവേഷകനെ ഉത്തേജിപ്പിക്കും വിധം അമൂല്യങ്ങളായ അനവധി ഔഷധക്കൂട്ടുകൾ ഇതിൽ ഒളിഞ്ഞുകിടക്കുന്നുണ്ട്. ഈ രേഖകൾ ഡിജിറ്റൽ രൂപത്തിലാക്കി പേറ്റന്റ് അവകാശം സംരക്ഷിക്കുക എന്നതാണ് ഇതിന്റെ ഒന്നാം ഘട്ടം ലക്ഷ്യമിടുന്നത്.

വിപ്പോ (world intellectual property organization) നിബന്ധനകൾക്കനുസരിച്ചുള്ള ഈ ഡിഫൻസിവ്ഡേറ്റാബേസിന് -നമ്മുടെ പാരമ്പര്യ അറിവുകൾക്ക്- ദേശീയ അന്തർദേശീയ തലത്തിൽ പ്രതിരോധാത്മക സംരക്ഷണം നേടുന്നതിന് ഏകദേശം 5000- ത്തോളം ഔഷധക്കൂട്ടുകൾ ഇതിനകം പൂർത്തിയാക്കിക്കഴിഞ്ഞു.

പേറ്റന്റ് സെൽ ഏറ്റെടുത്തിരിക്കുന്ന അത്യന്തം ഗൗരവമേറിയ ചുമതല അതർഹിക്കുന്ന ഉത്തരവാദിത്തത്തോടും രഹസ്യ സ്വഭാവം കാത്തുസൂക്ഷിച്ചുകൊണ്ടും നിർവഹിക്കുന്നതിന് കൂടുതൽ കാര്യക്ഷമമായ ഒരു സ്ഥിരം ഗവൺമെന്റ് സംവിധാനം സജ്ജമാക്കേണ്ടതുണ്ട്.■

*ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ വിഭാഗത്തിലെ പേറ്റന്റ് സെല്ലിലെ ആയുർവേദ വിദഗ്ധനാണ് ലേഖകൻ*

■ ഹരിപ്രിയ. യു

ഭൂരിപക്ഷം സിനിമകളും സംസാരിച്ചത് സ്ത്രീകൾക്കു വേണ്ടിയായിരുന്നു. സിനിമയുടെ വിഷയം വർഗീയതയായാലും യുദ്ധമായാലും പ്രണയമായാലും കുടുംബജീവിതമായാലും എല്ലാത്തിലും സ്ത്രീകളുടെ കാഴ്ചപ്പാടുകളായിരുന്നു മുഖ്യം.




12-ാമത് ദേശീയ ചലച്ചിത്രമേളയുടെ ഉദ്ഘാടനം ചലച്ചിത്രനടൻ കമലഹാസൻ നിർവഹിക്കുന്നു.

# പെൺകണ്ണിലൂടെ ലോകം കണ്ട ചലച്ചിത്രമേള

ചലച്ചിത്രപ്രേമികൾ മനസ്സു കൊണ്ടാരാധിക്കുന്ന ഒരു പിടി നല്ല ചലച്ചിത്രകാരൻമാരുടെ ചിത്രങ്ങളുടെ പാക്കേജുകളായിരുന്നു 12-ാമത് രാജ്യാന്തര ചലച്ചിത്രമേള കാണികൾക്കായി ഒരുക്കിയത്. മത്സര വിഭാഗത്തിലും ഇന്ത്യൻ സിനിമാ വിഭാഗത്തിലും മലയാളസിനിമാവിഭാഗത്തിലും റിട്രോസ്പെക്ടീവ് വിഭാഗത്തിലും ഹോമേജ് വിഭാഗത്തിലും ബാൽക്കൺ ലാറ്റിനമേരിക്കൻ ആന്തോളജി വിഭാഗങ്ങളിലും പ്രദർശിപ്പിച്ചത് നല്ല ചിത്രങ്ങളായിരുന്നു. ഭൂരിപക്ഷം സിനിമകളും സംസാരിച്ചത് സ്ത്രീകൾക്കുവേണ്ടിയായിരുന്നു. സിനിമ കൈകാര്യം ചെയ്യുന്ന വിഷയം വർഗീയതയായാലും യുദ്ധമായാലും പ്രണയമായാലും കുടുംബജീവിതമായാലും എല്ലാം മുന്നോട്ടു പോകുന്നത് മുഖ്യമായും സ്ത്രീകളുടെ കാഴ്ചപ്പാടുകളിലൂടെയായിരുന്നു . അതുപോലെ തന്നെ ചലച്ചിത്രരംഗത്തെ പെൺപോരാട്ടത്തിന്റെ വിജയപ്രതീകങ്ങളായി മാറി മാനിയ അക്ബാരിയും ലൂസിയ പ്യൂയൻസോയും.

പന്ത്രണ്ടാമത് ചലച്ചിത്ര മേളയിൽ മികച്ച ചിത്രത്തിനുള്ള സുവർണ ചകോരം ഇറാൻ ചിത്രമായ *10+4* ഉം സ്പാനിഷ് ചിത്രമായ *എക്സ് എക്സ് വൈ*യും പങ്കിട്ടു. യഥാക്രമം മാനിയ അക്ബാരിയും ലൂസിയ പ്യൂയൻസോയുമാണ് സംവിധായകർ. മികച്ച സംവിധായികയ്ക്കുള്ള രജത ചകോരം നേടിയതും മികച്ച നവാഗത സംവിധായികയ്ക്കുള്ള രജത ചകോരം നേടിയതും ഇവർ തന്നെ. മികച്ച ചിത്രങ്ങൾക്കും സംവിധായകർക്കുമുള്ള അവാർഡുകൾ നേടിയത് വനിതകളായത് അപൂർവതയായി.

ഛായാഗ്രാഹകയായി സിനിമാരംഗത്തെത്തിയ മാനിയ അക്ബാരി 2002-ൽ അബ്ബാസ്കിയരൊസ്താമിയുടെ *ടെൻ* എന്ന ചിത്രത്തിൽ നായികയായിരുന്നു. ഈ ചിത്രത്തിന്റെ തുടർച്ചയാണ് മാനിയ അക്ബാരിയുടെ *10+4*. ക്യാൻസർ രോഗബാധിതയായ സംവിധായികയുടെ ജീവിതം തന്നെയാണ് ചിത്രത്തിന്റെ പ്രമേയം. ചിത്രം ഒരു കാർ യാത്രയാണ്. സംഭാഷണങ്ങളിലൂടെയാണ് കഥ നീങ്ങുന്നത്. ചിത്രത്തിന്റെ ആദ്യം നായിക(മാനിയ അക്ബാരി) കാറോടിച്ചുകൊണ്ട് തന്റെ വീട്ടുകാരോടും സുഹൃത്തുക്കളോടും സംസാരിക്കുകയാണ്. പിന്നീട് അസുഖം മൂർഛിക്കുന്നതോടെ കാറോടിക്കാൻ കഴിയാതെ വരുന്ന അവർ പിൻസീറ്റിലിരുന്ന് സംഭാഷണം തുടരുന്നു. മരണത്തെ മുഖാമുഖം കണ്ട സ്വന്തം ജീവിതാനുഭവം ചിത്രീകരിക്കാൻ കഴിഞ്ഞതാണ് ഈ സിനിമയുടെ വിജയം. ജീവിതത്തിനും മരണത്തിനും ഇടയിൽ നിസ്സഹായരാകുന്നവരുടെ മാനസിക വ്യാപാരങ്ങളും ഇച്ഛാശക്തിയുമാണ് ഈ ചിത്രത്തിന്റെ പ്രമേയത്തിന്റെ കരുത്ത്.

ദ്വിലിംഗങ്ങളുമായി ജനിച്ച അപൂർവ പെൺകുട്ടിയുടെ കഥയാണ് ലൂസിയപ്യുയൻസോയുടെ സ്പാനിഷ് ചിത്രമായ *എക്സ് എക്സ് വൈ* കൈകാര്യം ചെയ്യുന്നത്. ഒരേസമയം ആണിന്റെയും പെണ്ണിന്റെയും ശാരീരികവും മാനസികവുമായ സവിശേഷതയോടെ ജീവിക്കുന്ന അലക്സ് എന്ന കുട്ടിയാണ് ഇതിലെ മുഖ്യകഥാപാത്രം. അവളുടെ സങ്കീർണമായ ജീവിതാനുഭവങ്ങളാണ് പ്രമേയം. സമൂഹത്തിന്റെ ക്രൂരമായ ഫലിതങ്ങൾക്ക് വിധേയമാകുന്ന പെൺകുട്ടിയുടെയും കുടുംബത്തിന്റെയും മനോവ്യഥകൾ പ്രേക്ഷകരിൽ വേദനയായി തങ്ങിനിൽക്കാൻ പോന്നതാണ്.

ഫിപ്രസി ജൂറിപുരസ്കാരത്തിന് അർഹയായതാകട്ടെ പോർച്ചുഗൽ ചിത്രമായ *സ്ലീപ്പ് വാക്കിങ് ലാൻഡി*ന്റെ സംവിധായിക തെരെസാ പ്രാത്ത. ഇത് മേളയിലെ പെൺപെരുമയുടെ തിളക്കം വർദ്ധിപ്പിച്ചു. മൊസാസിക്കിലെ ആഭ്യന്തരയുദ്ധം ആസ്പദമാക്കി മിയോകൂട്ടോ എഴുതിയ നോവലിന്റെ ചലച്ചിത്രാവിഷ്കാരമാണ് *സ്ലീപ് വാക്കിങ് ലാൻഡ്*. യാഥാർഥ്യവും സങ്കൽപവും തിരിച്ചറിയാനാവാത്ത അനുഭവമായി ഈ ചിത്രം. യുദ്ധഭീതി വേട്ടയാടുന്ന മനുഷ്യന്റെ ദുരന്താനുഭവങ്ങളാണ് തെരെസാ പ്രാത്ത പ്രേക്ഷകർക്കു മുന്നിലെത്തിക്കുന്നത്.

ചലച്ചിത്രപ്രേമികളുടെ 34 ശതമാനം വോട്ട് നേടി പ്രേക്ഷകരുടെ പുരസ്കാരത്തിനർഹമായത് യോങ് സാങിന്റെ *ഗെറ്റിങ് ഹോം* ആണ്. കൂടാതെ മികച്ച ഏഷ്യൻ ചിത്രത്തിനുള്ള നെറ്റ്പാക്ക് പുരസ്കാരവും ഈ ചിത്രത്തിന് ലഭിച്ചു.

ജൂറിയുടെ പ്രത്യേക പുരസ്കാരത്തിന് അബ്ദുല്ല ഓഗസിന്റെ *ബ്ലിസ്* എന്ന തുർക്കി ചിത്രം അർഹമായി.

മികച്ച മലയാള സിനിമയ്ക്കുള്ള ഫിപ്രസി,നെറ്റ്പാക്ക് പുരസ്കാരങ്ങൾ ശ്യാമപ്രസാദ് സംവിധാനം ചെയ്ത *ഒരേ കടൽ* നേടി.

മനുഷ്യജീവിതത്തിലെ നിസ്സഹായഭാവങ്ങളും അവസ്ഥകളുമാണ് പുരസ്കാരങ്ങൾക്കർഹമായ ചിത്രങ്ങളെല്ലാം തന്നെ ചിത്രീകരിച്ചത്.■

■ നയന. എൻ. ആർ, സൗമ്യ. എസ്. എസ്

കൂട്ടുകാർ സ്നേഹപൂർവം മനു എന്നു വിളിച്ചിരുന്ന മനോജ്കുമാർ മധ്യകേരളത്തിലെ ഒരു ഗ്രാമത്തിൽ നിന്നാണ് എൻജിനീയറിങ് കോളേജിലെത്തിയത്.


ഇടത്തരം കുടുംബത്തിൽപ്പെട്ട ദമ്പതികളുടെ ഏകമകൻ. സ്കൂളിൽപഠിച്ചിരുന്നപ്പോൾ പഠിത്തത്തിൽ ഏറെ മുന്നിലായിരുന്നു അവൻ. പഠിത്തത്തിൽ മാത്രമല്ല മറ്റു കാര്യങ്ങളിലും അവൻ മിടുക്കനായിരുന്നു. നന്നായി ചിത്രം വരയ്ക്കും, പാട്ടുപാടും.

പ്രതീക്ഷകളുടെ തുഞ്ചത്തിരുത്തിയാണ് മെരിറ്റിൽ പ്രവേശനം നേടിയ അവനെ എൻജിനീയറിങ് വിദ്യാഭ്യാസത്തിനു അച്ഛനമ്മമാർ യാത്രയാക്കിയത്. എന്നാൽ നാലാം മാസം മകൻ തിരികെയെത്തിയപ്പോൾ അവർ തളർന്നുപോയി. മനു ആളാകെ മാറിയിരുന്നു. താനിനി എൻജിനീയറിങ്ങിന് പോകില്ല എന്ന ശപഥവുമായാണ് അവൻ തിരികെയെത്തിയിരിക്കുന്നത്. പ്രസരിപ്പെല്ലാം നഷ്ടപ്പെട്ട് ആത്മവിശ്വാസം തകർന്ന കുട്ടി. ക്യാംപസ് ജീവിതവും പീഡനങ്ങളുടെ ദുരിതപർവം തീർത്ത ഹോസ്റ്റൽ മുറിയിലെ രാവുകളും നടുക്കുന്ന ഓർമയായിരുന്നു അവന്.

മനു ഒരു പ്രതീകം മാത്രം. കേരളത്തിലെ കലാലയങ്ങളിൽ റാഗിങ് എന്ന ക്രൂരവിനോദം ഇപ്പോഴും അരങ്ങേറിക്കൊണ്ടിരിക്കുന്നു. ക്ലാസ്മുറിയിൽ, ക്യാംപസിൽ, ഹോസ്റ്റലിൽ കുറച്ചു കഥകൾ മാത്രമേ പുറത്തുവരുന്നുള്ളൂ. 1998 ൽ കേരള റാഗിങ് നിരോധന നിയമം പാസാക്കിയെങ്കിലും റാഗിങ് പല രൂപത്തിലും ഭാവത്തിലും ഇപ്പോഴും തുടരുന്നു.

സൂക്ഷ്മമായി നിരീക്ഷിക്കുകയാണെങ്കിൽ ഒരു കാര്യം വ്യക്തമാകും. റാഗിങ്ങിന് ഒരു ചങ്ങലയുടെ തുടർച്ചയുണ്ട്. റാഗിങ്ങിന് ഇരയായ ഒരു വിദ്യാർഥി ജൂനിയർ വിദ്യാർഥികളെ റാഗ് ചെയ്താണ് അതിന് പകരം വീട്ടുന്നത്. മാനസികമായും ശാരീരികമായും പീഡിപ്പിച്ച് ഇരയുടെ വ്യക്തിത്വത്തിനുമേൽ അധീശത്വം നേടുകയെന്ന പ്രാകൃത വാസനയാണ് റാഗിങ്ങിന്റെ മറ്റൊരു ഘടകമെന്ന് മനശ്ശാസ്ത്രജ്ഞർ പറയുന്നു. പ്രാചീന ഗ്രീസിൽ കായിക ടീമിലെ പുതിയ അംഗങ്ങളെ ശാരീരികമായും മാനസികമായും പരുവപ്പെടുത്തുന്നത് ഇത്തരത്തിൽ പീഡിപ്പിച്ചുകൊണ്ടായിരുന്നു. പിന്നീട് നൂറ്റാണ്ടുകൾക്കു ശേഷം റാഗിങ് ഇംഗ്ലണ്ടിലെ പബ്ലിക് സ്കൂളിലേക്ക് കുടിയേറി. അവിടെ നിന്നും ലോകത്തിന്റെ മറ്റു ഭാഗങ്ങളിലേക്കും വ്യാപിച്ചു എന്നൊരു ഉല്പത്തിക്കഥ നിലവിലുണ്ട്.

# നരനായാട്ടിന്റെ ക്യാംപസ്മുഖം



കേരളത്തിലെ കലാലയങ്ങളുടെ സുവർണ കാലമായിരുന്ന എഴുപതുകളിലാണ് റാഗിങ്ങിനെതിരെ പ്രതിഷേധങ്ങളും ശക്തമാവുന്നത്. രാഷ്ട്രീയബോധമുള്ള ഒരു യുവതയുടെ പിന്തുണയാണ് അന്ന് ഇരകൾക്ക് തുണയായത്. ക്യാംപസ് സംഘടനകൾ റാഗിങ് വിരുദ്ധ സ്ക്വാഡുകൾ രൂപീകരിച്ചു. അരാഷ്ട്രീയവത്കരിക്കപ്പെട്ട കേരളത്തിലെ കലാലയങ്ങളിൽ റാഗിങ് വീണ്ടും ശക്തി പ്രാപിച്ചത് സ്വാഭാവികം. വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ റാഗിങ് പൂർണമായും ഇല്ലാതാക്കുന്നതിനുള്ള മാർഗനിർദേശങ്ങൾ സമർപ്പിക്കുന്നതിനായി സുപ്രീം കോടതി നിർദേശ പ്രകാരം 2006 ൽ മുൻ സി.ബി.ഐ മേധാവി ഡോ. ആർ. കെ. രാഘവൻ ചെയർമാനായി ഒരു കമ്മിറ്റി രൂപീകരിച്ചിരുന്നു. കമ്മിറ്റിയുടെ ഇടക്കാല റിപ്പോർട്ടിൽ അക്കാദമിക് സ്ഥാപനങ്ങൾ തന്നെയാണ് റാഗിങ് തടയുന്നതിന് പ്രാഥമിക പങ്ക് വഹിക്കേണ്ടതെന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾ റാഗിങ് തടയുന്നതിന് പറയത്തക്ക നടപടികൾ ഒന്നും സ്വീകരിച്ചിട്ടില്ല.

ഒരു കാലത്ത് കേരളത്തിലെ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ അധ്യാപകരും വിദ്യാർഥികളും തമ്മിൽ ഊഷ്മളമായ ബന്ധമാണ് ഉണ്ടായിരുന്നത്. എന്നാൽ ഇന്ന്

**1998-ലെ** കേരള റാഗിങ് നിരോധന നിയമപ്രകാരം കേരളത്തിലുടനീളം റാഗിങ് കുറ്റകരവും ശിക്ഷാർഹവുമാണെന്ന് പ്രഖ്യാപിച്ചിട്ടുണ്ട്. ഇതുപ്രകാരം ക്യാംപസിനകത്തോ പുറത്തോ വിദ്യാർഥിയെ കളിയാക്കുകയോ, അസഭ്യം പറയുകയോ, ഏതെങ്കിലും തരത്തിലുള്ള മാനസികമോ ശാരീരികമോ ആയ പീഡനങ്ങളേൽപിക്കുകയോ, സാധാരണ ഗതിയിലുള്ളതിനതീതമായ ഏതെങ്കിലും പ്രവൃത്തി ചെയ്യാനാവശ്യപ്പെടുകയോ ചെയ്താൽ റാഗിങ്ങിന്റെ പേരിൽ കേസെടുക്കാവുന്നതാണ്. ഇതിനു മുതിരുന്നവർക്കും കൂട്ടുനിൽക്കുന്നവർക്കും ഏതെങ്കിലും രീതിയിൽ പ്രചരിപ്പിക്കുകയും പ്രോത്സാഹിപ്പിക്കു

ഇതിൽ കാര്യമായ ഇടിവ് സംഭവിച്ചിരിക്കുന്നു. സ്വയം പ്രകാശനം നടത്തേണ്ടത് മറ്റൊരാളെ ദ്രോഹിച്ചു കൊണ്ടല്ലെന്ന് വിദ്യാർഥികൾക്ക് ഒരാളും പറഞ്ഞുകൊടുക്കുന്നില്ല- ഒരു സീനിയർ അധ്യാപകൻ സൂചിപ്പിച്ചു. സിനിമാ ടിവി തുടങ്ങിയ മാധ്യമങ്ങളിൽ ഇപ്പോൾ അക്രമരംഗങ്ങൾ ഉള്ള പല പരിപാടികളും അവിഭാജ്യ ഘടകങ്ങളാണ്. ഈയൊരു സ്വാധീനവും ഇത്തരത്തിലുള്ള സാഡിസ്റ്റിക് നടപടികളിലേക്ക് യുവാക്കളെ നയിക്കുന്നു.

ക്യാംപസുകൾ അരാഷ്ട്രീയവത്കരിക്കുവാൻ ശക്തമായ ശ്രമങ്ങൾ പലഭാഗത്തും നടക്കുന്നുണ്ട്. ഒരു കാര്യം ഉറപ്പാണ്. രാഷ്ട്രീയ സ്വാധീനം കുറഞ്ഞു വരുമ്പോൾ അതിന് ആനുപാതികമായി അരാജകവാദ പ്രവർത്തനങ്ങൾ ക്യാംപസുകളിലേക്ക് നുഴഞ്ഞു കയറും. റാഗിങ്ങിന്റെ പേരിൽ ഒരു പ്രത്യേക രാഷ്ട്രീയ പാർട്ടിയെയും കുറ്റപ്പെടുത്തുവാൻ കഴിയില്ല. ക്യാംപസുകളിൽ വിദ്യാർഥികൾ നേരിടുന്ന പ്രശ്നങ്ങൾ പരിഹരിക്കുവാൻ ഇപ്പോഴും മികച്ച ഒരു സംവിധാനവുമില്ല.

എയ്ഡഡ്-സർക്കാർ കോളേജുകളിൽ രാഷ്ട്രീയ പാർട്ടികളുടെ സ്വാധീനം ഉള്ളപ്പോൾ സ്വാശ്രയകോളേജുകളിൽ നടക്കുന്ന റാഗിങ്ങുകൾ പുറംലോകം കാര്യമായി അറിയുന്നില്ല. മാനേജുമെന്റുകളുടെ മുന്നിലെത്തിയാലും കുറ്റക്കാർക്കെതിരെ അപൂർവമായി മാത്രമേ നടപടിയെടുക്കാറുള്ളു.

റാഗിങ്ങിന് ഇരയാകുന്നവരുടെ മനസ്സിലുണ്ടാകുന്ന മുറിവ് ജീവിതകാലം മുഴുവൻ നിലനിൽക്കുന്നു. തൻമൂലം ഭാവി ജീവിതം തന്നെ ട്രാക്ക്തെറ്റിയതാവുന്ന എത്രയോ കേസുകൾ റിപ്പോർട്ട് ചെയ്യപ്പെട്ടു കഴിഞ്ഞു. ഒരു കാര്യം ഉറപ്പാണ്- മികച്ച വ്യക്തിത്വമുള്ള, പഠനേതര വിഷയങ്ങളിൽ മികവ് പുലർത്തുന്ന വിദ്യാർത്ഥികൾ പൊതുവെ മറ്റുള്ളവരെ ദ്രോഹിച്ച് ആളാവാൻ നോക്കാറില്ല. വാക്കുകൊണ്ടോ, പ്രവൃത്തി കൊണ്ടോ മറ്റൊരു വ്യക്തിയെ മുറിവേൽപ്പിക്കുന്നവന്റെ മനസിലുള്ളത് അപകർഷതയാണ്. ഇതിന് ശിക്ഷയല്ല വേണ്ടത് മനോരോഗ ചികിത്സയാണ്.■

## ക്യാംപസ് വേട്ടക്കാർ സൂക്ഷിക്കുക....

കയും ചെയ്യുന്നവർക്കും രണ്ടു വർഷത്തേക്ക് തടവും പതിനായിരം രൂപ വരെ പിഴയും ലഭിക്കാവുന്നതാണ്.

കൂടാതെ റാഗിങ് സംബന്ധമായ ഏതെങ്കിലും തരത്തിലുള്ള പരാതി ലഭിക്കുകയും പ്രഥമദൃഷ്ട്യാ അത് സത്യമാണെന്ന് വിദ്യാഭ്യാസസ്ഥാപനത്തിന്റെ മേധാവിക്ക് ബോദ്ധ്യപ്പെടുകയും ചെയ്താൽ കുറ്റക്കാരായവർക്കെതിരെ തുടർ നടപടിയെടുക്കാൻ അടുത്തുള്ള പൊലീസ്സ്റ്റേഷനിൽ അറിയിക്കുകയും ഇവരെ പ്രസ്തുത വിദ്യാഭ്യാസ സ്ഥാപനത്തിൽ നിന്നു സസ്പെൻഡ് ചെയ്യുകയും ചെയ്യാം. തുടർന്നുള്ള അന്വേഷണത്തിൽ കുറ്റം തെളിയുന്ന പക്ഷം കുറ്റക്കാരായവരെ ഡിസ്മിസ്സ് ചെയ്യുകയും വേറെ ഏതെങ്കിലും വിദ്യാഭ്യാസ സ്ഥാപനത്തിൽ മൂന്നു വർഷത്തേക്ക് പ്രവേശനം നൽകാതിരിക്കാനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യാം.

റാഗിങ് റിപ്പോർട്ട് ചെയ്തിട്ടും കുറ്റക്കാർക്കെതിരെ തുടർ നടപടികൾ സ്വീകരിക്കാൻ തയ്യാറാകാത്ത വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കെതിരെ സുപ്രീം കോടതി ഉത്തരവുപ്രകാരം UGC/ഫണ്ടിങ്ങ് ഏജൻസിയിൽ നിന്നുള്ള സാമ്പത്തിക സഹായം നിറുത്തിവയ്ക്കാനും നിയമമുണ്ട്.

■ ഡോ. സി. വേണുഗോപാൽ

# ഹൈസ്കൂളുകളിൽ ഇനി സൈബർ വസന്തം

**സൈ**ബർ ലോകത്തിലെ വിജ്ഞാന ക്കാഴ്ചകൾ ഇനി ഹൈസ്കൂൾ വിദ്യാർത്ഥി കൾക്കും സ്വന്തം. അറിവിന്റെ നിർമിതി യിൽ കൂട്ടായി വേഗമേറിയ ഇന്റർനെറ്റ് സൗകര്യം കുട്ടികൾക്ക് ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ വിദ്യാഭ്യാസ വകുപ്പ് നടപ്പാക്കുന്ന ബ്രോഡ് ബാൻഡ് ഇന്റർ നെറ്റ് പദ്ധതിക്ക്എല്ലാ ഹൈസ്കൂളുകളിലും തുടക്കമായി. കേരളത്തിലെ മുഴുവൻ ഹൈസ്കൂളുകളിലും വേഗത കൂടിയ ബ്രോഡ് ബാൻഡ് ഇന്റർനെറ്റ് സൗകര്യം 2008 ആഗസ്റ്റോടുകൂടി ലഭ്യമാക്കുന്നതി നാണ് പദ്ധതി ലക്ഷ്യമിടുന്നത്. ബി.എസ്. എൻ.എൽ സാങ്കേതിക സഹായത്തോടു കൂടി വിദ്യാഭ്യാസ വകുപ്പിന്റെ കീഴിലുള്ള ഐടി@സ്കൂളാണ് പദ്ധതിയുടെ മേൽ നോട്ടം വഹിക്കുന്നത്. പദ്ധതിയുടെ ഉദ്ഘാ ടനം വിദ്യാഭ്യാസ വകുപ്പു മന്ത്രി എം.എ. ബേബി നിർവഹിച്ചു.



സ്കൂളുകളിൽ അതിവേഗ ബ്രോഡ്ബാന്റ് സൗകര്യം ഏർപ്പെടുത്തുന്നതിന്റെ ധാരണാപത്രം വിദ്യാഭ്യാസമന്ത്രിയുടെ സാന്നിധ്യത്തിൽ ഐ.ടി.@സ്കൂൾ ഡയറക്ടർ കെ. അൻവർ സാദത്ത് ബി.എസ്.എൻ.എൽ. ചീഫ് ജനറൽ മാനേജർ കെ.എസ്. ശ്രീനിവാസന് കൈമാറുന്നു.

2800 ഹൈസ്കൂളുകളിൽ ഈ പദ്ധതി നടപ്പാക്കും.ആദ്യഘട്ടമായി 1200 സ്കൂളുക ളിൽ ഈ വർഷം അവസാനത്തോടെ ബ്രോഡ് ബാൻഡ് സൗകര്യം ലഭ്യമാക്കും. രണ്ടാം ഘട്ടം 2008 ഫെബ്രുവരിയിലും മൂ ന്നാംഘട്ടം ആഗസ്റ്റിലും പൂർത്തിയാക്കും. നിശ്ചിത തീയതിക്കു മുമ്പു തന്നെ പദ്ധതി പൂർത്തിയാക്കുമെന്ന് ബി.എസ്.എൻ.എൽ. അധികൃതർ അറിയിച്ചു. ബ്രോഡ് ബാൻഡ് ഇന്റർനെറ്റിലേക്കായി സർക്കാർ സ്കൂളു കൾക്ക് പ്രതിവർഷം 1000 രൂപയും എയ്ഡഡ് സ്കൂളുകൾക്ക് 4000 രൂപയും അട യ്ക്കണം. ഇതിനായി വിദ്യാർത്ഥികളിൽ നിന്ന് പ്രത്യേക പിരിവ് നടത്തില്ല. അഡോ പ്റ്റഡ് സ്കൂളുകൾ, 100-ൽ താഴെ കുട്ടിക ളുള്ള സർക്കാർ സ്കൂളുകൾ എന്നിവയിൽ മുഴുവൻ തുകയും ഐടി@സ്കൂൾ വഹി ക്കും.

ഒരു വർഷത്തേക്ക് 5000 രൂപ എന്ന പ്രത്യേക താരിഫാണ് സ്കൂളുകൾക്ക് ബി.എസ്.എൻ.എൽ നൽകിയിട്ടുള്ളത്. ഇൻസ്റ്റലേഷൻ ചാർജ്, മോഡം വാടക, സെക്യൂരിറ്റി ഡെപ്പോസിറ്റ് തുടങ്ങിയവ പൂർണമായും ഒഴിവാക്കിയിട്ടുണ്ട്. കേന്ദ്രീ കൃത ബില്ലിങ്ങിലൂടെ ശരാശരി ഒരു സ്കൂളിന് മൂന്ന് ജി.ബി. എന്ന രൂപത്തി ലാണ് ഡൗൺലോഡ് പരിധി. ഇതിൽ കൂടു തൽ ഉപയോഗിക്കുന്ന സ്കൂളുകൾക്ക് മൊത്തം പൂളിൽ നിന്നും ലഭ്യതയ്ക്കനുസ രിച്ച് നാല് ജി.ബി. വരെ ഉപയോഗിക്കാം. സ്കൂളുകൾക്ക് പ്രത്യേക മെയിൽ ബോക്സും ലഭിക്കും.

ഐ.ടി. അധിഷ്ഠിത പഠനം നടപ്പാക്കു ന്നതിനാണ് ബ്രോഡ് ബാൻഡ് ഇന്റർനെറ്റ് പ്രധാനമായും സ്കൂളുകളിൽ ലഭ്യമാക്കു ന്നത്. ഐ.ടി. പ്രത്യേക പാഠ്യവിഷയമായി പഠിപ്പിക്കുന്നതിൽ നിന്ന് വ്യത്യസ്തമായി വിവിധ വിഷയങ്ങൾ ഐടി ഉപയോഗിച്ച് പഠിക്കുന്ന ഐടി അധിഷ്ഠിത പഠനം എന്ന ലക്ഷ്യത്തിലേക്കുള്ള സുപ്രധാന ചുവടു വയ്പാണ് ഇത്. ഈ സൗകര്യം ഉപയോ ഗിച്ച് ഇന്റർനെറ്റ് സേവനങ്ങളായ ഇ-മെ യിൽ, ചാറ്റിങ്, വെബ്സൈറ്റ്, ബ്ലോഗ് നിർമാണം തുടങ്ങിയവ പരിചയപ്പെടാനും ഇന്റർനെറ്റിൽ ലഭ്യമായിട്ടുള്ള സങ്കേതങ്ങൾ ഉപയോഗിക്കുവാനും വിദ്യാർത്ഥികൾക്കും അധ്യാപകർക്കും അവസരം ലഭിക്കും. മുഴു വൻ സ്കൂളുകളുടെ സാന്നിദ്ധ്യം ഇന്റർനെ റ്റിൽ ഉറപ്പാക്കത്തക്കവിധം ഉള്ളടക്ക ശേഖരം നടത്താനും, വിവിധ ഇ-ഗവേണ ൻസ് പദ്ധതികൾ ശക്തിപ്പെടുത്താനും വിക്കി സ്കൂൾ പോലുള്ള സംവിധാന ങ്ങളും സ്വതന്ത്ര വിജ്ഞാനകോശങ്ങളും ഫലപ്രദമായി പ്രയോജനപ്പെടുത്താനും ഈ സംരംഭം അവസരം ഒരുക്കും. ഇന്റർനെറ്റ് സൗകര്യം ലഭ്യമാകുന്നതിലു പരി അതുപയോഗിക്കാനുള്ള വ്യക്തമായ മാർഗനിർദേശങ്ങളും സുരക്ഷിതമായ ഉപ യോഗവും ഐടി @ സ്കൂൾ പദ്ധതി യിലുണ്ട്. പദ്ധതിയുടെ ഭാഗമായി മുഴുവൻ സ്കൂളുകൾക്കും പ്രത്യേകം വെബ്സൈറ്റും തയ്യാറാക്കും. അനാവശ്യ അശ്ലീല ഉള്ള ടക്കം അരിച്ചു മാറ്റുന്നതുൾപ്പെടെയുള്ള സുരക്ഷാ സംവിധാനം ഏർപ്പെടുത്തും.

വിദ്യാർത്ഥികൾക്ക് ഐടി വ്യവസാ യത്തെക്കുറിച്ച് അറിയുന്നതിനുവേണ്ടി ടെക്നോപാർക്കിൽ സ്റ്റേറ്റ് സ്കൂൾ ഐടി ഫെസ്റ്റ് 2007 നടത്തുമെന്ന് ചടങ്ങ് ഉദ്ഘാ ടനം ചെയ്ത വിദ്യാഭ്യാസ മന്ത്രി എം.എ ബേബി പറഞ്ഞു. യു.പി. തലത്തിലേക്ക് ഐ.ടി. പഠനം വ്യാപിപ്പിക്കുന്നതിന്റെ ഭാഗ മായി ഈ വർഷം ഓരോ വിദ്യാഭ്യാസ ജില്ല യിലും ഒന്ന് എന്ന ക്രമത്തിൽ 38 യു.പി. സ്കൂളുകളിൽ പൈലറ്റ് അടിസ്ഥാനത്തിൽ പദ്ധതി നടപ്പാക്കുമെന്ന് അദ്ദേഹം പറഞ്ഞു. സ്കൂളുകളിൽ നിന്ന് വിദ്യാർത്ഥികൾ തയ്യാ റാക്കുന്ന വീഡിയോകൾ വിക്ടേഴ്സ് ചാന ലിന് സംപ്രേഷണം ചെയ്യുന്നതിനായി എല്ലാ ജില്ലകൾക്കും നൽകുന്ന ഡിജിറ്റൽ ക്യാമറകളുടെ വിതരണോദ്ഘാടനവും മന്ത്രി നിർവഹിച്ചു.

ബ്രോഡ് ബാൻഡ് പദ്ധതിയെക്കുറി ച്ചുള്ള ധാരണാ പത്രം ഐ.ടി.@സ്കൂൾ എക്സിക്യൂട്ടീവ് ഡയറക്ടർ കെ.അൻവർ സാദത്ത് ബി.എസ്.എൻ.എൽ. ചീഫ് ജന റൽ മാനേജർ കെ.എസ്. ശ്രീനിവാസന് കൈമാറി.

2010 - ഓടെ മുഴുവൻ സ്കൂളുകൾക്കും ഇന്റർനെറ്റ് എന്ന സർക്കാരിന്റെ ഐ.ടി നയത്തിലെ ലക്ഷ്യം 2008 ൽത്തന്നെ നേടാനുള്ള ശ്രമത്തിലാണ് വിദ്യാഭ്യാസ വകുപ്പ്.■



കേന്ദ്ര ബാങ്കിങ് സഹമന്ത്രി (ഇടത്തുനിന്ന് അഞ്ചാമത്) പവൻകുമാർ ബൻസാൽ കേരളം സമ്പൂർണ ബാങ്കിങ് സംസ്ഥാനമായതായി തിരുവനന്തപുരത്ത് പ്രഖ്യാപിക്കുന്നു.

# എല്ലാം കുടുംബത്തിലും ബാങ്ക് അക്കൗണ്ട്, കേരളം സമ്പൂർണ ബാങ്കിങ് സംസ്ഥാനം

എല്ലാം കുടുംബത്തിലും ബാങ്ക് അക്കൗണ്ട് ലഭ്യമാക്കി സമ്പൂർണ ബാങ്കിങ് സംസ്ഥാനമായി കേരളം മാറി. എല്ലാ വീടുകളിലും ഒരു സേവിങ്സ് ബാങ്ക് അക്കൗണ്ടെങ്കിലും ഉറപ്പാക്കിയാണ് കേരളം ഈ നേട്ടം കൊയ്തത്. തിരുവനന്തപുരത്ത് നടന്ന ചടങ്ങിൽ കേന്ദ്ര ബാങ്കിങ് മന്ത്രി പവൻകുമാർ ബൻസൺ ഇതു സംബന്ധിച്ച പ്രഖ്യാപനം നടത്തി.

സംസ്ഥാനത്ത് സെപ്റ്റംബർ അവസാനം വരെയുള്ള ബാങ്ക് നിക്ഷേപം 97,113 കോടി രൂപയും എൻ.ആർ.ഐ നിക്ഷേപം 31,690 കോടി രൂപയുമാണ്. ആകെ വായ്പ 67,648 കോടി രൂപ. വായ്പാ നിക്ഷേപ അനുപാതം 69.66 കോടിയിൽ നിന്ന് 72 ശതമാനത്തിലെത്തി.

എല്ലാവിഭാഗം ജനങ്ങൾക്കും വായ്പകളും ബാങ്കിങ് സഹായങ്ങളും എത്തിക്കാൻ ഇതു കേരളത്തെ സഹായിക്കും.

# മുഹ്യദ്ദീൻ മാലയ്ക്ക് നാനൂറ്

'*കളവ് പറയല്ല എന്നുമ്മ ചൊന്നാരെ*
*കള്ളന്റെ കയ്യില് പൊന്നുകൊടുത്തോവര്*' – നാനൂറ് വർഷം മുമ്പ് ചിട്ടപ്പെടുത്തിയ ഈ ഇശലുകൾ, ഇന്ന് ലഭ്യമായ ഏറ്റവും പഴയ മാപ്പിളപാട്ടിന്റേതാണത്രെ. 'മുഹ്‌യുദ്ദീൻ മാല' എന്നറിയപ്പെടുന്ന ഈ മാപ്പിളപാട്ടിന്റെ നാനൂറാം പിറന്നാൾ മലയാളക്കര ആഘോഷിക്കുകയാണ്. ഒരു വർഷം നീണ്ടുനിൽക്കുന്ന വാർഷികാഘോഷങ്ങളുടെ ഉദ്ഘാടനം കൊണ്ടോട്ടി മോയിൻകുട്ടി വൈദ്യർ സ്മാരകഹാളിൽ മുഖ്യമന്ത്രി വി.എസ്. അച്യുതാനന്ദൻ നിർവഹിച്ചു. കോഴിക്കോട്ട് ഖാസിയായിരുന്ന മുഹമ്മദ് ബിൻ അബ്ദുൾ അസീസ് 1607 ൽ അറബി മലയാളത്തിൽ രചിച്ചതാണ് ഈ കൃതി. ബാഗ്ദാദ്കാരനായ സൂഫിവര്യൻ ശൈഖ് മുഹ്‌യുദ്ദീൻ അബ്ദുൾ ഖാദർ ജിലാനിയെ മുഖ്യകഥാപാത്രമാക്കിയാണ് അദ്ദേഹം ഈ കീർത്തനം ചിട്ടപ്പെടുത്തിയത്. മുഹ്‌യുദ്ദീൻ ശൈഖിന്റെ അത്ഭുത പ്രവർത്തനങ്ങളുടെയും ഖാദിരിച്ച ത്വരീഖത്തിന്റെയും പ്രചാരണത്തിന് ഈ മാപ്പിളപ്പാട്ട് പ്രധാന പങ്കു വഹിച്ചു. കഴിഞ്ഞ നൂറ്റാണ്ടിന്റെ പകുതി വരെ മുസ്ലിം വീടുകളിൽ ഈ പാട്ട് നിത്യനേ പാരായണം ചെയ്തിരുന്നു. കൂടാതെ പെൺകുട്ടിയുടെ അറിവ് കല്യാണാലോചന വേളയിൽ പരിശോധിക്കാനും ഈ പാട്ട് ഉപയോഗിച്ചിരുന്നു.

**അനിജ ഇ.ജെ**

# ഇ-ഭരണത്തിൽ കേരളം മുന്നിൽ

കംപ്യൂട്ടർ സൊസൈറ്റി ഓഫ് ഇന്ത്യയും നിഹിലന്റും ചേർന്ന് ഏർപ്പെടുത്തിയ മികച്ച ഇ-ഗവേണൻസ് സംസ്ഥാനത്തിനുള്ള സി.എസ്.ഐ. നിഹിലന്റ് അവാർഡ് കേരളം നേടി. ഇ-ഗവേണൻസ് പദ്ധതികളായ ഡി.സി.സ്യൂട്ട്, കാപ്നിക് എന്നിവയ്ക്കും സംസ്ഥാനത്തിന് അവാർഡ് ലഭിച്ചു. ബാംഗ്ളൂരിൽ ഐ.ടി.സെക്രട്ടറി ഡോ: അജയ്കുമാർ അവാർഡ് ഏറ്റുവാങ്ങി.

2006-07 കാലയളവിൽ ഇ-ഗവേണൻസ് രംഗത്ത് നേടിയ ശ്രദ്ധേയമായ നേട്ടങ്ങൾ പരിഗണിച്ചാണ് അവാർഡ്. ഐ.ടി. നയം, സാങ്കേതിക മികവ്, പൊതുജനങ്ങൾക്ക് നൽകുന്ന ഐ.ടി. അധിഷ്ഠിത സേവനങ്ങൾ, ഐ.ടി. രംഗത്തെ അടിസ്ഥാന സൗകര്യങ്ങൾ എന്നിവയാണ് പ്രധാന നേട്ടങ്ങളായി പരിഗണിച്ചത്.

# ഹെൽത്ത് ക്ലിനിക് ഇനി സ്കൂളിലും

കൗമാരഘട്ടത്തിലുള്ള കുട്ടികളെ, പ്രത്യേകിച്ച് ചെറിയ അസുഖങ്ങളോ ശാരീരിക പ്രശ്നങ്ങളോ ഉള്ള കുട്ടികളെ സ്കൂളിലയയ്ക്കുമ്പോൾ രക്ഷിതാക്കൾക്ക് ആശങ്കയാണ്. സ്കൂളിൽ വച്ച് എന്തെങ്കിലും അസുഖമുണ്ടായാലോ?. പ്രഥമ ശുശ്രൂഷാ കിറ്റല്ലാതെ മറ്റു സൗകര്യങ്ങൾ അവിടെ ലഭ്യമല്ലല്ലോ. സംസ്ഥാനത്ത് ഒരു സ്കൂളിലെങ്കിലും ഈ ആശങ്കയ്ക്ക് പരിഹാരമാവുകയാണ്, സ്കൂളിൽത്തന്നെ ഹെൽത്ത് ക്ലിനിക് എന്ന ആശയം പ്രാവർത്തികമാക്കുന്നതിലൂടെ.

ഏറ്റവും കൂടുതൽ കുട്ടികൾ പഠിക്കുന്ന ഏഷ്യയിലെ തന്നെ ഏറ്റവും വലിയ സ്കൂളുകളിലൊന്നായ തിരുവനന്തപുരത്തെ കോട്ട

# പ്രതിരോധസേനയ്ക്ക് തിരുവനന്തപുരം മിസൈലുകൾ

ആൾബലം കൊണ്ട് രാജ്യാതിർത്തികാക്കുന്ന കേരളത്തിന്റെ കിരീടത്തിൽ ഒരു പൊൻ കിരീടമാവുകയാണ് കെൽടെക്. ഈ നൂറ്റാണ്ടിന്റെ യുദ്ധതന്ത്രങ്ങളിൽ നിർണായക സാന്നിദ്ധ്യമാവുന്ന ബ്രഹ്മോസ് സൂപ്പർസോണിക് ക്രൂയിസ് മിസൈലുകൾ തിരുവനന്തപുരത്തെ കെൽടെക്കിൽ നിർമിക്കാനൊരുങ്ങുന്നു. ഇതിനു മുന്നോടിയായി തിരുവനന്തപുരം കെൽടെക് ഇന്തോ-റഷ്യൻ സംയുക്ത സംരംഭമായ ബ്രഹ്മോസ് എറോസ്പേസ് ലിമിറ്റഡ് ഏറ്റെടുത്തു. കെൽടെക്കിനെ ന്യൂഡൽഹിയിലെ ബ്രഹ്മോസ് എറോസ്പേസ് ലിമിറ്റഡ്



ൺഹിൽ ഹൈസ്കൂളിലാണ് സംസ്ഥാന സർക്കാരിന്റെ ഈ പ്രഥമ സംരംഭത്തിനു തുടക്കമായത്. ഡിസംബർ ആദ്യവാരം ആരോഗ്യ മന്ത്രി പി. കെ. ശ്രീമതി ടീച്ചർ ക്ലിനിക്കിന്റെ ഉദ്ഘാടനം നിർവഹിച്ചു.



ഹെൽത്ത് ക്ലിനിക്കിന്റെ ഉദ്ഘാടനം തിരുവനന്തപുരം കോട്ടൺഹിൽ സ്കൂളിൽ ആരോഗ്യമന്ത്രി പി കെ ശ്രീമതി നിർവഹിക്കുന്നു. വി ശിവൻകുട്ടി എം എൽ എ സമീപം

നാഷണൽ കൗൺസിൽ ഫോർ ഹെൽത്ത് മിഷന്റെ ആഭിമുഖ്യത്തിൽ ഒരു ഡോക്ടറും ഒരു നഴ്സും രാവിലെ 9.30 മുതൽ വൈകിട്ട് 3.30 വരെ സ്കൂളിലുണ്ടാവും. അവശ്യ മരുന്നുകളും ലഭ്യമാക്കിയിട്ടുണ്ട്. അയ്യായിരത്തിലേറെ കുട്ടികൾ പഠിക്കുന്ന സ്കൂളിൽ ശരാശരി 25 മുതൽ 50 വരെ പ്രതിദിനം വിദ്യാർത്ഥിനികൾ ഈ സൗകര്യം പ്രയോജനപ്പെടുത്തുന്നുണ്ട്. സ്ഥിരമായി കൗൺസിലിങ് എക്സ്പർട്ടിനെയും ആവശ്യമുള്ള സമയങ്ങളിൽ സ്പെഷ്യലിസ്റ്റ് ഡോക്ടർമാരെയും ലഭ്യമാക്കാനും പദ്ധതി വിഭാവനം ചെയ്യുന്നു.




ഏറ്റെടുക്കുന്നത് സംസ്ഥാനത്തെ വ്യവസായ മേഖലയുടെ വളർച്ചയിൽ സുപ്രധാന കാൽവയ്പാണെന്ന് വ്യവസായ മന്ത്രി എളമരം കരീം പറഞ്ഞു.

കെൽടെക്കിൽ ഇപ്പോഴുള്ള മുഴുവൻ തൊഴിലാളികളെയും ഏറ്റെടുത്ത് അവർക്ക് കേന്ദ്ര സർക്കാരിന്റെ എ ക്ലാസ് പബ്ലിക് സർവീസിലുള്ള ശമ്പളം ലഭ്യമാക്കും. നഷ്ടത്തിലായിരുന്ന കെൽടെക്കിലും നിരവധി വ്യവസായ സ്ഥാപനങ്ങളിലും അനുബന്ധ തൊഴിലവസരങ്ങളുണ്ടാവാൻ ഇത് സഹായിക്കും. തിരുവനന്തപുരത്തെ യൂണിറ്റിൽ നിന്നുള്ള മുഴുവൻ ലാഭവും ഇവിടെത്തന്നെ വിനിയോഗിച്ച് പ്രവർത്തനം വിപുലീകരിക്കാനാണ് തീരുമാനം.

ബ്രഹ്മോസ് ഏറോസ്പേസ് (തിരുവനന്തപുരം) ലിമിറ്റഡ് എന്നാവും കെൽടെക് ഇനി അറിയപ്പെടുക. നാവികസേനയ്ക്കും കരസേനയ്ക്കും വ്യോമസേനയ്ക്കും ആവശ്യമായ അത്യന്താധുനിക സൂപ്പർ സോണിക് ക്രൂയിസ് മിസൈലുകൾ ഇവിടെ നിർമിക്കും. ഐ.എസ്.ആർ.ഒ, ഡി.ആർ.ഡി.ജി.റ്റി.ആർ.ഇ, ബി.എ.ആർ.സി എന്നിവർക്കു വേണ്ട ഉത്പന്നങ്ങളുടെ നിർമാണം തുടരും.



**വിപണിയിൽ ശക്തമായ ഇടപെടൽ:** അരിവില നിയന്ത്രിക്കുന്നതിന്റെ ഭാഗമായി സിവിൽ സപ്ലൈസ് കോർപ്പറേഷൻ ആരംഭിച്ച അരിക്കടകളുടെ ഉദ്ഘാടനം നിർവഹിച്ചശേഷം മന്ത്രി സി. ദിവാകരൻ നോക്കിക്കാണുന്നു.

# മൊഴിച്ചെപ്പ്

ഭക്ഷ്യധാന്യങ്ങളുടെ കാര്യത്തിൽ കേരളത്തിലെ ജനങ്ങൾ വളരെ സെൻസിറ്റീവ് ആണ്. എന്തെങ്കിലും മാറിക്കഴിക്കണമെന്ന് പറഞ്ഞാൽ അവർ അംഗീകരിക്കില്ല. ഇതു കാരണം ഞാൻ ആവശ്യമില്ലാതെ വിവാദത്തിൽപ്പെട്ടു.

**മന്ത്രി സി.ദിവാകരൻ**
*കേരള റീട്ടെയിൽ റേഷൻ ഡീലേഴ്സ് അസോസിയേഷൻ സംസ്ഥാന സമ്മേളനം ഉദ്ഘാടനം ചെയ്ത വേളയിൽ*

സാമൂഹിക വനവത്കരണം എന്നാൽ കണക്കെഴുതി നിറയ്ക്കലല്ല. അത് ഈ സർക്കാർ അനുവദിക്കില്ല. ജനകീയ പങ്കാളിത്തത്തോടെ മരം വച്ചു പിടിപ്പിക്കും. എന്റെ മരം, ഹരിത തീരം എന്നിവയൊക്ക ആ ഉദ്ദേശ്യത്തിലുള്ളവയാണ്. അക്ഷേഷ്യ പോലെ നമ്മുടെ നാട്ടിലെ വെള്ളം മുഴുവൻ വലിച്ചെടുക്കുന്ന മരങ്ങൾ നടില്ല. കാലാവസ്ഥാ മാറ്റത്തിനും ആഗോളതതാപനത്തിനുമെതിരെ *മരമാണ് പരിപാടി* എന്നൊരു പദ്ധതി മനസ്സിലുണ്ട്. ആർക്കും ഇതുമായി സഹകരിക്കാം. കടലാസിൽ മരം നടുന്ന പദ്ധതികളോട് യോജിപ്പില്ല.

**മന്ത്രി ബിനോയ് വിശ്വം**

സത്യസന്ധതയുള്ള മാധ്യമങ്ങൾ കുറവാണ്. അക്ഷരപ്പിശാചുക്കളെ അവർ നമുക്കെതിരെ തിരിച്ചു വയ്ക്കുന്നു. തെറ്റിനെ ശരിയും ശരിയെ തെറ്റുമാക്കുന്ന അവർ സാമൂഹിക പുരോഗതിക്കു വേണ്ടി അക്ഷരത്തെ ഉപയോഗിക്കുന്നില്ല.

**മന്ത്രി ജി. സുധാകരൻ**
*പോസ്റ്റൽ അഡ്മിനിസ്രേറ്റീവ് ഓഫീസസ് എംപ്ലോയിസ് യൂണിയൻ (ഗ്രൂപ്പ് സി ആന്റ് ഡി) ദേശീയ സമ്മേളനത്തിൽ*

നികുതിപിരിവിൽ അനുഭവജ്ഞാനമുള്ളതുപോലെയാണ് മാധ്യമങ്ങൾ പെരുമാറുന്നത്. നികുതി പിരിവിലെ വർദ്ധനയെ അംഗീകരിക്കുകയാണ് വിമർശകർ ആദ്യം ചെയ്യേണ്ടത്. നടന്നതിനെ കുറിച്ചല്ല, നടക്കാൻ പോകുന്നതിനെ കുറിച്ചാണ് മാധ്യമങ്ങൾ എഴുതുന്നത്.

**മന്ത്രി തോമസ് ഐസക്**
*മഞ്ചേശ്വരം വാണിജ്യ നികുതി ചെക്ക് പോസ്റ്റ് കെട്ടിട സമുച്ചയത്തിന്റെ ശിലാസ്ഥാപനം നിർവഹിച്ച വേളയിൽ*

വിദ്യാഭ്യാസവും സംസ്കാരവും തമ്മിലുള്ള ബന്ധത്തിന്റെ പ്രാധാന്യം കേരള സമൂഹം ഇന്നും തിരിച്ചറിഞ്ഞിട്ടില്ല. നമ്മുടെ സാംസ്കാരിക പിന്നാക്കാവസ്ഥയാണ് ഇത് സൂചിപ്പിക്കുന്നത്. മതാത്മകതയും അന്ധവിശ്വാസവും ഒക്കെ ഇന്നും സമൂഹത്തിൽ ശക്തമായി നിലനിൽക്കുന്നു. വിദ്യാഭ്യാസത്തെ കുറെക്കാലമായി ജോലി തേടാനുള്ള ഉപാധി മാത്രമായാണ് കാണുന്നത്. വിദ്യാഭ്യാസത്തിന്റെ മൂല്യച്ചോർച്ചയാണ് ഇത് കാണിക്കുന്നത്. വിദ്യാഭ്യാസത്തിലൂടെ മനുഷ്യമനസ്സിനെ സംസ്കരിക്കുക എന്ന ലക്ഷ്യം സാക്ഷാത്കരിക്കപ്പെടുന്നില്ല.

**ഡോ: കെ.എൻ.പണിക്കർ**
*വിദ്യാഭ്യാസം, മതേതരത്വം, സംസ്കാരം എന്ന സെമിനാറിൽ*

കാഴ്ച

# 108 ന്റെ നിറവിൽ റോസാമുത്തശ്ശി

108 ന്റെ പടിവാതിൽക്കൽ എത്തിനിൽക്കുമ്പോഴും കോതാട് എന്ന കൊച്ചുഗ്രാമത്തിലെ വേലിയ്ക്കകത്ത് വീട്ടിൽ റോസാ പൈലിക്ക് തെല്ലും ആശ്ചര്യമില്ല. കളിച്ചു വളർന്ന ഗ്രാമത്തിലെ വിശേഷങ്ങൾ പങ്കു വച്ചും അയൽവീട്ടിലെ കുട്ടികളുമായി കളിചിരി പറഞ്ഞും ഈ ജന്മ ദിനം സാധാരണ ഒരു ദിവസം പോലെ കരുതാനാണ് മുത്തശ്ശിക്ക് ഇഷ്ടം. അക്ഷയ പദ്ധതിയിലൂടെ കംപ്യൂട്ടർ പഠനം നടത്തി ജനശ്രദ്ധ ആകർഷിച്ച റോസാമുത്തശ്ശിയുടെ 108-ാം ജന്മദിനമായിരുന്നു 2007 ഡിസംബർ 17.

ജന്മദിനം ആഘോഷിക്കുന്ന പതിവ് പണ്ടു മുതല്ക്കെ റോസാ മുത്ത ശ്ശിക്ക് ഇല്ലെങ്കിലും മുൻ വർഷങ്ങളിൽ നാട്ടിലെ സംഘടനകളും സുഹൃ ത്തുക്കളും ചേർന്ന് ചെറിയ പരിപാടികൾ തട്ടിക്കൂട്ടാറുണ്ടായിരുന്നു. എന്നാൽ ഈ പ്രാവശ്യം ആഘോഷം തീരെ വേണ്ടെന്ന അഭിപ്രായ ക്കാരിയാണ് മുത്തശ്ശി . കാരണം അനാരോഗ്യം തന്നെ. നാട് മുഴുവൻ പകർന്ന ചിക്കുൺ ഗുനിയ പനി മുത്തശ്ശിക്കും പിടിപ്പെട്ടു. അതിനു ശേഷം വീടു വിട്ട് പുറത്തേക്ക് പോകാറില്ല. എന്നാൽ ഭക്ഷണം സാധാ രണ പോലെ. മീനും ഇറച്ചിയുമൊക്കെ മുത്തശ്ശിയുടെ മെനുവിലുണ്ട്.



മധുര പലഹാരങ്ങളോട് അമ്മൂമ്മക്ക് വലിയ പ്രിയമാണെന്ന് റോസാ മുത്തശ്ശിയുടെ ചെറുമകൻ പുഷ്കിൻ പറയുന്നു. ഉച്ചയൂണിനു ശേഷം പലഹാരങ്ങൾ മുത്തശ്ശിക്ക് നിർബന്ധമാണ്.

മൂന്നാമത്തെ മകൻ ഡേവിസിന്റെ കൂടെയാണ് മുത്തശ്ശിയുടെ താമസം.

**ആന്റണി ഷെലിൻ**

# നീരറിവിനു തുടക്കമായി



ജീവന്റെ നിലനില്പിനുതന്നെ ആധാരമായ ജലത്തിന്റെ സംരക്ഷണത്തെക്കുറിച്ച് സ്കൂൾ വിദ്യാർത്ഥികൾക്ക് അവബോധം സൃഷ്ടിക്കുന്നതിനായി ജലവിഭവ വകുപ്പ് നടപ്പാക്കുന്ന നീരറിവ് പരിപാടിക്ക് തുടക്കമായി. നീരറിവ് പ്രശ്നോത്തരിയുടെ സംസ്ഥാനതല ഉദ്ഘാടനം ഡിസംബർ അഞ്ചിന് തിരുവനന്തപുരത്ത് മണക്കാട് ഗവ: ഗേൾസ് ഹയർ സെക്കന്ററി സ്കൂളിൽ വിദ്യാഭ്യാസ വകുപ്പ് മന്ത്രി നിർവഹിച്ചു. 2007 –08 ജല സാക്ഷരതാ വർഷമായി ആചരിക്കുന്നതിന്റെ ഭാഗമായാണ് നീരറിവ് ജല സംരക്ഷണാവബോധ പ്രശ്നോത്തരി സംഘടിപ്പിക്കുന്നത്. ജലവിഭവ വകുപ്പ് , വിദ്യാഭ്യാസ വകുപ്പ് , തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ , ജലഅതോറിറ്റി, ജലനിധി, മഴകേന്ദ്രം എന്നിവയുടെ സംയുക്ത സഹകരണത്തോടെയാണ് പദ്ധതി നടപ്പാക്കുന്നത്. സ്കൂൾ, ജില്ലാ സംസ്ഥാന തലങ്ങളിലാണ് പരിപാടി സംഘടിപ്പിക്കുന്നത്.

ജീവിത ശൈലി മാറ്റം വരുത്തിയാൽ ഇപ്പോൾ ഉപയോഗിക്കുന്നതിന്റെ മൂന്നിലൊന്ന് വെള്ളം ലാഭിക്കാൻ കഴിയുമെന്ന് മന്ത്രി അഭിപ്രായപ്പെട്ടു. വെള്ളം ധാരാളമായി പാഴാക്കി കളയുന്ന നിരവധി സന്ദർഭങ്ങൾ മന്ത്രി ചൂണ്ടിക്കാട്ടി. അമൂല്യമായ കുടിവെള്ളം സംഭരിച്ച് ശുചീകരിച്ച് നമ്മുടെ വീടുകളിൽ എത്തിക്കുന്നതിന്റെ ബുദ്ധിമുട്ടുകൾ ജലം പാഴാക്കുമ്പോൾ നമ്മളോർക്കാറില്ലെന്ന് മന്ത്രി പറഞ്ഞു.

കഴിഞ്ഞ വർഷത്തെക്കാൾ 30 ശതമാനം അധികം മഴ ഇത്തവണ ലഭിച്ചുവെങ്കിലും ഒരു മാസത്തിനകം ഗുരുതരമായ ജലക്ഷാമം നേരിടേണ്ടി വരുമെന്ന് അധ്യക്ഷത വഹിച്ച ജലവിഭവ വകുപ്പ് മന്ത്രി എൻ.കെ. പ്രേമചന്ദ്രൻ പറഞ്ഞു. ജല വിഭവ വിനിയോഗത്തിൽ കൂടുതൽ ശ്രദ്ധ പുലർത്തേണ്ടത് അത്യാവശ്യമാണെന്ന് അദ്ദേഹം ഓർമിപ്പിച്ചു. ജലസംരക്ഷണത്തിനായി ഓരോ കുടുംബവും ആവശ്യമായ ക്രമീകരണങ്ങൾ വരുത്തണമെന്നും മന്ത്രി നിർദേശിച്ചു. ജലവിഭവ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി കെ. ജയകുമാർ സ്വാഗതം ആശംസിച്ചു. ജലനിധി മഴകേന്ദ്രം മാനേജർ സുഭാഷ് ചന്ദ്രബോസ് പദ്ധതി വിശദീകരിച്ചു. നഗര സഭാ കൗൺസിലർ സുജനപ്രിയൻ, പൊതു വിദ്യാഭ്യാസ വകുപ്പ് സെക്രട്ടറി ജെയിംസ് വർഗീസ്, വാട്ടർ അതോറിറ്റി എം.ഡി. സി.സുരേഷ്ബാബു, ഭൂജല വകുപ്പ് ഡയറക്ടർ എ.ജെ. ജോൺസൺ ആന്ത്രപ്പേർ എന്നിവരും പങ്കെടുത്തു.

**ടി.എ.ഷൈൻ**

*ജില്ലാ ഇൻഫർമേഷൻ ഓഫീസർ,*
*തിരുവനന്തപുരം.*

# സ്ത്രീ ക്ഷേമത്തിന് സ്വധാർ പദ്ധതി

**വിഷമ** ചുറ്റുപാടുകളിൽ കഴിയുന്ന സ്ത്രീകൾക്ക് വേണ്ടിയുള്ള കേന്ദ്രാവിഷ്കൃത പുനരധിവാസ പരിപാടിയായ സ്വധാർ പദ്ധതി കണ്ണൂർ ജില്ലയിൽ നടപ്പിലാക്കുന്നു. മറ്റ് സംസ്ഥാനങ്ങളിൽ പ്രചാരം നേടിക്കഴിഞ്ഞ ഈ പദ്ധതിക്ക് കേരളത്തിൽ ആദ്യമായാണ് തുടക്കമിടുന്നത്. പദ്ധതിയുടെ നടത്തിപ്പുമായി ബന്ധപ്പെട്ട ആലോചനായോഗം ജില്ലാ കലക്ടർ ഇഷിതാറോയിയുടെ അധ്യക്ഷതയിൽ കലക്ടറുടെ ചേമ്പറിൽ നടന്നു.ജില്ലാ സാമൂഹ്യക്ഷേമ വകുപ്പിനാണ് പദ്ധതിയുടെ ചുമതല.

വിധവകൾ, പാർശ്വവത്കരിക്കപ്പെട്ട സ്ത്രീകൾ, ജയിൽ വിമുക്ത വനിതകൾ, ലൈംഗിക ചൂഷണത്തിനിരയായവർ, വഴിതെറ്റിക്കപ്പെട്ട സ്ത്രീകൾ, കാലവർഷം മുതലായ പ്രകൃതി ദുരന്തങ്ങൾക്കിരയായ സ്ത്രീകൾ, മാനസിക വൈകല്യമുള്ളവർ, ഭീകര പ്രവൃത്തിയിൽ ഒറ്റപ്പെട്ടവർ, സ്വന്തക്കാരോ ബന്ധുക്കളോ ഇല്ലാതെ ഒറ്റപ്പെട്ടുപോയവരും അവരുടെ കുട്ടികളും തുടങ്ങിയവർക്ക് സാമൂഹികവും, സാമ്പത്തികവുമായ താങ്ങും തണലും നൽകുന്നതിന് സംരക്ഷണ ഭവനങ്ങൾ ഏർപ്പെടുത്തുന്ന പദ്ധതിയാണ് സ്വധാർ പദ്ധതി.

വിഷമസ്ഥിതിയിലുള്ള സ്ത്രീകളുടെ പ്രാഥമിക ആവശ്യങ്ങളായ താമസം, ഭക്ഷണം, വസ്ത്രം, മറ്റ് പരിചരണങ്ങൾ എന്നിവ ലഭ്യമാക്കുക സ്വധാർ പദ്ധതിയുടെ ലക്ഷ്യമാണ്. വിദ്യാഭ്യാസം, ബോധവത്കരണം, നൈപുണ്യ പരിശീലനം, വ്യക്തിത്വ വികസനം, സ്വഭാവ പരിശീലനം എന്നിവ നൽകി അവരെ സാമൂഹികവും സാമ്പത്തികവുമായി പുനരധിവസിപ്പിക്കാനും ഇത്തരത്തിൽപ്പെട്ട സ്ത്രീകളെ ഹെൽപ്പ്ലൈൻ വഴി സ്ഥാപനത്തിൽ എത്തിക്കാനുമുള്ള പ്രവർത്തനങ്ങളും പദ്ധതി വഴി നടപ്പിലാക്കുന്നതാണ്. പൊതുകാര്യ ട്രസ്റ്റുകൾ, സന്നദ്ധ സംഘടനകൾ എന്നിവ വഴിയാണ് പദ്ധതി പ്രാവർത്തികമാക്കുക. സന്നദ്ധ സംഘടനകൾക്ക് കെട്ടിട നിർമാണത്തിനും വാടക ഇനത്തിലും പദ്ധതി വഴി തുക ലഭിക്കും. ഓഫീസ് സ്റ്റാഫിനെ നിയമിച്ചാൽ 8 പേർക്ക് ശമ്പള ഇനത്തിലും തുക ലഭിക്കും. കൂടാതെ അന്തേവാസികളുടെ ഭക്ഷണം, മരുന്ന്, തൊഴിൽ പരിശീലനം, ഫർണിച്ചർ, മറ്റ് സാധനങ്ങൾ എന്നിവയ്ക്കായും സാമ്പത്തിക സഹായം ലഭിക്കുന്നതാണ്.

**സുഗതൻ.ഇ.വി**

*അസിസ്റ്റന്റ് എഡിറ്റർ, കണ്ണൂർ*

# മുല്ലപ്പെരിയാർ അണക്കെട്ട് ഇൻവെസ്റ്റിഗേഷൻ ഓഫീസ് തുടങ്ങി

**മുല്ലപ്പെരിയാറിൽ** പുതിയ അണക്കെട്ട് നിർമിക്കുന്നതിന് പദ്ധതി തയ്യാറാക്കാൻ ഇൻവെസ്റ്റിഗേഷൻ സബ്ഡിവിഷൻ ഓഫീസ് കുമളിയിൽ പ്രവർത്തനം ആരംഭിച്ചു. ഓഫീസിന്റെ ഉദ്ഘാടനം കുമളി പഞ്ചായത്ത് മന്ദിരത്തിൽ ജലവിഭവ മന്ത്രി എൻ. കെ. പ്രേമചന്ദ്രൻ നിർവഹിച്ചു.

തമിഴ്നാട് സമവായത്തിലൂടെ പ്രശ്ന പരിഹാരത്തിന് തയ്യാറാകണമെന്ന് മന്ത്രി പറഞ്ഞു. 1979 ൽ അണക്കെട്ടിൽ നടത്തിയ ബലപ്പെടുത്തൽ അപര്യാപ്തമാണെന്നാണ് വിദഗ്ദ്ധ സമിതി ഈയിടെ നടത്തിയ പഠനങ്ങൾ തെളിയിക്കുന്നത്. അണക്കെട്ടിന്റെ സൂക്ഷിപ്പുകാർ തമിഴ്നാട് ആണെങ്കിലും വിദഗ്ദ്ധ സമിതി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് പുതിയ അണക്കെട്ട് നിർമിക്കുന്നതെന്നും മന്ത്രി പറഞ്ഞു.

തമിഴ്നാടിന് വെള്ളം നൽകുന്നതോടൊപ്പം കേരളത്തിലെ ജനങ്ങളുടെ സുരക്ഷയും ഉറപ്പാക്കുന്നതിന് ഇരുസംസ്ഥാനങ്ങളും യോജിച്ച് പ്രശ്ന പരിഹാരമുണ്ടാക്കണമെന്നും മന്ത്രി നിർദേശിച്ചു. ചടങ്ങിൽ ഇ.എസ്. ബിജിമോൾ എം.എൽ.എ അധ്യക്ഷത വഹിച്ചു. നേരത്തെ മന്ത്രി മുല്ലപ്പെരിയാർ ഡാം സന്ദർശിച്ച് സ്ഥിതിഗതികൾ വിലയിരുത്തി.

*ജില്ലാ ഇൻഫർമേഷൻ ഓഫീസർ,*
*ഇടുക്കി*



# കൊല്ലം തുറമുഖം മുതൽ ഓച്ചിറ കുടിവെള്ളം വരെ

കൊല്ലം കഴിഞ്ഞ നാളുകളിൽ ശ്രദ്ധേയമായ ഒട്ടേറെ നേട്ടങ്ങൾ കൈവരിച്ചു. 1973 ലെ പ്രവർത്തനം നിലച്ച ചിരപുരാതനമായ കൊല്ലം തുറമുഖത്തിന്റെ പുനരുജ്ജീവനമാണ് അതിൽ പ്രധാനം. ഒക്ടോബർ 19 ന് പുനർനിർമിച്ച തുറമുഖം മുഖ്യമന്ത്രി വി.എസ്.അച്യുതാനന്ദൻ നാടിന് സമർപ്പിച്ചു.

തങ്കശ്ശേരി മുതൽ പോർട്ട് കൊല്ലം വരെയുള്ള പ്രകൃതിദത്ത സൗകര്യം ഉപയോഗപ്പെടുത്തിയാണ് തുറമുഖ രൂപകല്പന. 43.85 കോടിരൂപയാണ് നിർമാണച്ചെലവ്. ഇക്കഴിഞ്ഞ ജൂലായിൽ കയറ്റിറക്കുമതിക്കുള്ള അംഗീകാരം ലഭിച്ചതോടെ കൊല്ലം കസ്റ്റംസ് പോർട്ടായി . പ്ലാന്റ് ക്വാറന്റൈൻ വകുപ്പിന്റെ അനുമതിയും തുറമുഖത്തിനു ലഭിച്ചിട്ടുണ്ട്. സംസ്ഥാന ബഡ്ജറ്റിൽപ്പെടുത്തി 1.70 കോടി രൂപയുടെ വിപുലീകരണ പദ്ധതിയും അന്തിമ ഘട്ടത്തിലാണ്. സംസ്ഥാന സർക്കാർ നിവേദനത്തെത്തുടർന്ന് അടിസ്ഥാന സൗകര്യ വികസനത്തിനായി കേന്ദ്ര വാണിജ്യ മന്ത്രാലയം 12.80 കോടി രൂപയുടെ വികസന പദ്ധതികൾക്കും അംഗീകാരം നൽകി. സുനാമി പുനരധിവാസ ധനസഹായം വഴിയുള്ള 3.90 കോടിയുടെ നിർമാണ പദ്ധതികളും ഇവിടെ നടന്നുവരുന്നു. കൊല്ലം എം.എൽ.എയും തൊഴിൽ മന്ത്രിയുമായ പി.കെ.ഗുരുദാസൻ, തുറമുഖ മന്ത്രി എം.വിജയകുമാർ എന്നിവരുടെ പ്രത്യേക ശ്രദ്ധയും തുറമുഖ നിർമാണ പ്രവർത്തനങ്ങളെ ത്വരിതപ്പെടുത്തുന്നു.

തുറമുഖം നാടിന് സമർപ്പിക്കാൻ മുഖ്യമന്ത്രി എത്തുന്നതിന് 16 നാൾ മുമ്പ് സുനാമി പുനരധിവാസ പദ്ധതി വഴിയുള്ള മത്സ്യത്തൊഴിലാളി ആനുകൂല്യ വിതരണമുൾപ്പെടെ കരുനാഗപ്പള്ളിയിൽ നാല് വൻവികസന പദ്ധതികൾക്കും മുഖ്യമന്ത്രി മുഖ്യകാർമികനായി.

സുനാമി പുനരധിവാസ സഹായ പദ്ധതി പ്രകാരം തീരദേശ മത്സ്യത്തൊഴിലാളികൾക്കായി മത്സ്യഫെഡ് നടപ്പാക്കുന്ന ആനുകൂല്യ വിതരണ ആശ്വാസ പദ്ധതികളുടെ സംസ്ഥാനതല ഉദ്ഘാടനവും മുഖ്യമന്ത്രി നിർവഹിച്ചു. ചടങ്ങിൽ മന്ത്രിമാരായ കെ.പി.രാജേന്ദ്രൻ, എസ്.ശർമ്മ, സി.ദിവാകരൻ, എം.എ.ബേബി, എൻ.കെ.പ്രേമചന്ദ്രൻ എന്നിവരും പങ്കെടുത്തു.

സുനാമി തിരമാലകൾ നാശം വിതച്ച ആലപ്പാട്ടിന്റെ ചിരകാല സ്വപ്നങ്ങളിലൊന്നാണ് പുറംലോകവുമായി ബന്ധിക്കപ്പെടുന്ന പാലങ്ങളുടെ നിർമാണം. മുഖ്യമന്ത്രി നിർമാണോദ്ഘാടനത്തിന് ശിലയിട്ട, എ.ഡി.ബി ധനസഹായത്തോടെ നിർമിക്കുന്ന, കല്ലുമൂട്ടിൽക്കടവിൽ പാലത്തിന് 17 കോടിരൂപയാണ് നിർമാണച്ചെലവ്.

കരുനാഗപ്പള്ളിയുടെ ദാഹാർത്തമായ കാത്തിരിപ്പിന്റെ സാക്ഷാത്കാരമാണ് ഓച്ചിറ കുടിവെള്ള പദ്ധതി. സുനാമി അടിയന്തര സഹായ പദ്ധതിയിൽ ഉൾപ്പെടുത്തി പൂർത്തീകരിച്ച പദ്ധതി നാടിന് സമർപ്പിക്കാൻ എത്തിയ മുഖ്യമന്ത്രിക്ക് വർണാഭമായ വരവേല്പാണ് ലഭിച്ചത്. 38 കോടി രൂപ ചെലവഴിച്ച് പൂർത്തിയാക്കിയതാണിത്. ആലപ്പാട്, ക്ലാപ്പന, ഓച്ചിറ, കരുനാഗപ്പള്ളി പ്രദേശങ്ങളിലെ കുടിനീർക്ഷാമത്തിന് പരിഹാരമാകുന്ന പദ്ധതിക്ക് ജലമെത്തിക്കാൻ മാവേലിക്കരയിൽ പമ്പ്ഹൗസും സ്ഥാപിച്ചിട്ടുണ്ട്. മന്ത്രിമാരായ കെ.പി.രാജേന്ദ്രൻ, എൻ.കെ.പ്രേമചന്ദ്രൻ, സി.ദിവാകരൻ എന്നിവരുടെ സാന്നിദ്ധ്യത്തിലായിരുന്നു പദ്ധതി സമർപ്പണം.

കരുനാഗപ്പള്ളിയുടെ കെ.എസ്.ആർ.ടി.സി.ബസ്സ് സ്റ്റാൻഡിന്റെ പുതിയ മന്ദിരത്തിന് ശിലാസ്ഥാപനം നിർവഹിച്ചതോടെയാണ് പരിപാടികൾക്ക് സമാപനമായത്. ഭക്ഷ്യമന്ത്രി സി.ദിവാകരന്റെ എം.എൽ.എ പ്രാദേശിക വികസനഫണ്ടിൽ നിന്നും 40 ലക്ഷവും പി.രാജേന്ദ്രൻ എം,പി.യുടെ ഫണ്ടിൽ നിന്നുള്ള 20 ലക്ഷവും സർക്കാർ അനുവദിച്ച 11 ലക്ഷവും ഉപയോഗിച്ചാണ് വിപുലമായ കെട്ടിട നിർമാണം. മന്ത്രിമാരായ കെ.പി.രാജേന്ദ്രൻ, എൻ.കെ.പ്രേമചന്ദ്രൻ, സി.ദിവാകരൻ എന്നിവരുടെ സാന്നിദ്ധ്യത്തിലായിരുന്നു ശിലാസ്ഥാപനം.

**എസ്.നാസർ,***ജില്ലാ ഇൻഫർമേഷൻ ഓഫീസർ, കൊല്ലം*

## കെട്ടിട നിർമാണ ലൈസൻസിന് 30 ദിവസം

പഞ്ചായത്തുകളിൽ കെട്ടിട നിർമാണ ലൈസൻസ്  നൽകുന്നതിലെ അവ്യക്തതകൾ ദൂരീകരിച്ച് സർക്കുലർ പുറപ്പെടുവിച്ചതായി തദ്ദേശസ്വയംഭരണ  മന്ത്രി പാലോളി മുഹമ്മദ്കുട്ടി അറിയിച്ചു. വസ്തുവിന്റെ ഉടമസ്ഥതാ രേഖകൾ ഹാജരാക്കണമെന്ന വ്യവസ്ഥ ദുർവ്യാഖ്യാനം ചെയ്ത പല പഞ്ചായത്തു സെക്രട്ടറിമാരും ആവശ്യമായ രേഖ ഹാജരാക്കുന്ന അപേക്ഷകരെ ബുദ്ധിമുട്ടിക്കുന്നതായും പെർമിറ്റു നൽകുന്നതിന് കാലതാമസം വരുത്തുന്നതായും സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിലാണ് ഉടമസ്ഥത സംബന്ധിച്ച് കൂടുതൽ വ്യക്തത വരുത്തിയതെന്ന് മന്ത്രി പറഞ്ഞു.

ആധാരവും കരമൊടുക്കിയ രസീതും സ്വീകരിച്ച് ആവശ്യമായ നടപടി എടുക്കേണ്ടതാണ്.  ഭൂമിക്ക് പട്ടയമാണുള്ളതെങ്കിൽ പട്ടയത്തിന്റെ പകർപ്പ് ഉടമസ്ഥതാ രേഖയായി സ്വീകരിക്കേണ്ടതാണ്. കൈവശാവകാശരേഖ മാത്രം ഉള്ള അപേക്ഷകർ പഞ്ചായത്ത് സെക്രട്ടറിയുമായി കരാറിൽ ഏർപ്പെടണം.  നിർമാണം നടത്താൻ ഉദ്ദേശിക്കുന്ന സ്ഥലം ഭാവിയിൽ കൈമാറ്റം ചെയ്യുന്നതല്ല, സർക്കാരിനോ മറ്റേതെങ്കിലും വികസന പ്രവർത്തനത്തിനോ ആവശ്യമെങ്കിൽ യാതൊരു പ്രതിഫലവും കൂടാതെ സ്ഥലം വിട്ടുകൊടുക്കുന്നതിന് സമ്മതമാണ്, പ്രസ്തുത സ്ഥലവുമായോ അതിൽ നിർമിച്ചിരിക്കുന്ന കെട്ടിടവുമായോ ബന്ധപ്പെട്ട് യാതൊരു അവകാശവും ഭാവിയിൽ ഉന്നയിക്കുന്നതല്ല തുടങ്ങിയ കാര്യങ്ങളാണ് കരാറിൽ ഉൾപ്പെടുത്തേണ്ടത്.

## കൈവശാവകാശ രേഖ ബാധകമാക്കേണ്ടതില്ല

150 ചതുരശ്ര മീറ്റർ വരെ പ്ലിന്ത് ഏരിയ ഉള്ള വാസഗൃഹങ്ങൾക്ക് അപേക്ഷ സമർപ്പിക്കുന്ന ദിവസം തന്നെയും അല്ലാത്തവയ്ക്ക് 30 ദിവസത്തിനകവും അനുമതി നൽകിയിരിക്കണം എന്ന് സർക്കാർ നിഷ്കർഷിച്ചിട്ടുണ്ട്. 2007 ജൂൺ ആറിന് മുമ്പ് നിർമാണം ആരംഭിച്ചതോ പൂർത്തീകരിച്ചതോ ആയ കെട്ടിടങ്ങൾക്ക് ചട്ടം ബാധകമാക്കേണ്ടതില്ല. അപേക്ഷകളിൽ എന്തെങ്കിലും പോരായ്മകളുണ്ടെങ്കിൽ അത് പ്രത്യേകം ചൂണ്ടിക്കാട്ടി പരിഹരിക്കണമെന്നും ഒരു കാരണവശാലും ശരിയായ അപേക്ഷയിൻമേൽ അനുമതി നൽകുന്നതിന് 30 ദിവസത്തിനകം കാലതാമസം വരുത്തരുതെന്നും  ഉത്തരവായി. ഇക്കാര്യത്തിൽ വീഴ്ച വരുത്തുന്ന പഞ്ചായത്തു സെക്രട്ടറിമാരുടെ പേരിൽ നടപടി സ്വീകരിക്കും.

അപേക്ഷ സമർപ്പിച്ച് 30 ദിവസത്തിനകം സെക്രട്ടറി തീരുമാനം അറിയിച്ചില്ലെങ്കിൽ കെട്ടിട നിർമാണച്ചട്ടത്തിലെ 15(2) വ്യവസ്ഥ പാലിച്ച് അപേക്ഷകന് നിർമാണം നടത്താവുന്നതാണ്. അത്തരം നിർമാണങ്ങൾ ചട്ടവിരുദ്ധമാണെന്ന് പിന്നീട് കണ്ടെത്തുന്ന പക്ഷം അതിന്റെ ഉത്തരവാദിത്വം അപേക്ഷയിന്മേൽ സമയത്തിന് നടപടി എടുക്കാതിരുന്ന സെക്രട്ടറിക്ക് ആയിരിക്കുമെന്നും മന്ത്രി പറഞ്ഞു.

## കെട്ടിടനികുതി പിഴപ്പലിശ ഒഴിവാക്കുന്നു

സംസ്ഥാനത്തെ എല്ലാ ഗ്രാമപഞ്ചായത്തുകളിലെയും മുനിസിപ്പാലിറ്റികളിലെയും കോർപ്പറേഷനുകളിലെയും കെട്ടിടനികുതി കുടിശ്ശിക പിഴപ്പലിശ ഒഴിവാക്കി ഒറ്റത്തവണയായി അടയ്ക്കാൻ അനുമതി നൽകിയതായി തദ്ദേശസ്വയംഭരണ മന്ത്രി പാലോളി മുഹമ്മദ് കുട്ടി അറിയിച്ചു.

വസ്തുനികുതി പരിഷ്കരിക്കാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്. പരിഷ്കരിക്കുന്നതിനു മുമ്പ് വസ്തുനികുതി കുടിശ്ശിക പിരിച്ചെടുക്കാൻ കഴിഞ്ഞില്ലെങ്കിൽ പുതുക്കി നിശ്ചയിക്കുന്ന നികുതിയോടൊപ്പം കുടിശ്ശിക കൂടി പിരിച്ചെടുക്കാനും അതിനുവേണ്ടി രജിസ്റ്ററുകൾ സൂക്ഷിക്കാനും ബുദ്ധിമുട്ടുണ്ടാകും. അതിനാലാണ് പിഴപ്പലിശ ഒഴിവാക്കി നൽകാൻ തീരുമാനിച്ചത്.

നികുതി കുടിശ്ശിക അടച്ചു തീർക്കാൻ ഈ അവസരം പരമാവധി വിനിയോഗിക്കണമെന്ന് മന്ത്രി അറിയിച്ചു. ഓർക്കുക പിഴപലിശ ഇളവ് 2008 ജനുവരി 31 നു മുമ്പ് നികുതി അടയ്ക്കുന്നവർക്കു മാത്രമേ ലഭിക്കുകയുള്ളു.

## അംഗീകാരമില്ലാത്ത സ്ഥാപനം

സർക്കാർ അംഗീകാരമില്ലാതെ സംസ്ഥാനത്ത് നഴ്സിങ് കോഴ്സുകളും പാരാമെഡിക്കൽ കോഴ്സുകളും നടത്തിവരുന്ന സ്വകാര്യ സ്ഥാപനങ്ങൾ സൂക്ഷിക്കുക. കുറവിലങ്ങാട് ഭാരത് മാതാ കോളേജ് ഓഫ് മെഡിക്കൽ ടെക്നോളജി, മേരിമാതാ കോളേജ് ഓഫ്  മെഡിക്കൽ സയൻസസ്, സെന്റ് മേരീസ് കോളേജ് ഓഫ് മെഡിക്കൽ ടെക്നോളജി എന്നീ സ്ഥാപനങ്ങൾ സംസ്ഥാന സർക്കാരിന്റെ അംഗീകാരമില്ലാതെയാണ് പ്രവർത്തിക്കുന്നതെന്ന് അന്വേഷണത്തിൽ വ്യക്തമായതായി ആരോഗ്യ കുടുംബക്ഷേമ വകുപ്പ് അറിയിച്ചു.

## പാറമടകളുടെ സുരക്ഷ പഠിക്കുന്നതിന് കമ്മിറ്റി

സംസ്ഥാനത്തെ പാറമടകളുടെ സുരക്ഷ പഠനവിധേയമാക്കുന്നതിന് കമ്മിറ്റി രൂപീകരിക്കുന്നു. ഖനികളുടെയും പാറമടകളുടെയും സുരക്ഷ, പരിസ്ഥിതി പ്രശ്നങ്ങൾ, സർക്കാരിലേക്കുള്ള റവന്യൂ വരുമാനം തുടങ്ങിയ വിഷയങ്ങൾ കമ്മിറ്റി പഠനവിധേയമാക്കും.

വ്യവസായ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അധ്യക്ഷൻ, കേന്ദ്ര തൊഴിൽ മന്ത്രാലയത്തിന്റെ ചെന്നൈ മൈൻ സേഫ്ടി ഡയറക്ടറോ പ്രതിനിധിയോ, കേന്ദ്ര ഖനി മന്ത്രാലയത്തിലെ ഖനിവിഭാഗം റീജിയണൽ കൺട്രോളറോ പ്രതിനിധിയോ, കേന്ദ്ര വാണിജ്യ വ്യവസായ മന്ത്രാലയത്തിന്റെ ചെന്നൈ ജോയിന്റ് ചീഫ് കൺട്രോളർ ഓഫ് എക്സ്പ്ലോസീവ്സോ പ്രതിനിധിയോ, ജിയോളജിക്കൽ സർവേ ഓഫ് ഇൻഡ്യ കേരള ഘടകത്തിന്റെ ഡയറക്ടർ, സംസ്ഥാന ലേബർ കമ്മീഷണർ, ഭൗമ ശാസ്ത്രപഠന കേന്ദ്രം ഡയറക്ടർ എന്നിവർ കമ്മറ്റി അംഗങ്ങളായിരിക്കും. മൈനിങ് ആന്റ് ജിയോളജി ഡയറക്ടർ ആയിരിക്കും കമ്മറ്റി കൺവീനർ.

## മരുന്നുവില്പനയ്ക്ക് നിർമാതാക്കൾ അനുമതി വാങ്ങണം

എല്ലാ മരുന്നുനിർമാതാക്കളും സംസ്ഥാനത്ത് പുതുതായി വില്പനയ്ക്ക് വരുന്ന മരുന്നുകളുടെ നിർമാണ ലൈസൻസിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് ഡ്രഗ്സ് പ്രൈസസ് കൺട്രോൾ ഓർഡർ 1995 ലെ ഫോറം 5 എൻ.പി.പി.എ അംഗീകരിച്ചിട്ടുള്ള സീലിങ് പ്രൈസ് നോട്ടിഫിക്കേഷൻ, മറ്റു സമാന മരുന്നുകളുടെ വിലവിവരം, ഡ്രഗ്സ് കൺട്രോളർ ജനറൽ ഇന്ത്യയുടെ അനുമതി (ഫോർ ന്യൂ ഡ്രഗ്) എന്നിവ സംസ്ഥാന ഡ്രഗ്സ് കൺട്രോളർക്ക് സമർപ്പിച്ച് വില്പനയ്ക്ക് അനുമതി വാങ്ങേണ്ടതാണെന്ന് ഡ്രഗ്സ് കൺട്രോളർ അറിയിച്ചു.

മരുന്നുവില്പനക്കാരുടെ സംഘടന നൽകുന്ന അനുമതിക്കോ സർട്ടിഫിക്കറ്റിനോ നിയമസാധുത ഇല്ലാത്തതാണ്. ഡ്രഗ്സ് കൺട്രോളറുടെ അനുമതിയോടെ വിപണിയിൽ എത്തുന്ന മരുന്നുകളുടെ വില്പന തടസ്സപ്പെടുത്തുന്ന വ്യാപാരികൾക്കെതിരെ നിയമ നടപടി എടുക്കും.

## റീ സർവെ പരാതി ജനകീയ അദാലത്തിൽ തീർക്കാം

റീസർവെ സംബന്ധിച്ച പരാതികൾ തീർപ്പാക്കാൻ നടപടിയായി. ഇതിനായി വില്ലേജുകൾ തോറും ജനകീയ സർവെ അദാലത്തുകൾ സംഘടിപ്പിക്കും. സർവെ ഡയറക്ടർ വിളിച്ചു ചേർത്ത റവന്യൂ – സർവെ ഉദ്യോഗസ്ഥരുടെ സംയുക്ത യോഗത്തിലാണ് അദാലത്തുകൾ സംഘടിപ്പിക്കാൻ തീരുമാനിച്ചത്. നാല്പതു വർഷം മുമ്പാരംഭിച്ച റീസർവെ പ്രവർത്തനങ്ങൾ നാല്പത് ശതമാനം പോലും പുരോഗതി കൈവരിക്കാത്ത സാഹചര്യത്തിൽ അടിയന്തര നടപടികൾ സ്വീകരിക്കാൻ റവന്യൂ മന്ത്രി കെ.പി.രാജേന്ദ്രന്റെ അദ്ധ്യക്ഷതയിൽ ചേർന്ന റവന്യൂ – സർവെ ഉന്നത ഉദ്യോഗസ്ഥരുടെ യോഗം തീരുമാനിച്ചു.

1604 ൽ 731 വില്ലേജുകളിൽ മാത്രമെ റീസർവേ പൂർത്തിയായിട്ടുള്ളൂ. ഇവിടെത്തന്നെ ധാരാളം പരാതികൾ നിലനിൽക്കുന്നു. സംസ്ഥാനത്തൊട്ടാകെ ഇതിനകം 80,000 ൽ അധികം അദാലത്തു പരാതികൾ നിലനിൽക്കുന്നുണ്ട്. ജനപ്രതിനിധികളുടെയും ഗ്രാമസഭകളുടെയും സഹകരണത്തോടു കൂടി ജനകീയ കൺവെൻഷനുകൾ നടത്തി, 2008 ജനുവരി മുതൽ ഏപ്രിൽ വരെയുള്ള നാലുമാസം കൊണ്ട് പരാതികൾ പൂർണമായും തീർപ്പാക്കുകയാണ് ലക്ഷ്യം.

## ക്ഷേമനിധി അംഗത്വം പുന:സ്ഥാപിക്കാം

കേരള കർഷകത്തൊഴിലാളിക്ഷേമനിധിയിലേക്ക് അംശദായം അടയ്ക്കുന്നതിൽ 24 മാസത്തിലധികം വീഴ്ചവരുത്തിയതുമൂലം അംഗത്വം നഷ്ടപ്പെട്ടവർക്ക് കുടിശ്ശികത്തുക പിഴ സഹിതം അടച്ച് അംഗത്വം പുന:സ്ഥാപിക്കുന്നതിന് 2008 മാർച്ച് 31 വരെ സമയം അനുവദിച്ചു.

## നാടൻകലാകാരന്മാർക്ക് ചികിത്സാ ധനസഹായം


രോഗം മൂലം അവശതയനുഭവിക്കുന്ന നാടൻകലാകാരന്മാർക്ക് ഫോക് ലോർ അക്കാദമി ചികിത്സാ ധനസഹായം നൽകും. കലാകാരന്മാരനാണെന്നതിന് പഞ്ചായത്ത് , മുനിസിപ്പൽ/ കോർപ്പറേഷൻ പ്രസിഡന്റുമാരുടെ സാക്ഷ്യപത്രം, ഡോക്ടർ സർട്ടിഫിക്കറ്റ്, രോഗസ്ഥിതി വ്യക്തമാക്കുന്ന രേഖകൾ, വില്ലേജ് ആഫീസറിൽ നിന്നുള്ള വരുമാന സർട്ടിഫിക്കറ്റ് എന്നിവ അപേക്ഷയോടൊപ്പം ഹാജരാക്കണം. 20,000 രൂപയിൽ താഴെ വർഷിക വരുമാനമുള്ളവർക്കാണ് ആനുകൂല്യം. നേരത്തെ സഹായധനം ലഭിച്ചവർ അർഹരല്ല.

അപേക്ഷാ ഫോറത്തിന് സ്വന്തം വിലാസം എഴുതി അഞ്ച് രൂപ സ്റ്റാമ്പൊട്ടിച്ച കവർ സഹിതം സെക്രട്ടറി, കേരള ഫോക്‌ലോർ അക്കാദമി, പി.ഒ.ചിറക്കൽ, കണ്ണൂർ – 670 011 വിലാസത്തിൽ അയയ്ക്കണം.അപേക്ഷ ജനുവരി 20 ന് മുമ്പ് ലഭിക്കണം.

*ജനപഥം*

### നിരക്ക് പുതുക്കി

ജനുവരി ലക്കം മുതൽ *ജനപഥം* കൂടുതൽ പേജുകളും വിഭവങ്ങളുമായാണ് പുറത്തിറങ്ങുന്നത്. വിലയും പുതുക്കി നിശ്ചയിച്ചിട്ടുണ്ട്. വാർഷിക വരിസംഖ്യ 80 രൂപയും ഒറ്റപ്രതി വില 8 രൂപയുമാണ്.



# പരസ്പരം

**ഞാൻ 68 വയസ്സുള്ള ഒരു വിധവയാണ്. എന്റെ ഭർത്താവ് മരിച്ചിട്ട് 10 കൊല്ലമായി. എനിക്ക് മറ്റ് വരുമാന മാർഗങ്ങളൊന്നുമില്ല. വിധവാ പെൻഷന് അപേക്ഷിച്ചപ്പോൾ ആൺമക്കൾ ഉള്ളതിനാൽ പെൻഷൻ കിട്ടില്ല എന്നു പറയുന്നു. എനിക്ക് എന്റേതായ ചെലവുകൾക്ക് വേറെ ഒരു മാർഗവും ഇല്ല. ഇതിനൊരു പരിഹാരം നിർദേശിക്കുവാൻ അപേക്ഷിക്കുന്നു.**

**ലില്ലി,** പാപ്പനംകോട്

നിലിവിലുള്ള നിബന്ധനകൾ പ്രകാരം നിങ്ങൾക്ക് ആൺമക്കൾ ഉള്ളതിനാൽ വിധവാ പെൻഷന് അർഹതയില്ല. എന്നാൽ ആൺമക്കളുള്ള വിധവകളിൽ അർഹതയുള്ളവർക്ക് പെൻഷൻ കിട്ടാനുള്ള നടപടികൾ കൈക്കൊള്ളുന്ന കാര്യം സർക്കാരിന്റെ പരിഗണനയിൽ ആണെന്നാണ് അറിയാൻ കഴിഞ്ഞത്. ഇക്കാര്യത്തിൽ അനുകൂല തീരുമാനം ഉണ്ടായാൽ നിങ്ങൾക്ക് അപേക്ഷിക്കാം.

അർഹതയുള്ളവർ നിർദിഷ്ട ഫോറത്തിലുള്ള രണ്ട് അപേക്ഷകളോടൊപ്പം ഭർത്താവിന്റെ മരണ സർട്ടിഫിക്കറ്റ്, റേഷൻ കാർഡിന്റെ ഫോട്ടോകോപ്പി എന്നിവ സഹിതം, ഗ്രാമങ്ങളിൽ താമസിക്കുന്നവർ ഗ്രാമപഞ്ചായത്തിലും നഗരങ്ങളിൽ താമസിക്കുന്നവർ നഗരസഭ / മുനിസിപ്പാലിറ്റികളിലുമാണ് അപേക്ഷ സമർപ്പിക്കേണ്ടത്.

വിവാഹമോചനം നേടിയവർ, ഏഴ് വർഷത്തിലധികമായി ഭർത്താവ് ഉപേക്ഷിച്ചവർ എന്നിവർക്കും ഈ പെൻഷന് അപേക്ഷിക്കാം. ഇവർ യഥാക്രമം വിവാഹമോചന പത്രം/വില്ലേജ് ഓഫീസിൽ നിന്നുള്ള സർട്ടിഫിക്കറ്റ് (ഉപേക്ഷിക്കപ്പെട്ടു എന്നത്) എന്നിവ റേഷൻ കാർഡിന്റെ ഫോട്ടോകോപ്പിയോടൊപ്പം അപേക്ഷയിൽ ഉൾപ്പെടുത്തേണ്ടതാണ്.

എന്നാൽ അറുപത്തിയഞ്ച് വയസ്സിനു മുകളിൽ ഉള്ളവർക്ക് ഇന്ദിരാ ഗാന്ധി ദേശീയ വാർധക്യകാല പെൻഷനു വേണ്ടി അപേക്ഷിക്കാവുന്നതാണ്. ആൺമക്കൾ ഉള്ളവർക്കും ഈ പെൻഷൻ ലഭിക്കും. അതത് ഗ്രാമപഞ്ചായത്ത് , മുനിസിപ്പാലിറ്റി/ കോർപ്പറേഷനുകളിലാണ് ഇതിന് അപേക്ഷിക്കേണ്ടത്. ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള മുതിർന്ന പൗരന്മാർക്ക് ഉള്ളതാണ് ഈ പെൻഷൻ. ഇതിന് അപേക്ഷ സമർപ്പിക്കുക.

---

*സർക്കാർ നടപടിക്രമങ്ങളെക്കുറിച്ചും സർക്കാർ വകുപ്പുകളുടെ പ്രവർത്തനങ്ങളെക്കുറിച്ചും നിങ്ങൾക്കുള്ള സംശയങ്ങൾക്ക് മറുപടി നൽകുന്ന പംക്തിയാണ് 'പരസ്പരം'. ഇതിലേക്കുള്ള ചോദ്യങ്ങൾ എഡിറ്റർ, 'ജനപഥം', ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്, സെക്രട്ടേറിയറ്റ് അനക്സ്, തിരുവനന്തപുരം - 695 001 വിലാസത്തിൽ അയയ്ക്കുക.*





## വൂൾഫിയ അങ്കസ്റ്റ

ലോകത്തിലേക്ക് വച്ച് ഏറ്റവും ചെറിയ ഒറ്റ വിത്തുള്ള ഫലം ഏതാണെന്നറിയാമോ? വൂൾഫിയ അങ്കസ്റ്റ എന്നാണതിന്റെ പേര്. 0.3 എം.എം ആണ് ഇതിന്റെ ഒരു വശത്തിന്റെ വലുപ്പം. ലംനാഷ്യേ കുടുംബത്തിൽപ്പെട്ടതാണിത്. വളരെ ചെറിയ വേരുകളാണ് ഇവയ്ക്കുള്ളത്.

## വേണം ഈ രക്തപരിശോധന

രക്തപരിശോധനയിലൂടെ നമുക്കു വരാനുള്ള പലതരം രോഗങ്ങൾ മുൻകൂട്ടി അറിയാൻ സാധിക്കുമെന്നറിയാമല്ലോ. ആ പട്ടികയിൽ ഇതുകൂടി. ഇനിമുതൽ രക്തപരിശോധനയിലൂടെ കാൻസറും അൽഷിമേഴ്സും നമുക്ക് തിരിച്ചറിയാം - അവ നമ്മളെ പിടികൂടുന്നതിനു മുമ്പുതന്നെ.

പ്രോട്ടീൻ അടിസ്ഥാനത്തിലുള്ള രക്തപരിശോധനയിലൂടെയാണ് രോഗസാധ്യതയെക്കുറിച്ച് അറിയാൻ സാധിക്കുന്നത്.


ടെക്സാസിലുള്ള ഒരു ബയോടെക് ഫേമാണ് ഈ കണ്ടുപിടുത്തത്തിനു പിന്നിൽ.



## ഹോക് റീസൈക്ലർ

ഹോക് റീസൈക്ലറിനെക്കുറിച്ച് കേട്ടിട്ടുണ്ടോ?. പെട്രോളിയം ഉത്പാദിപ്പിക്കുന്ന യന്ത്രമാണെന്നു പറഞ്ഞാൽ പൂർണമായും ശരിയാവില്ല. ഏതുതരം അവശിഷ്ടത്തിൽ നിന്നും പെട്രോളിയവും ഹൈഡ്രോ കാർബൺ വാതകവും ഉത്പാദിപ്പിക്കുന്ന യന്ത്രം എന്നതാണിതിന്റെ പ്രത്യേകത. 64 വയസുകാരനായ ഫ്രാങ്ക് പ്രിങ്കിളാണ് ഈ കണ്ടുപിടിത്തത്തിന് പിന്നിൽ.





## കടൽ വെള്ളത്തിൽ നിന്ന് ഇന്ധനം

വരുംകാലത്ത് ഇന്ധനത്തിന്റെ സ്ഥാനം കടൽ വെള്ളം അപഹരിച്ചാൽ അത്ഭുതപ്പെടേണ്ട. ലുക്കീമിയ ബാധിച്ച ജോൺ ക്യാൻഡിയസ് ആണ് തന്റെ വർഷങ്ങൾ നീണ്ട ക്യാൻസർ റിസർച്ചിനിടയിൽ കടൽ വെള്ളം ഇന്ധനമാക്കി മാറ്റുന്നതിന്റെ ആദ്യപടിയിലെത്തിയത്. കഴിഞ്ഞ ശീതകാലത്ത്, റേഡിയോ തരംഗങ്ങൾ ഉപയോഗിച്ച് ക്യാൻസർ ഭേദമാക്കാൻ കഴിയുന്ന ഒരു യന്ത്രത്തിന്റെ നിർമാണ പ്രവർത്തനത്തിനിടയിലാണ് പുതിയ കണ്ടുപിടിത്തത്തിലെത്തിയത്. പരീക്ഷണശാലയിലെ പ്രവർത്തനത്തിനിടയിൽ കടൽ വെള്ളം നിറച്ച ടെസ്റ്റ്യൂബിലൂടെ യാദൃച്ഛികമായി റേഡിയോ തരംഗങ്ങൾ കടത്തിവിട്ടതിനെ തുടർന്ന് കടൽ വെള്ളത്തിൽ തീപ്പൊരി കണ്ടതാണ് കടൽ വെള്ളം ഇന്ധനമായി ഉപയോഗിക്കാം എന്ന കണ്ടുപിടിത്തത്തിന് കാരണമായത്.

## കെ. കുഞ്ഞിരാമക്കുറുപ്പ് സ്മാരക പുരസ്കാരം

പ്രമുഖ ഗാന്ധിയനും സോഷ്യലിസ്റ്റ് നേതാവുമായിരുന്ന കെ. കുഞ്ഞിരാമക്കുറുപ്പിന്റെ സ്മരണാർത്ഥം ഏർപ്പെടുത്തിയ പുരസ്കാരത്തിന് പ്രശസ്ത കവയിത്രി സുഗതകുമാരി അർഹയായി. 11,111 രൂപയും പ്രശസ്തി പത്രവും അടങ്ങിയതാണ് പുരസ്കാരം. കുഞ്ഞിരാമക്കുറുപ്പിന്റെ ജൻമദേശമായ വടകര ഓർക്കാട്ടേരിയിൽ നടക്കുന്ന ചടങ്ങിൽ എം.വി.ദേവൻ പുരസ്കാരദാനം നിർവഹിക്കുമെന്ന് ഫൗണ്ടേഷൻ ഭാരവാഹികൾ അറിയിച്ചു. കവിതയിലും സാമൂഹിക സേവനരംഗത്തും ഒരുപോലെ വ്യക്തിമുദ്ര പതിപ്പിച്ചതു മുൻനിർത്തിയാണ് ഈ അവാർഡ്.




## ശ്രീ ചിത്തിരതിരുനാൾ പുരസ്കാരം



എം.കെ.നാരായണന് ശ്രീ ചിത്തിരതിരുനാൾ പുരസ്കാരം. പ്രധാനമന്ത്രിയുടെ ദേശീയ സുരക്ഷാ ഉപദേഷ്ടാവാണിദ്ദേഹം. ശ്രീ ചിത്തിരതിരുനാൾ ട്രസ്റ്റ് ഏർപ്പെടുത്തിയതാണിത്. ഒരു ലക്ഷം രൂപയാണ് അവാർഡു തുക.

## ഏഷ്യൻ ഗ്രാൻ പ്രീ

ഏഷ്യൻ ഗ്രാൻ പ്രീ ഇന്ത്യയുടെ നാരായൺ കാർത്തികേയൻ കാറോട്ട മത്സരത്തിൽ ജേതാവായി. ഇതോടെ ഏഷ്യൻ ഗ്രാൻ പ്രീയിൽ വിജയിക്കുന്ന 14-ാം രാജ്യം ഇന്ത്യയായി. ന്യൂസ്ലാൻഡിന്റെ ജോൺ റീഡിനെ 0.502 സെക്കൻഡുകൾക്കു പിന്നിലാക്കിയാണ് ഈ അഭിമാനാർഹമായ വിജയം നാരായൺ നേടിയത്.



## യൂലിയ തൈമോഷെങ്കോ യുക്രെയ്ൻ പ്രധാനമന്ത്രി

ജനാധിപത്യവാദിയായ വനിതാ നേതാവ് യൂലിയ തൈമോഷെങ്കോയെ പ്രധാനമന്ത്രിയായി യുക്രെയ്ൻ പാർലമെന്റ് തിരഞ്ഞെടുത്തു. ഒരു വോട്ടിന്റെ മാത്രം ഭൂരിപക്ഷത്തോടെയാണ് തിരഞ്ഞെടുക്കപ്പെട്ടത്. രാജ്യത്തിലെ ആദ്യ വനിതാ പ്രധാനമന്ത്രിയാണ്. പ്രസിഡന്റ് വിക്തോർ യുഷ്ചെങ്കോയുടെ പിന്തുണ യൂലിയയ്ക്ക് ലഭിച്ചു.

## പത്മപ്രഭാ പുരസ്കാരം

എം.കെ. പത്മപ്രഭാ ഗൗഡരുടെ പേരിൽ ഏർപ്പെടുത്തിയ പത്മപ്രഭാ പുരസ്കാരത്തിന് നോവലിസ്റ്റ് സി. രാധാകൃഷ്ണൻ അർഹനായി. 55,000 രൂപയും പത്മരാഗക്കല്ല് പതിച്ച ഫലകവും പ്രശസ്തിപത്രവും അടങ്ങുന്നതാണ് അവാർഡ്.



## ഉമേഷ് ചന്ദ്ര നബാർഡ് ചെയർമാൻ



ഉമേഷ് ചന്ദ്ര സാരംഗി നബാർഡിന്റെ പുതിയ ചെയർമാനായി സ്ഥാനമേറ്റു. മഹാരാഷ്ട്ര സർക്കാരിന്റെ പ്രിൻസിപ്പൽ സെക്രട്ടറിയായിരുന്ന അദ്ദേഹത്തെ ഡോ.വൈ.എസ്.പി.തോറ ചെയർമാൻ സ്ഥാനം ഒഴിഞ്ഞതിനെത്തുടർന്നാണ് നിയമിച്ചത്.

## അക്ഷരശ്രീ അവാർഡ്

ഈ വർഷത്തെ കേരള സാഹിത്യ സാംസ്കാരിക സമിതിയുടെ അക്ഷരശ്രീ അവാർഡിന് പ്രമുഖ സാഹിത്യകാരൻ കാക്കനാടൻ അർഹനായി. സാഹിത്യ മേഖലയിലെ സമഗ്ര സംഭാവന മുൻനിർത്തിയാണ് അവാർഡ്. സമൂഹത്തിലെ വിവിധ തുറകളിൽപ്പെട്ടവരിൽ നിന്നു നടത്തിയ അഭിപ്രായ വോട്ടെടുപ്പിൽ നിന്നാണ് കാക്കനാടനെ തിരഞ്ഞെടുത്തത്. 25,000 രൂപയും പ്രശംസാപത്രവുമടങ്ങുന്നതാണ് അവാർഡ്.





## 12-ാമത് രാജ്യാന്തര ചലച്ചിത്ര പുരസ്കാരങ്ങൾ

മികച്ച ചിത്രത്തിനുള്ള (സുവർണ ചകോരം) പുരസ്കാരം *10+4* ഉം *എക്സ് എക്സ് വൈ* യും പങ്കിട്ടു. ഇറാനിയൻ സംവിധായിക മാനിയാ അബ്കാരിയുടേതാണ് *10+4.* സ്പാനിഷ് സംവിധായിക ലൂസി പിൻസോയാണ് *എക്സ് എക്സ് വൈ* ഒരുക്കിയത്.





മികച്ച സംവിധായക പ്രതിഭയ്ക്കുള്ള രജതമയൂരം മാനിയാ അക്ബാരിക്കാണ്. നവാഗത സംവിധായക പ്രതിഭയ്ക്കുള്ള രജത മയൂരം നേടിയത് ലൂസിയ പിൻസോയാണ്.



മികച്ച മലയാള ചലച്ചിത്രത്തിനുള്ള ഫിപ്രസിഅവാർഡും നെറ്റ്പാക്ക് അവാർഡും *ഒരേകടലി*നാണ്. ശ്യാമപ്രസാദാണ് സംവിധായകൻ.

മികച്ച ഏഷ്യൻ ചിത്രത്തിനുള്ള അവാർഡ് *ഗെറ്റിങ് ഹോമി*നാണ്. സംവിധായകനുള്ള പ്രത്യേക ജൂറി പുരസ്കാരം തുർക്കിഷ് സംവിധായകൻ അബ്ദുല്ല ഓഗസ് നേടി.